# നഗരസഭാ

# ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും

# ക്ഷേമപ്രവർത്തനങ്ങളും

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ,**
മുളങ്കുന്നത്തുകാവ്,

# നഗരസഭാക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമപ്രവർത്തനങ്ങളും കൈപുസ്തകം


***Editorial Board*** ***എഡിറ്റോറിയൽ ബോർഡ്***

*Chief Editor* *ചീഫ് എഡിറ്റർ*

***Dr.P.P.Balan*** ***ഡോ. പി.പി.ബാലൻ***
***Director, KILA*** ***ഡയറക്ടർ, കില***

*Editor* *എഡിറ്റർ*

***Dr.Peter M.Raj*** ***ഡോ.പീറ്റർ എം.രാജ്***
***Associate Professor, KILA*** ***അസോസിയേറ്റ് പ്രൊഫസർ, കില***

*Associate Editor* *അസോസിയേറ്റ് എഡിറ്റർ*

***Sri.P K Jayadevan*** ***ശ്രീ. പി.കെ.ജയദേവൻ***



*ISBN* *ഐ.എസ്.ബി.എൻ*


***978-93-84557-57-7*** ***978-93-84557-57-7***

*D.T.P* *ഡി.ടിപി*

***Srilatha. S*** ***ശ്രീലത.എസ്***
***Vinitha Ravi*** ***വിനിത രവി***

*Published by*
***Kerala Institute of Local Administration,***
*Mulankunnathukavu, Thrissur -680581*
*Phone :0487-2201768,2200244 (Office)*
*e-mail: mail@kilaonline.org*
*Website: www.kila.ac.in*

*പ്രസാധനം*
***കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ,*** *മുളങ്കുന്നത്തുകാവ്,*
*തൃശൂർ – 680581*
*ഫോൺ:0487-2201768,2200244(ഓഫീസ്)*
*ഇ–മെയിൽ: mail@kilaonline.org*
*വെബ്സൈറ്റ്: www.kila.ac.in*



*"തീരുമാനമെടുക്കാൻ പ്രയാസം നേരിടുമ്പോൾ നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനും ദുർബ്ബലനുമായ മനുഷ്യന്റെ മുഖം ഓർമ്മിക്കുക. എന്നിട്ട് സ്വയം ചോദിക്കുക, നിങ്ങൾ ഉദ്ദേശിക്കുന്ന നടപടി അയാൾക്ക് ഗുണപ്രദമാണോ?"*

**Dr. K. T. JALEEL**
**MINISTER FOR LSGD, MINORITY WELFARE**
**WAKF & HAJJ**
**GOVERNMENT OF KERALA**



## സന്ദേശം

അധികാരവികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണകൂടങ്ങളുടെ ശാക്തീകരണത്തിലും ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ചവച്ച സംസ്ഥാനത്തിനുള്ള 2015-16 ലെ ദേശീയ പുരസ്ക്കാരം കേരളം കരസ്ഥമാക്കിയിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണ-വികസന-ക്ഷേമ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളാണ് ഈ പുരസ്ക്കാരത്തിന് കേരളത്തെ അർഹമാക്കിയത്. താഴെത്തട്ടിലുള്ള ജന വിഭാഗത്തിന്റെ ജീവിതഗുണനിലവാരം ഗണ്യമായി ഉയർത്തുന്നതിലും അവരെ ശാക്തീകരിക്കുന്നതിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ ഇതര സംസ്ഥാന ങ്ങൾക്ക് മാതൃകയാണ്.

ഇതുവരെ കൈവരിച്ച നേട്ടങ്ങൾ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഉത്തര വാദിത്തം വർദ്ധിപ്പിക്കുന്നു. അവയ്ക്ക് കോട്ടം തട്ടാതെ നിലനിർത്താനും പുതിയ മേഖലകളിൽ നൂതന മായ ആശയങ്ങൾ ആവിഷ്ക്കരിച്ച് പ്രവർത്തിക്കാനും അവർക്ക് സാധിക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്രതിനിധികളിൽ ഭൂരിഭാഗവും ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടവ രാണ് എന്നത് കാര്യശേഷി വികസനത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

സംസ്ഥാനത്തെ ക്ഷേമപ്രവർത്തനങ്ങളുടെ ഭൂരിഭാഗവും നടപ്പാക്കുന്നത് തദ്ദേശ സ്വയംഭ രണസ്ഥാപനങ്ങളിലൂടെ ആയതിനാൽ ഇവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ക്ഷേമ കാര്യസ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതുണ്ട്. പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും കില തയ്യാറാക്കിയിട്ടുള്ള ഈ കൈപുസ്തകം ജനപ്രതിനിധികൾക്ക് ഏറെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ കൈപുസ്തകം തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ കില ഡയറക്ടറെയും ഫാക്കൽറ്റി അംഗങ്ങളെയും അനുമോദിക്കുന്നു

സ്നേഹപൂർവ്വം

**Thiruvananthapuram**
**Date. 10.11.2016**

**ഡോ. കെ.ടി.ജലീൽ**



## അവതാരിക

ഭരണഘടനാപരമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും ഉത്തര വാദിത്തങ്ങളും ഫലപ്രദമായി നിർവ്വഹിച്ചാൽ മാത്രമെ സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം സാദ്ധ്യമാകുകയുള്ളു.

അധികാരവികേന്ദ്രീകരണത്തിന്റെയും പങ്കാളിത്ത ജനാധിപത്യത്തിന്റെയും മൂല്യങ്ങൾ മുറുകെ പിടിച്ച് കൊണ്ട് പ്രാദേശിക ഭരണസ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ സന്നദ്ധമാക്കുക എന്ന ചുമതല വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അത് കൊണ്ട് തന്നെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അവരുടെ ചുമതലകളെയും ഉത്തരവാദി ത്തങ്ങളെയും സംബന്ധിച്ച് കൂടുതൽ അറിവുകൾ ആർജ്ജിക്കേണ്ടതും അനിവാര്യമാണ്.

ഈ ലക്ഷ്യത്തോടെയാണ് നഗരസഭകളിലെ ക്ഷേമകാര്യസ്റ്റാന്റിംഗ്കമ്മിറ്റി അംഗങ്ങൾക്ക് ട്രെയി നിംഗ് നല്കുന്നതിന്റെ ഭാഗമായി ഈ കൈപ്പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്നവർക്ക് വേണ്ടി നഗരസഭകളിൽ നിന്നും സർക്കാരിൽ നിന്നും ലഭ്യമാകുന്ന മിക്ക പദ്ധതികളെ സംബന്ധിച്ചും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പുസ്തകം തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കിലയിലെ അസോസിയേറ്റ് പ്രൊഫസ്സ റായ ഡോ.പീറ്റർ.എം.രാജ് അവർകൾക്കും അദ്ദേഹത്തെ സഹായിച്ച കിലയിലെ ഉദ്യോഗസ്ഥർക്കും എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഈ കൈപ്പുസ്തകം പ്രയോജനപ്പെടുമെന്ന പ്രതീക്ഷയോടെ.

**ഡോ.പി.പി.ബാലൻ**



ഡയറക്ടർ, കില

# ആമുഖം

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ നേതൃത്വപരമായ ഉത്തരവാദിത്തം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഒരു പ്രദേശത്ത് ജീവിക്കുന്ന എല്ലാവരുടേയും പ്രത്യേകിച്ച് പൊതുനിലവാരത്തിൽ നിന്ന് പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ പെടുന്നു. ക്ഷേമവികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കുക വഴി കേരളത്തിന് മാനവവികസന സൂചികയിൽ മാതൃകാപരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. മാനവവികസനമേഖലകളിൽ ഇന്ന്കേരളം നേരിടുന്ന വെല്ലുവിളികൾക്ക് പ്രാദേശികമായ രീതിയിൽ ഉത്തരം കണ്ടെത്തി ഈ രംഗങ്ങളിൽ ഉണ്ടായ നേട്ടം നിലനിർത്തി കൊണ്ട് പോകുന്നതിനും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയാണ് ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടത്. ഇതിനായി പ്രാദേശികതലത്തിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു ക്ഷേമപദ്ധതിയെന്ന ആശയം മുന്നിൽകണ്ട് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെയും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പ്രവർത്തനശാക്തീകരണം ലക്ഷ്യമിട്ട് കൊണ്ട് തയ്യാറാക്കിയിരിക്കുന്നതാണ് ഈ പുസ്തകം. ഒന്ന് മുതൽ നാല് വരെയുള്ള അദ്ധ്യായങ്ങളിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളെയും ആ ചുമതലകൾ നിറവേറ്റുന്നതിനായി നിലവിലുള്ള സംവിധാനങ്ങളെയുമാണ് പ്രതിപാദിച്ചിരിക്കുന്നത്. തുടർന്നുള്ള അദ്ധ്യായങ്ങളിൽ ഓരോ വിഷയമേഖലയെക്കുറിച്ചും ആ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെകുറിച്ചും പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. ഓരോ വിഷയമേഖലയിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഏതും വിധത്തിലാണ് ഇടപെടാൻ സാധിക്കുക എന്നും വിവരിക്കുന്നു. കൂടാതെ ബന്ധപ്പെട്ട മേഖലകളിൽ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമായ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഇടപെടലുകളും ധനസഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യനീതി ഉറപ്പാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് ഈ പുസ്തകം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ കൈപുസ്തകം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ശ്രീ.പി.കെ.ജയദേവൻ, ശ്രീ.കെ.ജി.വിജയകൃഷ്ണൻ എന്നിവർക്കും മറ്റ് ടീം അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

**ഡോ.പീറ്റർ.എം.രാജ്**

അസോസിയേറ്റ് പ്രൊഫസ്സർ, കില

# ഉള്ളടക്കം


| നമ്പർ | അദ്ധ്യായത്തിന്റെ പേര് | പേജ് നമ്പർ |
|---|---|---|
| അദ്ധ്യായം 1 | സ്റ്റാന്റിംഗ് കമ്മിറ്റികൾ - കേരളത്തിലെ സവിശേഷതകൾ | 12-13 |
| അദ്ധ്യായം 2 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - ചുമതലകൾ, ഉത്തരവാദിത്തങ്ങൾ | 14-19 |
| അദ്ധ്യായം 3 | ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങളും | 20-24 |
| അദ്ധ്യായം 4 | പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് | 25-30 |
| അദ്ധ്യായം 5 | വിവിധ മേഖലകളിലെ ക്ഷേമവികസന പരിപാടികൾ | 31-32 |
| അദ്ധ്യായം 6 | കുട്ടികളുടെ സമഗ്രവികസനം (ഭാഗം-1) | 33-49 |
| | കുട്ടികളുടെ സംരക്ഷണ സംവിധാനം (ഭാഗം-2) | 50-61 |
| അദ്ധ്യായം 7 | വനിതാവികസനം | 62-81 |
| അദ്ധ്യായം 8 | ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ | 82-103 |
| അദ്ധ്യായം 9 | വയോജനക്ഷേമം | 104-112 |
| അദ്ധ്യായം 10 | പട്ടികജാതി വികസനം | 113-125 |
| അദ്ധ്യായം 11 | പട്ടികവർഗ്ഗ വികസനം | 126-138 |
| അദ്ധ്യായം 12 | ചേരിനിർമ്മാർജ്ജനം | 139-140 |
| അദ്ധ്യായം 13 | ദാരിദ്ര്യനിർമ്മാർജ്ജനം | 141-152 |
| അദ്ധ്യായം 14 | സാമൂഹ്യസുരക്ഷാ പ്രവർത്തനം | 153-174 |
| അദ്ധ്യായം 15 | ക്ഷേമപെൻഷനുകൾ | 175-179 |
| അദ്ധ്യായം 16 | നേതൃത്വശേഷി പരിശീലനം | 180-184 |

# അദ്ധ്യായം 1
# സ്റ്റാന്റിംഗ് കമ്മിറ്റികൾ - കേരളത്തിലെ സവിശേഷതകൾ

## 1.1 ആമുഖം

1992 ലെ 73, 74 ഭരണഘടനാ ഭേദഗതികളോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ വർദ്ധിച്ച പ്രാധാന്യം കൈവന്നു. ഇതിന്റെ ഭാഗമായി കേരള നിയമസഭ 1994 ൽ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പാസ്സാക്കി. ഈ നിയമങ്ങൾ പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും നാമമാത്രമായ തരത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉണ്ടായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം കൂടുതൽ ശക്തവും, കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി പഠിച്ച് റിപ്പോർട്ട് നൽകാൻ 1996 ൽ ഡോ.സത്യബ്രതോ സെൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി കേരള സർക്കാർ രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1999 ൽ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ ശ്രദ്ധേയമായ ഭേദഗതികൾ വരുത്തി. അവയിൽ ഒന്നാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ജനാധിപത്യ രീതിയിൽ പുന:രാവിഷ്ക്കരിച്ചത്. അതിൻ പ്രകരം ഗ്രാമപഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികൾ വീതവും, ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അഞ്ച് സ്റ്റാന്റിംഗ് കമ്മിറ്റികൾ വീതവും, മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഏഴ് സ്റ്റാന്റിംഗ് കമ്മിറ്റികൾ വീതവും രൂപീകൃതമായി. 2009 ലെ നിയമ ഭേദഗതി പ്രകാരം, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ നാലും ജില്ലാ പഞ്ചായത്തിൽ അഞ്ചും മുനിസിപ്പാലിറ്റിയിൽ ആറും മുനിസിപ്പൽ കോർപ്പറേഷനുകളിൽ എട്ടും സ്റ്റാന്റിംഗ് കമ്മിറ്റികളാണ് നിലവിലുള്ളത്. ഈ ഭേദഗതികളോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജനപ്രതിനിധികൾക്കും ഭരണപങ്കാളിത്തവും, ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം ചുമതലകളും ഉണ്ടെന്നുള്ള കാഴ്ചപ്പാട് കൊണ്ടുവരാൻ കഴിഞ്ഞു. കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യേണ്ട വിഷയ ചുമതലകൾ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വിഭജിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും ഒഴികെയുള്ള മറ്റെല്ലാ ജനപ്രതിനിധികളും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർബന്ധമായും അംഗമായിരിക്കണമെന്നും ഒരംഗം ഒന്നിലധികം സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമാകാൻ പാടില്ലായെന്ന നിബന്ധനയും വന്നു. തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും വോട്ടവകാശമില്ലാത്ത എക്സ് ഒഫീഷ്യോ അംഗവും ഉപാദ്ധ്യക്ഷൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ വോട്ടവകാശമുള്ള എക്സ് ഒഫീഷ്യോ അംഗവും ചെയർമാനും ആയിരിക്കുന്നതാണ്.

## 1.2 പ്രാധാന്യം

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിക്കും നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി എടുക്കേണ്ട തീരുമാനങ്ങൾ എന്തൊക്കെയെന്നും, അതിന്റെ യുക്തി എന്തെന്നും ബോദ്ധ്യപ്പെടുത്തി ഭരണസമിതിയിൽ അവതരിപ്പിച്ച് ഏറ്റവും ഉചിതവും യുക്തിപരവും ആയ തീരുമാനം വളരെ

വേഗത്തിലെടുക്കുന്നതിന് ഭരണസമിതിയെ സഹായിക്കലാണ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല. ഈ പ്രക്രിയയിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനം എടുക്കുന്ന എല്ലാ തീരുമാനങ്ങളിലും എല്ലാ അംഗങ്ങളുടെയും സജീവ പങ്കാളിത്തവും, സംഭാവനയും ഉറപ്പുവരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണപങ്കാളികളാകുന്നതിനും, പ്രാദേശിക സർക്കാരുകളെന്ന നിലയക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഉയർത്തുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അനിവാര്യമാണ്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ ഓരോ ജനപ്രതിനിധിക്കും അവരവരുടെ കാര്യശേഷിയും, പ്രാപ്തിയും, നേതൃത്വപാടവവും വികസിപ്പിക്കുന്ന തരത്തിൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും, ചർച്ചയിൽ പങ്കെടുക്കുന്നതിനും, നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനും അവസരമുണ്ടാകുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിക്കും ചുമതലയുള്ള ഘടക സ്ഥാപനങ്ങളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, ജനോപകാരപ്രദമായി അവ പ്രവർത്തിപ്പിക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റി അംഗമെന്ന നിലയിൽ പ്രത്യേക ചുമതലയുണ്ടെന്ന ധാരണ രൂപപ്പെടുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം വഴിയൊരുക്കുന്നു. അതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള സ്ഥാപനങ്ങൾക്ക് വേണ്ട ഭൗതിക സൗകര്യങ്ങളൊരുക്കി കൊടുക്കുന്നതിനും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പ്രത്യേക ചുമതലയുണ്ട്.

## 1.3 സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും നിക്ഷിപ്തമായ വിഷയങ്ങൾ അതത് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ വ്യക്തിഗത ചുമതലയായി വേർതിരിച്ച് നൽകുകയും അവർ ആ കർത്തവ്യങ്ങൾ നിർവ്വഹിക്കണമെന്ന് ഉറപ്പ വരുത്തുകയും ചെയ്യണം. പിന്നീട് സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ക്രോഡീകരണം നടത്തുക.
- സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണപരിധിയിൽ വരുന്ന ഘടക സ്ഥാപനങ്ങൾ കാര്യക്ഷമമായും ജനോപകാരപ്രദമായും പ്രവർത്തിപ്പിക്കുന്നതിനുള്ള മേൽനോട്ടച്ചുമതല സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾക്ക് വേർതിരിച്ച് നൽകുക. (സ്റ്റാന്റിംഗ് കമ്മിറ്റികളിലെ വിഷയമേഖല വർക്കിംഗ് ഗ്രൂപ്പ് ചെയർമാന്മാർക്ക് അവരുടെ മേഖലയിൽ വരുന്ന ഘടക സ്ഥാപനങ്ങളുടെ ചുമതല നൽകുന്നത് ഉചിതമായിരിക്കും).
- ഘടക സ്ഥാപന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക. (അംഗൻവാടി വെൽഫെയർ കമ്മിറ്റിക്ക് സമാനമായ തരത്തിൽ).
- മാനേജ്മെന്റ് കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും ചേരുകയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും അംഗങ്ങളും കമ്മിറ്റിയിൽ പങ്കെടുക്കുകയും വേണം.
- ആവശ്യാനുസരണം സ്റ്റാന്റിംഗ് കമ്മിറ്റികൾ യഥാസമയം കൂടുന്നുവെന്നും എല്ലാ അംഗങ്ങളും പങ്കെടുക്കുന്നുവെന്നും ഉറപ്പുവരുത്തണം.

- സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മുമ്പാകെ ചർച്ചയ്ക്ക് വരുന്ന വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ആവശ്യാനുസരണം കമ്മിറ്റികളിൽ പങ്കെടുപ്പിക്കുകയും അവരുടെ സാങ്കേതികോപദേശം തേടുകയും വേണം.
- സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മുമ്പാകെ തീരുമാനത്തിനായി വരുന്ന വിഷയങ്ങൾ മതിയായ സമയമെടുത്ത് ചർച്ച ചെയ്യുകയും എടുക്കുന്ന തീരുമാനം യുക്തിപരമാണെന്ന് ഉറപ്പുവരുത്തുകയും ഭരണസമിതിയിൽ അവതരിപ്പിക്കുകയും ചെയ്യണം. ഇതിനാവശ്യമായ തുടർ നടപടികൾ (അജണ്ട, അജണ്ടാകുറിപ്പ്, ഭരണസമിതിയിലെ ഉദ്യോഗസ്ഥ സാന്നിദ്ധ്യം) ഉറപ്പുവരുത്തുകയും വേണം.
- ബന്ധപ്പെട്ട ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് വേണ്ട ഭൗതിക സാഹചര്യം ഒരുക്കുകയും, ജീവനക്കാർക്ക് വേണ്ട സഹായ സംവിധാനം നൽകുകയും ചെയ്യണം.
- ഭരണസമിതി യോഗം ചേരുന്നതിനുമുമ്പ് സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേർന്ന് ഭരണസമിതി യോഗത്തിൽ വരുന്ന അജണ്ടകളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കേണ്ടതാണ്.
- സ്റ്റാന്റിംഗ് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ നഗരസഭാ യോഗത്തിൽ വസ്തുനിഷ്ഠമാക്കണം.
- ഭരണസമിതി എടുക്കുന്നതും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്നതുമായ തീരുമാനങ്ങൾ ഫലപ്രദമായും, സമയബന്ധിതമായും നടപ്പിലാക്കുന്നതിനാവശ്യമായ തുടർ നടപടികൾ അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തുക.
- വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയുമായി ബന്ധപ്പെട്ടുവരുന്ന വിഷയമേഖലകളുടെ പദ്ധതി ആസൂത്രണത്തിന് വേണ്ട സഹായ സഹകരണങ്ങൾ നൽകുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക. (തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മൊത്തത്തിലുള്ള ആസൂത്രണ ചുമതല വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്).
- സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുകയും, ആവശ്യമായ പിന്തുണാ സംവിധാനം നൽകുകയും വേണം.
- അതത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പദ്ധതി പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ഇതിനായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ചെയർമാന്മാർ മോണിറ്ററിംഗ് റിപ്പോർട്ട് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും വേണം.

# അദ്ധ്യായം 2

# ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - ചുമതലകൾ ഉത്തരവാദിത്തങ്ങൾ

## 2.1 ആമുഖം

73, 74 ഭരണഘടനാഭേദഗതികളുടെ അന്ത:സത്തയ്ക്കനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച അപൂർവ്വം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അധികാരം, വിഭവം എന്നിവയ്ക്കൊപ്പം പ്രാദേശിക തലത്തിലുള്ള വികസന സ്ഥാപനങ്ങളേയും അവയിലെ ഉദ്യോഗസ്ഥരേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറുകയും അതോടൊപ്പം വിവിധ വകുപ്പുകളുടെ കീഴിലുള്ള ഭൂരിഭാഗം വികസന ക്ഷേമ പരിപാടികളും ഈ സ്ഥാപനങ്ങളെ ഏല്പിക്കുകയും ചെയ്ത സംസ്ഥാനം എന്ന പദവിയും കേരളത്തിന് കരഗതമായി. ഇന്ന് സംസ്ഥാന സർക്കാർ കൈകാര്യം ചെയ്യുന്ന ഫണ്ടിന് ഏറെക്കുറെ തുല്യമായ തുക ത്രിതല പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും കൂടി കൈകാര്യം ചെയ്യുന്നുണ്ട്. സാമൂഹികനീതിയും സാമ്പത്തിക വികസനവും ക്ഷേമവും സാധ്യമാക്കുക എന്ന സുപ്രധാന ചുമതലയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

## 2.2 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നഗരസഭ ഭരണസംവിധാനവും

അധികാരവികേന്ദ്രീകരണത്തിന്റേയും പങ്കാളിത്ത ജനാധിപത്യത്തിന്റേയും മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് പ്രാദേശിക ഭരണസ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയെന്ന ചുമതലയാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടത്. തദ്ദേശസ്വയംഭരണസ്ഥാപന ഓഫീസിനേയും കൈമാറിക്കിട്ടിയ വിവിധ വകുപ്പുകളിലെ സ്ഥാപനങ്ങളേയും (ഘടകസ്ഥാപനങ്ങൾ) ജനക്ഷേമകരമാക്കി മാറ്റുന്നതിൽ നേതൃത്വപരമായ പങ്ക് സ്റ്റാന്റിംഗ് കമ്മിറ്റികൾ വഹിക്കേണ്ടതുണ്ട്. നഗരസഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ അവരുടെ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളും സ്ഥാപനങ്ങളുടെ പ്രവർത്തനവും ജനാഭിപ്രായത്തിനൊത്ത് ഉയരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അതനുസരിച്ച് നഗരസഭാ യോഗത്തിൽ ഓരോ തീരുമാനവും സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമായ ഉത്തരവാദിത്തവും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 പ്രകാരം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുമായി ബന്ധപ്പെട്ട ഏത് കാര്യവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിന്റെ അജണ്ടയിൽ നഗരസഭ സെക്രട്ടറി (ചെയർമാനുമായി ആലോചിച്ച്) ഉൾപ്പെടുത്തേണ്ടതാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ തൊട്ടടുത്ത നഗരസഭാ യോഗത്തിൽ വച്ച് അംഗീകരിക്കേണ്ടതും അപ്രകാരമുള്ള പ്രമേയങ്ങളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിന് മുനിസിപ്പൽ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

ശരിയായ വിധം ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി പ്രാദേശികഭരണം കാര്യക്ഷമമാക്കുന്നതിനും ശരിയായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. ഈ പ്രവർത്തനത്തിൽ നഗരസഭയെ സഹായിക്കേണ്ട ഉത്തരവാദിത്തം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഘടകസ്ഥാപനങ്ങളുടെ വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുപ്പിക്കുകയും അതത് മേഖലകളിൽ ആവശ്യമായ സാങ്കേതിക ഉപദേശം ലഭ്യമാക്കുകയും ചെയ്യുമ്പോൾ മാത്രമേ മെച്ചപ്പെട്ട തീരുമാനം എടുക്കുന്നതിന് കഴിയുകയുള്ളൂ.

ഘടകസ്ഥാപനങ്ങളിലും അതോടനുബന്ധിച്ച് വിവിധ ക്ഷേമസ്ഥാപനങ്ങളിലും തുടർച്ചയായി സന്ദർശനം നടത്തി പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2.3 ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ചുമതലകൾ ഉത്തരവാദിത്തങ്ങൾ

### 2.3.1 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 അനുസരിച്ച് നഗരസഭകളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ.

| നഗരസഭ |
|---|
| പട്ടികജാതി വികസനം |
| പട്ടികവർഗ്ഗ വികസനം |
| സ്ത്രീകളുടെയും കുട്ടികളുടെ യും വികസനം |
| സാമൂഹ്യക്ഷേമം |
| സാമൂഹ്യസുരക്ഷ പെൻഷനും ധനസഹായവും |
| ചേരിപരിഷ്ക്കരണം |
| ദാരിദ്ര്യ നിർമ്മാർജനം |
| പൊതു വിതരണ സമ്പ്രദായം |

### 2.3.2 ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ (സൂചന കേരള മുനിസിപ്പാലിറ്റി ആക്ട്-ഒന്നാം പട്ടിക )

**<u>അനിവാര്യചുമതലകൾ</u>**

ചേരിപ്രദേശങ്ങളിൽ അടിസ്ഥാസൗകര്യങ്ങൾ ഏർപ്പെടുത്തുക

**<u>പൊതുവായ ചുമതലകൾ</u>**

**നഗരസഭയുടെ 14 പൊതുചുമതലകളിൽ താഴെ പറയുന്ന നാല് ചുമതലകൾ ക്ഷേകാര്യസ്റ്റാന്റംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ടതാണ്.**

1. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളേയും കുട്ടികളേയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക
2. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയസംഘങ്ങളും രൂപീകരിക്കുക
3. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും, കൂട്ടായപ്രവർത്തനങ്ങളിൽ ഭാഗഭക്കുകളാക്കുകയും ചെയ്യുക
4. മിതവ്യയം ശീലിപ്പിക്കുന്നതിന് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക

## മേഖലാ ചുമതലകൾ

**കേരള മുനിസിപ്പാലിറ്റി ആക്ട് ഒന്നാം പട്ടിക പ്രകാരം ആകെ 19 വിഷയമേഖലകളിലായി 106 ചുമതലകൾ ഉള്ളതിൽ താഴെ പറയുന്ന 4 മേഖലകളിലെ 24 ചുമതലകൾ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്നതാണ്.**

**1. സാമൂഹ്യക്ഷേമം**

- അങ്കണവാടികൾ നടത്തുക
- അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക
- തൊഴിലില്ലായ്മ വേതനം അനുവദിക്കലും വിതരണവും
- വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിന് ധനസഹായം അനുവദിക്കുക
- ദരിദ്രവിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക
- അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുക
- അംഗഭംഗം വന്നവർ, അഗതികൾ മുതലായവർക്ക് ക്ഷേമത്തിനായി സ്ഥാപനങ്ങൾ തുടങ്ങുക
- സ്വയംതൊഴിൽ പദ്ധതികൾക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ നൽകുക

**2. ദാരിദ്ര്യനിർമ്മാർജ്ജനം**

- ദരിദ്രരെ കണ്ടെത്തുക
- പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതി നടപ്പാക്കുക
- പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടത്തക്ക തരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിലും വേതനത്തോട് കൂടിയ തൊഴിലും ചെയ്യുന്നതിനായി കഴിവുകൾ വികസിപ്പിക്കുക

**3. പട്ടികജാതി-പട്ടികവർഗ്ഗ വികസനം**

- പ്രത്യേകഘടക പദ്ധതിയുടെയും (SCSP) ഗോത്രവർഗ്ഗ ഉപപദ്ധതിയുടെയും കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക
- പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് വേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക
- പട്ടികജാതി പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാസൗകര്യങ്ങൾ എർപ്പെടുത്തുക
- പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക
- സഹായം അർഹിക്കുന്ന പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും വിവേചനപൂർവ്വം സഹായം നൽകുക
- മുനിസിപ്പൽ പ്രദേശത്തെ പ്രീമെട്രിക്ക് ഹോസ്റ്റൽ നടത്തുക
- പട്ടികജാതി പട്ടിക സഹകരണ സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.
- പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങൾ നടത്തുക.

**4. പൊതുവിതരണസമ്പ്രദായം**

- പൊതുവിതരണസമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക
- അളവ് തൂക്കങ്ങൾ സംബന്ധിച്ച് കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക

- റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും മറ്റ് പൊതു വിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും, ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ചുമതലയിലില്ലാത്ത കാര്യങ്ങൾ ചെയ്യുന്നത് അധികാര ദുർവിനിയോഗമാണ്.
- സ്റ്റാന്റിംഗ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി, കൗൺസിൽ എന്നിവയുടെ ക്രമപ്രകാരമുള്ള തീരുമാനങ്ങളിലൂടെയാണ് അധികാരങ്ങൾ വിനിയോഗിക്കേണ്ടത്.
- അധികാരങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം. അതായത് നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തുക.

**മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ.ഉ (പി) 181/95 /ത.ഭ.വ തീയതി 18.1.95 പ്രകാരം നഗരസഭകൾക്ക് കൈമാറിയ സ്ഥാപനങ്ങളിൽ താഴെ പറയുന്നവ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിർവ്വഹണവുമായി ബന്ധപ്പെട്ടതാണ്.**

## 2.4 നഗരസഭാസ്ഥാപനങ്ങളും ഉദ്യോഗസ്ഥരും

- അതാത് സ്ഥലത്തെ ഡെകെയർ സെന്ററുകളും അങ്കണവാടികളും, CDPO, ICDS സൂപ്പർവൈസർ അടക്കമുള്ള തസ്തികകളും
- പട്ടികജാതി വികസന വകുപ്പിൽ നിന്നും കൈമാറിയ ബാലവാടികൾ, ബാലവാടി കം ഫീഡിങ്ങ് സെന്റർ, സീസണൽ ഡെകെയർ സെന്റർ, ഡോർമിറ്ററി, പ്രീമെട്രിക് ഹോസ്റ്റലുകൾ, പട്ടികജാതി വികസന ഓഫീസർ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
- അർബൻ പോവർട്ടി അലീവിയേഷൻ പ്രൊജക്റ്റ് ഓഫീസർ
- പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും കൈമാറിയ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്ക്കൂളുകൾ, മിഡ് വൈഫറി സെന്ററുകൾ, ആയുർവേദ ആശുപത്രികൾ

**ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്**

വനിതാക്ഷേമകേന്ദ്രങ്ങൾ, കുടുംബശ്രീകേന്ദ്രങ്ങൾ, വൃദ്ധസദനങ്ങൾ, സ്വയംതൊഴിൽ സ്ഥാപനങ്ങൾ, പകൽ വീടുകൾ, വിപണനകേന്ദ്രങ്ങൾ, ദുരിതാശ്വാസകേന്ദ്രങ്ങൾ, പൊതുവിതരണകേന്ദ്രങ്ങൾ, പുനരധിവാസകേന്ദ്രങ്ങൾ, ഡോർമിറ്ററികൾ, ദത്തെടുക്കൽ കേന്ദ്രങ്ങൾ, സാന്ത്വനചികിത്സാകേന്ദ്രങ്ങൾ, ബഡ്സ്സ്കൂൾ , ജുവനൈൽ ഹോംസ്, അനാഥാലയങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ, ശിശുക്ഷേമകേന്ദ്രങ്ങൾ, അബലമന്ദിരങ്ങൾ, മഹിളാസമാജങ്ങൾ, സാമൂഹ്യക്ഷേമവുമായ ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ.

**സ്ഥാപനമാനേജ്മെന്റ് കമ്മിറ്റികൾ**

നഗരസഭക്ക് അവയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനും പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നല്കുന്നതിനും സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനുമായി

അങ്കണവാടി വെൽഫെയർ കമ്മിറ്റികൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയ്ക്ക് സമാനമായ രൂപത്തിൽ സ്ഥാപനമാനേജിങ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. ബന്ധപ്പെട്ട മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണത്തിന് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ മുൻകൈ എടുക്കണം.

***കൈമാറിയ ഉദ്യോഗസ്ഥരെല്ലാം നഗരസഭകളുടെ നിയന്ത്രണത്തിലാണ്. സ്ഥാപനങ്ങളെല്ലാം നഗരസഭയുടെ പേരിലുമാണ് അറിയപ്പെടേണ്ടത്.***

## 2.5 ഘടകസ്ഥാപനങ്ങളും ഉദ്യോഗസ്ഥരും നിയന്ത്രണസംവിധാനവും

1994 ലെ കേരള മുനിസിപ്പൽ ആക്ട് പ്രകാരവും 2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരവും 2.6.1998 ലെ ജി.ഒ.(പി.)നം 113/98/LAD നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും നഗരസഭകളിലേയും ഘടകസ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥരുടെ മേൽ താഴെ പറയുന്ന തരത്തിലുള്ള നിയന്ത്രണാധികാരങ്ങൾ നഗരസഭക്കുണ്ട്.

- ആകസ്മിക അവധി അനുവദിക്കൽ, മറ്റ് ലീവുകൾക്ക് ശുപാർശ ചെയ്യൽ (ഓഫീസ് മേധാവികൾക്ക് മാത്രം ബാധകം)
- യോഗങ്ങളിൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കൽ
- റിപ്പോർട്ടുകൾ ആവശ്യപ്പെടൽ
- ഫീൽഡ് ചുമതലകൾ നിശ്ചയിച്ചു നൽകൽ
- ഓഫീസർമാരുടെ ടൂർ പരിപാടി അംഗീകരിക്കൽ
- ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തെക്കുറിച്ച് മേലധികാരികൾക്ക് റിപ്പോർട്ട് നൽകൽ
- തദ്ദേശസ്വയംഭരണസ്ഥാപനം അവരുടെ ഉദ്യോഗസ്ഥരുടെ വൈദഗ്ദ്ധ്യവുമായി ബന്ധപ്പെട്ടുള്ള ജോലികൾ അതാത് ഉദ്യോഗസ്ഥരെ ഏല്പിക്കുക.
- ഒഴിവുള്ള തസ്തികകളിലേക്ക് പി.എസ്.സി വഴിയുള്ള ഉദ്യോഗസ്ഥർ ലഭ്യമാകുന്നത് വരെ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുമായി കൂടിയാലോചിച്ച ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്കാലിക നിയമനം നടത്തുക
- ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നതിന് അതിന് അധികാരമുള്ള ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുക
- നഗരസഭക്ക് ഘടകസ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള കൃത്യവിലോപത്തിനൊ അച്ചടക്കലംഘനത്തിനൊ, ചട്ടങ്ങളുടെയൊ ഉത്തരവുകളുടെയൊ ലംഘനത്തിനൊ ലഘുശിക്ഷ ചുമത്താവുന്നതാണ്. ഗുരുതര സ്വഭാവദൂഷ്യം ഉൾപ്പെടുന്നതോ കടുത്ത ശിക്ഷ അർഹിക്കുന്നതോ ആയ കുറ്റം ആരോപിക്കപ്പെട്ടാൽ ഗസറ്റഡ് ഉദ്യോഗസ്ഥർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ സസ്പെന്റ് ചെയ്യുന്നതിനും അധികാരമുണ്ട്.

## 2.6 ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളും

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

| ക്രമ നം | മുനിസിപ്പാലിറ്റി |
|---|---|
| 1 | ദാരിദ്ര്യലഘൂകരണം |
| 2 | സാമൂഹ്യക്ഷേമം (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പടെ) |
| 3 | പട്ടികജാതിവികസനം |
| 4 | പട്ടികവർഗ്ഗ വികസനം |
| 5 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം |

മേൽ പറഞ്ഞ വർക്കിംഗ് ഗ്രൂപ്പുകളിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ അല്ലാത്ത ഒരംഗം അദ്ധ്യക്ഷനായിരിക്കേണ്ടതും ചെയർമാൻ മേൽ പറഞ്ഞ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഈ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ ആസൂത്രണഘട്ടം മുതൽ പൂർത്തീകരണ ഘട്ടം വരെ മോണിറ്റർ ചെയ്യേണ്ട ചുമതലയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട്.

**ക്ഷേമാകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട പദ്ധതി പ്രവർത്തനം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച് അദ്ധ്യായം 3, 4 എന്നിവയിലും, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട മേഖലകളിലെ പ്രശ്നങ്ങളും പദ്ധതികളും വിശദമായി അദ്ധ്യായം 6 മുതലുള്ളവയിലും ചേർത്തിട്ടുണ്ട്. പൊതുവിതരണം സംബന്ധിച്ചുള്ള ചുമതലകളും പ്രവർത്തനങ്ങളും താഴെ ചേർക്കുന്നു.**

## 2.7 പൊതുവിതരണം

**ചുമതലകളും പ്രവർത്തനങ്ങളും**

ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക ഏതൊരു ഭരണകൂടത്തിന്റെയും മുഖ്യ ഉത്തരവാദിത്തങ്ങളിൽ ഒന്നാണല്ലോ. ജനങ്ങളെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങളായ വിലക്കയറ്റവും ഭക്ഷ്യദൗർലഭ്യവും തടയുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും വളരെ വലിയ പങ്കുണ്ട്. ഭക്ഷ്യവസ്തുക്കൾ കൂടുതലായി ഉൽപാദിപ്പിക്കുക, അധികമായി ഉൽപ്പാദിപ്പിച്ച ഭക്ഷ്യ ഉൽപന്നങ്ങൾ ഉൽപ്പാദന സ്ഥലത്ത് തന്നെ കെട്ടിക്കിടക്കാതിരിക്കുക, ആവശ്യക്കാർക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക, ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുക, പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയുക ഇവയൊക്കെ പ്രാദേശികമായി ഇടപെടേണ്ടുന്ന കാര്യങ്ങളാണ്.

ഉത്പാദനവിതരണ സമ്പ്രദായങ്ങളിലെ ക്രമീകരണം വില നിയന്ത്രിക്കുന്നതിന് സഹായകമാകുന്ന ദൗത്യമാണ് പൊതുവിതരണ സമ്പ്രദായത്തിനു നിർവ്വഹിക്കാനുള്ളത്. നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുക, ലഭ്യത ഉറപ്പുവരുത്തുക, പാവപ്പെട്ടവർക്ക് മിതമായ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് പൊതുവിതരണസ്ഥാപനങ്ങളുടെ ലക്ഷ്യങ്ങൾ. ഇതിനുള്ള ഉപാധികളാണ് നീതിസ്റ്റോർ, ലാഭംസ്റ്റോർ, കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് സ്റ്റോർ, കൺസ്യൂമർഫെഡ് സ്റ്റോർ തുടങ്ങിയവ.

പൊതു വിതരണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ക്ഷേമകാര്യസ്റ്റൻഡിംഗ് കമ്മിറ്റിക്ക് ഏറ്റെടുക്കാവുന്നതാണ്.

- പൊതുവിതരണസമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക.

- അളവും തൂക്കവും സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക.

- റേഷൻകടകളുടെയും മാവേലിസ്റ്റോറുകളുടെയും നീതിസ്റ്റോറുകളുടെയും മറ്റു പൊതുവിതരണ സമ്പ്രദായങ്ങളുടെയും പൊതുമേൽനോട്ടം വഹിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

- സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ റേഷൻകടകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടുപിടിക്കുകയും അവശ്യസാധനങ്ങൾ പൂഴ്ത്തിവെക്കുന്നതിനെതിരായി നടപടിയെടുക്കുകയും ചെയ്യുക.

# അദ്ധ്യായം- 3

# ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിപ്രവർത്തനങ്ങളും

## 1.1 ആമുഖം

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അതിന്റെ ചുമതലയിൽ വരുന്ന സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകൾ കഴിഞ്ഞ അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റിയിലും സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥരിലും നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നത് പദ്ധതി പ്രവർത്തന ങ്ങളിലൂടെയും പദ്ധതിയേതര പ്രവർത്തനങ്ങളിലൂടെയുമാണ്. വിവിധ സ്ഥാപനങ്ങളിലൂടെയും ഉദ്യോഗസ്ഥരിലൂടെയും നടത്തുന്ന വികസന ക്ഷേമ സേവന പ്രവർത്തനങ്ങളിൽ പദ്ധതിയുടെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങളും (ഉദാ: അങ്കണവാടി ഭക്ഷണവിതരണം, ശാരീരിക മാനസിക വെല്ലുവിളി കൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ബത്ത) പദ്ധതിയേതര പ്രവർത്തനങ്ങളും (ഉദാ: വിവിധ പെൻഷ നുകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ) ഉണ്ട്. പദ്ധതിയേതര പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥരുടെയും സ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ നേരിട്ട് ചെയ്യേണ്ടവയാ ണ്. പദ്ധതി പ്രവർത്തനങ്ങളാകട്ടെ വിവിധ ഘട്ടങ്ങളിലൂടെയുള്ള പദ്ധതി ആസൂത്രണ നടപടികൾ പാലിച്ച് തയ്യാറാക്കി അംഗീകാരം നേടി നടപ്പാക്കേണ്ടവയാണ്. പദ്ധതി പ്രവർത്തനങ്ങളായാലും പദ്ധതി യേതര പ്രവർത്തനങ്ങളായാലും സുതാര്യമായും കാര്യക്ഷമമായും നീതിപൂർവമായും ജനപങ്കാളിത്ത ത്തോടെയും നടപ്പിലാക്കപ്പെടുന്നുവെങ്കിൽ മാത്രമേ സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് പ്രയോജനം ലഭിക്കുകയുള്ളൂ; സാമൂഹ്യനീതിയിലധിഷ്ഠിതമായ ഭരണം സാധ്യമാകുകയുള്ളൂ.

## 3.2 പദ്ധതി രൂപീകരണവും വർക്കിംഗ് ഗ്രൂപ്പുകളും

### 3.2.1 വർക്കിംഗ് ഗ്രൂപ്പ് – പ്രസക്തി, ആവശ്യകത

നഗരസഭ തയ്യാറാക്കുന്ന പദ്ധതി കാര്യക്ഷമമാക്കുന്നതിനും തയ്യാറാക്കുന്ന പ്രക്രിയ നീതിപൂർവവും സുതാര്യവും ജനപങ്കാളിത്ത പൂർണവുമാക്കുന്നതിനുമുള്ള സംവിധാനമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. സ മൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും, നഗരസഭയിലെ എല്ലാ പ്രദേശങ്ങളുടെയും പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പുകളിൽ ഉറപ്പാക്കുന്നതിലൂടെ എല്ലാ വിഭാഗങ്ങളുടെയും എല്ലാ പ്രദേശങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും താല്പര്യങ്ങളും പ്രാദേശിക പദ്ധതിയിൽ ഉറപ്പാക്കാൻ കഴിയും. അതിന് അനുയോജ്യമായ വിധം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും അവയെ പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടത് നഗരസഭയുടെ കടമയാണ്. അതത് വികസന മേഖലയുടെ ആസൂത്രണസമിതിയായി വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. പ്രോജക്റ്റുകൾ തയ്യാറാക്കലും ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് നേതൃത്വം നൽകേണ്ടതുമായ വിദഗ്ദ്ധസമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ

### 3.2.2 വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിക്കും കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം ചുമതലകൾ നിശ്ചയിച്ച് നൽകി യിട്ടുണ്ട്. അത് പ്രകാരം ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ചുമതലയുമായി ബന്ധപ്പെട്ട വിഷയ ങ്ങൾക്ക് വേണ്ടിയുള്ള /വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ആ സ്റ്റാന്റിംഗ് കമ്മിറ്റി യുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ പദ്ധതിപ്രവർത്തനവു മായി ബന്ധപ്പെട്ട് അഞ്ച് വർക്കിംഗ് ഗ്രൂപ്പുകൾ കൈകാര്യം ചെയ്യേണ്ടതായ വിഷയങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്നുണ്ടെങ്കിലും പദ്ധതികൾ തയ്യാറാക്കുകയും നടപ്പാക്കു കയും ചെയ്യുക എന്ന നഗരസഭയുടെ ഉത്തരവാദിത്വം ഫലപ്രദമായി നിറവേറ്റുന്നതിന് വിവിധ വിഷയ മേഖലകൾ പരസ്പരപൂരകമായി യോജിപ്പിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അത് കൊണ്ട് തന്നെ ചില വിഷ യങ്ങൾ ഒന്നിൽ കൂടുതൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ടതായും വരും.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കേണ്ടതായ വർക്കിംഗ് ഗ്രൂപ്പുകൾ താഴെ പറയുന്നവയാണ്.

- സ്ത്രീകളുടെയും കുട്ടികളുടെയും വികസനം
- സാമൂഹ്യസുരക്ഷിതത്വം (വൃദ്ധർ, ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പടെ)
- ദാരിദ്ര്യലഘൂകരണം
- പട്ടികജാതി വികസനം
- പട്ടികവർഗ്ഗ വികസനം

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മേൽപ്പറഞ്ഞ അഞ്ച് വർക്കിംഗ് ഗ്രൂപ്പുകളുടെയും മേൽനോട്ടച്ചുമതലയുള്ളത് കൊണ്ട് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒരു വർക്കിംഗ് ഗ്രൂപ്പിന്റെയും ചെയർപേഴ്സൺ ആകാൻ പാടില്ല. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർപേഴ്സ ണല്ലാത്ത അംഗങ്ങളെയാണ് മേൽപ്പറഞ്ഞ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരാക്കേണ്ടത്.

മേൽപ്പറഞ്ഞ അഞ്ച് വർക്കിംഗ് ഗ്രൂപ്പുകളുടെയും ചെയർപേഴ്സൺമാർ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ ജനപ്രതിനിധികളായത് കൊണ്ട് തന്നെ ഓരോ വിഷയമേഖലയിലും ഓരോ വിഭാഗ ത്തിനും വേണ്ടി സ്വീകരിക്കേണ്ട സമീപനം, കാഴ്ച്ചപ്പാട്, മുൻഗണനകൾ എന്നിവയെ കുറിച്ചും ഓരോ വർക്കിംഗ് ഗ്രൂപ്പും തയ്യാറാക്കേണ്ട പ്രോജക്റ്റുകളെക്കുറിച്ചും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടക്കുന്ന ചർച്ച കളും അവിടെ എടുക്കുന്ന തീരുമാനങ്ങളും കൃത്യമായ നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറാൻ കഴിയണം.

### 3.2.3 വർക്കിംഗ് ഗ്രൂപ്പ് ഘടന, അംഗങ്ങൾ

സാമൂഹ്യപ്രതിബദ്ധതയുള്ളവരും സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ തയ്യാറുള്ളവരുമായിരി ക്കണം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ.

ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെയും ചെയർപേഴ്സൺ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണല്ലാത്ത ഒരു ജന പ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട വിഷയമേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കണം. ഓരോ വാർഡിൽ നിന്നും ഒരാൾ വീതം ഓരോ വർക്കിംഗ് ഗ്രൂപ്പിലും അംഗങ്ങളായി ഉണ്ടായിരിക്കും. കൂടാതെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും പരമാവധി 3 വിദഗ്ദ്ധരെ വീതം നഗരസഭ ഭരണസമിതിക്ക് ഉൾപ്പെടുത്താവുന്നതാണ്. ഇങ്ങനെ ഓരോ വർക്കിംഗ് ഗ്രൂപ്പിലേക്കും നിർദ്ദേശിക്കപ്പെടുന്നവർ ഏറ്റവും അനുയോജ്യരായിരിക്കുവാൻ വേണ്ട ഇടപെടൽ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പു കളുടെ രൂപീകരണം ഘടന, ചുമതലകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ 2016-17 ലേക്ക് വേണ്ടിയുള്ള പദ്ധതി ആസൂത്രണ മാർഗരേഖയുടെ ഖണ്ഡിക 6.2 ൽ കാണുക.

## 3.3 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതികൾക്ക് ഫണ്ട് വകയിരുത്തലും

പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക, അതോടൊപ്പം സാമൂഹ്യനീതി ഉറപ്പാക്കുക എന്നിവയാണ് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ രണ്ടു മുഖ്യചുമതലകൾ. തദ്ദേശസ്വയംഭരണസ്ഥാ പനം നടത്തുന്ന വിവിധ പദ്ധതി - പദ്ധതിയേതര പ്രവർത്തനങ്ങളിലൂടെയാണ് ഈ ചുമതലകൾ നിറ വേറ്റുന്നത്. ഈ രണ്ട് ചുമതലകളിൽ സാമൂഹ്യനീതി ഉറപ്പ് വരുത്തുക എന്ന ചുമതല നിറവേറ്റുന്നതി നുള്ള നേതൃത്വപരമായ പങ്ക് വഹിക്കേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. ഒരു നഗരസഭ യിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാഴ്ച്ചപ്പാടും സമീപനവുമായിരിക്കും അവിടുത്തെ സാമൂഹ്യ നീതിയുടെ അടിസ്ഥാനം. അതിനാൽ സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനുള്ള പദ്ധതി

പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. വികസന പ്രവർത്തനങ്ങളിൽ സാമൂഹ്യനീതി ഉറപ്പ് വരുത്തുന്നതിന് താഴെപറയുന്ന കാര്യങ്ങൾ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

### 3.3.1 ഫണ്ട് വകയിരുത്തൽ

- വനിതാ ഘടക പദ്ധതിക്ക് ആവശ്യമായ തുക (വികസന ഫണ്ടിന്റെ മിനിമം 10 ശതമാനം)
- കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവയ്ക്ക് ആവശ്യമായ തുക (വികസന ഫണ്ടിന്റെ മിനിമം 5 ശതമാനം )
- വയോജനസൗഹൃദ പദ്ധതികൾക്കായി (വികസഫണ്ടിന്റെ 5% തുക)
- ചേരിവികസനം (വികസന ഫണ്ടിന്റെ 10 ശതമാനം മിനിമം)

### 3.3.2 പ്രോജക്ട് ഉൾപ്പെടുത്തൽ

- മതിയായ തുക വകയിരുത്തിക്കൊണ്ട് അങ്കണവാടി പോഷകാഹാര വിതരണത്തിനുള്ള പ്രോജക്ട്
- മതിയായ തുക വകയിരുത്തിക്കൊണ്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ട്
- കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതിയായ പി.എം.എ.വൈ ക്ക് വകയിരുത്തേണ്ട അധിക വിഹിതം വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ട്
- ആശ്രയ പ്രോജക്ട്

### 3.3.3 ഉപപദ്ധതികളും പ്രോജക്ടുകളും

- വനിതാ ഘടകപദ്ധതിയിൽ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കണം.
- പട്ടികജാതി ഉപപദ്ധതിയിൽ പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കണം.
- പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പട്ടികവർഗക്കാരുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കണം.
- ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കണം
- ചേരി നിർമ്മാർജ്ജനത്തിനാവശ്യമായ പ്രൊജക്റ്റുകൾ ഉൾപ്പെടുത്താം
- വൃദ്ധർ, ശിശുക്കൾ, ശാരീരിക-മാനസിക അവശതയുള്ളവർക്ക് വേണ്ട പ്രൊജക്റ്റുകൾ

## 3.4 പദ്ധതി രൂപീകരണ പ്രവർത്തനങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റിയും

### 3.4.1 സ്റ്റാറ്റസ് റിപ്പോർട്ട്, പ്രോജക്ട് നിർദ്ദേശങ്ങൾ

ഓരോ വർക്കിംഗ് ഗ്രൂപ്പും അവരുടെ വിഷയവുമായി ബന്ധപ്പെട്ട ഒരു സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തയ്യാറാക്കണം. സ്റ്റാറ്റസ് റിപ്പോർട്ടിന് മൂന്ന് ഭാഗങ്ങൾ ഉണ്ടായിരിക്കും.

ഭാഗം - 1. സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ മേഖലയുടെ അവസ്ഥ, പ്രശ്നങ്ങൾ, സാദ്ധ്യതകൾ മുതലായവ

ഭാഗം - 2. കരട് പ്രോജക്ട് നിർദ്ദേശങ്ങൾ

ഭാഗം - 3. വാർഡ്തല നിർദ്ദേശങ്ങളുടെ ക്രോഡീകൃത റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ട് ശരിയായ രീതിയിൽ തയ്യാറാക്കിയാൽ ഏറ്റവും ആവശ്യമായ, അനുയോജ്യമായ, പ്രായോഗികമായ, വിജയസാധ്യതയുള്ള, സാമൂഹ്യ പ്രസക്തിയുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ കഴിയും. അതുകൊണ്ട് തന്നെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഓരോ വർക്കിംഗ് ഗ്രൂപ്പിനെക്കൊണ്ടും തയ്യാറാക്കിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടതാണ്. തയ്യാറാക്കപ്പെടുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ സൂക്ഷ്മമായി പരിശോധിച്ച് കുറ്റങ്ങളും കുറവുകളും പരിഹരിക്കേണ്ടതാണ്.

### 3.4.2 അയൽസഭാ നിർദ്ദേശങ്ങളും കമ്മ്യൂണിറ്റി പ്ലാനും

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന കരട് പ്രോജക്ട് നിർദ്ദേശങ്ങൾ അയൽസഭകളിൽ വിശദവും സൂക്ഷ്മവുമായ ചർച്ചക്ക് വിധേയമാക്കേണ്ടതാണ്. അതിന് ശേഷം ഓരോ അയൽസഭയിൽ നിന്നും നിർദ്ദേശങ്ങൾ നിശ്ചിത ഫോറത്തിൽ സ്വീകരിക്കേണ്ടതുമാണ്. അയൽസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ വാർഡ്തലത്തിൽ വാർഡ് വികസന സമിതി ക്രോഡീകരിച്ച് വാർഡ്തല പ്ലാൻ (വാർഡ്തല കമ്മ്യൂണിറ്റി പ്ലാൻ) തയ്യാറാക്കേണ്ടതാണ്. വാർഡ്തല കമ്മ്യൂണിറ്റി പ്ലാനുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും ഭരണ സമിതിയും പരിഗണിച്ച ശേഷം തയ്യാറാക്കുന്ന പ്രോജക്ട് നിർദ്ദേശങ്ങളായിരിക്കണം വാർഡ്സഭയുടെ അംഗീകാരത്തിനും മുൻഗണനക്കുമായി നൽകേണ്ടത്.

അയൽസഭാ നിർദ്ദേശങ്ങളും കമ്മ്യൂണിറ്റി പ്ലാനും തയ്യാറാക്കുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വഴി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുന്ന ഇടപെടലായിരിക്കും നഗരസഭയുടെ സാമൂഹ്യ നീതിയിലധിഷ്ഠിതമായ വികസന പദ്ധതിയുടെ അടിസ്ഥാനം. (വാർഡ് വികസന സമിതിയിൽ നിന്നുള്ളവരാണല്ലോ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ.)

### 3.4.3 വാർഡ്സഭാ ചർച്ചകൾ, തീരുമാനങ്ങൾ

പദ്ധതിയിൽ ഉൾപ്പെടുത്തുന്ന എല്ലാ പ്രോജക്ടുകളും വാർഡ്സഭയുടെ അംഗീകാരത്തോടെയായിരിക്കണം. അതുപോലെ മുൻഗണന വാർഡ്സഭ നിശ്ചയിക്കുന്നതായിരിക്കണം. വാർഡ്സഭാ യോഗങ്ങൾ ഫലപ്രദമായെങ്കിൽ മാത്രമെ (സംഘാടനം, നടത്തിപ്പ്, പങ്കാളിത്തം, തീരുമാനമെടുക്കൽ എന്നിവയെല്ലാം ഫലപ്ദമാക്കണം.) നീതിപൂർവ്വകവും ഭൂരിപക്ഷ താൽപര്യത്തിനനുസൃതവുമായ തീരുമാനങ്ങൾ വാർഡ്സഭകളിൽ ഉണ്ടാകുകയുള്ളൂ. അതിന് വേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ വാർഡ്സഭകളിൽ പങ്കെടുത്ത് ചർച്ചകൾക്ക് നേതൃത്വം നൽകുക എന്നതാണ്.

### 3.4.4 കരട് പദ്ധതിരേഖ തയ്യാറാക്കൽ

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പദ്ധതിരേഖ തയ്യാറാക്കേണ്ടതും തയ്യാറാക്കുന്ന പദ്ധതി രേഖയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ അവസ്ഥയും പ്രശ്നങ്ങളും പ്രോജക്ട് നിർദ്ദേശങ്ങളും പ്രതിപാദിക്കുന്ന പ്രത്യേക അദ്ധ്യായങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈ എടുത്ത് ഓരോ വർക്കിംഗ് ഗ്രൂപ്പിനെക്കൊണ്ടും പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ട വിഷയം സംബന്ധിച്ച മെച്ചപ്പെട്ട അദ്ധ്യായങ്ങൾ എഴുതി പദ്ധതി രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്. വനിതകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, പട്ടികജാതിക്കാർ, പട്ടികവർഗക്കാർ എന്നിവർക്കായും ദാരിദ്ര നിർമ്മാർജന ഉപപദ്ധതി, ആശ്രയ എന്നിവയ്ക്കായും പ്രത്യേക അദ്ധ്യായം/ഭാഗം ഉണ്ടായിരിക്കേണ്ടതാണ്.

### 3.4.5 വികസന സെമിനാർ

നഗരത്തിനെ (വാർഡിനെയല്ല) ഒരു ആസുത്രണ യൂണിറ്റായി കണ്ടുകൊണ്ട്, തയ്യാറാക്കപ്പെട്ട കരട് പദ്ധതിരേഖയെ വിലയിരുത്തി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും നഗരത്തിന്റെ വികസന കാഴ്ച്ചപ്പാട്, സമീപനം, മുൻഗണനകൾ എന്നിവ പദ്ധതിയിൽ പ്രതിഫലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ആവർത്തന

ങ്ങളും വിടവുകളും ഒഴിവാക്കി പ്രവർത്തനങ്ങളിൽ പരസ്പര ബന്ധവും ഏകോപനവും ഉറപ്പാക്കുന്ന തിനും വേണ്ടിയാണ് വികസന സെമിനാർ നടത്തുന്നത്. സാമൂഹ്യനീതിയിലധിഷ്ഠിതമായ ഒരു വിക സന കാഴ്ച്ചപ്പാടിനുഅനുസൃതമായ പദ്ധതിയായി നഗരസഭയുടെ പദ്ധതിയെ മാറ്റാനുള്ള ഇടപെടലുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വികസന സെമിനാറിൽ നടത്തേണ്ടതാണ്. പ്രത്യേക പരിഗണന അർഹി ക്കുന്ന വിഭാഗങ്ങൾക്ക് പ്രസ്തുത പരിഗണന ഉറപ്പാക്കുന്ന പദ്ധതിയാണെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തണം.

### 3.4.6 വിവിധ വകുപ്പുകളിലെ പദ്ധതികളുമായുള്ള സംയോജനം

വാർഡ്സഭകളിലും വികസന സെമിനാറിലും രൂപപ്പെടുത്തുന്ന പദ്ധതികൾ മുഴുവനും ഏറ്റെടുത്ത് നട ത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ കൊണ്ട് കഴിയുന്നതല്ല. അതേ സമയം നഗരസഭകളുടെ ചുമതലയിൽ വരുന്ന അതേ പദ്ധതികളും സ്കീമുകളും വിവിധ വകുപ്പുകൾ വഴി നടത്തപ്പെടുന്നുണ്ട്. അതിനാൽ വിവിധ വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ ഫണ്ടുകൾ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തിക്കൊണ്ട് പ്രോജക്റ്റുകൾ തയ്യാറാക്കുന്നതായാൽ കൂടുതൽ പദ്ധതികൾ നഗരസഭകൾക്ക് ഏറ്റെടുക്കാൻ കഴിയും.

### 3.4.7 പ്രോജക്ട് തയ്യാറാക്കൽ

പദ്ധതി അടങ്കലും ഓരോ വിഷയമേഖലക്കും വിഭാഗത്തിനുമുള്ള വകയിരുത്തലുകളും ഭരണസമിതി തീരുമാനിച്ചു കഴിഞ്ഞാൽ സ്റ്റാന്റിംഗ് കമ്മറ്റി തങ്ങളുടെ ചുമതലയുള്ള 5 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗം വിളിച്ച പ്രോജക്ട് തയ്യാറാക്കാൻ വേണ്ട വിശദമായ ചർച്ചകൾ നടത്തുകയും (ഏതെല്ലാം പ്രോജക്ട് വേണം, ഓരോ പ്രോജക്ടിലും ഉൾപ്പെടുത്തേണ്ട വിവിധ പ്രവർത്തനങ്ങൾ, വിഭവ സ്രോത സ്സുകൾ, സംഘാടന കാര്യങ്ങൾ, നിർവ്വഹണ സമയക്രമം ഗുണഭോക്താക്കൾ, ഗുണഭോക്തൃ തിരഞ്ഞെ ടുപ്പ് മാനദണ്ഡങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ മുതലായവ) തീരുമാനങ്ങൾ കൈകൊള്ളുകയും പ്രോജക്ടുകൾ നിശ്ചിത സമയത്തിനകം തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും വേണം. (ഓരോ പ്രോജക്ടിനെക്കുറിച്ചും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് വ്യക്തമായ അറിവുണ്ടായിരിക്കണം.)

### 3.4.8 പദ്ധതിയുടെയും പ്രോജക്ടുകളുടെയും അംഗീകാരം

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന ഓരോ പ്രോജക്ടും ആ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ശേഷമായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. പ്രോജക്ടുകൾക്കും പദ്ധതികൾക്കും ഭരണ സമിതി അംഗീകാരം കൊടുക്കുന്നതിന് മുമ്പായി സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് പ്രോജക്ടുകൾക്ക് അംഗീകാരം നൽകണം. അതിനായി ചേരുന്ന സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലേക്ക് വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരെയും നിർവ്വഹണ ഉദ്യോഗസ്ഥ രെയും ക്ഷണിക്കേണ്ടതും ഓരോ പ്രോജക്ടിനെക്കുറിച്ചും വിശദമായി ചർച്ച നടത്തേണ്ടതുമാണ്. തങ്ങൾ അംഗീകാരം നൽകിയ പ്രോജക്ടിനെക്കുറിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഓരോ അംഗത്തിനും ഉത്തവാദിത്തം ഉണ്ടായിരിക്കണം. ആ ഉത്തരവാദിത്തമുണ്ടെങ്കിലേ ഫലപ്രദവും സമയബന്ധിതവുമായ നിർവ്വഹണത്തെക്കുറിച്ചും പ്രോജക്ടിന്റെ ഫലപ്രാപ്തിയെക്കുറിച്ചും ഓരോ അംഗവും ചിന്തിക്കുകയു ള്ളൂ.

സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരശേഷം പ്രോജക്ടുകൾ ഭരണസമിതി അംഗീകരിക്കണം. തുടർന്ന് മേലു ദ്യോഗസ്ഥനിൽ നിന്നുള്ള അംഗീകാരവും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും നേടിയശേ ഷമാണ് പ്രോജക്ടുകൾ നടപ്പാക്കേണ്ടത്.

# അദ്ധ്യായം 4

# പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ്

## 4.1 പ്രോജക്ടുകൾ ഉദ്യാഗസ്ഥർക്ക് കൈമാറൽ

നല്ല രീതിയിൽ ആസൂത്രണം നടത്തി നല്ലൊരു പദ്ധതി ഉണ്ടാക്കിയതുകൊണ്ടുമാത്രം പ്രതീക്ഷിച്ച പ്രയോജനം ഉണ്ടാകണമെന്നില്ല. പദ്ധതിയിൽ ഉൾപ്പെട്ട ഓരോ പ്രോജക്ടും കാര്യക്ഷമമായും ഫലപ്രദ മായും സമയബന്ധിതമായും നിർവഹണം നടത്തണം. ജനകീയ പങ്കാളിത്തവും മേൽനോട്ടവും നിർവഹണത്തിൽ ഉറപ്പുവരുത്തണം. നിർവഹണത്തിലെ പോരായ്മകളും പ്രശ്നങ്ങളും സമയാസമയ ങ്ങളിൽ പരിഹരിക്കപ്പെടണം. പ്രയോജകരമല്ലാത്തതും അപ്രയോഗികവുമായ പ്രോജക്റ്റുകൾ ഉപേക്ഷി ക്കണം. ഇതെല്ലാം ചെയ്തെങ്കിൽ മാത്രമേ നിർവഹണം കാര്യക്ഷമമാകുകയുള്ളൂ. പ്രതീക്ഷിച്ച പ്രയോജനം ലഭിക്കുകയുള്ളൂ.

പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകാൻ ചുമതലയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് പ്രോജക്ട് ശരിയായി പരിശോധിപ്പിച്ച് അംഗീകാരയോഗ്യമെങ്കിൽ മാത്രം അംഗീകാരം നേടണം. അതിനുശേഷം ജില്ലാ ആസൂത്രണസമിതിയ്ക്ക് അംഗീകാരത്തിന് വേണ്ടി പദ്ധതിരേഖയും പ്രോജക്റ്റുകളും മറ്റ് അനു ബന്ധരേഖകളും സമർപ്പിക്കണം. പദ്ധതിക്കും പ്രോജക്ടുകൾക്കും. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചാൽ നഗരസഭ സെക്രട്ടറി പദ്ധതി അംഗീകാര നടപടി ഉത്തരവിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പും അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ പകർപ്പും ഭരണസമിതി തീരുമാനവും സഹിതം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനു നൽകണം.

## 4.2 നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ

ഒരു പ്രോജക്ട് നിർവ്വഹണത്തിനായി ലഭിച്ചുകഴിഞ്ഞാൽ അത് നിർവ്വഹണ യോഗ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ബോദ്ധ്യപ്പെട്ട് പ്രോജക്ട് രേഖയിൽ സാക്ഷ്യപ്പെടുത്തണം. ആയതിനായി താഴെപറയുന്ന കാര്യങ്ങൾ പരിശോധിക്കണം.

- പ്രൊജക്ട് വിഷയം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ചുമതലയിൽപ്പെട്ടതാണോ?
- പ്രോജക്ടിൽ ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിട്ടുണ്ടോ ?
- നടത്തേണ്ട പ്രവർത്തനങ്ങൾ, തുക വിനിയോഗിക്കേണ്ട ഇനങ്ങൾ, സംഘാടന കാര്യങ്ങൾ എന്നിവ വ്യക്തമാണോ ?
- മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമാണോ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് ?
- സബ്സിഡി-ധനസഹായ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ ?
- തുടർ നടത്തിപ്പും സംരക്ഷണവും സാദ്ധ്യമാണോ ?
- പ്രോജക്റ്റിൽ പറയുന്ന പ്രവർത്തനങ്ങൾ വകുപ്പ് പരിപാടികളുടെ ആവർത്തനമാണോ?

വർക്കിംഗ് ഗ്രൂപ്പ് കൺവീനർ എന്ന നിലക്ക് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയായിരിക്കാം ഒരു പക്ഷേ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നിരുന്നാലും നിർവ്വഹണത്തിന് മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് സാക്ഷ്യപ്പെടുത്തണം. ഈ ഘട്ടത്തിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം രേഖാമൂലം നഗരസഭയെ അറിയിക്കണം. അപാകതകൾ നിയമാനുസൃത നടപടികളിലൂടെ പരിഹരിച്ച് പ്രോജക്ട് ഭേദഗതി വരുത്തിയ ശേഷമേ നിർവഹണം നടത്താവൂ.

## 4.3 നിർവ്വഹണ ഉദ്യോഗസ്ഥർ

പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് അതാതു വിഷയമേഖലയിൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വിഷയ മേഖലയിലെ ഉദ്യോഗസ്ഥർ തന്നെ അവരവരുടെ വിഷയമേഖലാ പ്രോജക്ടുകൾ നിർവ്വഹണം നടത്തണം.

**ഉദാ:-** കാർഷികമേഖല പ്രോജക്ടുകൾ - കൃഷി ഓഫീസർ, നിർമ്മാണ പ്രവൃത്തിയുമായ ബന്ധപ്പെട്ട പ്രോജക്ടുകൾ - നഗരസഭ എഞ്ചിനീയർ

## 4.4 അനുമതികൾ

ഓരോ പ്രോജക്ടും നിർവ്വഹണം നടത്തുന്നതിന് മുമ്പ് ഭരണാനുമതി, സാങ്കേതികാനുമതി (നിർമ്മാണ പ്രവൃത്തികൾക്കുമാത്രം) സാമ്പത്തികാനുമതി എന്നിവ ആവശ്യമാണ്.

**ഭരണാനുമതി** - നഗരസഭക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്നത്. ഒരു സാമ്പത്തിക വർഷത്തെ പദ്ധതിക്ക് നഗരസഭ അംഗീകാരം നൽകുന്നതോടെ പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുള്ള എല്ലാ പ്രോജക്ടുകൾക്കും ഭരണാനുമതി ലഭ്യമാകുന്നു. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ പ്രോജക്ടിനും പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകേണ്ട ആവശ്യമില്ല.

**സാങ്കേതികാനുമതി**-നിർമ്മാണ പ്രവൃത്തിയുടെ പ്രോജക്ടുകൾക്കാണ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടത്. ഏതൊരു നിർമ്മാണ പ്രവൃത്തിയുടെയും പ്ലാനിനും എസ്റ്റിമേറ്റിനും കാലകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സാമ്പത്തികാധികാര പരിധിക്കനുസരിച്ച് ബന്ധപ്പെട്ട ഗ്രേഡിലുള്ള എഞ്ചിനീയറിൽ നിന്ന് സാങ്കേതികാനുമതി വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ഒരു എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്ടിന് അദ്ദേഹം തന്നെ സാങ്കേതികാനുമതി നൽകാൻ പാടില്ല.

**സാമ്പത്തികാനുമതി** - ഒരു പ്രോജക്ടിന് പ്രതീക്ഷിച്ച വിഭവ സ്രോതസ്സുകൾ ലഭിച്ചു എന്ന് ഉറപ്പ് വരുത്തിയശേഷം അത് വിനിയോഗിക്കാൻ ഭരണസമിതി നൽകുന്ന അനുമതിയാണ് സാമ്പത്തികാനുമതി. പ്രതീക്ഷിച്ച ഫണ്ട് ലഭിക്കാനിടയില്ലായെങ്കിൽ ആ ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രോജക്ടുകൾക്ക് സാമ്പത്തികാനുമതി നൽകാൻ പാടില്ല.

## 4.5 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ, അംഗീകാരം, നിർവഹണം

### 4.5.1 പ്രോജക്റ്റുകളുടെ നിർവഹണ കലണ്ടർ തയ്യാറാക്കൽ

പ്രോജക്ടുകളുടെ കാര്യക്ഷമവും സമയബന്ധിതവുമായ നിർവ്വഹണത്തിന് ഒരു നിർവ്വഹണ കലണ്ടർ ആവശ്യമാണ്. പ്രൊജക്റ്റ് രേഖയിൽ ഒരു നിർവഹണ കലണ്ടർ കൊടുത്തിട്ടിട്ടുണ്ടാവും. എന്നാൽ പദ്ധതിക്ക് അംഗീകാരം കിട്ടാനുള്ള താമസവും സാങ്കേതിക കാരണങ്ങളാലും നിശ്ചയിച്ച സമയത്ത് നിർവ്വഹണം നടക്കണമെന്നില്ല. ആയതിനാൽ ഡി.പി.സി യുടെ അംഗീകാരം ലഭിച്ചതിന് ശേഷം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം വിളിച്ചു ചേർത്ത് ഓരോ പ്രോജ

ക്ടിനും ഒരു നിർവ്വഹണ കലണ്ടർ തയ്യാറാക്കണം. ഇതിന് ബന്ധപ്പെട്ട കാര്യസ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈ എടുക്കണം.

ഓരോ പ്രോജക്ടും എപ്പോൾ തുടങ്ങണം, ഓരോ മാസവും നടത്തേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെ, ചുമതലകൾ ആർക്കെല്ലാം, ഓരോ മാസവും ആവശ്യമായ തുകയെത്ര, എന്ന് അവസാനിക്കും എന്നിവ നിർവ്വഹണ കലണ്ടറിൽ രേഖപ്പെടുത്തണം. വർക്കിംഗ് ഗ്രൂപ്പുകളുടെ സഹകരണത്തോടെ നിർവഹണ ഉദ്യോഗസ്ഥതലത്തിൽ തയ്യാറാക്കുന്ന നിർവ്വഹണ കലണ്ടർ ഓരോ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമമിറ്റിക്ക് നൽകണം.

### 4.5.2 നിർവഹണ കലണ്ടർ അംഗീകാരം

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ ഉദ്യോഗസ്ഥതലത്തിൽ തയ്യാറാക്കിയ നിർവ്വഹണ കലണ്ടർ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് അംഗീകരിച്ച ശേഷം സ്റ്റിയറിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യണം. സ്റ്റിയറിംഗ് കമ്മിറ്റി ചർച്ചയെത്തുടർന്ന് പദ്ധതിയിലെ മൊത്തം പ്രോജക്ടുകളുടെ നിർവ്വഹണ കലണ്ടർ ഭരണസമിതി അംഗീകരിക്കണം. ഇങ്ങനെ ഭരണസമിതി അംഗീകരിച്ച പദ്ധതി നിർവ്വഹണ കലണ്ടറിന്റെ പകർപ്പ് സെക്രട്ടറി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകണം.

### 4.5.3 നിർവഹണ കലണ്ടറും നിർവഹണവും

ഓരോ മാസവും നിർവ്വഹണം ആരംഭിക്കേണ്ട പ്രോജക്ടുകൾക്ക് തൊട്ടുമുമ്പുള്ള മാസം ചേരുന്ന നഗരസഭ യോഗം സാമ്പത്തികാനുമതി നൽകണം. എല്ലാ മാസവും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് നിർവ്വഹണ കാര്യങ്ങൾ ചർച്ച ചെയ്യണം. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ അവരുടെചുമതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട ഓരോ പ്രോജക്ടും യോഗഅജണ്ടയിൽ ഉൾപ്പെടുത്തി അവയുടെ നിർവ്വഹണ – മോണിറ്ററിംഗ് കാര്യങ്ങൾ ചർച്ച ചെയ്യണം. ഒരു പ്രോജക്ടിന്റെ നിർവ്വഹണം ആരംഭിച്ച് അവസാനിക്കും വരെ ഒട്ടേറെ കാര്യങ്ങൾക്ക് ഭരണസമിതി തീരുമാനങ്ങൾ ആവശ്യമായി വരും. ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ടെണ്ടർ/ക്വട്ടേഷൻ വിളിക്കൽ, അംഗീകരിക്കൽ, നിർവ്വഹണ ഏജൻസികളെ ചുമതലയേൽപ്പിക്കൽ മുതലായവ ഉദാഹരണങ്ങളാണ്. ഇത്തരം സന്ദർഭങ്ങളിൽ നഗരസഭ തീരുമാനത്തിനായി അതു സംബന്ധിച്ച ഫയൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന ഭരണസമിതിക്ക് സമർപ്പിച്ച് അംഗീകാരം നേടണം.

### 4.5.4 പ്രോജക്ട് ഭേദഗതി

അംഗീകാരം ലഭിച്ച ഒരു പ്രോജക്ടിൽ ഭേദഗതി ആവശ്യമായി വന്നാൽ പ്രവർത്തനങ്ങളിലോ പ്രവർത്തനങ്ങളുടെ അളവുകളിലോ ഗുണഭോക്താക്കളുടെ എണ്ണത്തിലോ ചെലവിനങ്ങളിലോ ഭേദഗതി വേണ്ടി വന്നാൽ നിർവഹണ ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അംഗീകരിച്ച് ജില്ലാ ആസൂത്രണസമിതിയിൽ നിന്നും അംഗീകാരം വാങ്ങണം. മേലുദ്യോഗസ്ഥനിൽ നിന്നുള്ള അംഗീകാരവും വാങ്ങണം.

## 4.6 സാധന സാമഗ്രികൾ വാങ്ങൽ

പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ സാധന സാമഗ്രികൾ വാങ്ങേണ്ടതായി വരും. 20/8/2016 ൽ ജി.ഒ (ആർ.ടി)2487/2016/തസ്വഭവ നമ്പർ ആയി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത്. തുക പരിധിക്ക് വിധേയമായി ക്വട്ടേഷൻ/ടെണ്ടർ മുഖേനയാണ് വാങ്ങൽ നടത്തേണ്ടത്. ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് പ്രത്യേകം അനുവദിച്ചിട്ടുള്ള സാധനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാം.

## 4.7 ഗുണഭോക്തൃ തിരഞ്ഞെടുപ്പ്

വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ഗ്രൂപ്പുകൾക്കോ എന്തെങ്കിലും ആനുകൂല്യം നൽകുന്നുവെങ്കിൽ അതിന്റെ ഗുണഭോക്താക്കളെ മുൻഗണനാ ക്രമത്തിൽ അയൽസഭ ശുപാർശ ചെയ്തിരിക്കേണ്ടതും വാർഡ്സഭ തെരഞ്ഞെടുക്കേണ്ടതുമാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് കൗൺസിൽ അംഗീകാരത്തിന് ശേഷം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.

## 4.8 പ്രോജക്ട് നിർവ്വഹണ രീതികൾ

### 4.8.1 ഗുണഭോക്തൃ സമിതി മുഖേന

5 ലക്ഷം രൂപയ്ക്ക് താഴെ അടങ്കൽ തുകയുള്ള മരാമത്ത് പണികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാവുന്നതാണ്. അയൽസഭ നിർവാഹക സമിതികളേയോ അയൽസഭാ നിർവാഹക സമിതി അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന അയൽസഭാ ഗുണഭോക്തൃ സമിതികളേയോ (ഒന്നിലധികം അയൽസഭാ പ്രദേശത്ത് നടക്കുന്ന പ്രവൃത്തികൾക്ക്) ഗുണഭോക്തൃ സമിതികളായി കണക്കാക്കി നിർമ്മാണ പ്രവൃത്തികൾ ഏൽപിക്കാവുന്നതാണ്. അയൽസഭാ നിർവാഹക സമിതിയുടെ / അയൽസഭാ ഗുണഭോക്തൃ സമിതിയുടെ ചെയർമാന്റെയും കൺവീനറുടെയും പേരിൽ സ്ഥലത്തെ സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ ജോയിന്റ് അക്കൗണ്ട് തുടങ്ങണം. ഈ അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാട് നടത്താവൂ. നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഒപ്പിട്ടുകഴിഞ്ഞാൽ സമിതിക്ക് കരാർ തുകയുടെ 25 ശതമാന തുക (പരമാവധി ഒരു ലക്ഷം രൂപ) മൊബിലൈസേഷൻ അഡ്വാൻസ് നൽകാവുന്നതാണ്. ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ, അംഗങ്ങൾ എന്നിവരുമായി സംയുക്ത കരാറും ചെയർമാൻ, കൺവീനർ എന്നിവരുമായി പ്രത്യേക കരാറും ഉണ്ടായിരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വലിയിരുത്തേണ്ടതും ചെലവുകൾ അംഗീകരിക്കേണ്ടതും പണിപൂർത്തീകരിച്ചശേഷം മൊത്തം വരവു ചെലവു കണക്കുകൾ വൗച്ചറുകൾ എന്നിവ പരിശോധിച്ച് അംഗീകരിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതുമാണ്.

### 4.8.2 അക്രഡിറ്റഡ് ഏജൻസി / അംഗീകൃത ഏജൻസി മുഖേന

കോസ്റ്റ്ഫോർഡ്, നിർമ്മിതി കേന്ദ്രം, ഹാബിറ്റേറ്റ്, ലേബർ കോൺട്രാക്ട് സൊസൈറ്റികൾ തുടങ്ങി. ഒട്ടേറെ സ്ഥാപനങ്ങൾക്ക് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളാണ് അക്രഡിറ്റഡ് ഏജൻസികൾ. പി.ടി.എ., പാടശേഖരസമിതി തുടങ്ങിയ സമിതികളാണ് അംഗീകൃത ഏജൻസികൾ. അംഗീകൃത ഏജൻസികളെ ഗുണഭോക്തൃ സമിതികൾക്ക് തുല്യമായി കണക്കാക്കി നിബന്ധനകൾക്ക് വിധേയമായി പണികൾ ഏൽപ്പിക്കാവുന്നതാണ്. ഇത്തരം സ്ഥാപനങ്ങളേയും ഗുണഭോക്തൃ സമിതികളേയും ഏൽപിക്കുന്ന പണികളുടെ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ നികുതികൾക്കും മറ്റും വേണ്ടിവരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നഗരസഭ അടയ്ക്കേണ്ടതാണ്. പണികൾ ഏൽപ്പിക്കുന്നതിന് ടെണ്ടർ/ ക്വട്ടേഷൻ ആവശ്യമില്ല.

### 4.8.3 തദ്ദേശസ്വയംഭരണസ്ഥാപനം നേരിട്ട്

അടിയന്തിര ഘട്ടങ്ങളിൽ പണികൾ നഗരസഭക്ക് നേരിട്ട് നടപ്പാക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ വാങ്ങലുകളും കൂലി നൽകലും നിർവഹണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് നിർവ്വഹിക്കേണ്ടതാണ്. സാധനങ്ങൾ ക്വട്ടേഷൻ/ടെണ്ടർ പ്രകാരം വാങ്ങണം. പണിയെടുപ്പിക്കുന്നുണ്ടെങ്കിൽ മസ്റ്റർ റോൾ സൂക്ഷിക്കണം. നിർമ്മാണ പ്രവൃത്തിയാണെങ്കിൽ എഞ്ചിനീയർ അള

വുകൾ രേഖപ്പെടുത്തി ബില്ലെഴുതണം. എസ്റ്റിമേറ്റ് തുകക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തണം. കരാറു കാരന്റെ ലാഭം ഉൾപ്പെടുകയില്ല.

### 4.8.4 പീസ് വർക്ക് കരാർ

നിശ്ചയിക്കപ്പെട്ട സാങ്കേതിക നിബന്ധനകളനുസരിച്ച് പണി ചെയ്യുന്നതിനുള്ള പണികൂലിക്ക് പീസ് വർക്ക് കരാർ നൽകാവുന്നതാണ്. ഇങ്ങനെ ഏൽപ്പിക്കുന്ന പണികൾക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകണം. നിരതദ്രവ്യം, ജാമ്യ നിക്ഷേപം എന്നിവ ഒഴിച്ച് കരാർ നൽകുന്നതിനുള്ള നിബന്ധനകളെല്ലാം ഈ രീതിക്കും ബാധകമാണ്. എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം ഉൾപ്പെടുത്താം. നിർമ്മാണ ചെലവ് എസ്റ്റിമേറ്റ് തുകയിൽ കൂടാൻ പാടില്ല.

### 4.8.5 കരാറുകാരൻ മുഖേനയുള്ള നിർവ്വഹണം

പൊതുമരാമത്ത് ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ കരാറുകാരൻ മുഖേന നിർവഹണം നടത്താവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥനാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. പര സ്യച്ചെലവ് കുറയ്ക്കുന്നതിലേക്ക് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരുമായി ആലോചിച്ച് പൊതു വായി സെക്രട്ടറിക്ക് ടെണ്ടർ ക്ഷണിക്കാവുന്നതാണ്. 10,000 രൂപയിൽ അധികം മതിപ്പുചെലവ് വരാത്ത പണികൾക്കും കേരള മുനിസിപ്പൽ നിയമത്തിലെ 15-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം നടത്തേണ്ടിവ രുന്ന അടിയന്തിര സ്വഭാവമുള്ള പണികൾക്കും ടെണ്ടർ നിർബന്ധമില്ല. എഴുപത് ലക്ഷം രൂപയോ അതിൽ കൂടുതലോ മതിപ്പുചെലവു വരുന്ന പണികൾക്ക് പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കേണ്ട താണ്. രജിസ്റ്റർ ചെയ്ത കരാറുകാരനിൽ നിന്നു മാത്രമേ ടെണ്ടർ സ്വീകരിക്കാവൂ.

### 4.8.6 ഡെപ്പോസിറ്റ് വർക്ക്

വളരെ കൂടിയ വൈദഗ്ദ്ധ്യം ആവശ്യമുള്ള പണികൾ ബന്ധപ്പെട്ട വകുപ്പുകളെയോ ഏജൻസിക ളെയോ നിർവ്വഹണത്തെ സംബന്ധിച്ച നിബന്ധനകളിൽ പരസ്പര ധാരണയിലെത്തി ഏൽപ്പിക്കാവുന്ന താണ്. അവരിൽ നിന്നും വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയ ശേഷമായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്. തദ്ദേശസ്വയംഭരണസ്ഥാപനം ബന്ധപ്പെട്ട വകുപ്പ്/ഏജൻസിയുമായി ധാരണാപത്രം ഒപ്പിടണം. കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, കേരള ഹൗസിംഗ് ബോർഡ്, കേരള ഭൂഗർഭജല വകുപ്പ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിന് വേണ്ടി ഫണ്ട് മുൻകൂറായി നൽകാവുന്നതാണ്.

## 4.9 മോണിട്ടറിംഗ്

### 4.9.1 മോണിട്ടറിംഗ് എന്ത്?

ഒരു പ്രോജക്ട് അംഗീകാരം ലഭിച്ചു നിർവ്വഹണം തുടങ്ങിയാൽ നിർവഹണാരംഭം മുതൽ നിർവഹ ണാവസാനം വരെ നിർവ്വഹണം നടത്തുന്നവരും പ്രോജക്ട് തയ്യാറാക്കിയവരും പ്രയോജനം ലഭിക്കുന്ന വരും എല്ലാ ചേർന്ന് നടത്തുന്ന നിരന്തര വിലയിരുത്തലും ദിശാഗതി നിയന്ത്രണവുമാണ് മോണിട്ടറിംഗ്. കുറ്റങ്ങളും കുറവുകളും തടസ്സങ്ങളും അപ്പോഴപ്പോൾ കണ്ടുപിടിച്ച് അവ പരിഹരിച്ച് ശരിയായ ദിശയിൽ മുന്നോട്ടുപോകാനാണ് മോണിട്ടറിംഗ്. പരിശോധനയോ പൂർത്തീകരിച്ചതിനുശേഷമുള്ള വിലയിരു ത്തല്ലോ അല്ല മോണിട്ടറിംഗ്. നിർവഹണ കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണമേന്മയും ഉറപ്പ് വരു ത്തുന്നതിനാണ് മോണിറ്ററിംഗ്.

### 4.9.2 മോണിട്ടറിംഗ് ചുമതല

അതാത് വിഷയവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയാണ് (വർക്കിംഗ് ഗ്രൂപ്പ്) മോണിട്ടറിംഗ് നടത്തേണ്ടത്. (നിർവഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം.) പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് / വർക്കിംഗ് ഗ്രൂപ്പുകൾ ഏതെന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയിരിക്കും. ചിലപ്പോൾ ഒന്നിലധികം വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗ് ആവശ്യമായി വരാം ഉദാ:- പട്ടികജാതി വനിതകൾക്കുള്ള ഒരു കൃഷി പ്രോജക്ടാണെങ്കിൽ പട്ടികജാതി, കൃഷി, വനിത എന്നീ മൂന്നു വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തേണ്ടതായിവരും.

03.07.2015 ലെ സ.ഉ.(എം.എസ്.)നം 218/2015/തസ്വഭവ പ്രകാരം ഒരു അയൽസഭയുടെ പ്രദേശത്ത് നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളും അയൽസഭ നിർവ്വാഹക സമിതി മോണിട്ടറിംഗ് നടത്തേണ്ടതാണ്.

### 4.9.3 നിർവഹണ പുരോഗതി റിപ്പോർട്ട്

ഓരോ നിർവഹണ ഉദ്യോഗസ്ഥനും താൻ നിർവഹണം നടത്തുന്ന പ്രോജക്ടുകളുടെ നിർവഹണ പുരോഗതി റിപ്പോർട്ട് ഓരോ മാസവും നഗരസഭക്കും അയൽസഭകൾക്കും (നഗരസഭ മുഖേന) നൽകണം. മോണറ്ററിംഗ് നടത്തുമ്പോൾ നിർമ്മാണപുരോഗതി റിപ്പോർട്ടും പരിശോധിക്കപ്പെടേണ്ടതാണ്.

### 4.9.4 മോണിട്ടറിംഗ് റിപ്പോർട്ട്

പ്രോജക്ട് പൂർത്തീകരിച്ചുകഴിഞ്ഞാൽ മോണിട്ടറിംഗ് കമ്മിറ്റി (വർക്കിംഗ് ഗ്രൂപ്പ് ) യോഗം ചേർന്ന് അന്തിമ മോണിട്ടറിംഗ് റിപ്പോർട്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി നഗരസഭ ഭരണസമിതിക്കും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും നൽകണം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രോജക്ടിന്റെ അവസാന പേയ്മെന്റ് നടത്താവൂ.

### 4.9.5 മോണിട്ടറിംഗ് റിപ്പോർട്ടുകളുടെ പരിശോധന വിലയിരുത്തൽ

മോണിറ്ററിംഗ് കമ്മിറ്റികളിൽ (വർക്കിംഗ് ഗ്രൂപ്പുകളിൽ) നിന്ന് അയൽസഭകളിൽ നിന്നും നഗരസഭക്ക് ലഭിക്കുന്ന പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ടുകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധനക്കും വിലയിരുത്തലിനും വിധേയമാക്കണം. സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതികളും നടത്തുന്ന മോണിറ്ററിംഗ് റിപ്പോർട്ടുകളുടെ പരിശോധനയും വിലയിരുത്തലും കാര്യക്ഷമമായ നിർവ്വഹണത്തിന് സഹായകരമാകും.

## 4.10 സോഷ്യൽ ഓഡിറ്റ്

### 4.10.1 വാർഡ്സഭയും സോഷ്യൽ ഓഡിറ്റും

നഗരസഭയുടെ എല്ലാ ഭരണ-വികസന-ക്ഷേമപ്രവർത്തനങ്ങളും പരിശോധിക്കാനും വിലയിരുത്താനും വിമർശിക്കാനും ജനങ്ങൾക്ക് അവകാശമുണ്ട്. ഈ അവകാശം ജനങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ ഭരണം സുതാര്യവും കാര്യക്ഷമവും നീതിപൂർവ്വകവുമാകും. ഇതിനുള്ള ഒരു ഉപാധിയാണ് സോഷ്യൽ ഓഡിറ്റ്. വാർഡ്സഭയാണ് സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത്. ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി വാർഡ്സഭയിൽ അവതരിപ്പിക്കുന്നതിനുവേണ്ടി വാർഡ്സഭ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി വാർഡ്സഭയിൽ അവതരിപ്പിക്കുകയും ചർച്ചക്ക് വിധേയമാകുകയും ചെയ്യണം. പി.ടി.എ., ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, അങ്കണവാടി വെൽഫെയർ കമ്മിറ്റി, റസിഡന്റ് അസോസിയേഷൻ, അയൽസഭ തുടങ്ങിയ ജനകീയ സംഘടന സംവിധാനങ്ങളുടെ സഹായം സോഷ്യൽ ഓഡിറ്റിന് ഉപയോഗപ്പെടുത്താവുന്നതാണ്.

### 4.10.2 ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് സംബന്ധിച്ച ചുമതലകൾ

നിർവഹണ കലണ്ടർ അംഗീകരിച്ച് കഴിഞ്ഞാൽ അതനുസരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക എന്നത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. പ്രോജക്റ്റുകളുടെ നിർവഹണ പുരോഗതി, മോണിറ്ററിംഗ് എന്നിവ പ്രതിമാസ യോഗ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യണം. നിർവഹണത്തിലുള്ള തടസ്സങ്ങളും പ്രശ്നങ്ങളും അപ്പപ്പോൾ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനങ്ങളും നടപടികളും യഥാസമയം ഉണ്ടാകണം. ഇതെല്ലാം ശരിയായി നടക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥരെ പ്രതിമാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലേക്ക് ക്ഷണിക്കണം.

# അദ്ധ്യായം 5

## വിവിധ മേഖലകളിലെ ക്ഷേമവികസന പരിപാടികൾ

### 5.1 ലക്ഷ്യങ്ങൾ

നമുക്ക് ചുറ്റും കഷ്ടതകൾ അനുഭവിക്കുന്ന, വിവിധ തരത്തിൽ ചൂഷണത്തിനും പീഡന ത്തിനും ഇരയാകുന്ന, പരാശ്രയം വേണ്ടിവരുന്ന, ഒരുനേരത്തെ ഭക്ഷണം പോലും ലഭിക്കാത്ത, നിര വധി ആളുകളെ കാണാം. അവരെ സഹായിക്കണമെന്ന് നാം പലപ്പോഴും ആത്മാർത്ഥമായി ആഗ്രഹി ക്കാറുണ്ട്. അതിനുള്ള അവസരം നഗരപാലിക സംവിധാനം വഴി ഇന്നു ലഭ്യമായിട്ടുണ്ട്. വയോജന ങ്ങൾ,സ്ത്രീകൾ, കുട്ടികൾ, വിവിധ തരത്തിൽ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തളളപ്പെട്ടവർ, പരാശ്രയം വേണ്ടവർ എന്നിവരെ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി കൂട്ടായ ശ്രമങ്ങളിലൂടെ പരിഹരിക്കാൻ ഉചിതമായ സംവിധാനമാണ് പഞ്ചായത്തീരാജ/നഗരപാലിക.

ജനക്ഷേമവികസനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലെ കാര്യക്ഷമ തയെകൂടി ആശ്രയിച്ചാണ് ഭരണകൂടത്തിന്റെ മികവ് വിലയിരുത്തപ്പെടുന്നത്. ക്ഷേമ, വികസന പരിപാ ടികളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ  കൈകാര്യം ചെയ്തിരുന്ന പല ക്ഷേമപദ്ധതികളും സംവിധാനങ്ങളും ഇതിനകം നഗരസഭയ്ക്ക് കൈമാറികിട്ടിയിട്ടുണ്ട്. ഈ ക്ഷേമവികസനപ്രവർത്തന ങ്ങൾ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ നടപ്പാക്കുന്നതിനാവശ്യമായ ആസൂത്രണം, ഏകോ പനം, നിർവഹണം, വിശകലനം തുടങ്ങിയവയുടെ ഭാരിച്ച ചുമതലകൾ ഇതുമൂലം ജനപ്രതിനിധികളി ലേക്കാണ് വന്നുചേർന്നിരിക്കുന്നത്. അതുകൊണ്ട് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രസ്തുത പരി പാടികൾ നടപ്പിലാക്കുന്നതിന് നാം പരമാവധി പരിശ്രമിക്കേണ്ടിയിരിക്കുന്നു.

ക്ഷേമകാര്യങ്ങളെ കുറിച്ച് വിശദമായ ചർച്ചകൾ നടത്തി, എടുക്കേണ്ട തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ യുക്തിയെന്തെന്നും ഭരണസമിതിയിലവതരിപ്പിച്ച് ഏറ്റവും ഉചി തവും യുക്തി ഭദ്രവുമായ തീരുമാനം വളരെ വേഗത്തിൽ എടുക്കുന്നതിന് ഭരണസമിതിയെ സഹായി ക്കുക എന്ന ചുമതല ബന്ധപ്പെട്ട കമ്മിറ്റികൾക്കാണ്. അതനുസരിച്ച്  ശിശുവികസനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, കുടിവെള്ളം, ദാരിദ്ര്യലഘൂകരണം, മത്സ്യതൊഴിലാളി ക്ഷേമം, വനിത, സാമൂ ഹിക സുരക്ഷ, പൊതുവിതരണം എന്നീ വിഷയങ്ങളിലെ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകേണ്ടത്.  ഈ മേഖലകളിൽ താഴെ പറയുന്ന കാര്യങ്ങളിലാണ് അടിയന്തിര ഇടപെടലുകൾ അനി വാര്യമായിട്ടുള്ളത്.

- നമ്മുടെ നഗരസഭയിൽ വയോജനങ്ങൾ നേരിടുന്ന കഷ്ടതയും ചൂഷണവും ഇല്ലാതാക്കുക
- സ്ത്രീകൾക്കും, പെൺകുട്ടികൾക്കും സ്വതന്ത്രമായി മനസമാധാനത്തോടെ, സുരക്ഷിതമായി ജീവിക്കാനുളള അന്തരീക്ഷം സൃഷ്ടിക്കുക.
- സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരിക

- വിവിധ തരം കഷ്ടതകളും ചൂഷണവും പീഡനവും അനുഭവിക്കുന്നവരെ കണ്ടെത്തി അവർക്ക് താങ്ങും തണലുമായി പ്രവർത്തിക്കുക, പുനരധിവസിപ്പിക്കുക
- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക
- ഭിന്നശേഷിക്കാർക്ക് താങ്ങും തണലുമായി ക്ഷേമപ്രവർത്തനങ്ങൾ നടത്തുക
- അർഹരായ എല്ലാവർക്കും സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഉറപ്പാക്കുക
- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുക. ഇവർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയാനും ഇവ ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കാനും വേണ്ട ഇടപെടൽ നടത്തുക.

വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഓരോ മേഖലകളിലേയും ക്ഷേമവികസന പ്രവർത്തനങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ ചേർത്തിട്ടുണ്ട്.

# അദ്ധ്യായം 6

## കുട്ടികളുടെ സമഗ്രവികസനം (ഭാഗം-1)

### 6.1 കുട്ടികളുടെ സമഗ്ര വികസനം

ഗർഭസ്ഥ ശിശു മുതൽ പതിനെട്ട് വയസ്സ് വരെയുള്ളവരെയാണ് കുട്ടികൾ എന്ന് നാം നിർവചിക്കുന്നത്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അതിനോടൊപ്പം അവശ്യമായ സേവനങ്ങളും സൗകര്യ ങ്ങളും അവർക്ക് പ്രാപ്യമാക്കുക എന്നത് തദ്ദേശ സർക്കാരുകളുടെ ചുമതലയാണ്. കേരളത്തിലെ കുട്ടി കൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒരു സമഗ്രവികസന സമീപനം തദ്ദേശ സർക്കാർ രൂപീകരിക്കേണ്ടതുണ്ട്.

സാർവ്വ ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ അവകാശപ്രഖ്യാപന രേഖയിലെ (UNCRC) നാലു സുപ്രധാന അവകാശങ്ങൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്നതാവണം സമഗ്ര വികസന പരിപാടിയുടെ ലക്ഷ്യം. അതിജീവനം (ആരോഗ്യം, ശുചിത്വം), വികസനം (പോഷകാഹാരം, വിദ്യാഭ്യാസം), സംരക്ഷണം (സാമൂഹ്യ സുരക്ഷിതത്വം), പങ്കാളിത്തം (കുട്ടികളുടെ പങ്കാളിത്തവും പശ്ചാത്തല സൗകര്യങ്ങളും) എന്നിവയാണ് കുട്ടികളുടെ 4 അവകാശങ്ങൾ. കുട്ടികൾക്ക് വേണ്ടിയുള്ള സേവനങ്ങളും പ്രവർത്തനങ്ങളും ഏതെങ്കിലും ഒരു വിഷയ മേഖലയിലോ വകുപ്പിലോ ഏജൻസി യിലോ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെയും പഞ്ചായത്തീരാജ് - മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരവും നിക്ഷിപ്തമായ ചുമതലകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കു ട്ടികളുടെ വികസനത്തിനായി പല മേഖലകളിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഫണ്ട് വകയിരു ത്താനും അവസരമുണ്ട്. ഇതോടൊപ്പം കുട്ടികൾക്ക് വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെതായ നിരവധി പദ്ധതികളും നിലവിലുണ്ട്. കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളും അങ്കണവാടി, സ്കൂൾ,പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ മുതലായവ)അവയിലെ ഉദ്യോഗ സ്ഥരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. വികേന്ദ്രീകൃത ഭരണ സംവിധാനത്തിലൂടെ കൈവന്ന ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് വളരെ വിപുലമായ സാഹചര്യങ്ങളാണ് തദ്ദേ ശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ളത്.

#### 6.1.1 കുട്ടികളുടെ നിലവിലുള്ള അവസ്ഥ

| | |
|---|---|
| കുട്ടികളുടെ ജനസംഖ്യ (0-6) | 3472955 |
| ആൺകുട്ടികൾ | 1768244 |
| പെൺകുട്ടികൾ | 1704711 |
| കുട്ടികളുടെ ലിംഗാനുപാതം | 964 |
| ശിശുമരണ നിരക്ക് | 12/1000 |
| മാതൃമരണ നിരക്ക് | 1.3/1000 |

### 6.1.2 ശിശുവികസന മേഖല നേരിടുന്ന പ്രശ്നങ്ങൾ

- ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾ
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ
- സംരക്ഷണം ലഭിക്കാത്ത കുട്ടികൾ
- ഇതരസംസ്ഥാനത്തെ കുട്ടികൾ
- പീഡിപ്പിക്കപ്പെടുന്ന കുട്ടികൾ
- കുടുംബങ്ങളിലെ കലഹം, ഒറ്റപ്പെടൽ
- മാതാപിതാക്കളുടെ വേർപിരിയൽ
- സുരക്ഷിതത്വമില്ലായ്മ
- പഠനസൗകര്യങ്ങളുടെ കുറവ്
- ദാരിദ്ര്യം
- മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടൽ
- പോഷകാഹാരക്കുറവ്
- വിദ്യാലയങ്ങളിലെ ശ്രദ്ധയില്ലായ്മ
- അനാഥരായ കുട്ടികൾ
- പഠനവൈകല്യമുള്ള കുട്ടികൾ
- കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധമില്ലായ്മ

### 6.1.3 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

കുട്ടികളുടെ സമഗ്ര വികസനത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് താഴെ പറയുന്ന മേഖലകളിൽ പ്രവർത്തിക്കാവുന്നതാണ്.

| | |
|---|---|
| **ആരോഗ്യമേഖല** | ഗർഭിണികൾക്ക് അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും, അപകടാവസ്ഥയിലുള്ള ഗർഭിണികൾക്ക് പ്രത്യേക പരിരക്ഷയും ഉറപ്പാക്കുക |
| | കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യപരിരക്ഷ |
| | 100% പ്രതിരോധ കുത്തിവെയ്പ്പ് നടപ്പിലാക്കുക |
| | ഗുരുതരമായ വളർച്ചാക്കുറവ് നേരിടുന്ന കുട്ടികൾക്ക് ചികിത്സാ പോഷണ ഭക്ഷണം ലഭ്യമാക്കുക |
| | കുട്ടികൾക്കായി കാലേകൂട്ടിയുള്ള വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക |
| | പിന്നോക്കാവസ്ഥയിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിയന്തിര ചികിത്സ നൽകാനുതകുന്ന തരത്തിലേക്ക് സൗകര്യം ഉയർത്തി കൊണ്ട് വരിക |

| | |
|---|---|
| **ആരോഗ്യമേഖല** | പി.എച്ച്. സി/സി.എച്ച്.സി യിൽ ബാലസൗഹൃദ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുക |
| | അമ്മമാർ, ഗർഭിണികളായ സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നൽകുക |
| **ശുചിത്വം** | എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് പിന്നോക്ക മേഖലകളിലും അങ്കണവാടികളിലും സ്കൂളിലും അനുയോജ്യമായ ശുചിത്വ സംവിധാനങ്ങളും ശുദ്ധജല വിതരണവും ഏർപ്പെടുത്തുക |
| **പോഷകാഹാരം** | അർഹതപ്പെട്ട എല്ലാവർക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രത്യേക പദ്ധതി |
| | എല്ലാ സ്കൂളുകളിലും ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക |
| | കൗമാരപ്രായക്കാരായ കുട്ടികളിലെ വിളർച്ചയില്ലാതാക്കുന്നതിന് IFA ഗുളിക വിതരണവും ഉപയോഗവും ഉറപ്പു വരുത്തുക |
| **വിദ്യാഭ്യാസം** | 3 മുതൽ 5 വയസ്സ് വരെയുള്ള മുഴുവൻ കുട്ടികളും പ്രീ സ്കൂളിൽ ചേരുന്നുണ്ടെന്ന് ഉറപ്പു വരുത്തുക |
| | 5 വയ്സ്സ് പൂർത്തീകരിച്ച എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നുണ്ടെന്നും ഒരു കുട്ടിയും പഠനം ഇടയ്ക്ക് വെച്ച് നിർത്തുന്നില്ലെന്നും ഉറപ്പു വരുത്തുക |
| | എല്ലാ വിദ്യാലയങ്ങളുടെ പരിസരവും പുകയില, മദ്യ, മയക്കു മരുന്ന് വിമുക്ത പ്രദേശമായി പ്രഖ്യാപിക്കുകയും സ്കൂൾ ആരോഗ്യ പരിശോധനാ പരിപാടി ക്രമമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക |
| | നിലവാരമുള്ളതും ബാലസൗഹൃദപരവുമായ വിദ്യാലയ ഭൗതികസൗകര്യങ്ങൾ ഉറപ്പു വരുത്തുക, പ്രത്യേകിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രാധാന്യം കൊടുക്കുക |
| **സാമൂഹ്യ സുരക്ഷിതത്വം** | അതിക്രമങ്ങൾ, പീഡനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ എന്നിവയിൽ നിന്നും എല്ലാ കുട്ടികൾക്കും പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക |
| | കുട്ടികളുടെയും വനിതകളുടെയും അവകാശങ്ങളും സുരക്ഷയും ഉറപ്പു വരുത്തുന്നതിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പരിപാടികളും സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക |
| | വാർഡ് തലത്തിലും, ഗ്രാമപഞ്ചായത്ത്, നഗരസഭാ തലത്തിലും ജാഗ്രതാ സമിതി പ്രവർത്തനം ശക്തിപ്പെടുത്തുക |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുകയും അവർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുക |
| | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന കുട്ടികൾക്കായുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുക |
| | തീരദേശ മത്സ്യതൊഴിലാളികളുടെ കുട്ടികൾ, എച്ച്.ഐ.വി ബാധിതരായ കുട്ടികൾ, നിത്യരോഗ ബാധിതരായ കുട്ടികൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ, ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾ തുടങ്ങിയ കുട്ടികളുടെയെല്ലാം ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക |

| | |
|---|---|
| പങ്കാളിത്തം | ഗ്രാമപഞ്ചായത്ത്/നഗരസഭാ തലങ്ങളിൽ കുട്ടികൾക്ക് പൊതുകളിസ്ഥലവും കുട്ടികളുടെ പാർക്കുകളും സ്ഥാപിക്കുക |
| | സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തത്തോടെയും പ്രാദേശിക ക്ലബ്ബുകളുടെ സഹായത്തോടെയും എല്ലാ കുട്ടികൾക്കും നീന്തൽ, സൈക്ലിംഗ്, യോഗ പരിശീലനങ്ങൾ നൽകുക |
| | കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ബാലസഭ, ബാലസമിതി, ബാലപഞ്ചായത്ത് പ്രവർത്തനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്രവർത്തനക്ഷമമാക്കുക |
| | വാർഡുതോറും വർഷത്തിൽ രണ്ട് തവണയെങ്കിലും കുട്ടികളുടെ രണ്ട് ഗ്രാമസഭ സംഘടിപ്പിക്കുക |
| പശ്ചാത്തല സൗകര്യം | കുട്ടികളെത്തുന്ന പൊതു ഇടങ്ങളിലെല്ലാം കുട്ടികൾക്കാവശ്യമായതും അനുയോജ്യമായതും ആയ സൗകര്യങ്ങളും സംവിധാനങ്ങളും തടസ്സവിമുക്ത സൗകര്യങ്ങളും ഉറപ്പാക്കുക. പ്രത്യേകിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സൗഹൃദപരമായവ സൃഷ്ടിക്കുക |
| | കുട്ടികളുടെ പൊതു ഇടങ്ങളെല്ലാം ബാലസൗഹൃദ ഇടങ്ങളായി പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുക |
| | കുട്ടികൾക്കായുള്ള എല്ലാ സേവനങ്ങളുടെയും ഗുണമേന്മ ഉറപ്പു വരുത്തുകയും അർഹതയുള്ള എല്ലാവർക്കും സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക |
| | കുട്ടികൾക്ക് വേണ്ടി നൽകുന്ന എല്ലാ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും പരസ്യഫലകങ്ങൾ സ്ഥാപിക്കുകയും ചെയ്യുക |

**മേൽപറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമെ താഴെ പറയുന്ന ചുമതലകളും അടിയന്തിരമായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റെടുക്കേണ്ടതുണ്ട്.**

1. നഗരസഭാതിർത്തിയിൽ അംഗീകാരമില്ലാത്ത (unrecognised school) സ്ക്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുകയും ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ, അദ്ധ്യാപകർ നിശ്ചിത യോഗ്യതയുള്ളവരാണൊ എന്നീ കാര്യങ്ങൾ ഉറപ്പാക്കുക

2. നഗരസഭയുടെ നിയന്ത്രണത്തിലൂള്ള ഫിഷറീസ് സ്ക്കൂളുകൾ അടക്കമുള്ള എല്ലാ സ്ക്കൂളുകളിലും അടിസ്ഥാനസൗകര്യങ്ങൾ, ലാബററ്ററി, കളിസ്ഥലം, ചുറ്റുമതിൽ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി വൃത്തിയായി സൂക്ഷിക്കുന്ന സുരക്ഷിതമായ ടോയ്ലറ്റുകൾ, ശുദ്ധജല സൗകര്യങ്ങൾ, വേസ്റ്റ് ഡിസ്പോസൽ എന്നിവ ഏർപ്പടുത്തുക. നഗരസഭ് നിയന്ത്രണത്തിലല്ലാതെ വരുന്ന സ്ക്കൂളുകളിൽ മേൽ സൗകര്യങ്ങൾക്കായി നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

3. എല്ലാ സ്ക്കൂൾ കെട്ടിടങ്ങളുടേയും സുരക്ഷിതത്വം പൂർണ്ണമായും ഉറപ്പാക്കുക. അതിന് വേണ്ട നിർദ്ദേശം തദ്ദേശസ്വയംഭരണസ്ഥാപന എഞ്ചിനീയർക്ക് നൽകുക

4. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക സ്ക്കൂളുകൾ, റാംമ്പ് തുടങ്ങിയ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുക, ലൈബ്രറിയിൽ, ബ്രെയിലി ബുക്ക്സ് ലഭ്യമാക്കുക,

5. ശാരീരികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ചലന, കാഴ്ച്ച ഉപകരണങ്ങൾ നല്കുക, സ്കോളർഷിപ്പുകൾ, സ്റ്റൈപ്പെന്റുകൾ മുതലായവയും നൽകുക

6. ട്രൈബൽ ഏരിയായിലുള്ള കുട്ടികൾക്ക് ഗതാഗത സൗകര്യം ഉറപ്പാക്കുക, പ്രാതൽ, ഉച്ചഭക്ഷണം ലഭ്യമാക്കുക.
7. അന്യസംസ്ഥാന കുട്ടികളെ കൊണ്ട് ബാലവേല ചെയ്യിക്കുന്നത് തടയുക, വിദ്യാഭ്യാസ സൗകര്യങ്ങൾ അവർക്ക് കൂടി ഉറപ്പാക്കുക
8. എട്ടാം സ്റ്റാൻഡേർഡ് വരെ എല്ലാ കുട്ടികൾക്കും സൗജന്യവിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കുക
9. എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് നൽകുകയും മൂന്ന് മാസത്തിലൊരിക്കൽ ആരോഗ്യപരിശോധന നടത്തി കാർഡിൽ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക.
10. എല്ലാ അംഗൻവാടികളിലും ഖണ്ഡിക 6.2.1 പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക
11. പ്രായപൂർത്തിയാകാതെ വിവാഹം കഴിക്കാവുന്നതല്ലെന്ന് സെമിനാർ, മീഡിയകൾ എന്നിവ വഴി ബോധവൽക്കരണം നടത്തുക. ആവശ്യമായി വരുന്ന സംഗതികളിൽ കൗൺസിലിങ്ങും നിയമാനുസൃത നടപടികളും സ്വീകരിക്കുക.
12. അഞ്ച് വയസ്സ് വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും കാലാകാലങ്ങളിൽ പൾസ് പോളിയോ മുതലായ കുത്തിവെയ്പ്പുകൾ സർക്കാറിന്റെ നഗരസഭയുടെ ചിലവിൽ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
13. 12 വയസ്സു വരെയുള്ള എല്ലാ കുട്ടികളുടെയും ആരോഗ്യം പൂർണ്ണമായും പരിപാലിക്കുന്നതിന് വേണ്ടി അനുയോജ്യമായ പോഷകാഹാരങ്ങൾ നല്കുക
14. ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും സ്ഥാപന മാനേജ്മെന്റിന്റെ നിർബന്ധ ധനശേഖരണം ഇല്ലാതാക്കുക
15. ജി.ഒ(പി) 192/2014/G.Ed/ dt 20.9.2014 പ്രകാരം കുട്ടികളുടെ വിദ്യാഭ്യാസാവകാശം അനുസരിച്ചുള്ള ആക്റ്റിവിറ്റി മാപ്പിങ് നഗരസഭ നടത്തുക.
16. നീന്തൽപരിശീലന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പായി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള ജീവൻ സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പാക്കുക.(സ.ഉ (കൈ) നം.34/16/കാ.യു.വ dt TVM 6/5/2016)

ഇത് കൂടാതെ സ്റ്റേറ്റ് ചൈൽഡ് പോളിസിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കായി ജി.ഒ (സാധാ) നം. 1413/2016/തസ്വഭവ/06.04.2016 - www.kila.ac.in , www.crckila.org എന്നിവ പരിശോധിക്കുക

മേൽ പ്രവർത്തനങ്ങൾക്ക് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ചർച്ചചെയ്യുകയും, വിവിധ മേഖലാതല വർക്കിംഗ് ഗ്രൂപ്പുകളുമായി ആശയവിനിമയം നടത്തിക്കൊണ്ട് ആയിരിക്കണം പദ്ധതികൾ തയ്യാറാക്കേണ്ടത്..

## 6.2 ഐ.സി.ഡി.എസ് മുഖേന നടപ്പിലാക്കുന്ന ശിശുവികസന പദ്ധതികൾ

### 6.2.1 സംയോജിത ശിശു വികസന സേവന പദ്ധതി (Integrated Child Development Services – ICDS)

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് എന്ന ആശയം മുന്നിൽ കണ്ടു കൊണ്ട് 1975-ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന സേവനപദ്ധതി. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന ഏറ്റവും ബൃഹത്തായ പദ്ധതിയാണിത്. മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ തുടക്കം കുറിച്ച ഈ പദ്ധതി ഇന്ന് 258

ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ കീഴിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സമഗ്ര ശിശുവികസനത്തിൽ അനിവാര്യമായ വ്യത്യസ്ത സേവനങ്ങൾ ഒരേ സമയം ഒരേ സ്ഥലത്തുനിന്ന് ലഭ്യമാക്കി മെച്ചപ്പെട്ട പ്രയോജനം സാദ്ധ്യമാക്കുക എന്നതാണ് ഐ.സി.ഡി.എസിന്റെ ലക്ഷ്യം. 100% കേന്ദ്ര സഹായ പദ്ധതിയായിരുന്ന ഐ.സി.ഡി.എസ് പദ്ധതിയുടെ ചെലവുകൾ 2009-10 വർഷം മുതൽ 90:10 അനുപാതത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും വഹിച്ചുവരുന്നു. മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃശിശുക്ഷേമ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്നതിനുള്ള ഏറ്റവും താഴെത്തട്ടിലുള്ള സാമൂഹ്യ വിഭവ കേന്ദ്രമാണ് ഐ സി ഡി എസ് പദ്ധതിയിലെ അങ്കണവാടി കേന്ദ്രങ്ങൾ. 258 ഐ സി ഡി എസ് പ്രോജക്ടുകളിലായി 32986 അങ്കണവാടികളും 129 മിനി അങ്കണവാടികളും പ്രവർത്തിക്കുന്നുണ്ട്.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

1. 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ ശാരീരികവും, മാനസികവും, സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
3. ശിശുമരണം, രോഗാതുരത, പോഷകക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.
4. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.
5. ശിശുക്കളുടെ ശരിയായ ആരോഗ്യവും, പോഷകാവശ്യകതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

**ഗുണഭോക്താക്കൾ**

1. 6 വയസ്സിൽ താഴെപ്രായമുള്ള കുട്ടികൾ
2. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ
3. കൗമാരപ്രായക്കാരായ പെൺകുട്ടികൾ
4. 18 നും 45 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ

**സേവനങ്ങൾ**

1. അനുപൂരക പോഷകഹാരം, വളർച്ചാനിരീക്ഷണം
2. അനൗപചാരിക പ്രീ-സ്ക്കൂൾ വിദ്യാഭ്യാസം
3. ആരോഗ്യ പരിശോധന
4. റഫറൽ സർവ്വീസസ്
5. ആരോഗ്യപ്രതിരോധ കുത്തിവയ്പും ചികിത്സയും
6. ആരോഗ്യപോഷണ വിദ്യാഭ്യാസം

**അങ്കണവാടികൾക്ക് അവശ്യം വേണ്ടതായ സൗകര്യങ്ങൾ**

- ലൊക്കേഷൻ- എത്തിച്ചേരാനുള്ള സൗകര്യം ഉണ്ടായിരിക്കണം
- ഭൂവിസ്തൃതി- 3 സെന്റിൽ കുറയാതെ
- കെട്ടിടം- ചുരുങ്ങിയത് 650 ച.അടി (മുകൾ നില അഭികാമ്യം)

- കളിസ്ഥലം
- പ്രദേശവും സൗകര്യങ്ങളും
- അടിസ്ഥാനസൗകര്യങ്ങൾ
- ക്ലാസ് മുറികളും അടുക്കളയും കലവറയും
- ശിശു സൗഹൃദ ശുചിമുറിയും, കൈകഴുകുന്ന ഇടങ്ങളും
- ശുദ്ധമായ കുടിവെള്ളം
- സുരക്ഷിതവും ആകർഷണീയവുമായ കളിസ്ഥലങ്ങൾ
- ശുദ്ധജലവും ശുചിത്വസൗകര്യങ്ങളും
- പരിശീലനം സിദ്ധിച്ച യോഗ്യതയുള്ള ജീവനക്കാർ

**മാതൃകാ അങ്കണവാടികളുടെ നിലവാരം**

- പ്രദേശം - എത്തിച്ചേരാനുള്ള സൗകര്യം ഉണ്ടായിരിക്കണം , വാഹനങ്ങൾക്ക് സഞ്ചാര യോഗ്യമായത്
- വിസ്തൃതി- 10 സെന്റിൽ കുറയാതെ
- കെട്ടിടത്തിന്റെ തറവിസ്തീർണ്ണം - ചുരുങ്ങിയത് 1300 ച.അ (മുകൾ നില അഭികാമ്യം)
- ക്ലാസ് മുറികളും അനുബന്ധ സാമഗ്രികളും
മുകളിൽ പറഞ്ഞിട്ടുള്ള അങ്കണവാടികളുടെ സൗകര്യങ്ങൾ കൂടാതെ
- കൗമാരപ്രായക്കാർക്കും അമ്മമാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കാവുന്ന വിവിധോദ്ദേശക കേന്ദ്രം ആയി പ്രവർത്തിക്കാൻ കഴിയണം. (**3 G**)
- ഗ്രാമകേന്ദ്രം പ്രവർത്തനത്തിന് സൗകര്യമുണ്ടായിരിക്കണം
- ECS ( Electronic Communiction System)ന് ആവശ്യമായ സൗകര്യങ്ങൾ

**ബാല സൗഹൃദ പഞ്ചായത്ത് - പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് (കേസ് സ്റ്റഡി)**

**“സമ്പൂർണ്ണ അങ്കണവാടി കേന്ദ്രങ്ങൾ” (അങ്കണവാടികളുടെ അടിസ്ഥാന മാതൃക)**

- എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച പ്രഥമ ഗ്രാമപഞ്ചായത്ത്
- ഒരു മാതൃക അങ്കണവാടി
- എല്ലാ അങ്കണവാടികൾക്കും ശുദ്ധജലം, വൈദ്യുതി, ശുചിത്വ സംവിധാനങ്ങൾ
- എല്ലായിടത്തും കളിയുപകരണങ്ങൾ, ഫർണിച്ചർ, കുട്ടികൾക്കുള്ള പുസ്തകങ്ങൾ
- സുസജ്ജമായ കുമാരി ക്ലബ്ബുകൾ
- 100% പ്രധിരോധ കുത്തിവെയ്പ്പ് - എല്ലാ ശിശുക്കളും ഗുരുതര പോഷണ വൈകല്യങ്ങളിൽ നിന്നും സുരക്ഷിതം
- ഫണ്ട് വകയിരുത്തലിൽ അങ്കണവാടികൾക്ക് പ്രഥമ പരിഗണന
- സംയോജിത പ്രോജക്റ്റുകൾ - വിഭവസമാഹരണം
- പ്രീ-സ്ക്കൂൾ പ്രായക്കാരായ മുഴുവൻ കുട്ടികളും പ്രീ-പ്രൈമറി പരിചരണ സേവനങ്ങളിൽ ഉൾപ്പെടുന്നു.

### 6.2.2 അങ്കണവാടികളിൽ നൽകുന്ന അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം

അങ്കണവാടികളിൽ ഹാജരാകുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നത്. കുട്ടികൾക്ക് പ്രാധാന്യം നൽകി അവർക്ക് ലഭിക്കേണ്ട

വിവിധങ്ങളായ അനുഭവങ്ങൾ ഉൾപ്പെടുത്തിയ പാഠ്യ രീതിയാണ് അങ്കണവാടികളിൽ നടപ്പിലാക്കുന്നത്. രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെയാണ് അങ്കണവാടി പ്രവർത്തന സമയം. അങ്കണവാടി പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ശൈശവകാല പരിചരണവും വിദ്യാഭ്യാസവും വികസനവും (ECCED) ഉള്ള പരിഷ്കരിച്ച പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസമാണ് ഇവിടെ നൽകിവരുന്നത്.

### 6.2.3 രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ആറു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പോളിയോ, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, ടൈഫോയ്ഡ്, റ്റി.ബി, അഞ്ചാംപനി, ഹെപ്പറ്റൈറ്റിസ് ബി എന്നീ രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവെയ്പ്പുകൾ നല്കിവരുന്നുണ്ട്. കുട്ടികളുടെ അതിജീവനവും സംരക്ഷണവും വികസനവും പരിരക്ഷയും ഉറപ്പാക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ കർമ്മപദ്ധതി. രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സെപ്റ്റംബർ 1 മുതൽ 7 വരെ പോഷകാഹാരവാരവും സെപ്തംബർ 7 ന് ലോകാരോഗ്യ ദിനവും ആചരിച്ചുവരുന്നു.

### 6.2.4 അനുപൂരക പോഷകാഹാര പദ്ധതി

സംയോജിത ശിശുവികസന സേവനപദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളിൽ ഒന്നാണ് അങ്കണവാടികൾ വഴി നടപ്പിലാക്കിവരുന്ന അനുപൂരക പോഷകാഹാര പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അങ്കണവാടികൾ വഴി പോഷകാഹാരം നൽകി വരുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി കേരളത്തിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ നിർവ്വഹണചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുണ്ട്. നിലവിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ സാമ്പത്തികപോഷണ മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുള്ളത് താഴെപറയും പ്രകാരമാണ്.

| വിഭാഗം | ഒരു ഗുണഭോക്താവിന് ഒരു ദിവസം അനുവദിച്ചിട്ടുള്ള തുക (Rs.) | ഭക്ഷണത്തിലടങ്ങിയിരിക്കേണ്ട കലോറി (Cal.) | ഭക്ഷണത്തിലടങ്ങിയിരിക്കേണ്ട പ്രോട്ടീൻ (gm) |
|---|---|---|---|
| 6 വയസ്സിനു താഴെയുള്ള കുട്ടികൾ | 6.00 | 500 | 12-15 |
| ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികൾ (6 മാസം മുതൽ 6 വയസ്സുവരെ) | 9.00 | 800 | 20-25 |
| ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ | 7.00 | 600 | 18-20 |

കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി വിവിധ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് പോഷകാഹാരം നൽകി വരുന്നു. 3 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രീമിക്സ് ഭക്ഷ്യമിശ്രിതം വീടുകളിൽ കൊടുത്തുവിടുന്നുണ്ട്. അങ്കണവാടികളിലെ പ്രീ സ്കൂൾ കുട്ടികൾക്ക് രാവിലെ പ്രഭാത ലഘുഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം ജനറൽ ഫീഡിംഗ്

എന്നിങ്ങനെ മൂന്നുനേരം  ഭക്ഷണം നൽകിവരുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്കും പോഷകാഹാരം നൽകിവരുന്നു.

### 6.2.5 ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS)

അങ്കണവാടികൾ വഴി മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS). പ്രസ്തുത  പദ്ധതി പ്രകാരം 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് നിർദ്ദിഷ്ട പോഷക മൂല്യമടങ്ങിയ ഭക്ഷ്യമിശ്രിതം (500 K cal & 12-15 gm പ്രോട്ടീൻ)  വീടുകളിൽ കൊടുത്തുവിടുന്നു. കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കുന്ന ന്യൂട്രിമിക്സ് (അമൃതം) എന്ന ഭക്ഷ്യമിശ്രിതമാണ് ഇപ്രകാരം നൽകിവരുന്നത്. കേരളത്തിലെ 258 ഐസിഡിഎസ് പ്രോജക്ടുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ ഒരു കുട്ടിയ്ക്ക് ഒരു ദിവസത്തേയ്ക്ക് 135 ഗ്രാം വീതം 25 ദിവസത്തേയ്ക്കുള്ള ന്യൂട്രിമിക്സാണ് വീടുകളിൽ കൊടുത്തുവിടുന്നത്.

### 6.2.6 കുമാരിക്ലബ്

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകമാകുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

### 6.2.7. അങ്കണവാടികളും  മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി

അങ്കണവാടികളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും പൊതുജനപങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുന്ന സ്ഥാപനതലസമിതിയാണ് അങ്കണവാടി മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി. ഓരോ നഗരസഭ അംഗവും അതത് വാർഡിലെ അങ്കണവാടി മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആണ്. അങ്കണവാടി സന്ദർശിച്ച് പോരായ്മകളും പ്രശ്നങ്ങളും പരിഹരിച്ച് അങ്കണവാടി പ്രവർത്തനം കാര്യക്ഷമമാക്കേണ്ട ചുമതല കമ്മിറ്റിക്കുണ്ട് അതുപോലെ തന്നെ ഒരു നഗരസഭയിലെ മുഴുവൻ അങ്കണവാടികളുടെയും മേൽനോട്ടചുമതല ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. അങ്കണവാടികളുടെ പശ്ചാത്തലസൗകര്യങ്ങളിലെ വിടവ് നികത്തൽ, നവീകരണം, പോഷകാഹാരവിതരണം, പ്രീസ്കൂൾ വിദ്യാഭ്യാസം, ആരോഗ്യസേവനങ്ങൾ, അങ്കണവാടി പ്രവർത്തകരുടെ കാര്യക്ഷമതയും ഉത്തരവാദിത്തബോധവും നിരീക്ഷിക്കൽ എന്നിവയെല്ലാം ഈ ചുമതലകളിൽ ഉൾപ്പെടുന്നു. എല്ലാ മാസവും അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി യോഗം ചേരേണ്ടതാണ്

സോഷ്യൽ ഓഡിറ്റ് അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുന്നു.

### 6.2.8 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള പദ്ധതി

കുട്ടികൾക്കുള്ള ഈ പദ്ധതികൾ സംബന്ധിച്ച് ''**ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ**'' എന്ന അദ്ധ്യായത്തിൽ (അദ്ധ്യായം-8) വിവരിച്ചിട്ടുണ്ട്.

## 6.3 സ്കൂളുകൾ

### 6.3.1 ബഡ്സ് സ്കൂൾ -പ്രവർത്തനം

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, പകൽസമയ പരിചരണം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി നഗരസഭകൾക്ക് ബഡ്സ് സ്കൂൾ തുടങ്ങാവുന്നതാണ്.

ഇതിന് ജി.ഒ(എം.എസ്)148/2009/തസ്വഭവ തീയതി 29.7.2009 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം.

- 25 കുട്ടികളെങ്കിലും ഒരു സ്കൂളിൽ ഉണ്ടായിരിക്കണം
- 10 കുട്ടികൾക്ക്  ഒരു പരിശീലനം ലഭിച്ച അദ്ധ്യാപിക
- 15 കുട്ടികൾക്ക് ഒരു ആയ എന്നിവർ വേണം
- 1000 ച.അടി കെട്ടിടം, 15 സെന്റ് സ്ഥലം, എന്നീ പശ്ചാത്തലസൗകര്യങ്ങൾ ഉറപ്പാക്കണം
- വിദ്യാഭ്യാസ വകുപ്പിന്റെ രജിസ്ട്രേഷൻ നിർബന്ധമായിരിക്കണം
- ചെലവുകൾ നഗരസഭകൾക്ക് വഹിക്കാം. ജി.ഒ(എം.എസ്) നം.4/2016/തസ്വഭവ/11.1.2016
- തദ്ദേശ ഭരണകൂടത്തിന് കീഴിലുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനങ്ങൾക്ക്  ജി.ഒ (എം.എസ്) 144/ 2013/ തസ്വഭവ തീയതി 6/4/2013 പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

## 6.4 ജാഗ്രതാസമിതി

ഇന്ന് വിവിധ തരത്തിൽ കഷ്ടതകൾ അനുഭവിക്കുന്ന കുട്ടികൾ നമുക്ക് ചുറ്റുമുണ്ട്. ഈ അവസ്ഥ അവരിലെ വ്യക്തിത്വം നശിപ്പിക്കും എന്നു മാത്രമല്ല, ഭാവി സമൂഹത്തെ ബാധിക്കുകയും ചെയ്യും. നല്ല ഒരു സമൂഹത്തെ സൃഷ്ടിക്കാനുള്ള ഉത്തരവാദിത്തം ഭരണാധികാരികളായവർക്കുണ്ട്. ഇതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഉടനെ ഏറ്റെടുക്കണം.

- നഗരസഭയിലെ കുട്ടികളെ സംബന്ധിച്ച വിവരശേഖരണം നടത്തുക.
- കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പരിശീലനം സംഘടിപ്പിക്കണം.
- കുട്ടികളുടെ അവകാശങ്ങൾ ഹനിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ ചെറുക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാവണം.
- പെൺകുട്ടികൾക്ക് എതിരെയുണ്ടാകുന്ന പ്രശ്നങ്ങളിൽ നഗരസഭ ജാഗ്രതാ സമിതി ഇടപെടണം.
- കുട്ടികൾക്ക് എതിരെയുണ്ടാകുന്ന, അവരുടെ അവകാശങ്ങളെ ഹനിക്കുന്ന ഏതുതരത്തിലുള്ള പ്രവണതയും ഗ്രമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യണം.
- കുട്ടികളുടെ അവകാശങ്ങൾ വിനിയോഗിക്കുന്നതിനുള്ള അവസരങ്ങൾ നഗരസഭ ഒരുക്കണം.

**കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 7.8 കാണുക**

## 6.5 സാമൂഹ്യനീതി വകുപ്പ് വഴിയുള്ള പദ്ധതികൾ

### 6.5.1 ഫ്ളക്സി ഫണ്ട്

ഐ.സി.ഡി.എസ് പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടി കേന്ദ്രങ്ങളിൽ അടിയന്തിരഘട്ടങ്ങളിൽ വേണ്ടിവരുന്ന സാമ്പത്തികാവശ്യങ്ങൾ നേരിടുന്നതിനായി ഫ്ളക്സി ഫണ്ട് എന്ന പേരിൽ അങ്കണവാടി കേന്ദ്രം ഒന്നിന് പ്രതിവർഷം 1000 രൂപ നിരക്കിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്.

### 6.5.2 അങ്കണവാടികളിലേയ്ക്ക് ആവശ്യമായ മെഡിസിൻ കിറ്റുകൾ

അങ്കണവാടി പ്രവർത്തകർക്ക് കൈകാര്യം ചെയ്യുവാൻ കഴിയുന്ന മരുന്നിനങ്ങൾ ഉൾപ്പെടുത്തി പ്രതിവർഷം 1000 രൂപ ചെലവഴിച്ച് മരുന്നുകിറ്റുകൾ വാങ്ങി ഓരോ അംഗൻവാടിയിലും വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.

പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ, ജെ.പി.എച്ച്.എൻ. എന്നിവരുടെ സേവനവും മേൽനോട്ടവും ഇക്കാര്യത്തിൽ അംഗൻവാടി പ്രവർത്തകർക്ക് ലഭ്യമാണ്.

### 6.5.3 പ്രീ സ്കൂൾ കിറ്റുകൾ

ഐ സി ഡി എസ് പദ്ധതിയിൽ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. കുട്ടികളുടെ ജീവിതത്തിലെ നിർണ്ണായക കാലമാണ് ആദ്യവർഷങ്ങൾ എന്നതുകൊണ്ടു തന്നെ അവരുടെ സമ്പൂർണ്ണ വികാസത്തിന് ഊന്നൽ നൽകിയാണ് പ്രീ സ്കൂൾ വിദ്യാഭ്യാസം അങ്കണവാടികളിലൂടെ നൽകിവരുന്നത്.

കുട്ടികളിൽ ശാരീരിക മാനസിക വികാസ പ്രവർത്തനങ്ങൾ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രീ സ്കൂൾ കിറ്റുകളിൽ ഉൾപ്പെടുത്തുന്ന ഇനങ്ങൾ തെരഞ്ഞെടുക്കുന്നത്. അങ്കണവാടിഒന്നിന് പ്രതിവർഷം 3000 രൂപ അംഗൻവാടി പ്രീസ്കൂൾ കിറ്റുകൾ വാങ്ങുന്നതിന് അനുവദിക്കുന്നു.

### 6.5.4 സബല (RGSEAG)

11 മുതൽ 18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ ഉയർത്തുന്നതിനോടൊപ്പം അവരെ ശാക്തീകരിക്കുന്നതിനായുള്ള കേന്ദ്രസർക്കാർ പദ്ധതിയാണ് സബല. കേരളത്തിൽ കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളാണ് ടി പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. തെരഞ്ഞെടുത്ത 4 ജില്ലകളിലെ 84 ഐ.സി.ഡി.എസ് പ്രോജക്ടുകൾ വഴി പ്രോജക്ട് ഒന്നിന് 3.80 ലക്ഷം രൂപ വീതം നോൺ ന്യൂട്രീഷൻ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്ന് 60:40 അനുപാതത്തിൽ പ്രോജക്ടുകൾക്ക് ലഭ്യമാക്കുന്നു.

**സബല പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

1. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ വ്യക്തിത്വവികസനവും, ശാക്തീകരണവും ഉറപ്പ് വരുത്തുക
2. ആരോഗ്യപോഷണ നിലവാരം ഉയർത്തുക
3. ആരോഗ്യം, ശുചിത്വം, പോഷണം, അഡോളസന്റ് റീപ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത് (ARSH) കുടുംബം, ശിശുപരിപാലനം എന്നിവയിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അറിവു നൽകുക.
4. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഹോം-ബേസ്ഡ് സ്കിൽസ്, ലൈഫ് സ്കിൽസ് എന്നിവ ഉയർത്തുകയും നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമുമായുള്ള കൂട്ടായ്മ വഴി അവരുടെ വൊക്കേഷണൽ സ്കിൽസ് അപ്ഗ്രേഡ് ചെയ്യുക
5. സ്കൂളിൽ പോകാത്ത കൗമാരപ്രായക്കാരായ കുട്ടികൾക്ക് ഔപചാരികവും, അനൗപചാരികവുമായ വിദ്യാഭ്യാസം നൽകി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക.
6. PHC, CHC, Post Office, Bank, Police Station തുടങ്ങിയ നിലവിലുള്ള പൊതുസേവനങ്ങളെ സംബന്ധിച്ച് പെൺകുട്ടികൾക്ക് അറിവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക

**പദ്ധതിയുടെ പ്രധാന ഘടകങ്ങൾ**

1. അനുപൂരക പോഷകാഹാരം
2. അയൺ ആന്റ് ഫോളിക് ആസിഡ് ഗുളിക വിതരണം
3. ആരോഗ്യപരിശോധനയും പരാമർശസേവനവും
4. ആരോഗ്യപോഷണവിദ്യാഭ്യാസം
5. കുടുംബജീവിത വിദ്യാഭ്യാസം, കൗമാരപ്രജനന ലൈംഗികവിദ്യാഭ്യാസം (ARSH), ശിശുപരിപാലനം, ഗൃഹഭരണം എന്നിവയിൽ ജീവിത നൈപുണീവിദ്യാഭ്യാസവും പൊതുസ്ഥാപനങ്ങളെ കുറിച്ചുള്ള അവബോധവും നൽകുക
6. 16 വയസ്സിനു മേൽ പ്രായമുള്ള പെൺകുട്ടികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ് (എൻ.എസ്.ഡി.പി.യുടെ കീഴിൽ) ലഭ്യമാക്കുക

## 6.5.5 കണ്ടീഷണൽ മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം (ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന)

ഈ പദ്ധതി പ്രകാരം അങ്കണവാടിയിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിബന്ധനകൾ പാലിച്ചിട്ടുള്ളതുമായ ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവത്തിന് മുമ്പ് 3000/- രൂപയും പ്രസവശേഷം 6 മാസത്തിനകം 3000/- രൂപയും ഉൾപ്പെടെ ആകെ 6000 രൂപ നിശ്ചിത നിബന്ധനകൾ പാലിക്കുന്നത് ഉറപ്പാക്കി ഗർഭസ്ഥ, മുലയൂട്ടൽ കാലയളവിൽ നൽകുന്നതാണ്. കേന്ദ്രസർക്കാർ വിമെൻ & ചൈൽഡ് ഡെവലപ്മെന്റ് നം. 09-5/2010 IGMSY തീയതി 8-11-10 പ്രകാരം മേൽപദ്ധതി ഉത്തരവായിട്ടുള്ളതാണ്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പദ്ധതിയുടെ ഗുണം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിലേയ്ക്ക് അങ്കണവാടി വർക്കർക്ക് 200 രൂപയും അങ്കണവാടി ഹെൽപ്പർക്ക് 100 രൂപയും നൽകുന്നതാണ്. കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാലക്കാട് ജില്ലയെയാണ് പരിപാടിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. പാലക്കാട് ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക 60:40 അനുപാതത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

## 6.5.6 കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോ സോഷ്യൽ സർവ്വീസ് (സ്കൂൾ കൗൺസലിംഗ് പ്രോഗ്രാം)

2006-07 സാമ്പത്തിക വർഷം കിശോരി ശാക്തി യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 163 സ്കൂളിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി അഡോളസന്റ് ഹെൽത്ത് ക്ലിനിക്/കൗൺസലിംഗ് പ്രോഗ്രാം നടപ്പിലാക്കുകയുണ്ടായി. കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗ് സേവനങ്ങളും ആരോഗ്യവകുപ്പ്, എൻ.ആർ.എച്ച്.എം. എന്നീ ഏജൻസികളുടെ സഹകരണത്തോടെ ആരോഗ്യ പരിശോധന, ആരോഗ്യ പോഷണ വിദ്യാഭ്യാസം, തുടങ്ങിയ സേവനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിച്ച് ആകെ 648 സ്ക്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ഇതിൽ 163 സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിച്ച് അതിലൂടെ കുട്ടികൾക്ക് 1 രൂപ നിരക്കിൽ നാപ്കിൻ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

## 6.5.7 തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

സ്ത്രീ തടവുകാരുടെ മക്കളും പുരുഷന്മാർ ദീർഘകാലമായി ജയിൽശിക്ഷ അനുവഭവിക്കുന്നതുമൂലം സ്ത്രീകൾ കുടുംബനാഥകൾ ആകുന്ന കുടുംബങ്ങളിലെ കുട്ടികളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ രണ്ട് വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾ ഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിയ്ക്കുന്നു. 1 മുതൽ 5 വരെ പ്രതിമാസം 300/- രൂപാ വീതം പ്രതിവർഷം 3000/- രൂപയും, 6 മുതൽ 10 വരെ 500/- രൂപ നിരക്കിൽ പ്രതിവർഷം 5000/- രൂപയും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750/- രൂപാ

നിരക്കിൽ പ്രതിവർഷം 7500/- രൂപയും, ഡിപ്ലോമ/ ബിരുദതലത്തിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപാ നിരക്കിൽ പ്രതിവർഷം 10,000 രൂപയും ലഭിക്കുന്നു. ബിപിഎൽ വിഭാഗത്തിൽ വരുന്ന, അംഗീകൃത സ്ഥാപനങ്ങളിൽ ഡിഗ്രി/ഡിപ്ലോമ വരെ പഠിക്കുന്ന തടവുകാരുടെ കുട്ടികൾക്കാണ് വിദ്യാഭ്യാസ സഹായം ലഭിക്കുക. ആനുകൂല്യത്തിന് അർഹതയുള്ളവർ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്കാണ് അപേക്ഷ നൽകേണ്ടത്. സാമൂഹ്യ നീതി വകുപ്പിന്റെ വെബ്സൈറ്റിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കും.

### 6.5.8 ഫൗണ്ടിലിംഗ് ഹോമുകൾക്കുള്ള ധനസഹായം

അഞ്ച് വയസ്സിൽ താഴെയുള്ള ഫൗണ്ടിലിംഗ് ഹോമുകളിലെ കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കും. ഒരു സ്ഥാപനത്തിന് കുറഞ്ഞത് പത്ത് കുഞ്ഞുങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാന്റ് ലഭിക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും സ്ഥാപനം വാങ്ങിയിരിക്കണം.

### 6.5.9 അഗതികളായ കുട്ടികൾക്കുവേണ്ടിയുള്ള അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്.

അനാഥാലയങ്ങളിലെ 5-നും 21-നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്കാണ് ധനസഹായം നൽകുന്നത്. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്ന കുട്ടികൾക്കാണ് ഗ്രാന്റ് ലഭിയ്ക്കുന്നത്. ഗ്രാന്റ് ലഭിക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും സ്ഥാപനം വാങ്ങിയിരിക്കണം. സ്ഥാപനങ്ങളിലെ കുട്ടികളിലെ 75% പേരെങ്കിലും വിദ്യാഭ്യാസം ചെയ്യുന്നവരാണെങ്കിൽ മാത്രമേ ധനസഹായം ലഭിയ്ക്കുകയുള്ളൂ.

### 6.5.10. അനാഥാലയങ്ങളിൽ സംരക്ഷിയ്ക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കോഴ്സ് ഫീ, ഹോസ്റ്റൽ ഫീ, പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. കോഴ്സ് ഫീയ്ക്ക് പരിധി ഏർപ്പെടുത്തിയിട്ടില്ല. യഥാർത്ഥ തുക നൽകുന്നതാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ഉള്ള അനാഥാലയങ്ങളിലെ ഹൈസ്കൂൾ, പ്ലസ് ടൂ പഠനം കഴിഞ്ഞ കുട്ടികൾ ആകണം അപേക്ഷകർ.

എല്ലാ വർഷവും ഡിസംബർ 31-നകം നിർദ്ദിഷ്ടഫോറത്തിൽ ജില്ലാ സാമൂഹ്യനീതി ആഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയാണ് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. മാർച്ച് 31-നകം ജില്ലാ സാമൂഹ്യനീതി ആഫീസർ മുഖേന ധനസഹായം ഡിമാന്റ് ഡ്രാഫ്റ്റായി വിതരണം ചെയ്യും.

### 6.5.11 അനാഥാലയങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സീറ്റ് റിസർവേഷൻ.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള അനാഥാലയത്തിലെ കുട്ടികൾക്ക് താഴെ പറയുന്ന കോഴ്സുകൾക്ക് സീറ്റ് റിസർവേഷൻ ലഭിക്കും.

a) കേരളത്തിലെ ഐ.റ്റി.ഐ/ഐ.റ്റി.സി എന്നിവിടങ്ങളിൽ 5 സീറ്റ് വീതം.

b) ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ, ഓട്ടോമൊബൈൽ എഞ്ചിനിയറീംഗ്, ഡിപ്ലോമ, പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ, സിവിൽ-ഇലക്ട്രിക്കൽ-മെക്കാനിക്കൽ ഡിപ്ലോമ എന്നിവയ്ക്ക് ഓരോ സീറ്റ് വീതം.

c) ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന്- 3%

d) ഡിഫാം കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് ഫാർമസി കോളേജുകളിൽ ഓരോ സീറ്റ് വീതം)

e) DMLT (ML) കോഴ്സിന് 2 സീറ്റുകൾ (തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓരോ സീറ്റ് വീതം)

f) DRT(RT) കോഴ്സിന് ഒരു സീറ്റ്(കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരുസീറ്റ്)

g) DOTT (OT) കോഴ്സിന് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്

h) DHI (HI) കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, PHSS- ൽ 3 സീറ്റ്, പാലക്കാട് ഗവൺമെന്റ് പാരമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സീറ്റ് (for SC/ST).

i) ഹയർസെക്കന്ററിയിലും, വൊക്കേഷണൽ ഹയർസെക്കന്ററിയിലും അർഹതയുള്ള എല്ലാ കുട്ടികൾക്കും.

j) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സ് ട്രെയിനിംഗിന് 10% സീറ്റ്.

ഓരോ കോഴ്സിനും അതാത് വർഷങ്ങളിൽ പുറപ്പെടുവിക്കുന്ന പ്രോസ്പെക്ടസ് പ്രകാരമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അംഗീകൃത ഓർഫനേജിലെ അന്തേവാസിയാണെന്നുള്ള രേഖ സഹിതം അതാത് കോഴ്സിനുള്ള അപേക്ഷകൾ യഥാസമയം ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്/ ഓഫീസുകൾക്ക് നൽകുകയും പകർപ്പ് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുക.

## 6.6 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)

കുട്ടികളുടെ കേൾവിശക്തി വിലയിരുത്തുക, സംസാരശേഷി പുന:സ്ഥാപിക്കുക, സ്പീച്ച്തെറാപ്പി, ഏർലി ഇന്റർവെൻഷൻ ആന്റ് ഗൈഡൻസ് പ്രോഗ്രാം, ഓട്ടിസം ഇന്റർവെൻഷൻ ക്ളിനിക്ക് (Autism Intervention Clinic), ഇ.എൻ.റ്റി സേവനങ്ങൾ, മനശാസ്ത്രപരമായ സേവനങ്ങൾ, കേൾവിശക്തി കുറവുള്ള 12-ാം ക്ളാസ്സ് പാസ്സായ കുട്ടികൾക്കായുള്ള ഡിഗ്രികോഴ്സുകൾ, BASLP, MASLP എന്നീകോഴ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയാണ് നിഷ്-ലെ പ്രധാന പ്രവർത്തനങ്ങൾ. (കൂടുതൽ വിവരങ്ങൾ 8.9 ലെ ''നിഷ്'' കാണുക)

കേരളസർക്കാർ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിയിലൂടെ നടത്തുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഓഡിറ്ററി വെർബൽ തെറാപ്പിയുടെ സംസ്ഥാനതലത്തിലുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ട്. അതിനു വേണ്ടിയുള്ള പരിശീലനം, ദീർഘകാല പഠനങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH), കരിമണൽ പി.ഒ,
തിരുവനന്തപുരം 695583, കേരള, ഇന്ത്യ
ഫോൺ : +91-471-3066666, 2596919, ഫാക്സ് :+91-471-3066699
ഇ-മെയിൽ : nishinfo@nish.ac.in, വെബ്സൈറ്റ് :http://www.nish.ac.in

## 6.7 NHM (ദേശീയ ആരോഗ്യ മിഷൻ)

ദേശീയ ആരോഗ്യമിഷന്റെ കീഴിൽ ആരോഗ്യസംരക്ഷണത്തിന് 24 മണിക്കുറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ (**1056**) നമ്പർ നിലവിലുണ്ട്.

## 6.8 കേരള സാമൂഹ്യസുരക്ഷാമിഷൻ പദ്ധതികൾ

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന് രൂപം നൽകിയത്. 2009-ൽ കേരള സാമൂഹ്യസുരക്ഷാമിഷൻ പ്രവർത്തനമാരംഭിച്ചു.

നിരാശ്രയരും നിരാലംബരുമായ അഗതികൾ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, വികലാംഗർ രോഗബാധിതരായവർ തുടങ്ങി അവശതയനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ക്ഷേമവും സുരക്ഷയും ഉറപ്പു വരുത്തുകയാണ് സാമൂഹ്യ സുരക്ഷാ മിഷന്റെ പരമമായ ലക്ഷ്യം.

സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി ബൃഹത്തും നൂതനവുമായ പദ്ധതികൾ ജനങ്ങളിലേക്കെത്തിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും ഗ്രാമതലങ്ങളിലേയ്ക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. വിവിധങ്ങളായ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ, വികസനം, ആരോഗ്യം, സാങ്കേതികവിദ്യ, പരിസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിൽ നടക്കുന്ന പഠന പരിപാടികളുടെ ഡോക്യുമെന്റേഷൻ എന്നിവയും സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ലക്ഷ്യങ്ങളാണ്.

കൂടുതൽ വിവരങ്ങൾക്ക്: **വെബ്സൈറ്റ് :www.socialsecuritymission.gov.in**

### 6.8.1 ക്യാൻസർ സുരക്ഷ

18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടിവരുന്നവർക്ക് ചികിത്സാ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാ മിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യവിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

### 6.8.2 താലോലം

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീ രോഗങ്ങൾ, സെറിബ്രൽപാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, എൻഡോസൾഫാൻ ബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാചെലവ് എന്നിവ വഹിക്കുന്നു. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് ചികിത്സാചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷ ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസിലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. 2016/17 സാമ്പത്തികവർഷം മുതൽ ആരോഗ്യ കിരണം പദ്ധതിയുടെ ഭാഗമാണ്.

**താലോലം/ക്യാൻസർ സുരക്ഷ കൗൺസിലർമാരുടെ സേവനങ്ങൾ ലഭ്യമായ വിവരങ്ങൾക്ക് വെബ്സൈറ്റ് www.socialsecuritymission.gov.in .**

### 6.8.3 ശ്രുതിതരംഗം – കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി :

0-5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും, തുടർച്ചയായ ആഡിയോ വെർബൽ റീഹാബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചരലക്ഷം രൂപ വരെ ചെലവ് ചെയ്ത് നടപ്പാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പ്രതിവർഷം രണ്ട് ലക്ഷം രൂപവരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായവ ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ ആശുപത്രി തെരഞ്ഞെടുക്കുന്നവർ സർജറി ചാർജ് സ്വന്തമായി വഹിക്കേണ്ടതാണ്.

സൗജന്യചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരങ്ങൾക്ക് വെബ്സൈറ്റ് (**www.socialsecurity mission.gov.in**) സന്ദർശിക്കുക

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതികവിദഗ്ദരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാമിഷൻ വെബ്സൈറ്റിലും, ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റിലും, സുരക്ഷാമിഷന്റെ ഓഫീസിലും ലഭ്യമാണ്.

**സ്നേഹപൂർവ്വം പദ്ധതി** :

മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തികപരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണിത്.

*മാനദണ്ഡങ്ങൾ :*

നഗര പ്രദേശങ്ങളിൽ 22,375/- രൂപയും ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപയും വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിയ്ക്കുന്നു.

| | | |
|---|---|---|
| 1 മുതൽ 5-ാം ക്ലാസ്സുവരെ | - | 300/- രൂപ |
| 6 മുതൽ 10-ാം ക്ലാസ്സുവരെ | - | 500/- രൂപ |
| +1, +2 ക്ലാസ്സുകൾ | - | 750/- രൂപ |
| ഡിഗ്രി/ പ്രൊഫഷണൽ കോഴ്സുകൾ | - | 1000/- രൂപ |

1. മാതാവിന്റെ/ പിതാവിന്റെ മരണ സർട്ടിഫിക്കറ്റ്.
2. ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻകാർഡിന്റെ കോപ്പി/ വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.
3. നിലവിലുള്ള രക്ഷാകർത്താവിന്റെയും കുട്ടിയുടെയും പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങി ലഭിച്ച പാസ്സ് ബുക്കിന്റെ പകർപ്പ്.
4. ആധാർ കാർഡിന്റെ കോപ്പി

മേൽപ്പറഞ്ഞ രേഖകൾ സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഒക്ടോബർ 31- ന് മുമ്പ് സ്ഥാപനമേധാവികൾക്ക് നൽകേണ്ടതാണ്. എച്ച്.ഐ.വി ബാധിതരായ കുട്ടികൾക്ക് വരുമാനപരിധി ബാധകമാകാതെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്.

*അഞ്ച് വയസ്സിന് താഴെയുള്ള കുട്ടിയാണെങ്കിൽ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നേരിട്ട് അപേക്ഷ നൽകേണ്ടതാണ്.*

സ്നേഹപൂർവ്വം പദ്ധതി ഗുണഭോക്താക്കളും 10,12 ക്ലാസ്സുകളിലെ പൊതുപരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡു നേടിയതുമായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായമായി സ്നേഹപൂർവ്വം എക്സലൻസ് അവാർഡ് നൽകുന്നു.

### 6.8.5 സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ് :

വൈകല്യം തടയൽ, പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സർക്കാർ പ്രത്യേക താൽപര്യമെടുത്ത് തുടങ്ങിയ പരിപാടി. വൈകല്യ പ്രതിരോധ പരിപാടിയുടെ ഭാഗമായി ജന്മനായുള്ള വൈകല്യം തടയുന്നതിനായ് സൗജന്യമായി കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ കുത്തിവയ്പും നൽകുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും കുട്ടികളിലെ വളർച്ചകുറവ് നേരത്തെ കണ്ടുപിടിച്ച് യഥാസമയം ഇടപെടൽ നടത്തുന്നതിനുമുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രവും (District Early Intervention Centre) പ്രവർത്തിക്കുന്നുണ്ട്.

## 6.9 കേരള സംസ്ഥാന ശിശുക്ഷേമസമിതി പ്രവർത്തനങ്ങൾ

### 6.9.1 ദത്തെടുക്കൽ കേന്ദ്രം

സമിതിയുടെ ആസ്ഥാനമായ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ദത്തെടുക്കൽ കേന്ദ്രം രാജ്യത്തെ മികവുറ്റ ദത്തെടുക്കൽ കേന്ദ്രങ്ങളിൽ ഒന്നാണ്. കേന്ദ്ര സർക്കാരിന്റെയും കോടതി വിധിയുടെയും സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെയും (CARA) മാനദണ്ഡങ്ങൾ കർക്കശമായി പാലിച്ചുകൊണ്ടാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്.

**ദത്തെടുക്കൽ**

നിയമപരമായി വിവാഹിതരായ ദമ്പതികൾ, വിവാഹിതർ/വിവാഹമോചനം നേടിയവർ തുടങ്ങിയ ഏതു വ്യക്തികൾക്കും ദത്ത് എടുക്കാവുന്നതാണ്. വിവാഹിതരായവരുടെ കാര്യത്തിൽ ദമ്പതികളിൽ ഒരാളുടെ വയസ്സ് 55 വരെ മാത്രമേ ദത്ത് അനുവദിക്കുകയുള്ളൂ. കൂടാതെ രണ്ടുപേരുടെയും വയസ്സു കൂട്ടുമ്പോൾ 90 വരെയാണ് പ്രായത്തിന്റെ പരിധി. മറ്റു വ്യക്തികളുടെ കാര്യത്തിൽ 30 നും 45 നും ഇടയിൽ പ്രായമുള്ളവർക്കാണ് ദത്ത് എടുക്കാൻ യോഗ്യത. കൂടാതെ താഴെപ്പറയുന്ന യോഗ്യതകൾ കൂടി അനിവാര്യമാണ്.

1. ശാരീരികവും മാനസികവും വൈകാരികവുമായി ആരോഗ്യമുള്ളവരായിരിക്കണം.
2. സൽസ്വഭാവമുള്ളവരും സുദൃഢമായ ദാമ്പത്യ/കുടുംബബന്ധം പുലർത്തുന്നവരുമായിരിക്കണം.

വ്യക്തിപരമായും കുടുംബപരമായും സാമൂഹികപരമായും പാലിക്കേണ്ട ചുമതലബോധുള്ള വരായിരിക്കണം.

### 6.9.3 അങ്കണവാടി പ്രവർത്തക പരിശീലനകേന്ദ്രങ്ങൾ

സമിതിയുടെ കീഴിൽ 10 അങ്കണവാടി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

### 6.9.4 വിവിധതരം അവാർഡുകൾ

സഹജീവികളുടെ ജീവന് പ്രാധാന്യം നൽകികൊണ്ട് ത്യാഗനിർഭരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് ദേശീയ ധീരതാ അവാർഡും, ഏറ്റവും നല്ല പത്രവാർത്തയ്ക്കും വാർത്താ ചിത്രത്തിനും ടി.വി പരിപാടിക്കും മാധ്യമ അവാർഡും കുട്ടികൾ എഴുതി പ്രസിദ്ധികരിച്ച മലയാളം സാഹിത്യരചനകൾക്ക് സാഹിത്യ അവാർഡും നൽകിവരുന്നു.

### 6.9.5 പുനർജനി

തിരുവനന്തപുരം നഗരത്തിലെ ചേരികളിൽ ജനിച്ച നിർദ്ധനരായ കുട്ടികളെ കണ്ടെത്തി അവരെ മികച്ച പൗരന്മാരായി വാർത്തെടുക്കാൻ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ പുനർജനി എന്ന പേരിൽ രണ്ട് മാസം നീണ്ടു നിൽക്കുന്ന അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. രാജാജി നഗർ, പൗണ്ട് കോളനി, കരിമഠം കോളനി എന്നിവിടങ്ങളിലെ 5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന തെരഞ്ഞെടു ക്കപ്പെട്ട 40 പേർക്കാണ് SCERT-യുടെ സഹകരണത്തോടെ പരിശീലനം നൽകിയത്. യോഗ, മെഡിറ്റേഷൻ, വ്യക്തിത്വ മാനസിക നിലവാര പെരുമാറ്റ ശീലങ്ങൾ, പരിസ്ഥിതി - ശാസ്ത്രപഠനം, ഉല്ലാസ യാത്രകൾ എന്നിവയിൽ ഊന്നിയാണ് പരിശീലനം. ഇത് ഒരു തുടർ പരിപാടിയായി ഇപ്പോൾ നടന്നു വരുന്നു.

### 6.9.6 മോണ്ടിസോറി ഹൗസ് ഓഫ് ചിൽഡ്രൻ

ശിശുക്ഷേമ സമിതി ആസ്ഥാനത്ത് മോണ്ടിസ്സോറി ഹൗസ് ഓഫ് ചിൽഡ്രൻ പ്രവർത്തിച്ചു വരുന്നു. രണ്ടര വയസ്സു മുതൽ ആറു വയസ്സുവരെയുള്ള സമിതിയിലേയും സ്ഥലവാസികളായ കുട്ടികളെയും ഉൾപ്പെടുത്തി കുട്ടികളുടെ ഇഷ്ടമനുസരിച്ച് പഠിപ്പിക്കുന്ന സമ്പ്രദായമായ ഈ പദ്ധതി വിജയകരമായി നടത്തി വരുന്നു.

### 6.9.7 ഡോൾസ് മ്യൂസിയം

സമിതി ആസ്ഥാനത്ത് ലോകത്തുള്ള വിവിധയിനം ഡോളുകളുടെ ഒരു ശേഖരണ മ്യൂസിയം കുട്ടികൾക്കായി പ്രവർത്തിച്ചു വരുന്നു.

**കുട്ടികളുടെ വാർഡ്സഭ**

- കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പരിപാടികൾ ആസൂത്രണം ചെയ്യുവാനും നടപ്പിലാക്കുവാനുമുള്ള വേദിയാണ് കുട്ടികളുടെ വാർഡ്സഭ
- അംഗങ്ങൾ 10- 18 നും പ്രായമുള്ള മുഴുവൻ കുട്ടികളും
- കൺവീനർ -വാർഡ്മെമ്പർ
- അദ്ധ്യക്ഷൻ- നഗരസഭാ അദ്ധ്യക്ഷൻ
- സംഘാടനം -ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്
- അങ്കണവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി സംഘാടകസമിതി രൂപീകരിക്കുക
- കോർഡിനേറ്റർ- അങ്കണവാടി വർക്കർ
- കുട്ടികളുടെ സമഗ്രവികസനം ലഭ്യമാക്കികൊണ്ട് അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നഗരസഭയ്ക്ക് കൈമാറുകയും ചെയ്യുക
- കായികവും, മാനസികവുമായ വളർച്ചക്കും, സുരക്ഷിതത്വത്തിനും ഉള്ള അന്തരീക്ഷം ഒരുക്കുക
- മദ്യം, മയക്കുമരുന്ന്, കുട്ടികൾക്കെതിരെയുള്ള പീഢനങ്ങൾ എന്നിവർക്കെതിരെയുള്ള പരിപാടികൾക്ക് നേതൃത്വം നൽകുക

## 6.10 കുട്ടികളുടെ സംരക്ഷണ സംവിധാനം (ഭാഗം–2)

കുട്ടികൾക്ക് നേരിടേണ്ടി വരുന്ന എല്ലാത്തരം അനുചിത പെരുമാറ്റങ്ങളിൽ നിന്നും, അപായകരമായ സാഹചര്യങ്ങളിൽ നിന്നും, കുടുംബത്തിലോ സ്കൂളിലോ സമൂഹത്തിലോ നിരന്തര സമ്പർക്കം ആവശ്യമുള്ള കൂട്ടായ്മകളിലോ സംഭവിക്കാവുന്ന അരക്ഷിതാവസ്ഥകളിൽ നിന്നും പരിരക്ഷണം നൽകുന്നതാണ് സംരക്ഷണം

### 6.10.1 അന്താരാഷ്ട്ര ഉടമ്പടി പ്രകാരം കുട്ടികൾക്കുള്ള സംരക്ഷണം :-

**ഐക്യരാഷ്ട്രസഭയുടെ പൊതുസഭ അംഗീകരിച്ച അന്താരാഷ്ട്ര ഉടമ്പടി അനുച്ഛേദം 19 പ്രകാരം ''മാതാപിതാക്കളിൽ നിന്നോ രക്ഷിതാക്കളിൽ നിന്നോ ഉണ്ടാകാവുന്ന അതിക്രമങ്ങൾ, ചൂഷണം, അവഗണന എന്നിവയിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണം ഭരണകൂടം ഉറപ്പുവരുത്തണം''. മേൽ ഉടമ്പടി അനുച്ഛേദം 34 പ്രകാരം ''ലൈംഗിക ചൂഷണങ്ങളിൽ നിന്നും പരിരക്ഷ നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണ്''.**

ലോകത്ത് ഏറ്റവും കൂടുതൽ കുട്ടികളുള്ള രാജ്യം ഇന്ത്യയാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ 15 (3) അനുച്ഛേദം കുട്ടികൾക്ക് പ്രത്യേക പരിരക്ഷ നൽകുന്ന വ്യവസ്ഥകൾ ഉണ്ടാക്കുവാൻ രാഷ്ട്രത്തെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംരക്ഷണം കുട്ടികളുടെ മൗലികാവകാശമാണ്. മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം കുട്ടികളെ അവരുടെ ഇളംപ്രായത്തിൽ ഒരു വിധത്തിലും ദുരുപയോഗപ്പെടുത്താതിരിക്കുന്നതിനും ആരോഗ്യകരമായ രീതിയിൽ അവരുടെ വികാസം ഉറപ്പാക്കുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ഭരണഘടന രാഷ്ട്രത്തിന് നൽകിയിട്ടുണ്ട്.

ഇതിനുപുറമേ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 1989 നവംബർ 20- ന് അംഗീകരിച്ച ബാലാവകാശത്തിന്മേലുള്ള ഉടമ്പടിയ്ക്ക് 1992 ഡിസംബർ 11-ാം തീയതി ഭാരത സർക്കാരും അംഗീകാരം നൽകിയിട്ടുണ്ട്. കുട്ടികളുടെ അവകാശസംരക്ഷണത്തിനായി ഓരോ അംഗരാജ്യവും അനുവർത്തിക്കേണ്ട നടപടികൾ പ്രസ്തുത ഉടമ്പടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഇതിനും മുമ്പോ നമ്മുടെ ഭാരതം കുട്ടികളെ അങ്ങേയറ്റം ശ്രേഷ്ഠവും പ്രധാനപ്പെട്ടതുമായ മുതൽക്കൂട്ടായി പ്രഖ്യാപിക്കുകയും അതംഗീകരിച്ച് കുട്ടികൾക്കായി ഒരു ദേശീയ നയപ്രഖ്യാപനം നടത്തുകയും ചെയ്ത് ലോകരാഷ്ട്രങ്ങൾക്ക് മാതൃക കാട്ടുകയുണ്ടായി.

ഭാരതത്തിന്റെ ഭരണഘടന നമുക്ക് ഉറപ്പ് തരുന്ന മൗലികാവകാശങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം, വ്യവസായശാലയിലെ തൊഴിലും മറ്റ് അപകടകരമായ ജോലി ചെയ്യിപ്പിക്കുന്നതിനെതിരെയുള്ള സംരക്ഷണം, ശൈശവാരംഭത്തിലുള്ള പരിചരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള വ്യവസ്ഥ, പോഷകാഹാര നിലവാരം ഉയർത്തുന്നതിനുള്ള വ്യവസ്ഥ എന്നിവയും കുട്ടികളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. കുട്ടികളുടെ സമഗ്ര വികാസവും സുരക്ഷിതത്വവും ഉറപ്പു വരുത്തേണ്ടത് രാജ്യത്തിന്റെ പ്രഥമ കർത്തവ്യമാണ്. കുട്ടികളിൽ വളർച്ചയ്ക്കും വികാസത്തിനും തുല്യാവസരം നൽകണമെന്ന് കുട്ടികളുടെ ദേശീയനയത്തിൽ പ്രതിപാദിക്കുന്നു. ആയതിനാൽ, സംരക്ഷണവും അന്തസ്സും ഉറപ്പുവരുത്തിക്കൊണ്ട് വേർതിരിവും വ്യത്യാസവുമില്ലാത്ത സന്തോഷകരമായ കുട്ടിക്കാലം ഓരോ കുട്ടിയുടെയും അവകാശമാണ്.

ഇതിനുപുറമേ, 'ബാലാവകാശങ്ങൾ' എന്ന പേരിൽ ഒരു കൂട്ടം അവകാശങ്ങൾ കുട്ടികൾക്കായി നിലവിലുണ്ട്. ഐക്യരാഷ്ട്രസഭ 1989-ൽ അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടിയിൽ കുട്ടികളുടെ അതിജീവനം, ആരോഗ്യം, സംരക്ഷണം, വികസനം, വിദ്യാഭ്യാസം, പങ്കാളിത്തം എന്നീ അടിസ്ഥാന അവകാശങ്ങൾക്ക് പ്രത്യേക പ്രാതിനിധ്യം നൽകുന്നു.

### 6.10.2 കേരളത്തിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

മാറിയ ജീവിത സാഹചര്യവും സാങ്കേതികവിദ്യകളുടെ കടന്നുകയറ്റവും മൂലം കേരളത്തിലെ കുട്ടികൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ അനവധിയാണ്. ഒന്നാംതലമുറ പ്രശ്നങ്ങൾ നിലനിൽക്കുന്നതോടൊപ്പം നിരവധി രണ്ടാംതലമുറ പ്രശ്നങ്ങളും ഇന്നത്തെ കുട്ടികൾ നേരിടുന്നു. അതിൽ പ്രധാനപ്പെട്ടത് കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടതാണ്. വിദേശത്ത് ജോലിക്കാരായ മാതാപിതാക്കളുടെ കുട്ടികൾ,മൊബൈൽ, ഇന്റർനെറ്റിന്റെ അമിത ഉപയോഗം, മാനസികാരോഗ്യക്കുറവ് ഇവയെല്ലാം കുട്ടികളെ മദ്യ-മയക്കുമരുന്ന് ഉപയോഗക്താക്കളാക്കുകയും സൈബർക്രൈം വർദ്ധിക്കുകയും ചെയ്യും. ഇവയിൽ പ്രധാനപ്പെട്ട രണ്ടാംതലമുറ പ്രശ്നങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

- രക്ഷിതാക്കളുടെ മദ്യപാനം
- ആത്മഹത്യാ പ്രവണത
- മാനസികാരോഗ്യകുറവ്
- കുട്ടികളുടെ ഇടയിൽ വർദ്ധിച്ചു വരുന്ന മദ്യപാന-മയക്കുമരുന്ന് ശീലങ്ങൾ
- സൈബർക്രൈം
- മൊബൈൽ/ഇന്റർനെറ്റ് സംവിധാനങ്ങളുടെ ദുരുപയോഗം
- വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ
- കുടിവെള്ള മലിനീകരണവും ജലജന്യരോഗങ്ങളും
- മാതാപിതാക്കൾ വിദേശത്തുള്ള കുട്ടികൾ

- കുടുംബത്തിൽ കുട്ടികൾ അനുഭവിക്കുന്ന അവഗണനയും പീഡനവും
- ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ വിദ്യാഭ്യാസ – ആരോഗ്യ ആവശ്യങ്ങൾ

ഈയൊരു സാഹചര്യത്തിൽ കുട്ടികളുടെ അവസ്ഥ അസുരക്ഷിതവും പ്രവചനാതീതവുമാണ്. അത് കൊണ്ട് സർക്കാർ കുട്ടികൾക്ക് വേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

## 6.10.3 കുട്ടികളുടെ സംരക്ഷണത്തിനായി കേരളസർക്കാരിന്റെ സംവിധാനങ്ങൾ

#### 6.10.3.(1) കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്രസർക്കാർ 2005– ൽ 'ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്ട്' എന്ന പേരിൽ ഒരു നിയമം പാസ്സാക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ സ്ഥാപിതമായി. 2013 ജൂൺ 3– നാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്.

#### 6.10.3.(2) കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും:

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് വിപുലമായ അധികാരങ്ങളാണ് സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനുള്ളത്. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലവിലുള്ള ഏതു നിയമത്തിലുമുള്ള വ്യവസ്ഥകൾ പരിശോധിക്കുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ബാലാവകാശ ലംഘനവും നിഷേധവും സംബന്ധിച്ച

കേസുകൾ അന്വേഷണ-വിചാരണ ചെയ്യുന്നതിനും അത്തരം കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഉചിതമായ കേസുകളിൽ നഷ്ടപരിഹാരം നൽകുവാൻ ശുപാർശ ചെയ്യുന്നതിനും ഒരു സിവിൽ കോടതിയുടെ അധികാരം നൽകപ്പെട്ടിട്ടുള്ള കമ്മീഷന് അധികാരമുണ്ട്. കൂടാതെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ആക്ട് 2009 (ആർ.റ്റി.ഇ ആക്ട്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (പോക്സോ ആക്ട്) എന്നിവയുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള അധികാരവും ബാലാവകാശ സംരക്ഷണ കമ്മീഷനുണ്ട്. കമ്മീഷന് സമർപ്പിക്കുന്ന പരാതികൾ സാധാരണ കടലാസിൽ എഴുതി സമർപ്പിച്ചാൽ മതി. അപേക്ഷാ ഫീസോ, സ്റ്റാമ്പോ, അഭിഭാഷകന്റെ സേവനമോ ആവശ്യമില്ല.

**വിലാസം:**

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ,**
**റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,**
**കേരള യൂണിവേഴ്സിറ്റി പി.ഒ,**
**തിരുവനന്തപുരം – 695 034**

### 6.10.3.(3) സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുവാൻ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പിയുടെ കീഴിൽ ജില്ലാതല സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

### 6.10.3.(4) ജുവനൈൽ പ്രൊബേഷൻ സർവ്വീസ്

ബാലനീതി നിയമപ്രകാരം കുട്ടികളെക്കുറിച്ചുള്ള അന്വേഷണം, മേൽനോട്ടം തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ജുവനൈൽ ജസ്റ്റിസ് പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജുവനൈൽ കേസുകൾ കൈകാര്യം ചെയ്യുന്നത് പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് വ്യവസ്ഥയനുസരിച്ച് നിയമിച്ച പ്രൊബേഷൻ ഓഫീസർമാരാണ്.

### 6.10.3.(5) ജുവനൈൽ ജസ്റ്റിസ് ബോർഡ്

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുമായി ബന്ധപ്പെട്ട നിയമ നടപടിക്രമങ്ങൾ അനുകമ്പയോടെയും സമഗ്രമായും കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ച സംവിധാനമാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്. ഒബ്സർവേഷൻ ഹോമുകളോട് അനുബന്ധിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റാണ് ബോർഡിന്റെ പ്രിൻസിപ്പൽ മജിസ്ട്രേറ്റ്. കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചിട്ടുള്ള രണ്ട് സാമൂഹ്യപ്രവർത്തകരെയും (ഒരാൾ വനിത) ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നു.

### 6.10.3.(6) ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ

ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ അവകാശം, സംരക്ഷണം, സുരക്ഷ, പുനരധിവാസം എന്നിവയെക്കുറിച്ച് അന്വേഷിച്ച് പുനരധിവാസ നടപടികളെടുക്കുകയാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രാഥമിക ചുമതലകൾ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും (ഒരാൾ

വനിത) ഉൾപ്പെടുന്നതാണ് ഈ കമ്മിറ്റി. ഒരു കമ്മിറ്റിയുടെ കാലാവധി 3 വർഷമാണ്. ബാലനീതി സ്ഥാപനങ്ങളോടനുബന്ധിച്ചാണ് ഇത് പ്രവർത്തിക്കുന്നത്.

#### 6.10.3.(7) സ്റ്റേറ്റ് ചൈൽഡ് പോളിസി

കുട്ടികൾക്ക് ക്വാളിറ്റി സർവ്വീസസ് ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും സുരക്ഷിതമായ അന്തരീക്ഷം നൽകുന്നതിനും ഉന്നമനത്തിന് ആവശ്യമായ അവസരങ്ങൾ നല്കുന്നതിനും എല്ലാതരം അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനും കുട്ടികൾക്ക് തനതായ പങ്കാളിത്തം നൽകുന്നതിനും സംസ്ഥാനനയം ഉറപ്പ് നൽകുന്നു.

### 6.10.4 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്

കേരള ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ചുവടെ കൊടുക്കുന്നു.

1) ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ ആക്ട്) 1960. ഈ നിയമത്തിന്റെ വകുപ്പ് 5 ഉപവകുപ്പ് (1) പ്രകാരം ആണ് ഓർഫനേജ് കൺട്രോൾ ബോർഡ് പ്രവർ ത്തിക്കുന്നത്.

2) കേരള സ്റ്റേറ്റ് (ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോൾ റൂൾസ് 1962 (Notification No.46658/B4/61/Home, dated 21/06/62). ഈ ചട്ടങ്ങൾ GO(MS) No.276/65 dated 24/07/65, Home (B)Dept,GO (P)No. 13/2008/SWD dated 20/02/2008, GO (P)No. 48/2013/SJD dated 17/06/2013, GO (P)No. 25/2012/SWD dated 13/04/2012,GO (MS) No.12/2010/SWD dated 11/02/2010 SWD (B) Dept എന്നിവ പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

3) സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ GO(P)No. 45/2012/SWD, dated 24/07/2012പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

### 6.10.5 അന്തേവാസികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റുകൾ

14/01/2015 -ലെ സ.ഉ (സാധാ) നം. 17/15/സാനീവ ഉത്തരവ് പ്രകാരം പ്രതിമാസം ഒരു അന്തേവാസിക്ക് 1000/- രൂപ നിരക്കിൽ 01/01/2015 മുതൽ പ്രാബല്യത്തിൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. മറ്റ് ഗ്രാന്റുകളെ സംബന്ധിച്ചുള്ള ഉത്തരവുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അനാഥാലയങ്ങൾ | - GO(MS)No. 376/64/Home ,dated 17/08/1964 |
| ഫൗണ്ടിലിംഗ് ഹോം | - GO (MS)No.96/72/LA/SWD, dated 27/03/1972 |
| വൃദ്ധ സദനം | - GO (MS)No. 93/92/Home, dated 09/03/1992 |
| ബെഗ്ഗർ ഹോം | - GO (MS) No.53/66/Home, dated 10/02/1966 |
| വിഭിന്നശേഷിയുള്ളവരുടെ ഭവനം | - GO (MS)No. 10/86/SWD, dated 16/04/1986 |
| സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ | - GO (RT)No. 511/12/SJD, dated 27/11/2012 |

ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട്, 1960 പേഴ്സൺ വിത്ത് ഡിസബിലിറ്റീസ് ആക്ട് എന്നിവ പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും അംഗീകാരം പുതുക്കി നൽകുന്നതും അവയുടെ മേൽനോട്ട നിരീക്ഷണം നിർവ്വഹിക്കുന്നതും ബോർഡ് ആണ്. ഗ്രാന്റ് ഇൻ എയ്ഡും മറ്റു പദ്ധതികളും ബോർഡ് ജീവനക്കാർ സാമൂഹ്യനീതി ഡയറക്ടറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചു വരുന്നു.

### 6.10.6 സംയോജിത ബാലസംരക്ഷണപദ്ധതി (ICPS)

കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സംരക്ഷണത്തിന് രാജ്യത്തെമ്പാടും 2009-10 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് സംയോജിത ബാലസംരക്ഷണപദ്ധതി.

ദുർഘടസാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളുടെ ക്ഷേമം മെച്ചപ്പെടുത്തുകയും അതോടൊപ്പം ദുരുപയോഗം, അവഗണന, ചൂഷണം തുടങ്ങിയ പ്രവൃത്തികളും മാതാപിതാക്കൾ കുട്ടികളെ ഉപേക്ഷിക്കുകയും കുട്ടികളിൽനിന്ന് വേർപിരിഞ്ഞ് താമസിക്കുകയും ചെയ്യുന്ന സാഹചര്യവും മൂലം കുട്ടികൾക്കുണ്ടാകുന്ന അപകടാവസ്ഥ ഒഴിവാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

കരുതലും സംരക്ഷണവും ആവശ്യമുളള കുട്ടികൾക്കും നിയമത്തോട് പൊരുത്തപ്പെടാതെ ജീവിക്കുന്ന കുട്ടികൾക്കും അപകടാവസ്ഥയിലുളള ഏതൊരു കുട്ടിക്കും 2000-ലെ ബാലനീതി (കുട്ടികളുടെ കരുതലും സംരക്ഷണവും) നിയമവും അതിന്റെ 2006-ലെ ഭേദഗതിയും അനുസരിച്ച് കരുതലും പുനധിവാസ സൗകര്യങ്ങളും പ്രദാനം ചെയ്യുന്നു. സംസ്ഥാനസർക്കാരുകളും കേന്ദ്രഭരണപ്രദേശങ്ങളും നേരിട്ടോ എൻ.ജി.ഒ.-കൾ മുഖേനയോ കുട്ടികൾക്കുവേണ്ടി ചെയ്യുന്ന സേവനങ്ങൾക്ക് സാമ്പത്തിക സഹായവും ഈ പരിപാടി ലക്ഷ്യമാക്കും. ഇതിൽ ഉൾപ്പെട്ടിരിക്കുന്ന സേവനങ്ങൾ:

- കുട്ടികൾക്കുവേണ്ടി വിവിധതരത്തിലുളള സംരക്ഷണഭവനങ്ങൾ
- ചൈൽഡ്ലൈൻ വഴി അടിയന്തിരസേവനങ്ങൾ
- കരുതലും സംരക്ഷണവും ആവശ്യമുളള കുട്ടികൾക്ക് നഗരങ്ങളിലും അർദ്ധനഗരങ്ങളിലും ഷെൽട്ടറുകൾ.
- സ്പോൺസർഷിപ്പ്, വളർത്തുസംരക്ഷണം, ദത്തെടുക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കുടുംബാധിഷ്ഠിതവും സ്ഥാപനേതരവുമായ കരുതൽ

### 6.10.7 ചൈൽഡ്ലൈൻ

കേന്ദ്രവനിത ശിശുക്ഷേമമന്ത്രാലയത്തിന്റെ കീഴിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന അടിയന്തിര ഫോൺ സേവനം (1098). ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് അടിയന്തിരഘട്ടങ്ങളിൽ സഹായം ഉറപ്പ് വരുത്തുന്നു. ഭാരതത്തിൽ എല്ലാ ജില്ലാകളിലും ചൈൽഡ് ലൈൻ സേവനം ലഭ്യമായ ഏക സംസ്ഥാനം കേരളമാണ്.

### 6.10.8 ബാലമിത്രം

കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷൻ

### 6.10.9 സ്നേഹിത

കുടുംബശ്രീയുടെ സഹായസംവിധാനമാണിത്. സ്ത്രീകൾക്കും കുട്ടികൾക്കും ഈ സഹായം ലഭ്യമാക്കുന്നു. ശാരീരിക-മാനസിക ഗാർഹിക പീഡനങ്ങളിൽ നിന്നുമുള്ള സംരക്ഷണം. 24 മണിക്കൂർ താമസസൗകര്യം, കൗൺസലിംഗ്, നിയമസഹായം തുടങ്ങിയ സേവനങ്ങൾ ഉറപ്പ് വരുത്തുന്നു.

### 6.10.10 KeCRO (Kerala Child Rights Observatory)

യൂണിസെഫിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ കൺസോർഷ്യം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു.

### 6.10.11 DCPU (District Child Protection Unit)

8 ഓഫീസർമാരുള്ള സംരംഭം. പ്രധാനമായും 3 തരം കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

1) പ്രത്യേക പരിഗണനയും ശ്രദ്ധയും അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി (ഉദാ: അനാഥർ, ഭിന്നശേഷിയുള്ളവർ)
2) കുറ്റകൃത്യത്തിന് ഇരയായ കുട്ടികൾ (ഉദാ: ചൂഷണത്തിന് വിധേയരായ കുട്ടികൾ, ബാലവേലയിൽ അകപ്പെട്ട കുട്ടികൾ, ശിക്ഷിക്കപ്പെട്ടവരുടെ കുട്ടികൾ)
3) നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ (ഉദാ; കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികൾ
4) ചൈൽഡ് പ്രൊട്ടക്ഷൻ സമിതികൾ, പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്നു.

### 6.10.12 സാമൂഹ്യനീതി വകുപ്പുവഴിയുള്ള സ്ഥാപനങ്ങൾ

### 6.10.12 (1) സ്പെഷ്യൽ ഹോം

കുറ്റം ചെയ്തതായി കണ്ടെത്തുന്ന കുട്ടികളെ ജെ.ജെ. ആക്ടിന്റെ വകുപ്പ് 10 സി പ്രകാരം, ഉചിതമായ പുനരധിവാസ നടപടികൾ എടുക്കുന്നതിനു വേണ്ടിയാണ് സ്പെഷ്യൽ ഹോം സ്ഥാപിച്ചിട്ടുള്ളത്. ആൺകുട്ടികൾക്കായി തിരുവനന്ത പുരത്തും, പെൺകുട്ടികൾക്കായി കോഴിക്കോടും ഓരോ സ്പെഷ്യൽ ഹോമുകൾ പ്രവർത്തിക്കുന്നു. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവിൻ പ്രകാരമാണ് കുട്ടികളെ ഇവിടെ പ്രവേശിപ്പിക്കുന്നത്.

### 6.10.12 (2) ഒബ്സർവേഷൻ ഹോം

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളെ കേസുകൾ തീർപ്പ് കൽപ്പിക്കുന്നതുവരെ പാർപ്പിക്കുന്ന താൽക്കാലിക നിരീക്ഷണ കേന്ദ്രങ്ങളാണ് ഒബ്സർവേഷൻ ഹോമുകൾ. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ സാധാരണയായി നാല് മാസത്തേയ്ക്കാണ് ഇവിടെ പാർപ്പിക്കുന്നത്. ഇടുക്കി ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിലും ഒബ്സർവേഷൻ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. പെൺകുട്ടികൾക്കുള്ള ഏക ഒബ്സർവേഷൻ ഹോം കോഴിക്കോട് ജില്ലയിലാണ് പ്രവർത്തിക്കുന്നത്.

### 6.10.12(3) ചിൽഡ്രൻസ് ഹോം

ബാലനീതി നിയമം 2002-ലെ 2 (ഡി) വകുപ്പിൽ നിർവചിച്ചിട്ടുള്ള പരിചരണവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പുനരധിവാസത്തിനുംവേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണ് ചിൽഡ്രൻസ് ഹോം. കേരളത്തിലെ എട്ട് ചിൽഡ്രൻസ് ഹോമുകളിൽ ആറെണ്ണം ആൺകുട്ടികൾക്കുള്ളതാണ്. സമൂഹത്തിലെ സാമ്പത്തികവും, സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ, വീടില്ലാത്ത കുട്ടികൾ, ജീവിതമാർഗ്ഗമില്ലാത്ത കുട്ടികൾ, ബാലവേലയിൽ നിന്നും മോചിപ്പിക്കപ്പെട്ട കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ചൈൽഡ്ലൈൻ വഴി രക്ഷിക്കപ്പെട്ട കുട്ടികൾ തുടങ്ങി ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ളവരെയാണ് ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്നത്. ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ ഉത്തരവിൻ പ്രകാരമാണ് പ്രവേശനം അനുവദിക്കുന്നത്.

### 6.10.12 (4) നിർഭയ ഷെൽട്ടർ ഹോം

നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ ലൈംഗിക പീഡനത്തിനിരയായ പെൺകുട്ടികളെ സുരക്ഷിതമായി പാർപ്പിക്കാൻ നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. ഈ ഹോമുകളുടെ നടത്തിപ്പ് ചുമതല തെരഞ്ഞെടുത്ത എൻ.ജി.ഒ മാർക്കാണ്. പീഡനത്തിനിരയായ പെൺകുട്ടികളെ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരവും മുതിർന്ന സ്ത്രീകളാണെങ്കിൽ കോടതി ഉത്തരവ് പ്രകാരവുമാണ് ഷെൽട്ടർ ഹോമുകളിൽ പാർപ്പിക്കുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നും (പൂജപ്പുര- 2, വെഞ്ഞാറമൂട് -1), ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിൽ ഓരോന്നു വീതവും ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

### 6.10.12 (5)നിർഭയ പദ്ധതി

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള സർക്കാരിന്റെ നൂതന പദ്ധതിയാണ് ''നിർഭയ''എന്ന പേരിൽ അറിയപ്പെടുന്നത്. ഇതിനായി ഒരു നയം 13.03.2012 ലെ ജി.ഒ(എം.സ്) 17/2012 പ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ നയം ബാല പീഡനം, ലൈംഗിക അതിക്രമം, വേശ്യാവൃത്തിക്കുവേണ്ടിയുള്ള പെൺവാണിഭം, ഇവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും 4 പ്രധാന മേഖലയിൽ ഉള്ള ഇടപെടൽ നടത്താനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നിവയാണ് പ്രസ്തുത മേഖലകൾ.

ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല സമിതിയും, ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രി ചെയർമാനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ജില്ലാതല നിർഭയ കമ്മിറ്റിയും, പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുൻസിപ്പൽ ചെയർമാൻ/മേയർ ചെയർമാനായി ജാഗ്രതാ സമിതികളും പ്രവർത്തിക്കുന്നു. നിർഭയ പദ്ധതിയുടെ നയപരമായ പരിപാടി നടത്തിപ്പുകൾക്കായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഒരു നിർഭയസെല്ലും പ്രവർത്തിക്കുന്നു.

### 6.10.12 (6) വൺ സ്റ്റോപ്പ് ക്രൈസിസ് സെൽ

ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ഒരു കുടക്കീഴിൽ വൈദ്യ സഹായം, നിയമ സഹായം, പോലീസ് സഹായം, കൗൺസലിംഗ് തുടങ്ങിയവ നൽകുന്നതിനാണ് വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ സ്ഥാപിച്ചിട്ടുളളത്. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് (<u>www.sjd.kerala.gov.in)</u> സന്ദർശിക്കുക.

### <u>6.10.12 (7)</u> നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ

ഹെൽപ്പ് ലൈൻ നമ്പർ – 1800 425 1400, നിർഭയ സെൽ ഫോൺ നമ്പർ – 0471 2343466,

ഇ-മെയിൽ – <u>nirbhayacell@gmail.com</u>

### 6.10.12(8) ദിശ DISHA (DistrictIntervention System for Health Awareness)

നാഷണൽ ഹെൽത്ത് മിഷ്യന്റെ കീഴിൽ ടെലിഫോൺ മുഖാന്തരം 24 മണിക്കൂറും ആരോഗ്യ പ്രശ്നങ്ങൾക്ക് സൗജന്യ പരിഹാര സേവനം

## 6.10.12 (9) ഭൂമിക

നാഷണൽ ഹെൽത്ത് മിഷ്യന്റെ കീഴിൽ എല്ലാ ജനറൽ താലൂക്ക് ആശുപത്രികളിലും പലവിധ പീഢനങ്ങൾക്ക് വിധേയരായ സ്ത്രീകൾക്ക് സൗജന്യ കൗൺസിലിംഗ് ആരോഗ്യ നിയമ സഹായം ലഭ്യമാക്കുകയാണ് ഭൂമിക. ഭൂമികയിലൂടെ വനിത കൗൺസിലറുടെ സഹായം ലഭ്യമാണ്. ഇരയായവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിനായി വനിത കൗൺസിലർ, തദ്ദേശ സർക്കാർ, നിയമ വിദഗ്ദ്ധർ, പോലീസ്, സാമൂഹ്യ ക്ഷേമസംഘടനകൾ ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സഹായം ലഭ്യമാക്കുന്നു. 14 ജില്ലകളിലുമുള്ള ജില്ലാ താലൂക്ക് ആശുപത്രികളിലും ഈ സേവനം ലഭ്യമാണ്.

## 6.10.12 (10) സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്ട്

അച്ചടക്കവും നിയമത്തോടുള്ള താല്പര്യവും ജീവിതശൈലിയായുള്ളവർക്കായി സമാധാനവും മൂല്യാധിഷ്ഠിതവുമായ ഒരു സമൂഹം വാർത്തെടുക്കുന്നതിനായി ഉത്തരവാദിത്തമുള്ള യുവജനതയെ രൂപപ്പെടുത്തുന്നതിന് സ്കൂൾ അടിസ്ഥാനമാക്കിയുള്ള ഒരു പാഠ്യേതര നൂതന സംരംഭമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC). എല്ലാ സാമൂഹിക തിന്മകളോടുള്ള പ്രതിരോധവും സമൂഹത്തിലെ അപായമേഖലയിലുള്ളവരോടുള്ള തന്മയത്വവും പൗരബോധവും അച്ചടക്കവും കാര്യപ്രാപ്തിയും നിയമത്തോടുള്ള വിധേയത്വവും മനസ്സിലാക്കി ഹൈസ്കൂൾ വിദ്യാർത്ഥികളെ ജനാധിപത്യപരമായ ഒരു സമൂഹത്തിന്റെ ഭാവി നേതാക്കളായി വാർത്തെടുക്കാനുള്ള ഒരു പരിശീലനമാണ് ഈ പ്രോജക്ട്. ഗതാഗത-വന-എക്സൈസ് വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അഗ്നിശമന - കായിക വകുപ്പുകൾ എന്നിവയുടെ ഒരു കൂട്ടായ്മയിലൂടെയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

കൊച്ചി സിറ്റി പോലീസിന്റെ 2006-ലെ '**ജനകീയം**' എന്ന സമൂഹത്തിലുള്ള സംരംഭത്തിലാണ് ദീർഘദൃഷ്ടിയുള്ള സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്ടിന്റെ വേരുകൾ. ഈ സമ്മേളനത്തിൽ പങ്കെടുത്ത കുട്ടികൾ പോലീസിൽ കുട്ടികളുടെ പരാതികൾ ബോധിപ്പിക്കുന്നതിനായുള്ള ഇടവും പോലീസിനെ ശിശു സൗഹാർദ്ദപരമാക്കുന്നതിനുള്ള നടപടികളും അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ച് പരീക്ഷണാർത്ഥം ആദ്യം എറണാകുളം ജില്ലയിലും പിന്നീട് ആലപ്പുഴ ജില്ലയിലുമുള്ള തെരഞ്ഞെടുക്കപ്പെട്ട കുറച്ച് സ്കൂളുകളിൽ ഒരു സ്റ്റുഡന്റ് പോലീസ് പ്രോജക്ട് തുടങ്ങി. കുട്ടികളുടെ പഠന നിലവാരത്തിലുള്ള ഉയർച്ചയിലും, കുട്ടികളുടെ സഹായത്തോടെ സ്കൂൾ തലത്തിൽ വഴിതെറ്റിയ സ്വഭാവരീതികളുണ്ടെന്ന പോലീസിന്റെ കണ്ടെത്തലിലും, ചൂഷണത്തെ തടയുന്നതിൽ പെൺകുട്ടികളെ ശക്തിപ്പെടുത്തുന്നതിലും പ്രാധാന്യമർഹിക്കുന്ന മെച്ചപ്പെടുത്തലുകൾ കൊണ്ട് കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ നല്ല ഫലങ്ങൾ നൽകാൻ ഈ സംരംഭത്തിന് കഴിഞ്ഞിട്ടുണ്ട്.

**പ്രോജക്റ്റ് ലക്ഷ്യങ്ങൾ**

- അച്ചടക്കവും നിയമത്തോടുള്ള വിധേയത്വവും ജീവിതശൈലിയായുള്ളവർക്കായി കരുതലും സമാധാനവും മൂല്യധിഷ്ഠിതവുമായ ഒരു സമൂഹം വാർത്തെടുക്കുന്നതിനായി ഉത്തരവാദിത്തമുള്ള യുവജനതയെ വാർത്തെടുക്കുക
- പൗരബോധവും സാമൂഹിക ഉത്തരവാദിത്വവും സേവനമനസ്കതയും സമൂഹത്തിലെ സഹജീവികളോടുള്ള സ്നേഹവും സ്കൂൾ കുട്ടികളിൽ വളർത്തിയെടുക്കുക
- എല്ലാവരിലുമുള്ള നിഷ്ക്രിയനായ പോലീസ് മനോഭാവത്തെ ഉണർത്തുക
- കുട്ടികളിൽ മതേതരമായ കാഴ്ച്ചപ്പാടുകളും അന്വേഷണാത്മകതയും നിരീക്ഷണപാടവവും നേതൃത്വഗുണവും സാഹസികതയോടുള്ള പ്രണയവും വളർത്തിയെടുക്കുക
- പോലീസിനോടൊപ്പം ചേർന്ന് ആഭ്യന്തര സുരക്ഷിതത്വം മെച്ചപ്പെടുത്താനും കുറ്റകൃത്യങ്ങളെ ഇല്ലാതാക്കാനും ക്രമസമാധാനം നിലനിർത്തുന്നതിനും ഗതാഗത നിയന്ത്രണത്തിന് സഹായിക്കാനും വിദ്യാർത്ഥികളെ കെൽപ്പുള്ളവരാക്കുക

- പ്രകൃതിയെ സ്നേഹിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനുള്ള അവബോധം നൽകുന്നതിനും ദുരന്തങ്ങളിൽ സജീവമായി നിലകൊള്ളുന്നതിനുള്ള സന്നദ്ധതയ്ക്കും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക
- കൃത്യനിഷ്ഠ (P) അനുസരണശീലം(O), മഹാമനസ്കത(L), ഉൾക്കൊള്ളൽ(I), ധൈര്യം(C), കാര്യക്ഷമത (E) POLICE എന്നീ ഗുണങ്ങൾ വളർത്തിയെടുക്കുക

**പ്രവർത്തനങ്ങൾ**

- സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് വേണ്ടിയുള്ള കായിക മത്സരങ്ങളിലും, വ്യായമ പരിശീലനങ്ങളിലും, സൈനികാഭ്യാസങ്ങളിലും, ക്യാമ്പുകളിലും, സ്റ്റഡിക്ലാസ്സുകളിലും വിനോദയാത്രകളിലും പങ്കെടുക്കുക
- സർക്കാർ - സർക്കാരിതര സംഘടനകളോട് ചേർന്ന് സംഘടിപ്പിക്കുന്ന നിയമ വിദ്യാഭ്യാസ പരിപാടികളിൽ പങ്കെടുക്കുക
- മയക്കു മരുന്നുകൾക്കും തീവ്രവാദത്തിനുമെതിരെ ജനങ്ങളെ സംഘടിപ്പിക്കുകയും, ചെറുനാടകങ്ങളും, ഏകാഭിനയങ്ങളും, സിനിമാ പ്രദർശനങ്ങളും, റോഡ്ഷോകളും അവതരിപ്പിക്കുകയും ചെയ്യുക
- ക്ലാസ്മുറികൾക്കുള്ളിലും പുറത്തുമുള്ളതായ അച്ചടക്കരാഹിത്യം ശ്രദ്ധിക്കുകയും അവ പ്രധാനാധ്യാപകരുടെയും അദ്ധ്യാപകരുടെയും ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക
- രാജ്യത്തിന്റെ ദേശീയ ഉത്സവങ്ങൾ ആഘോഷിക്കുകയും ദേശീയ ചിഹ്നങ്ങളെ വന്ദിക്കുകയും രാജ്യത്തിന്റെ വളർച്ചയിലും സമൃദ്ധിയിലും അഭിമാനം കൊള്ളുകയും ചെയ്യുക
- കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാനും ക്രമസമാധാനം നിലനിർത്തുന്നതിനും യുവതലമുറയെ പോലീസുമായി ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിന് ആസൂത്രണം ചെയ്യുക
- വിദ്യാർത്ഥികളുടെ കൂട്ടായ്മകളിൽ പോലീസ് ഹെൽപ്പ്ലൈൻ, ക്രൈം സ്റ്റോപ്പേഴ്സ് തുടങ്ങിയ സേവനം ലഭ്യമാക്കുന്ന ഫോൺ നമ്പറുകൾ പ്രചരിപ്പിക്കുക
- കുറ്റകൃത്യങ്ങളെ എതിർക്കുന്നതിനായി ആവശ്യത്തിനുള്ള വിവരങ്ങൾ പോലീസിന് കൈമാറാൻ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും പ്രേരിപ്പിക്കുക
- പോലീസും പൊതുസമൂഹവും തമ്മിലുള്ള അകലം കുറക്കാൻ ശ്രമങ്ങൾ നടത്തുക
- പോലീസ് നടപടിക്രമങ്ങൾ മനസിലാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലേക്കും കോടതികളിലേക്കും ജയിലുകളിലേക്കും സന്ദർശനങ്ങൾ സംഘടിപ്പിക്കുകയും പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക
- വ്യക്തിത്വ നൈപുണ്യവും നേതൃത്വപാടവും മെച്ചപ്പെടുത്തുന്നതിനായി വിവിധതരം പ്രോഗ്രാമുകളിൽ പങ്കെടുക്കുക (സ്കൂളിന്റെ അകത്തും പുറത്തും നടക്കുന്ന എല്ലാ എസ്. പി. സി പ്രവർത്തനങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനത്തിന്റെ മേലധികാരിക്കായിരിക്കും)

**സമൂഹത്തിന് ലഭിക്കുന്ന പ്രയോജനങ്ങൾ**

- ജനാധിപത്യ ഭരണനിർവഹണം
- സാമ്പത്തിക വളർച്ച
- പോലീസ് സ്ഥാപനങ്ങളിലെ മനോഭാവത്തിലുള്ള മാറ്റം

**പ്രോജക്ട് ഒഫീഷ്യൽസ്**

- സ്റ്റേറ്റ് നോഡൽ ഓഫീസർ
- ജില്ലാ നോഡൽ ഓഫീസർ
- പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസർ
- കായിക അദ്ധ്യാപകൻ
- കമ്മ്യൂണിറ്റി പോലീസ് ഓഫീസർ

**കമ്മ്യൂണിറ്റി പോലീസ് ഓഫീസർ**

ഓരോ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളിൽ പ്രോജക്ടിന്റെ ഏകോപനത്തിന്റെയും മേൽ നോട്ടത്തിന്റെയും നടപ്പാക്കലിന്റെയും ഉത്തരവാദിത്വമുള്ള അദ്ധ്യാപകരാണ് സി.പി.ഒമാർ. ഈ സി.പി.ഒകൾ, പോലീസ് സബ് ഇൻസ്പെക്ടറുടെ പദവിയിലുള്ളവരും പ്രോജക്ടിന്റെ നടപ്പാക്കലിലും മേൽനോട്ടത്തിലും കൃത്യമായി പരിശീലനം ലഭിക്കുന്നവരുമാണ്. കമ്മ്യൂണിറ്റി പോലീസ് ഓഫീസറാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് കർമ്മപദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത്. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ മൂല്യങ്ങളെയും തത്വശാസ്ത്രത്തെയും മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികളെ ഉത്തേജിപ്പിക്കേണ്ടത് കമ്മ്യൂണിറ്റി പോലീസ് ഓഫീസറാണ്.

## 6.10.13 കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം (ORC- Our Reasponsibility to Children)

കുറ്റം ചെയ്യാൻ സാധ്യതയുള്ള കുറ്റവാസനയുള്ള കുട്ടികൾ, സ്വഭാവവൈകല്യങ്ങൾ ഉള്ള കുട്ടികൾ തുടങ്ങിയവരെ കണ്ടെത്തി പ്രത്യേക പരിശീലന പരിപാടികൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിനുള്ള പദ്ധതി. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളായ വിദ്യാഭ്യാസം ആരോഗ്യം പോലീസ് തദ്ദേശ സ്വയം ഭരണം രക്ഷിതാക്കൾ പൊതു സമൂഹം എന്നിവർ ഒരുമിച്ച് കൊണ്ട് സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നതാണ് **ORC** പദ്ധതി. കുട്ടികൾക്കായി ജീവിത നൈപുണി പരിശീലനം, അവരുടെ വിവിധങ്ങളായ കഴിവുകളേയും പ്രയാസങ്ങളേയും കുറിച്ചുള്ള പഠനങ്ങൾ, സർഗ്ഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കൽ, കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും ക്രീയാത്മകമായ ഇടപ്പെടലുകൾ, രക്ഷിതാക്കൾക്കായി ഫലപ്രദമായ രക്ഷാകർത്തൃത്വത്തെ സംബന്ധിച്ച പരിശീലനം, അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയവ **ORC** പദ്ധതിയുടെ പ്രവർത്തനങ്ങളാണ്. പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികൾക്ക് അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതും അവരെ മെന്റർ ചെയ്യുന്നതും **ORC** യുടെ പ്രധാന ഇടപെടലുകളാണ്.

### 6.10.13 (1) ജില്ലാ ORC റിസോഴ്സ് സെന്റർ

ഒരു ജില്ലയിലെ **ORC** പ്രവർത്തനത്തിന്റെ കോ-ഓർഡിനേഷൻ നടത്തുന്നത് ജില്ലാ **ORC** റിസോഴ്സ് സെന്ററാണ്. കൂടാതെ കൗൺസിലിംഗിനും മെന്ററിംഗിനും വിദഗ്ദ്ധ പരിചരണത്തിനുമുള്ള സൗകര്യങ്ങൾ അവിടെ വിഭാവനം ചെയ്യുന്നു. സാമൂഹിക-സാംസ്ക്കാരിക-രാഷ്ട്രീയ മേഖലകളിൽ സജീവമായിട്ടുള്ള വ്യക്തികൾക്കും സംഘടനകൾക്കും കുട്ടികളുടെ ക്ഷേമത്തിൽ തൽപരരായിട്ടുള്ള ഏതൊരാൾക്കും **ORC** യുടെ ഭാഗമാകാവുന്നതാണ്.

## 6.10.14. ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 (POCSO Act 2012)

കുട്ടികൾ രാജ്യത്തിന്റെ സമ്പത്താണെന്ന തിരിച്ചറിവുണ്ടാകുകയും മാതാപിതാക്കൾ കുട്ടികളെ കരുതുന്നതിലും വളർച്ചയിൽ കൂടെയായിരിക്കുന്നത് വർദ്ധിക്കുകയും സർക്കാർ കുട്ടികൾക്കുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുമ്പോഴും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ നിരന്തരം വർദ്ധിച്ചു വരികയാണ്. ഇതിനെ ഫലപ്രദമായി നേരിടാനുള്ള സമഗ്രമായ നിയമസംവിധാനങ്ങളുടെ അപര്യാപ്തതയും അവബോധമില്ലായ്മയും ഒരു പരിധി വരെ ഇതിന് കാരണമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇതേവരെ നിലവിലുള്ള നിയമങ്ങളെ പരിശോധിച്ച് വിലയിരുത്തി മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ സമഗ്രമായ ഒരു നിയമം 2012 വർഷം സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

കൂടാതെ ഭരണഘടന കുട്ടികൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുവാൻ അനുശാസിക്കുന്നതിനാലും കുട്ടികളുടെ അവകാശ ഉടമ്പടിയിൽ ഇന്ത്യ ഒപ്പു വച്ചിട്ടുള്ളതിനാലും ഇത് ഗവൺമെന്റിന്റെ ഉത്തരവാദിത്വം കൂടിയാണ്.

ലൈംഗിക അക്രമണം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനും അങ്ങനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കുവേണ്ടി സ്പെഷൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം.

കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിപ്പിക്കുകയും ചെയ്യുക, വേശ്യാവൃത്തിക്കോ മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്കോ വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക, അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും അവ അനുകരിക്കുന്നതിനും കുട്ടികളെ ഉപയോഗിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുക കുട്ടികളെ ചൂഷണം ചെയ്യുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിനുവേണ്ടിയാണ് ഇത്തരമൊരു നിയമം സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്. ഈ നിയമപ്രകാരം കുട്ടി എന്നാൽ 18 വയസ്സിൽ താഴെ പ്രായമുള്ള വ്യക്തി എന്നാണർത്ഥം-ആൺകുട്ടിയും പെൺകുട്ടിയും 3rd ജെന്ററും ഉൾപ്പെടും.

### 6.10.14 (1) കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ താഴെ പറയും പ്രകാരമാണ്

a) പ്രവേശിത ലൈംഗിക അതിക്രമം

b) ഗൗരവതരമായ പ്രവേശിത ലൈംഗിക അതിക്രമം

c) ലൈംഗിക അതിക്രമം

d) ഗൗരവതരമായ ലൈംഗിക അതിക്രമം

e) ലൈംഗിക പീഡനം

f) അശ്ലീല കാര്യങ്ങൾക്കുവേണ്ടി കുട്ടിയെ ഉപയോഗിക്കൽ

g) കുറ്റകൃത്യം ചെയ്യാൻ ശ്രമിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക

## 6.10.13 (2) കുറ്റവും ശിക്ഷയും

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 3 | പ്രവേശിത ലൈംഗിക അതിക്രമം | 7 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. |
| 5 | ഗൗരവകരമായ പ്രവേശിത ലൈംഗിക അതിക്രമം | 10 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കഠിനതടവിനും കൂടാതെ പിഴ ശിക്ഷയ്ക്കും അർഹനാകുന്നതാണ്. |
| 7 | ലൈംഗിക അതിക്രമം | 3 വർഷത്തിൽ കുറയാത്തതും 5 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും കൂടി അർഹനാകുന്നതാണ്. |
| 9 | ഗൗരവതരമായ ലൈംഗിക അതിക്രമം | 5 വർഷത്തിൽ കുറയാത്തതും 7 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും കൂടി അർഹനായിതീരുന്നതാണ്. |
| 11 | ലൈംഗിക പീഡനം | 3 വർഷത്തിൽ കുറയാത്തതും അഞ്ചുവർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും കൂടി അർഹനായിത്തീരുന്നതാണ്. |
| 14 | അശ്ലീലകാര്യങ്ങൾക്കുവേണ്ടി കുട്ടിയെ ഉപയോഗിക്കൽ | 4 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. |
| 15 | കുട്ടിയുൾപ്പെടുന്ന അശ്ലീലസാഹിത്യങ്ങളോ ചിത്രങ്ങളോ മൾട്ടിമീഡിയാസാമഗ്രികളോ വാണിജ്യാവശ്യത്തിനായി ശേഖരിച്ചുവച്ചാൽ | 3 വർഷം വരെയാകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. |
| 21 | കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിലോ റിക്കോർഡ് ചെയ്യുന്നതിലോ വീഴ്ച വരുത്തിയാൽ | 6 മാസം വരെയാകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. |
| 23 | ഏതെങ്കിലും മാധ്യമത്തിലൂടെയോ റിപ്പോർട്ടിലൂടെയയോ കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ അയാളുടെ പേര്, വിലാസം, ഫോട്ടോ, കുടുംബവിവരങ്ങൾ, സ്കൂൾ, അയൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റ് വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തിയാൽ | 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ തടവിനും അല്ലെങ്കിൽ പിഴയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടി ശിക്ഷാർഹനാകുന്നതുമാണ്. |

## 6.10.14 (3) കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിംഗ്

19-ാം വകുപ്പു പ്രകാരം ആർക്കെങ്കിലും (കുട്ടിയടക്കം) ഈ നിയമപ്രകാരമുള്ള കുറ്റകൃത്യം നടക്കാൻ സാധ്യതയുണ്ടെന്ന് ആശങ്കയുണ്ടെങ്കിലോ, അത്തരം കുറ്റകൃത്യം നടന്നു എന്ന് അറിവുണ്ടെങ്കിലോ, അയാൾ അത്തരം അറിവ് സ്പെഷ്യൽ ജൂവനൈൽ പോലീസ് യൂണിറ്റിന് അല്ലെങ്കിൽ ലോക്കൽ പോലീസിന് നൽകേണ്ടതാണ്. ഇതിൽ നഗരസഭ അംഗവും അങ്കണവാടി ടീച്ചറും ഡോക്ടർമാരും ഒക്കെ

ഉൾപ്പെടാം. വീഴ്ച വരുത്തിയാൽ 6 മാസം തടവും ലഭിച്ചേക്കാം. ഇത്തരം കേസുകൾ ഒരു കാരണവശാലും മറച്ചുവയ്ക്കുകയോ പറഞ്ഞു തീർക്കുകയോ ചെയ്യരുത്. ഇത്തരം കുറ്റക്കാർ ഒരു കുട്ടിയെ അല്ല പലരേയും ചൂഷണം ചെയ്തേക്കാം.

POCSO നിയമം വകുപ്പ് 23 അനുസരിച്ച് കേസ്സുകൾ എടുക്കുന്ന സംഗതികളിൽ കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ പേര്, വിലാസം, ഫോട്ടോ, കുടുംബവിവരങ്ങൾ, സ്കൂൾ, അയൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റ് വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നത് കുറ്റകരമാണ്,

**19(2) ഉപവകുപ്പ് (1) പ്രകാരം നൽകുന്ന റിപ്പോർട്ട്**

**എ**. രേഖാമൂലമാക്കുകയും ഒരു നമ്പർ നൽകുകയും

**ബി**. വിവരം നൽകിയ ആളിനെ വായിച്ചു കേൾപ്പിക്കണം

**സി**. പോലീസ് യൂണിറ്റ് വെച്ചിട്ടുള്ള ബുക്കിൽ രേഖപ്പെടുത്തണം

ഉള്ളടക്കം കുട്ടിക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷയിലായിരിക്കണം

### 6.10.15 (4) ബാലസൗഹൃദ നടപടിക്രമങ്ങൾ

| വകുപ്പ് | വിവരണം |
|---|---|
| 24 | കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിൽ വച്ചോ അല്ലെങ്കിൽ സാധാരണഗതിയിൽ താമസിച്ചു വരുന്ന സ്ഥലത്ത് വച്ചോ അല്ലെങ്കിൽ കുട്ടിയ്ക്ക് താത്പര്യമുള്ള സ്ഥലത്തു വച്ചോ കഴിയുന്നിടത്തോളം സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിതാ പോലീസ് ഓഫീസർ റിക്കോർഡ് ചെയ്യേണ്ടതാണ്. |
| 25 | കുട്ടിയുടെ മൊഴി മജിസ്ട്രേറ്റ് രേഖപ്പെടുത്തുന്ന വിധം - കുട്ടി പറയുന്നത് അതുപോലെ തന്നെ റിക്കോർഡ് ചെയ്യേണ്ടതാണ്. |
| 26 | കുട്ടിയുടെ രക്ഷകർത്താക്കളുടെയോ, അല്ലെങ്കിൽ കുട്ടിയ്ക്ക് വിശ്വാസമുള്ള ആളുടെയോ, ഉറ്റമിത്രത്തിന്റേയോ സാന്നിദ്ധ്യത്തിൽ കുട്ടി പറയുന്ന അതേ രീതിയിൽ തന്നെ ആയിരിക്കണം മൊഴി രേഖപ്പെടുത്തേണ്ടത്. |
| 27 | പീഡനത്തിന് ഇരയായത് പെൺകുട്ടിയാണെങ്കിൽ വൈദ്യപരിശോധന നടത്തേണ്ടത് ഒരു വനിതാ ഡോക്ടറായിരിക്കണം |
| 28 | സംസ്ഥാന സർക്കാർ, ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്ട് പ്രകാരമുള്ള കുറ്റകൃത്യം വിചാരണ ചെയ്യുവാനായി ഓരോ ജില്ലയിലും ഒരു സെഷൻസ് കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ്. |
| 34 | ഒരു കുട്ടിയാണ് കുറ്റകൃത്യം ചെയ്യുന്നതെങ്കിൽ അതിന് പാലിക്കേണ്ട നടപടിക്രമവും സ്പെഷ്യൽ കോടതി വയസ്സ് നിർണ്ണയിക്കുന്ന രീതിയും:- 2000 ലെ ബാലനീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമയിരിക്കും. |
| 36 | കുട്ടി മൊഴി നൽകുന്ന സമയം യാതൊരു കാരണവശാലും പ്രതിയെ കുട്ടിയെ കാണുന്നില്ലെന്നും അതേസമയം കുട്ടി പറയുന്നത് പ്രതിക്ക് കേൾക്കാൻ കഴിയുന്നുണ്ടെന്നും അയാൾക്ക് അഭിഭാഷകനോട് ആശയവിനിമയം നടത്താൻ കഴിയുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. |
| 37 | കുട്ടിയുടെ രക്ഷാകർത്താക്കളുടെയോ, കുട്ടിക്ക് പൂർണ്ണവിശ്വാസമുള്ള ആളുടെ സാന്നിദ്ധ്യത്തിൽ രഹസ്യമായിട്ടായിരിക്കണം വിചാരണ നടത്തേണ്ടത്. |

**6.10.14.(5) നഷ്ടപരിഹാരം**

ചൂഷണം അനുഭവിച്ച കുട്ടിക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഡിസ്ട്രിക്ട് ലീഗൽ സർവ്വീസസ് അതോറിട്ടിയെ സമീപിക്കാനാകും. ഇതിൽ കുട്ടിയുടെ പുനരധിവാസത്തിനടക്കമുള്ള തുക ലഭിക്കും.

**6.10.14.(6) നിയമസഹായം**

പബ്ലിക് പ്രോസിക്യൂട്ടറെ കൂടാതെ കുട്ടിക്ക് സ്വന്തമായി അഭിഭാഷകരെ നിയോഗിക്കാനാകും. സൗജന്യ നിയമ സഹായത്തിനായി ലീഗൽ സർവ്വീസസ് അതോറിറ്റിയെ സമീപിക്കാം.

**6.10.14.(7) സപ്പോർട്ട് പേഴ്സൺ**

കുട്ടികൾക്കും മാതാപിതാക്കൾക്കും നിയമനടപടികളെ കുറിച്ചുള്ള അജ്ഞത അകറ്റി അവർക്ക് സഹായം നൽകുന്നു. സപ്പോർട്ട് പേഴ്സണനെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളാണ് നിയോഗിക്കുന്നത്.

# അദ്ധ്യായം-7

## വനിതാ വികസനം

### 7.1 ആമുഖം

വളരെ കാലമായി നമ്മുടെ സമൂഹത്തിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും സാമൂഹിക അവസ്ഥകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ലഭിച്ച അവസരങ്ങളുമായും അവ വിനിയോഗിക്കുന്നതുമായും ബന്ധപ്പെട്ട അവരുടെ കഴിവുകളിലും അനുഭവങ്ങളിലും ഈ വ്യത്യാസം കാണാം. പരമ്പരാഗത സ്ത്രീ-പുരുഷ സങ്കൽപ്പങ്ങളിൽ നിലനിൽക്കുന്ന സാമൂഹിക അവസ്ഥയെയാണ് ജന്റർ (ലിംഗാവസ്ഥ അഥവാ ലിംഗപദവി) എന്നുപറയുന്നത്. ലിംഗപദവിയിൽ നിലനിൽക്കുന്ന അസമത്വം ഇല്ലാതാക്കി സ്ത്രീകൾക്കും പുരുഷന്മാർക്കും എല്ലാതരത്തിലും തുല്യപങ്കാളിത്തമുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തേണ്ടതുണ്ട്. ഈ അവസ്ഥയെ ലിംഗസമഭാവന (Gender Equity) എന്നു വിളിക്കാം.

കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും അടിസ്ഥാനത്തിൽ നടത്തിയ ശ്രദ്ധേയമായ ശ്രമങ്ങളിൽ ഒന്നായിരുന്നു സ്ത്രീകളുടെ മുഖ്യധാരാവൽക്കരണം. അതിന് തുടർച്ചയായാണ് കുടുംബശ്രീ പദ്ധതി രൂപം കൊണ്ടത്. വനിതകളുടെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക പദവി മെച്ചപ്പെടുത്താനും തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കാളികളാകാനും ഈ ശ്രമങ്ങൾ വളരെ സഹായകമായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകളുടെ സംവരണം ലിംഗസമഭാവനയോടുകൂടിയ വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിനു സഹായിച്ചിട്ടുണ്ട്. എന്നാൽ ഈ സാഹചര്യം ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, നമ്മുടെ നഗരസഭകളിൽ പൂർണ്ണമായ സാമൂഹിക സാമ്പത്തിക വികസനം സാദ്ധ്യമായി എന്ന് പറയാൻ കഴിയില്ല. ഈ രംഗത്ത് ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

### 7.2 നിലവിലുള്ള പൊതുപ്രശ്നങ്ങൾ

സാമൂഹ്യരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഗണിക്കുമ്പോൾ അവയിൽ പലതും പരമ്പരാഗത സമൂഹത്തിന്റെ വേലികെട്ടുകളിൽ ഉടലെടുത്തതാണെന്ന് കാണാവുന്നതാണ്. മാറിയ സാഹചര്യങ്ങളിൽ സ്ത്രീകൾ പല രംഗങ്ങളിലും മുൻനിരയിലേക്ക് വരുന്നുണ്ട്. എന്നാൽ പരമ്പാരഗത സ്ത്രീ സങ്കൽപ്പങ്ങളിൽ നിന്ന് മാറി ചിന്തിക്കുവാൻ പുതുകാലത്തിലെ പുരുഷ സമൂഹം ഇനിയും തയ്യാറായിട്ടില്ല. ഒപ്പം തന്നെ തങ്ങളുടെ അവകാശബോധത്തിലൂന്നിയ കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിൽ സ്ത്രീസമൂഹം അത്ര കണ്ട് വിജയിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ സ്വത്ത് തീരുമാനം, അഭിപ്രായം എന്നിവ പുരുഷന്റെ മാത്രം അധികാരമായി ഇന്നും നിലനിൽക്കുന്നു. തെറ്റായ ലിംഗബോധം സ്ത്രീകൾക്ക് പല തൊഴിൽമേഖലകളും നിഷേധിക്കപ്പെടുന്നതിനും സ്ത്രീകൾ ചെയ്യുന്ന കാണാപണികൾക്ക് പ്രാധാന്യം നല്കാതിരിക്കുന്നതിനും കാരണമാകുന്നു. ഈ പ്രവണതകൾ സ്ത്രീകളുടെ സാമൂഹിക വികസനത്തിനുള്ള അവസരങ്ങൾ നിഷേധിക്കുന്നു.

ഈ ദുസ്ഥിതിയിലേക്ക് നയിക്കുന്ന കാരണങ്ങൾ

1. ജനനം മുതൽ പെൺകുട്ടിയെ ബാധ്യതയായി കണക്കാക്കൽ
2. സുരക്ഷിതത്വത്തിന്റെ പേരിൽ പെൺകുട്ടിയെ വീട്ടിനുള്ളിൽ ഒതുക്കൽ
3. സാമൂഹ്യനിയന്ത്രണങ്ങൾ
4. താല്പര്യമുള്ള വിദ്യാഭ്യാസ/തൊഴിൽമേഖലകൾ തെരഞ്ഞെടുക്കുന്നതിന്മേലുള്ള നിയന്ത്രണം
5. അവസരങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാമൂഹ്യാവസ്ഥ
6. സ്വന്തം കാലിൽ നിൽക്കാനുള്ള വരുമാനമില്ലായ്മ

7. സാമ്പത്തികസ്വാതന്ത്ര്യം നിഷേധിക്കൽ
8. പ്രതികരിക്കാനുള്ള ഭയം/വൈമനസ്യം
9. സമൂഹത്തിന്റെ തെറ്റായ വിലയിരുത്തലും അനാവശ്യ ഇടപെടലും
10. സ്ത്രീ സൗഹൃദനിയമങ്ങൾ കർശനമായി നടപ്പിലാക്കായ്ക
11. രക്ഷിതാക്കളുടെ തെറ്റായ ലിംഗബോധത്തിൽ നിന്നുണ്ടാകുന്ന നിയന്ത്രണങ്ങൾ തുടങ്ങിയവ

## 7.3 സ്ത്രീകൾ മുഖ്യധാരയിലേക്ക് വരുന്നതിനുള്ള തടസ്സങ്ങൾ

- പോഷകാഹാരക്കുറവ്
- സ്ഥലം, വീട്, എന്നിവയില്ലായ്മ
- ശുചിത്വ സൗകര്യങ്ങളുടെ കുറവ്
- ശുദ്ധജല ലഭ്യതക്കുറവ്
- വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യക്കുറവ്
- വരുമാനക്കുറവ്
- അറിവില്ലായ്മ
- തൊഴിലില്ലായ്മ
- അതിക്രമങ്ങൾ
- ചൂഷണങ്ങൾ
- പീഡനങ്ങൾ
- കുട്ടികളുടെയും കുടുംബത്തിന്റെയും പരിപാലനം സ്ത്രീകളുടെ മാത്രം ഉത്തരവാദിത്തമാകുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ
- സുരക്ഷിതത്വ പ്രശ്നങ്ങൾ

## 7.4 ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ

- വനിതാഘടക പദ്ധതി തയ്യാറാക്കൽ നിർവ്വഹണം മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കൽ
- സ്ത്രീ പദവി പഠനം സംഘടിപ്പിക്കൽ, ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കൽ
- അങ്കണവാടികൾക്ക് പ്രത്യേക സൗകര്യങ്ങൾ ഉറപ്പാക്കൽ, പോഷകാഹാരപരിപാടി കാര്യക്ഷമമാക്കൽ
- കുടുംബശ്രീ സ്വയംസഹായസംഘങ്ങൾ, എ.ഡി.എസ്. സി.ഡി.എസ് സംവിധാനം, കർമ്മ പദ്ധതി തയ്യാറാക്കൽ എന്നിവയ്ക്ക് വേണ്ട സഹായം നൽകൽ
- കുടുംബശ്രീ സംവിധാനത്തെക്കൊണ്ട് ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കിപ്പിക്കൽ, കുടുംബശ്രീ കർമ്മപദ്ധതിയുമായി പ്രസ്തുത പദ്ധതിയെ സംയോജിപ്പിക്കൽ
- ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പാക്കൽ

- വാർഡ്സഭയുടെ സഹായത്തോടെ സാമൂഹ്യക്ഷേമ പെൻഷനുകളുടെ, ഗുണഭോക്താക്കളെ കണ്ടെ ത്തൽ, അനർഹർ ഇല്ല എന്ന് ഉറപ്പു വരുത്തൽ, എല്ലാ അർഹരായവരും അപേക്ഷിച്ചു വെന്ന് ഉറപ്പു വരുത്തൽ

- ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുക, വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, മറ്റ് ജനകീയസംവിധാനങ്ങൾ എന്നിവരുടെ ചുമതലകൾ യഥാവിധി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, നേതൃത്വം നല്കുക

- സമൂഹ്യസുരക്ഷാപദ്ധതികൾ ആസൂത്രണം ചെയ്യുക, നടപ്പിലാക്കുക

- സാമൂഹ്യതിന്മകൾ ഇല്ലാതാക്കുന്നതിനുള്ള പദ്ധതികൾ വിജയത്തിലെത്തിക്കുക

- ദുർബല ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുക

## 7.5 പരിഹാര മാർഗ്ഗങ്ങൾ-നഗരസഭതലത്തിൽ

ഇന്ത്യൻ ഭരണഘടനയും നിയമവ്യവസ്ഥയും സമൂഹത്തിൽ സ്ത്രീകൾക്ക് തുല്യപദവി ഉറപ്പു നൽകു ന്നുണ്ട്. ഇതിനായി പ്രാദേശിക സർക്കാരുകൾ വിവിധ പദ്ധതി/പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്.

- വനിതകൾക്ക് പ്രത്യേകഫണ്ട്
- സംവരണം
- ബോധവൽക്കരണം/കൗൺസലിംഗ്
- സ്ത്രീസംഘടനകളുടെ സഹായം, പ്രവർത്തനം
- തൊഴിൽ-തൊഴിലവസരങ്ങൾ, സംരക്ഷണം, തുല്യവേതനം, തുല്യപദവി, പ്രത്യേകസംവരണം, അവധി അനുവദിക്കൽ
- വിദ്യാഭ്യാസം- മുൻഗണന, പ്രോത്സാഹനം, സ്കോളർഷിപ്പുകൾ, സൗകര്യങ്ങൾ
- ആരോഗ്യം-പോഷകാഹാരം, രോഗപ്രതിരോധചികിത്സകൾ, ശുചിത്വസംവിധാനങ്ങൾ
- വരുമാനം- ഇഷ്ടമുള്ള തൊഴിൽ തെരഞ്ഞെടുക്കുന്നതിനും ഒറ്റക്കും ഗ്രൂപ്പായും ചെയ്യുന്നതിനു മുള്ള അവസരം
- സ്ത്രീകൂട്ടായ്മകൾക്കും സംഘടനകൾക്കും പ്രോത്സാഹനം നൽകൽ
- ജെന്റർ ബജറ്റിംഗ്
- സ്ത്രീ വികസന/സൗഹൃദ പദ്ധതികൾ തയ്യാറാക്കൽ
- നിയമങ്ങൾ- അതിക്രമങ്ങൾക്കും അനീതികൾക്കും എതിരെയുള്ള നിയമങ്ങൾ തുടങ്ങിയവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ
- പ്രാദേശിക നിയമവേദികൾ
- അതിക്രമങ്ങൾക്കും ചൂഷണത്തിനും വിധേയരായവർ, അനാഥകുട്ടികൾ, അവിവാഹിത അമ്മ മാർ തുടങ്ങിയവരുടെ പുനരധിവാസം
- ഹെൽപ്പ് ലൈൻ സംവിധാനങ്ങൾ

- ജാഗ്രതാ സമിതികൾ
- സ്ത്രീധനം, ആർഭാടവിവാഹം തുടങ്ങിയവ തടയൽ
- ഭിന്നശേഷിയുള്ളവരുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കൽ
- പൊതുഇടങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കൽ

## 7.6 കുടുംബശ്രീ സംവിധാനവും സ്ത്രീശാക്തീകരണവും

ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സ്ത്രീശാക്തീകരണത്തിനും വേണ്ടി നിലക്കൊള്ളുന്ന കേരളത്തിന്റെ സവിശേഷ സംഭാവനയാണ് കുടുംബശ്രീ. സമ്പാദ്യ വായ്പാ രംഗത്തും തൊഴിൽ സംരംഭരംഗത്തും വിപുലമായ പ്രവർത്തനങ്ങളാണ് കുടുംബശ്രീ യൂണിറ്റ് നടത്തി വരുന്നത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിൽ കുടുംബശ്രീ യൂണിറ്റിന് കാര്യമായ പങ്ക് വഹിക്കാനുണ്ട്.

ജനാധിപത്യ സ്ത്രീ ശാക്തീകരണവേദി കൂടിയായ എ.ഡി.എസ്, സി.ഡി,എസ് പ്രവർത്തനങ്ങളിൽ കൂടി വനിതകളുടെ നേതൃത്വപരമായ ശേഷി വികസിപ്പിക്കുന്നതിന് അവരുടെ സ്വയം നിർണ്ണയാവകാശങ്ങൾക്കും ഇപ്പോൾ ഏറെ പ്രസക്തിയുള്ളതാണ്.

### 7.6.1 ഘടന

- 10 മുതൽ 20 വരെ കുടുംബങ്ങളെ ഉൾപ്പെടുത്തിയാണ് കുടുംബശ്രീ അയൽക്കുട്ടങ്ങൾ രൂപീകരിക്കുന്നത്
- ഓരോ അയൽക്കൂട്ടത്തിൽ നിന്നും അഞ്ച് പേരെ തെരഞ്ഞെടുത്തു കൊണ്ട് ഒരു വാർഡിലുള്ള എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നുള്ളവരാണ് ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റി (എ.ഡി.എസ്).
- എല്ലാ എ.ഡി.എസിൽ നിന്നുള്ള 7 പേർ വീതം ഉൾക്കൊള്ളുന്നവരാണ് നഗരസഭതലത്തിലുള്ള കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) ജനറൽബോഡി. ഇതിൽ നിന്നും ഓരോ വാർഡിനെ പ്രതിനിധീകരിച്ച് ഒരാളെ വീതം സി.ഡി.എസ് ഭരണ സമിതിയിലേക്ക് തെരഞ്ഞെടുക്കുന്നു. ഈ ഭരണ സമിതിയിുൽ നിന്നും ചെയർപേഴ്സണേയും വൈസ്ചെയർപേഴ്സണേയും തെരഞ്ഞെടുക്കുന്നു.

### 7.6.2 പ്രധാന പ്രവർത്തനങ്ങൾ

- കുടുംബശ്രീ അയൽക്കൂട്ട കൂടുംബങ്ങളുടെ സാമൂഹികവും സാമ്പത്തിവും സാംസ്ക്കാരികവും മാനസികവുമായിട്ടുള്ള പുരോഗതിക്കായി സന്നദ്ധസംഘമായി പ്രവർത്തിക്കുന്നു.
- പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യനിർമ്മാർജ്ജനം , വനിതാഘടപദ്ധതി, സ്ത്രീശാക്തീകരണം തുടങ്ങിയ രംഗങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുക
- അയൽക്കൂട്ടതലത്തിൽ മിതവ്യയസമ്പാദ്യ വായ്പാപരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക
- ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങൾ , സാമൂഹ്യനീതിയും ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക

### 7.6.3 നഗരസഭയും കുടുംബശ്രീ സംവിധാനവും

കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭകളേയും സി.ഡി.എസ് സംവിധാനത്തെയും ജനാധിപത്യരീതിയിൽ ഒരുമിപ്പിക്കുന്ന ഒരു വേദിയാണ് വിലയിരുത്തൽ സമിതി. നഗരസഭയുടെ പ്രൊജക്ട് ഓഫീസറാണ് കുടുംബശ്രീ സി.ഡി.എസിന്റെ മെമ്പർ സെക്രട്ടറി. കൂടാതെ നഗരസഭനിശ്ച യിക്കുന്ന അഞ്ചിൽ കവിയാത്ത വനിത അംഗങ്ങൾ എക്സ് ഒഫീഷ്യോ അംഗങ്ങളായി സി.ഡി.എസ് ഭരണസമിതിയിൽ ഉൾപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അദ്ധ്യായം 12 ൽ 13.3.5 മുതൽ ചേർത്തിട്ടുണ്ട്.

## 7.7 വനിതാഘടക പദ്ധതി (Women Component Plan)

**(മാർഗ്ഗരേഖ 2016-17 ഖണ്ഡിക 13.4)**

നഗരസഭയ്ക്ക് ലഭിക്കുന്ന മൊത്തം വികസനഫണ്ടിന്റെ കുറഞ്ഞത് 10% തുക വനിതകൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്നപരിപാടികൾക്കായി വകയിരുത്തി പ്രത്യേകപദ്ധതി തയ്യാറാക്കണം. ഇതിനെയാണ് *വനിതാഘടകപദ്ധതി* എന്നു പറയുന്നത്. ഒരു കുടുംബത്തിലെ സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനകരമായ ഭൗതികസൗകര്യങ്ങളായ വീട്, കക്കൂസ്, കിണർ, വീട് വൈദ്യുതീകരണം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. മറിച്ച് സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളാണ് ഉൾപ്പെടുത്തേണ്ടത്.

**പരിപാടികൾ**

- തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ
- വിദ്യാഭ്യാസ-ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പരിപടികൾ
- അതിക്രമങ്ങൾ, പീഡനം എന്നിവ തടയുന്നതിനുള്ള പരിപാടികൾ
- വിവേചനം തടയുന്നതിനുള്ള പരിപാടികൾ
- സ്ത്രീ ശാക്തീകരണത്തിനായുള്ള പരിപാടികൾ
- സ്ത്രീകൾക്കു നേരിട്ട് പ്രയോജനം ചെയ്യുന്ന പൊതുവികസന പ്രവർത്തനങ്ങൾ.

വികസന ഫണ്ടിന്റെ കുറഞ്ഞത് 10 ശതമാനം തുകയ്ക്കുള്ള പ്രോജക്ടുകളാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെങ്കിലും താഴെ പറയുന്ന കാര്യങ്ങൾകൂടി വനിതാ ഘടകപദ്ധതികളിൽ വ്യക്തമാക്കിയിരിക്കണം.

- തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന മറ്റു പ്രോജക്ടുകളിലൂടെ സ്ത്രീകൾക്ക് എന്ത് പ്രയോജനം ലഭിക്കും?
- സ്ത്രീകളുടെ പുരോഗതിക്കുവേണ്ടി മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ -സർക്കാരിതര ഏജൻസികൾ, കുടുംബശ്രീ എന്നിവ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാം? അപ്രകാരം ഈ മേഖലയിൽ എത്ര തുക വകയിരുത്തുന്നു?
- മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ/ഏജൻസികൾ നടത്തുന്ന വികസന പരിപാടികൾ എങ്ങനെ വനിതാ ഘടക പദ്ധതിയുമായി സംയോജിപ്പിച്ചിരിക്കുന്നു?

### 7.7.1 പരിപാടികളും പ്രധാന പ്രോജക്ടുകളും

| വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ ചില പ്രോജക്ടുകൾ | നിർബന്ധമായും ഉൾപ്പെടുത്താൻ പാടില്ലാത്തവ |
|---|---|
| • സ്ത്രീപദവി പഠനം<br>• സ്ത്രീകളുടെ വിവിധ പ്രവർത്തന മേഖലകളിലെ പഠനം.<br>• പദവി ഉയർത്തുന്നതരത്തിലുള്ള പരിശീലനങ്ങൾ, തുടർ പ്രവർത്തനങ്ങൾ | • സ്ത്രീകൾക്ക് പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാത്ത പൊതുകെട്ടിടങ്ങൾ പരമാവധി ഒഴിവാക്കണം<br>• കെട്ടിടനിർമ്മാണം പരമാവധി ഒഴിവാക്കണം |
| **വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ ചില പ്രോജക്ടുകൾ** | **നിർബന്ധമായും ഉൾപ്പെടുത്താൻ പാടില്ലാത്തവ** |
| • തൊഴിൽ സംരംഭങ്ങൾ<br>• വരുമാനം ലഭിക്കുന്ന കാർഷിക പ്രവർത്തനങ്ങൾ, ചെയ്തുകൊണ്ടിരിക്കുന്ന തൊഴിൽ അഭിവൃദ്ധിപ്പെടുത്തൽ<br>• സ്ത്രീകളുടെ കല, കായിക, സാഹിത്യ അഭിരുചികൾ പ്രോത്സാഹിപ്പിക്കൽ<br>• സ്ത്രീകൾക്ക് കൂടിയിരിക്കാൻ ഉതകുന്ന തരത്തിൽ അവർക്ക് നിയന്ത്രണം ഉള്ള തരത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കൽ<br>• ജാഗ്രതാസമിതി പ്രവർത്തനങ്ങൾ<br>• സ്ത്രീകളുടെ വിദ്യാഭ്യാസ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കൽ<br>• സ്ത്രീകൾക്ക് നേരിട്ട് ഗുണം ലഭിക്കുന്ന പ്രോജക്ടുകൾ<br>• പൊതു ഇടങ്ങൾ സ്ത്രീസൗഹൃദമാക്കാനുള്ള പദ്ധതികൾ | • സ്ത്രീകൾക്ക് നേരിട്ട് ഗുണം കിട്ടാത്ത പരിപാടികൾ<br>• സ്ത്രീക്കും പുരുഷനും ഒരു പോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കൽ, വീട് വൈദ്യതീകരണം തുടങ്ങിയവ<br>• സ്ത്രീകൾക്ക് വരുമാനം ലഭ്യമാകില്ല എന്ന് ഉറപ്പുള്ള തൊഴിൽ സംരംഭങ്ങൾ, കാർഷിക വൃത്തി, പശു വളർത്തൽ , കോഴി വളർത്തൽ എന്നിവ ഉൾപ്പെടുത്തരുത്<br>• കുമാരിമാരുടെ പൂരകപോഷക പരിപാടി ഇതിൽ ഉൾപ്പെടുത്തരുത് |

## 7.8 ജാഗ്രതാസമിതി

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന സാമൂഹിക സംവിധാനമാണ് ജാഗ്രതാസമിതികൾ.

### 7.8.1 ലക്ഷ്യങ്ങൾ

— സ്ത്രീകളും കുട്ടികളും സൗഹൃദപരമായ ഒരു സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുക

— സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക

— സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ഇത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടെന്ന് അറിഞ്ഞാൽ സ്വമേധയാ ആ പരാതികൾ ഏറ്റെടുത്ത് പരിഹരിക്കുക

— തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പരിപാടികളിലും പ്രവർത്തനങ്ങളിലും എത്ര മാത്രം സ്ത്രീ പരിഗണന ഉണ്ടെന്ന് പരിശോധിക്കുക.

### 7.8.2 ജനകീയ സംവിധാനം

**ജാഗ്രതാസമിതി–ഘടന–കോർപ്പറേഷൻ–മുനിസിപ്പൽതലം**

| **വാർഡ്തലം** | **മുനിസിപ്പൽ തലം** |
|---|---|
| **കൺവീനർ–** വാർഡ് മെമ്പർ<br>**കോർഡിനേറ്റർ**–അങ്കണവാടി വർക്കർ<br><br>**അംഗങ്ങൾ–**<br>- എ.ഡി.എസ് ചെയർപേഴ്സൺ<br>- സർക്കാർ/എയ്ഡഡ് വിദ്യാലയത്തിലെ ഒരു അദ്ധ്യാപിക<br>- വാർഡ്തല ആരോഗ്യശുചിത്വ പോഷണസമിതിയുടെ കൺവീനർ<br>വാർഡുസഭ നിർദ്ദേശിക്കുന്ന 5 പേർ | **ചെയർപേഴ്സൺ–** നഗരസഭാ ചെയർപേഴ്സൺ<br>**കൺവീനർ–** നഗരസഭ സെക്രട്ടറി<br>**മെമ്പർ സെക്രട്ടറി–** ICDS സൂപ്പർവൈസർ<br>**അംഗങ്ങൾ:**<br>- സ്റ്റാ.ക.ചെയർപേഴ്സൺ (ക്ഷേമകാര്യം)<br>- പോലീസ് സ്റ്റേഷനിലെ മേധാവി<br>- വനിതാ വക്കീൽ<br>- ആരോഗ്യസ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ഓഫീസർ<br>- ഒരു കൗൺസിലിംഗ് വിദഗ്ദ്ധ<br>- CDS ചെയർപേഴ്സൺ<br>- SC വിഭാഗത്തിലെ ഒരു പൊതുപ്രവർത്തക<br>- സർക്കാർ/എയ്ഡഡ് ഹൈസ്ക്കൂളിലെ പ്രധാന അദ്ധ്യാപിക/ഹയർസെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പാൾ |

### 7.8.3 പ്രധാനചുമതലകൾ

- മനുഷ്യത്വപരമായി, മന:ശാസ്ത്രപരമായി സ്ത്രീപക്ഷ സമീപനത്തോടെ കാര്യങ്ങളെ സമീപിക്കുക
- വളരെ വേഗത്തിൽ പ്രശ്നപരിഹാരമുണ്ടാക്കുക.
- കക്ഷികൾക്ക് യാതൊരുവിധ ചെലവും വരുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
- രഹസ്യമായി സൂക്ഷിക്കേണ്ട പരാതികൾ അതീവരഹസ്യമായി കൈകാര്യം ചെയ്യുക
- പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്നതരത്തിൽ കൗൺസലിങ്ങ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുക.

## 7.9 സാമൂഹ്യനീതി വകുപ്പ് വഴിയുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ

### 7.9.1 സ്വാധാർ സ്കീം

ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ എന്നിവർക്ക് ഭക്ഷണം, താമസം, വസ്ത്രം കൗൺസിലിങ്, തൊഴിൽപരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. അപേക്ഷ സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്.

### 7.9.2 ഫിനിഷിങ് സ്കൂൾ

തൊഴിലന്വേഷകരായ സ്ത്രീകൾക്ക് പരിശീലനം നല്കുന്നതിനും പരിശീലനം പൂർത്തിയാക്കിയവർക്ക് പുനരധിവാസത്തിനും സ്വന്തമായി യൂണിറ്റുകൾ നടത്തുന്നതിനുമായി ധനസഹായം നല്കുന്ന പദ്ധതിയാണിത്. അപേക്ഷകർ വനിതാക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളോ സമീപപ്രദേശത്തെ ദാരിദ്ര്യരേഖക്ക് താഴെയുള്ളവനിതകളോ ആയിരിക്കണം. വനിതാക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

### 7.9.3 മംഗല്യപദ്ധതി (വിധവാ വിവാഹപ്രോത്സാഹനം)

ഭർത്താവ് നഷ്ടപ്പെട്ടവരോ, വിവാഹബന്ധം വേർപിരിഞ്ഞ് ആരും സംരക്ഷിക്കാനില്ലാത്തവരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുമായ സ്ത്രീകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. ലഭിക്കുന്ന ആനുകൂല്യം 25,000/ രൂപയാണ്.

ആദ്യ ഭർത്താവ് മരണപ്പെട്ടതാണെങ്കിൽ, വിവാഹം രജിസ്റ്റർ ചെയ്തതിന്റെ പകർപ്പ്, റേഷൻ കാർഡിൽ ഭർത്താവിന്റെ പേരുൾപ്പെട്ട പേജ്, മരണമടഞ്ഞയാളിന്റെ വിധവയാണ് അപേക്ഷകയെന്ന് തെളിയിക്കുന്നരേഖ, മരണസർട്ടിഫിക്കറ്റ്, വിവാഹബന്ധം വേർപ്പെടുത്തിയതാണെങ്കിൽ അതു സംബന്ധിച്ച കോടതി ഉത്തരവ്, ബി.പി.എൽ ലിസ്റ്റിൽ അംഗമാണെന്നതിനുള്ള തെളിവ് (റേഷൻകാർഡിന്റെ പകർപ്പ്നഗരസഭയിൽ നിന്നുള്ള ബിപിഎൽ സർട്ടിഫിക്കറ്റ്) അപേക്ഷകയുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള രേഖ, പുനർവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവയുൾപ്പടെയുള്ള അപേക്ഷ ബ്ലോക്ക്തലത്തിലുള്ള സംയോജിത ശിശുവികസനപദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കാവുന്നതാണ്.

### 7.9.4 വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി

ഈ പദ്ധതിപ്രകാരം ദാരിദ്ര്യരേഖയക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനസഹായത്തിന് അർഹതയുണ്ട്. ഒരു കുടുംബത്തിൽ പരമാവധി രണ്ട് കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്.

എസ്.എസ്.എൽ.സി മുതൽ പ്ലസ്ടു വരെ പഠിക്കുന്ന ഓരോ കുട്ടിക്കും പ്രതിമാസം 250/- രൂപ വീതം 10 മാസത്തേക്ക് 2500/- രൂപയും ഡിഗ്രി മുതൽ തുടർവിദ്യാഭ്യാസത്തിന് പ്രതിമാസം 500/- രൂപ നിരക്കിൽ 10 മാസത്തേക്ക് 5000/- രൂപയും ധനസഹായം ലഭിക്കുന്നു.

മുൻവർഷം ധനസഹായം ലഭിച്ചവർക്ക് അർഹതയുണ്ടെങ്കിൽ തുടർന്നും ലഭിക്കുന്നതാണ്.
സംസ്ഥാന/കേന്ദ്രസർക്കാരിൽ നിന്നും ഒരു വിധത്തിലുമുള്ള സ്കോളർഷിപ്പുകൾ ലഭിക്കുന്നില്ലാ യെന്ന സാക്ഷ്യപത്രം വിദ്യാഭ്യാസസ്ഥാപന മേധാവിയിൽ നിന്ന് വാങ്ങി അപേക്ഷയോടൊപ്പം സിഡി പിഒ മാർ വഴി ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നല്കാവുന്നതാണ്.
ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വിഭാഗത്തിൽ എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളാ യുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്ന താണ്.

- ഭർത്താവ് ഉപേക്ഷിച്ച്/കാണാതായി ഒരു വർഷം കഴിഞ്ഞ ഗൃഹനാഥ
- നട്ടെല്ലിന് ക്ഷതമേറ്റ് കിടപ്പിലായവരുടെ ഭാര്യ

### 7.9.5 ഉജ്വല സ്കീം

ലൈംഗികചൂഷണത്തിന് ഇരയായവരെയും ഇരയാകാൻ സാധ്യതയുള്ളവരെയും പുനരധിവസിപ്പി ക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ധനസഹായ ത്തിനുള്ള അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

### 7.9.6 കൺസ്ട്രക്ഷൻ ഓഫ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിധ വകൾ, വിവാഹമോചനം നേടിയവർ, ഭർത്താക്കന്മാർ ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്നതിനാൽ ഒറ്റക്ക് താമസിക്കുന്ന സ്ത്രീകൾ എന്നിവരാണ് ഇതിന്റെ ഗുണഭോക്താക്കൾ സന്നദ്ധസംഘടനകൾ ആരംഭിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ഗ്രാൻഡ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകൾക്കുള്ളവ സാമൂഹ്യനീതി വകുപ്പിനും മറ്റ് ജില്ല കൾക്കുള്ളവ സോഷ്യൽ വെൽഫെയർ ബോർഡിനുമാണ് സമർപ്പിക്കേണ്ടത്.

### 7.9.7 സ്ത്രീകളുടെ സാമൂഹികസുരക്ഷയ്ക്കുള്ള സ്ഥാപനങ്ങൾ, സംവിധാനങ്ങൾ

#### 7.9.7 (1) മഹിളാമന്ദിരം

പരിചരിക്കുവാനാളില്ലാത്ത വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ, ദുരിതബാധിതരും അഗ തികളുമായ സ്ത്രീകൾ, ആരും സംരക്ഷിക്കാനില്ലാത്തവർ തുടങ്ങി സംരക്ഷണം ആവശ്യമായ 18 വയ സ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളെയാണ് മഹിളാമന്ദിരത്തിൽ പ്രവേശിപ്പിക്കുന്നത്. വയനാട്, ഇടുക്കി ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും മഹിളാമന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു.

#### 7.9.7 (2) ആശാഭവൻ

മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും സംരക്ഷിക്കുവാനാളില്ലാത്ത രോഗികളായ സ്ത്രീകളുടെ പരിചരണത്തിനും സംരക്ഷണത്തിനുമുള്ളതാണ് ആശാഭവൻ. സംസ്ഥാനത്ത് ആകെ ആറ് സ്ഥാപന ങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാനസികാരോഗ്യം വീണ്ടെടുത്തവരാണെന്ന് തെളിയിക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്.

#### 7.9.7 (3) റെസ്ക്യൂ ഹോം

ലൈംഗികചൂഷണത്തിന് വിധേയരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനമാണിത്. മലപ്പുറം ജില്ലയിലെ തവനൂരിലാണ് റെസ്ക്യൂ ഹോം പ്രവർത്തിക്കുന്നത്.

### 7.9.7 (4) ആഫ്റ്റർ കെയർ ഹോം

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോം, സ്പെഷ്യൽ ഹോം, ബാലമന്ദിരം, പുവർഹോം, അനാഥാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറങ്ങുന്നവരെയാണ് ഇവിടെ പുനരധിവസിപ്പിക്കുന്നത്. കൊല്ലത്തും കോഴിക്കോടുമായി പെൺകുട്ടികൾക്കും തലശ്ശേരിയിൽ ആൺകുട്ടികൾക്കുമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. 18 നും 21 നുമിടയിൽ പ്രായമുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനത്തോടൊപ്പം തുടർവിദ്യാഭ്യാസം ചെയ്യുന്നതിനും തൊഴിൽ പരിശീലനം നടത്തുന്നതിനുമുള്ള അവസരം ലഭിക്കുന്നുണ്ട്.

### 7.9.7 (5) ഷോർട്ട്സ്റ്റേ ഹോം

സാമൂഹികപിന്തുണ ലഭിക്കാത്ത തകർന്ന കുടുംബങ്ങളിൽ നിന്നുള്ള, മാനസികസമ്മർദ്ദമുള്ളവർ, ചൂഷണം ചെയ്യപ്പെട്ടവർ, അനാശാസ്യവിപത്തിൽ ഭയപ്പെടുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളെയും പെൺകുട്ടികളെയും പുനരധിവസിപ്പിക്കുവാനുള്ള സങ്കേതങ്ങളാണിത്. 15 നും 35 നുമിടയിൽ പ്രായ മുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും ഇത്തരം ഹോമുകളിൽ സഹായം ലഭിക്കുന്നു. ഈ കേന്ദ്രങ്ങളിൽ അഭയം ലഭിക്കുന്നവർക്ക് തുടർവിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമുള്ള അവസരമുണ്ട്.

### 7.9.7 (6) നിർഭയ ഷെൽട്ടർ ഹോം

നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ ലൈംഗിക പീഡനത്തിനിരയായ പെൺകുട്ടികളെ സുരക്ഷിത മായി പാർപ്പിക്കാൻ നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. ഈ ഹോമുകളുടെ നട ത്തിപ്പ് ചുമതല തെരഞ്ഞെടുത്ത എൻ.ജി.ഒ കൾക്കാണ്. പീഡനത്തിനിരയായ പെൺകുട്ടികളെ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരവും മുതിർന്ന സ്ത്രീകളാണെങ്കിൽ കോടതി ഉത്തരവ് പ്രകാരവുമാണ് ഷെൽട്ടർ ഹോമുകളിൽ പാർപ്പിക്കുന്നത്. നിലവിൽ തിരുവനന്തപുരം ജില്ല യിൽ മൂന്നും (പൂജപ്പുര- 2, വെഞ്ഞാറമൂട് -1), ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ്,  എന്നീ ജില്ലകളിൽ ഓരോന്നു വീതവും ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു.

### 7.9.7 (7) വൺ സ്റ്റോപ്പ് ക്രൈസിസ് സെൽ/ഭൂമിക

ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രികളോടനുബന്ധിച്ച്  21 വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ഒരു കുടക്കീഴിൽ വൈദ്യ സഹായം, നിയമ സഹായം, പോലീസ് സഹായം, കൗൺസലിംഗ് തുടങ്ങിയവ നൽകുന്നതിനാണ് വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ സ്ഥാപിച്ചിട്ടുള്ളത്.

### 7.9.7 (8) നിർഭയ ഹെൽപ്പ് ലൈൻനമ്പറുകൾ

ടൊൾഫ്രീ ഹെൽപ്പ് ലൈൻ നമ്പർ - 1800 425 1400, നിർഭയ സെൽ ഫോൺ നമ്പർ - 0471 2343466

ഇ-മെയിൽ - nirbhayacell@gmail.com

## 7.9.8 സാമൂഹ്യസുരക്ഷാമിഷന്റെ പദ്ധതികൾ

### 7.9.8 (1) സ്നേഹസ്പർശം :

ചൂഷണത്തിന് വിധേയരായി അവിവാഹിതഅവസ്ഥയിൽ അമ്മമാരാകുന്ന അഗതികൾക്ക് പ്രതിമാസധന സഹായം നൽകി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി യാണിത്. പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

***മാനദണ്ഡങ്ങൾ :***

1. അവിവാഹിതാവസ്ഥയിൽ പലവിധ ചൂഷണങ്ങളിലൂടെ അമ്മമാരായവരും, നിലവിൽ കുട്ടികളു ണ്ടായിരിക്കുന്നവരുമായിരിക്കണം
2. നിലവിൽ വിവാഹിതരോ ഏതെങ്കിലും പുരുഷനുമൊത്ത് കുടുംബമായി കഴിയുന്നവരോ ആയിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല.
3. അപേക്ഷാഫോറം ബന്ധപ്പെട്ട സാമൂഹ്യനീതി ഓഫീസിൽ നിന്നും സാമൂഹ്യസുരക്ഷാമിഷന്റെ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ആഫീസർ(സി.ഡി.പി.ഒ )/ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ട താണ്.
4. മറ്റ് പെൻഷനൊന്നും ലഭിക്കുന്ന വ്യക്തിയായിരിക്കരുത്.

### 7.9.8 (2) 'പ്രത്യാശ' വിവാഹ ധനസഹായ പദ്ധതി :

വ്യക്തികളോ, സ്ഥാപനങ്ങളോ 25,000/- രൂപയോ അതിന്റെ ഗുണിതങ്ങളോ സംഭാവനയായി നൽകിയാൽ തത്തുല്യമായ തുക മിഷനും വഹിച്ചുകൊണ്ട് 50,000/- രൂപ ഒരു ദരിദ്രയുവതിക്ക് വിവാഹ ധനസഹായ മായി നൽകുന്ന പദ്ധതിയാണിത്. ഈ ഇനത്തിൽ സംഭാവന ലഭിക്കുന്ന മുറക്ക് മാത്രമേ ഈ പദ്ധതിക്ക് ധന സഹായം ലഭിക്കുകയുള്ളൂ. ചുവടെ പറയുന്ന പ്രകാരം പദ്ധതി നടപ്പാക്കി വരുന്നു.

- ഈ പദ്ധതിയിലേയ്ക്ക് 25,000/- രൂപയോ അതിന്റെ ഗുണിതങ്ങളോ സംഭാവനയായി നൽകുന്നവർക്ക് ഗുണഭോക്താക്കളെ നിർദ്ദേശിക്കാവുന്നതാണ്.
- ഗുണഭോക്താക്കൾ 22 വയസ്സ് പൂർത്തിയായവരും നിർദ്ധനകുടുംബങ്ങളിലെ അംഗങ്ങളു മായിരിക്കണം.

## 7.9.9 വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

### 7.9.9(1) വായ്പാ പദ്ധതികൾ

വനിതകൾക്കുള്ള വിവിധതരം വായ്പ പദ്ധതികൾ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലെ മുഖ്യ ഇനമാണ്. 3% മുതൽ 6% വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നു എന്നതാണ് കോർപ്പറേഷന്റെ വായ്പ പദ്ധതികളുടെ സവിശേഷത. 18 നും 55 നും ഇടയിൽ പ്രായമുള്ള വനിതകൾക്ക്, സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യമോ സ്ഥലത്തിന്റെ ഈടൊ അടിസ്ഥാനമാക്കി വായ്പ അനുവദിക്കുന്നു. നഗരപ്രദേശങ്ങളിൽ 1,03,000/- രൂപയും ഗ്രാമ പ്രദേശങ്ങളിൽ 81,000/- രൂപയുമാണ് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി.

### 7.9.9 (2) സ്വയം തൊഴിൽ വായ്പ

- ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) സഹായത്തോടെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി. പരമാവധി അനുവദിക്കുന്ന തുക 3 ലക്ഷം രൂപ. ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ നൂതന പദ്ധതികൾക്ക് 10 ലക്ഷം രൂപ വരെയും അനുവദിക്കുന്നു.
- ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) സഹായത്തോടെ പിന്നോക്ക വിഭാഗങ്ങൾക്കുള്ള വായ്പ പദ്ധതി. പരമാവധി അനുവദിക്കുന്ന തുക 2 ലക്ഷം രൂപ. ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ നൂതന പദ്ധതികൾക്ക് 10 ലക്ഷം രൂപവരെയും അനുവദിക്കുന്നു.
- ദേശീയ പട്ടികജാതി വികസന ധനകാര്യ കോർപ്പറേഷന്റെ (NSFDC) സഹായത്തോടെ പട്ടികജാതി വിഭാഗങ്ങൾക്കുള്ള വായ്പ പദ്ധതി. പരമാവധി അനുവദിക്കുന്ന തുക 3 ലക്ഷം രൂപ. ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ നൂതന പദ്ധതികൾക്ക് 10 ലക്ഷം രൂപവരെയും അനുവദിക്കുന്നു.
- സംസ്ഥാനസർക്കാരിന്റെ ഫണ്ടുപയോഗിച്ച് മുന്നോക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കുള്ള വായ്പ പദ്ധതി.

### 7.9.9 (3) മൈക്രോ ഫിനാൻസ് പദ്ധതി

ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 75%-മെങ്കിലും ന്യൂനപക്ഷ/ പിന്നോക്ക /പട്ടികജാതി വിഭാഗത്തിലെ വനിതകളുൾപ്പെടുന്ന സ്വയം സഹായസംഘങ്ങൾ (SHG) ക്ക് വായ്പകൾ നൽകുന്നു. ഒരു സംഘത്തിൽ ചുരുങ്ങിയത് 10 അംഗങ്ങളും പരമാവധി 20 അംഗങ്ങൾ എന്നതാണ് വ്യവസ്ഥ. ഒരാൾക്ക് പരമാവധി 50000/- രൂപ വരെയുള്ള വായ്പ എന്ന നിരക്കിൽ അപേക്ഷിക്കാവുന്നതാണ്.

### 7.9.9 (4) വിദ്യാഭ്യാസ വായ്പാപദ്ധതി

പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിലെ പ്രൊഫഷണൽ കോഴ്സുകളിൽ Job Oriented Degree Course ലെ അഡ്മിഷൻ നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വായ്പ പദ്ധതി. വികലാംഗർക്കും യുദ്ധത്തിൽ മരിച്ച ഭടൻമാരുടെ ആശ്രിതർക്കും മുൻഗണന. ഇന്ത്യക്കകത്ത് പരമാവധി 10 ലക്ഷം രൂപവരെയും വിദേശ പഠനത്തിന് പരമാവധി 20 ലക്ഷം രൂപ വരെയും ദേശീയ ഏജൻസികളുടെ പ്രത്യേക അനുമതിയോടെ നൽകുന്നതാണ്.

### 7.9.9 (5) വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിതമായ താമസസൗകര്യം ലഭ്യമാക്കുന്നതിനായി വനിതാവികസന കോർപ്പറേഷൻ തിരുവനന്തപുരം എറണാകുളം, മഞ്ചേരി, കണ്ണൂർ, തിരൂർ, വയനാട് എന്നീ സ്ഥലങ്ങളിലായി ഏഴ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നേരിട്ട് നടത്തി വരുന്നു.

### 7.9.9(6) വിമൻസ് ഹോസ്റ്റൽ

സംസ്ഥാനത്തുടനീളം വനിതാവികസനകോർപ്പറേഷന്റേതായി ഏഴ് വനിതാ ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു കൂടാതെ REACH ലെ വിദ്യാർത്ഥികൾക്ക് ചുരുങ്ങിയ ചിലവിൽ മെച്ചപ്പെട്ട താമസ സൗകര്യം ലഭിക്കുന്നതിനായി തിരുവനന്തപുരം കൈമനത്ത് പുതിയ ഒരു വിമൻസ് ഹോസ്റ്റൽ കൂടി തുടങ്ങിയിട്ടുണ്ട്.

### 7.9.9(7) ബോധവൽക്കരണ പദ്ധതികൾ

സ്ത്രീകൾ നേരിടേണ്ടി വരുന്ന സാമൂഹിക പ്രശ്നങ്ങളേയും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളേയും സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും അതാത് രംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നു.

### 7.9.9(8) സ്റ്റെപ്പ് പദ്ധതി (Support to Training & Employment Programme for women)

കേന്ദ്ര സർക്കാരിന്റെ സ്റ്റെപ്പ് പദ്ധതി പ്രകാരം വനിതകൾക്ക് തൊഴിൽ പരിശീലനം നൽകാനും തൊഴിലിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നു. വരുമാന സാധ്യതയുള്ള ഏത് പദ്ധതിക്കും ധനസഹായം നൽകുന്നു. ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയാണ് വനിതാ വികസന കോർപ്പറേഷൻ. വനിതാ ശാക്തീകരണ പരിപാടികളിൽ മൂന്ന് വർഷത്തിലേറെ പരിചയമുള്ള സന്നദ്ധ സംഘടനകളാണ് ഇപ്രകാരമുള്ള ധനസഹായത്തിനു അപേക്ഷ നൽകേണ്ടത്.

### 7.9.9(9) തൊഴിൽ പരിശീലനം

വനിതകൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ തൊഴിലധിഷ്ഠിതപരിശീലനം നൽകി വരുന്നു.

### 7.9.9(10) പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ – REACH ( Resource enhancement Accadamy for Career Heights)

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള രാജ്യത്തെ ആദ്യത്തെ ഫിനിഷിംഗ് സ്കൂളാണ് റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ് (REACH). REACH-ലെ അന്താരാഷ്ട്രനിലവാരത്തിലുള്ള സജ്ജീകരണങ്ങൾക്കുള്ള അംഗീകാ രമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. പ്രവർത്തനം തുടങ്ങി മൂന്ന് മാസങ്ങൾക്കുള്ളിൽ തന്നെ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കുന്ന സംസ്ഥാനത്തെ ഏക പൊതുമേഖലാ സ്ഥാപനമാണ് REACH. +2 പാസ്സായ പെൺകുട്ടികൾക്കായി റീച്ച് സർട്ടിഫിക്കേഷൻ കോഴ്സിന്റെ പരിശീലനം നൽകുകയും, കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകി വരുകയും ചെയ്യുന്നു. നിലവിൽ തിരുവനന്തപുരത്തും, കണ്ണൂർ പിലാത്തറയിലുമാണ് REACH ഉള്ളത്.

### 7.9.9(11) വിമൻസ് കോളജുകളിൽ വിമൻസ് സെൽ

കേരളത്തിൽ വനിത കോളേജുകളിൽ വനിത വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഓരോ വിമൻസ് സെൽ പ്രവർത്തിച്ചു വരുന്നു. വിമൻസ് സെൽ മുഖേന വിദ്യാർത്ഥിനികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സെമിനാറുകൾ,

വർക്ക്ഷോപ്പുകൾ തുടങ്ങിയവയും നടത്തിവരുന്നു. സാമൂഹികപ്രാധാന്യം അർഹിക്കുന്ന മേഖലകളിലേക്ക് പുതുതലമുറയെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശത്തോടെ കേരളത്തിലെ 40 വിമൻസ് കോളേജുകളിൽ വിമൻസ് സെൽ രൂപീകരിക്കുകയും ഈ കോളേജുകളിൽ പുതുതലമുറയുടെ ശാക്തീകരണത്തിനായും അവബോധ ത്തിനായും ഇച്ഛാശക്തി വളർത്തുന്നതിനുമായും സ്ത്രീ ശാക്തീകരണ പരിപാടികൾ, സോഫ്റ്റ് സ്കിൽ, ഐ.റ്റി. സ്കിൽ എന്നിവയിൽ പരിശീലനം, സെമിനാറുകൾ, കൈയെഴുത്തു മാസിക പ്രസിദ്ധീകരണം, തെരുവു നാടകം, ജെന്റർ ബോധവത്ക്കരണ പരിപാടി എന്നിവ കൂടാതെ മറ്റ് ക്രിയാത്മകമായ പരിപാടികളും വിമൻസ്സെൽ വഴി നടത്തി വരുന്നു.

### 7.9.9(12) സ്വയം പ്രതിരോധിക്കാൻ പെൺകുട്ടികൾക്ക് ആയോധനകലയിൽ പരിശീലനം

സംസ്ഥാനസർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ് പദ്ധതിയുടെ ഭാഗമായി 8 മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കൗമാരക്കാരായ പെൺകുട്ടികൾക്ക് വനിതാ വികസന കോർപ്പറേഷൻ ആയോധനകലയിൽ പരിശീലനം നൽകി വരുന്നു. പ്രസ്തുത പദ്ധതി മുഖേന വടക്കൻ കേരളത്തിലെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 50 സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2000 പെൺകുട്ടികൾക്ക് ആയോധനകലയിൽ പരിശീലനം നൽകുകയും ചെയ്യുന്നു.

### 7.9.9(13) ഷീ–ടാക്സി വായ്പാ പദ്ധതി

സ്ത്രീകൾ തന്നെ സംരംഭകരാകുന്ന ഈ നൂതന പദ്ധതിക്ക് വനിത വികസന കോർപ്പറേഷൻ ആവശ്യമായ വായ്പ സഹായം നൽകി വരുന്നു. 8% പലിശ നിരക്കിൽ ആറ് വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് വായ്പ നൽകി വരുന്നത്.

### 7.9.9(14) ഷീ ടൊയ്ലറ്റ്

സുരക്ഷിതവും വൃത്തിയുള്ളതും അനായാസേന ഉപയോഗിക്കാൻ കഴിയുന്നതുമായ ശൗചാലയങ്ങൾ നൂതനസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇൻസിനറേറ്റർ, നാപ്കിൻ വെന്റിംഗ് മെഷീൻ എന്നീ ആധുനികസൗകര്യങ്ങൾ സ്ത്രീകൾക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് ഷീ-ടൊയ്ലറ്റ്. തിരുവനന്തപുരം ജില്ലയിൽ 23 ഷീ-ടൊയ്ലറ്റ് യൂണിറ്റുകൾ വനിതാ വികസന കോർപ്പറേഷൻ സ്ഥാപിക്കുകയുണ്ടായി. കൂടാതെ സംസ്ഥാന വ്യാപകമായി 25 ഷീ-ടൊയ്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

## 7.10 കേരള സംസ്ഥാന വനിതാ കമ്മീഷൻ

കേരള വനിതാ കമ്മീഷൻ നിയമത്തിലെ സെക്ഷൻ 5 പ്രകാരം രൂപീകരിച്ച കേരള വനിതാ കമ്മീഷൻ നിലവിൽ വന്നത് 1996 മാർച്ച് 14 നാണ്. കേരളത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുക, അവർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുക എന്നിവയാണ് വനിത കമ്മീഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. ‘‘അദാലത്തുകൾ, ഗവേഷണപഠനങ്ങൾ, വിവാഹപൂർവ്വ കൗൺസിലിംഗ്, വിദ്യാർത്ഥികളിൽ ലിംഗനീതി ബോധം വളർത്താൻ കലാലയജ്യോതി, നിർധനർക്കും പട്ടികവിഭാഗക്കാർക്കും സൗജന്യ ഡി.എൻ.എ പരിശോധന, ഷോർട്ട് സ്റ്റേ ഹോം, ബോധവത്കരണപരിപാടികൾ തുടങ്ങിയവ നടത്തി വരുന്നു. വെബ്സൈറ്റ് : www.keralawomenscommission.gov.in

## 7.11 കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്. കുട്ടികളുടെ ക്ഷേമത്തിനും സ്ത്രീശാക്തീകരണത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയാണ് ബോർഡിന്റെ ലക്ഷ്യം. വെബ്സൈറ്റ് : www.swb.kerala.gov.in

## 7.12 ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ഉള്ള വനിതാക്ഷേമ സ്ഥാപന ങ്ങളിലെ അന്തേവാസികളുടെ വിവാഹവും പുനരധിവാസവും സംബന്ധിച്ച പദ്ധതി.

### 7.12.1 വിവാഹപുനരധിവാസ പദ്ധതികൾ

ഈ പദ്ധതി പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ഉള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വിവാഹധനസഹായമായി 50,000/-(അൻപതിനായിരം രൂപ) ലഭിക്കുന്നതാണ്.
ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വനിതാ സ്ഥാപനങ്ങളിലെ 18 വയസ്സ് പൂർത്തീകരിച്ചതും വിവാഹം ചെയ്ത് കുടുംബ ജീവിതം നയിക്കുവാൻ താൽപര്യം ഉള്ളവരും ആയിരിക്കണം അപേക്ഷകർ. പ്രത്യേക അപേക്ഷാഫോറം ഇല്ല . വിവാഹിതരാകുവാൻ താൽപ്പര്യം ഉള്ള പെൺകുട്ടികളെ വിവാഹം ചെയ്യുവാൻ അനുയോജ്യരായ വരൻമാരെ കണ്ടെത്തി വരൻമാരെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ എന്നിവ ഉൾപ്പടെ അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതിവകുപ്പ് ഓഫീസർമാർ മുഖേന അതാത് ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം.

പ്രത്യേക സമയപരിധി ഇല്ല. ഓരോ വർഷവും ലഭിയ്ക്കുന്ന അപേക്ഷകൾ പരിശോധിച്ചു അതാതു വർഷം ഡിസംബർ 31-ാം തീയതിക്കകം ബന്ധപ്പെട്ട ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അനുയോജ്യമായ വിവാഹങ്ങൾ നടത്തുന്നതാണ്. അംഗീകരിച്ച അപേക്ഷകർക്ക് വിവാഹത്തിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ച് അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനം വഴിയാണ് ധനസഹായം നൽകുന്നത്.

### 7.12.2 അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

1. ഗാർഹിക നിരക്കിൽ കുടിവെള്ളം
2. കുറഞ്ഞ നിരക്കിൽ വൈദ്യുതി
3. കെട്ടിട നികുതി ഒഴിവാക്കൽ
4. സ്ഥാപനങ്ങളുടെ വാഹനത്തിന് വാഹന നികുതിയിൽ ഇളവ്
5. അന്തേവാസികളെ ബി പി എൽ പട്ടികയിൽ ഉൾപ്പെടുത്തി ബി പി എൽ ആനുകൂല്യങ്ങൾ
6. പ്രതിമാസം ഒരു അന്തേവാസിയ്ക്ക് ഒരു രൂപ നിരക്കിൽ 5 കി ഗ്രാം അരി, ബി പി എൽ നിരക്കിൽ മൂന്ന് കി. ഗ്രാം ഗോതമ്പ്, 400 ഗ്രാം പഞ്ചസാര
7. സ്ഥാപനങ്ങളിൽ വന്നുള്ള പ്രതിമാസ ആരോഗ്യ സേവനങ്ങൾ

## 7.13 സ്ത്രീ സംരക്ഷണ നിയമവ്യവസ്ഥകൾ

### 7.13.1 ക്രിമിനൽ കുറ്റങ്ങൾക്കെതിരെയുള്ള നിയമങ്ങൾ

ക്രിമിനൽ കുറ്റ കൃത്യങ്ങളിൽ പലതും ഒത്ത് തീർപ്പാക്കാൻ പാടില്ലാത്തവയാണ്.

### i. ഇന്ത്യൻ ശിക്ഷാ നിയമം 1860

- ലൈംഗികകുറ്റങ്ങൾ

1. പൊതുസ്ഥലത്തുവെച്ച് അശ്ലീലപ്രവർത്തി ചെയ്യുകയോ അസഭ്യം പറയുന്നതോ - 294-ാം വകുപ്പ് പ്രകാരം 3 മാസം വരെ കഠിനതടവും പിഴയും.
2. സ്ത്രീയെ അപഹരിച്ച് അവിഹിത ബന്ധത്തിന് നിർബന്ധിക്കുന്നത് - വകുപ്പ് 366 പ്രകാരം -10 വർഷം തടവും പിഴയും.
3. സ്ത്രീയെ അപമാനിക്കണമെന്ന ഉദ്ദേശത്തോടെ ആംഗ്യം കാണിക്കുകയോ ശബ്ദം പുറപ്പെടുവിക്കുകയോ വസ്തുക്കൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നത് 509 -ാം വകുപ്പ് പ്രകാരം 3 വർഷം വരെ തടവും പിഴയും.
4. മര്യാദ ലംഘനം നടത്തണമെന്ന ഉദ്ദേശ്യത്തോടെ സ്ത്രീയെ കയ്യേറ്റം ചെയ്താൽ - 354 -ാം വകുപ്പ് പ്രകാരം 1 വർഷം മുതൽ 5 വർഷം വരെ തടവും പിഴയും.
5. അശ്ലീലപരാമർശം നടത്തുന്നതും ശരീരഭാഗങ്ങളിൽ സ്പർശിക്കുന്നത് മുതലായവ - 354 A പ്രകാരം - 5 വർഷം വരെ തടവോ പിഴയോ.
6. വിവസ്ത്രയാക്കിയാൽ - വകുപ്പ് 354 B പ്രകാരം - 3 മുതൽ 7 വർഷം വരെ തടവും പിഴയും.
7. ഒളിഞ്ഞുനോട്ടവും സ്വകാര്യപ്രവൃത്തികൾ ചെയ്യുന്നത് ഫോട്ടോ എടുക്കുന്നതും മറ്റും - 354 C പ്രകാരം - 1 മുതൽ 3 വർഷം വരെ തടവോ പിഴയോ.
8. നിരന്തരം പിൻതുടർന്ന് ശല്യം ചെയ്യുക - 354 D പ്രകാരം– 3 വർഷം വരെ തടവും പിഴയും.
9. ബലാൽസംഗം - 376 - 10 വർഷത്തിൽ കുറയാത്ത കഠിന തടവോ അല്ലെങ്കിൽ ജീവപര്യന്തം വരെയാകാവുന്ന തടവോ പിഴയോ.
10. കോടതിയുടെ ഉത്തരവ് പ്രകാരം പിരിഞ്ഞു താമസിക്കുന്ന ഭാര്യയുടെ സമ്മതം കൂടാതെയുള്ള ലൈംഗികവേഴ്ച്ച- 376 ബി - 2 വർഷം മുതൽ 7 വർഷം വരെ തടവും പിഴയും.
11. കൂട്ടബലാൽസംഗം - 376-D 20 വർഷത്തിൽ കുറയാത്ത കഠിനതടവും ജീവപര്യന്തം തടവും പിഴയും.
12. അധികാരമുള്ള വ്യക്തി ബലാൽസംഗം ചെയ്താൽ- 376-C - 5 വർഷം മുതൽ 10 വർഷം വരെ തടവും പിഴയും.
13. ബലാൽസംഗത്തിനിരയായ സ്ത്രീ മരിക്കാനിടയായാലോ ജീവച്ഛവമാക്കിയാലോ - 376 - 20 വർഷത്തിൽ കുറയാത്ത കഠിന തടവോ/ വധശിക്ഷയോ

### ii. വിവാഹസംബന്ധമായ കുറ്റങ്ങൾ

1. നിയമപ്രകാരം വിവാഹം കഴിക്കാതെ ഭാര്യയാണെന്ന് വിശ്വസിപ്പിച്ച് കൂടെ താമസ്സിപ്പിച്ച് ലൈംഗീകബന്ധത്തിലേർപ്പെടുന്നത് - 493- 10 വർഷം വരെ തടവും പിഴയും.
2. ഭാര്യ ജീവിച്ചിരിക്കെ മറ്റൊരു വിവാഹം കഴിക്കുന്നത് - 494 - 7 വർഷം വരെ തടവും പിഴയും.
3. ആദ്യ വിവാഹം മറച്ചുവെച്ച് വിവാഹം കഴിക്കുന്നത് - 495 - 10 വർഷം വരെ തടവും പിഴയും

4. നിയമസാധുതയില്ലെന്നറിഞ്ഞിട്ടുള്ള വഞ്ചിക്കണമെന്ന ഉദ്ദേശത്തോടെ സാധുതയില്ലാത്ത വിവാഹച്ചടങ്ങ് നടത്തുന്നത് – 496 – 7 വർഷം വരെ തടവും പിഴയും.
5. മറ്റൊരാളുടെ ഭാര്യയാണെന്നറിഞ്ഞ് കൊണ്ട് ലൈംഗികബന്ധത്തിലേർപ്പെട്ടാൽ – 497– 5 വർഷം
6. വിവാഹിതയായ സ്ത്രീയെ ഭർത്താവിൽനിന്ന് അകറ്റി അവിഹിത വേഴ്ച നടത്താൻ തടഞ്ഞു വെക്കുന്നത് – 498 – 2 വർഷം തടവും പിഴയും.
7. സ്ത്രീധനം ആവശ്യപ്പെട്ടോ അല്ലാതെയോ ഭർത്താവോ, ബന്ധുക്കളോ ക്രൂരമായി പെരുമാറുന്നത് – 498 A – 3 വർഷം തടവോ, പിഴയോ.
8. സ്ത്രീധനമരണം – 304 B– 7 വർഷത്തിൽ കുറയാത്തതും ജീവപര്യന്ത്യം വരെയാകാവുന്നതുമായ കുറ്റം

## iii. കേരള പോലീസ് നിയമം, 2011 (Kerala Police Act, 2011)

- പൊതുസ്ഥലത്ത് സ്ത്രീയുടെ അന്തസ്സിനെ ഹനിക്കുന്ന ലൈംഗിക ചേഷ്ടകളോ പ്രവൃത്തികളോ ചെയ്താൽ 119 (A) പ്രകാരം 3 വർഷം തടവും 10000 രൂപ പിഴയും , രണ്ടും കൂടി
- സ്ത്രീയുടെ സ്വകാര്യതയ്ക്ക് ഭംഗം വരും വിധം ഫോട്ടോയോ വീഡിയോയോ എടുക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നത് 119 (B) 3 വർഷം തടവും 10000 രൂപ പിഴയും, രണ്ടും കൂടി
- തീയറ്റർ മാനേജർ, ബസ് കണ്ടക്ടർ മുതലായ ആ പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തി ഫോട്ടോ സേവനദാതാവിനോട് ഏതെങ്കിലും വ്യക്തി മേൽപറഞ്ഞ കുറ്റത്തെക്കുറിച്ച് പരാതി പറഞ്ഞിട്ടും അത് തടയുവാനോ അത് സംബന്ധിച്ച് അധികാരികളെ അറിയിക്കുവാനോ ശ്രമിക്കാതിരിക്കുന്നത് കുറ്റകരമാണ് 119(2) 1000 രൂപ പിഴ ശിക്ഷ ലഭിക്കാം -

## iv. ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം, 2005 (Protection Of Women from Domestic Violence Act, 2005 )

- ഒരേ വീട്ടിൽ താമസിക്കുന്നതോ താമസിച്ചതോ ആയ ജന്മനാലുള്ള ബന്ധം, വിവാഹബന്ധം, കൂട്ടുകുടുംബബന്ധം, വിവാഹം കഴിക്കാതെയുള്ള ദാമ്പത്യബന്ധം എന്നീ ബന്ധത്തിലെ പുരുഷൻ ആ ബന്ധത്തിലെ സ്ത്രീയെ പീഡിപ്പിക്കുന്നത് ഗാർഹിക പീഡനമാണ്.
- ശാരീരികവും വാക്കാലോ വൈകാരികമോ ലൈംഗികമോ, സാമ്പത്തികമോ ആയ പീഡനങ്ങൾ ഇതിൽ ഉൾപ്പെടും
- ഇത്തരം പരാതി ജില്ലയിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, സേവനദാതാക്കൾ മുതലായവർ മുമ്പാകെ നൽകാം
- മജിസ്ട്രേറ്റ് മുമ്പാകെ അഭിഭാഷകൻ മുഖാന്തിരവും നൽകാം
- സംരക്ഷണം, നഷ്ടപരിഹാരം, സാമ്പത്തിക നിവൃത്തി, കസ്റ്റഡി മുതലായ ഉചിതമായ ഉത്തരവ് കോടതി നൽകും
- ഇത് കൂടാതെ പരാതിക്കാരിക്ക് താമസിക്കുന്ന വീട്ടിൽ നിന്ന് ഇറക്കി വിടാതിരിക്കാനോ താമസ സൗകര്യം ഒരുക്കാനോ ഉള്ള റെസിഡൻസ് ഓഡർ അഥവാ പാർക്കാനുള്ള ഉത്തരവും ലഭിക്കാം
- നിയമസഹായം, ചികിത്സാ സഹായം പാർക്കാനുള്ള സംവിധാനം , കൗൺസലിങ് എന്നിവ സൗജന്യമായി ലഭിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു

- സംരക്ഷണ ഉത്തരവിന്റെ ലംഘനം ഒരു വർഷം വരെ തടവും 20,000 രൂപ പിഴ ശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്

## v. സ്ത്രീധനനിരോധന നിയമം 1961 (Dowry prohibition Act, 1961)

- വിവാഹബന്ധത്തിലെ ഒരു പക്ഷം മറുപക്ഷത്തിനോ അവരുടെ മാതാപിതാക്കൾക്കോ മറ്റ് ബന്ധുക്കൾക്കോ വിവാഹസമയത്തോ അതിന് മുമ്പോ ശേഷമോ , വിവാഹാനുബന്ധമായി നൽകുന്ന സ്വത്തോ, വിലമതിയ്ക്കുന്ന പത്രങ്ങളോ നേരിട്ടോ പരോക്ഷമോ ആയി നൽകുന്നിനെയാണ് സ്ത്രീധനം എന്ന് നിയമം വിവരിക്കുന്നത്.
- മഹറും വധൂവരൻമാർക്കുള്ള വിവാഹസമയത്ത് നൽകപ്പെട്ട സമ്മാനങ്ങളും ഇതിൽ നിന്ന് ഒഴിവാക്കപ്പെട്ടവയാണ്.
- സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും അഞ്ച് വർഷത്തിൽ കുറയാത്ത തടവും 15,000 രൂപ പിഴയും (3-ാം വകുപ്പ്)
- സ്ത്രീധനം ആവശ്യപ്പെടുന്നത്-രണ്ട് വർഷവും 10,000 രൂപ പിഴയും (വകുപ്പ് 4)
- സ്ത്രീധനം സംബന്ധിച്ച് പരസ്യം നൽകുന്നത്- 5 വർഷത്തിൽ കുറയാത്ത തടവും 15,000 രൂപ പിഴയും (വകുപ്പ് 4 A)
- ലഭിച്ച സ്ത്രീധനം വധുവിന് നൽകാതിരുന്നാൽ- 6 മാസം മുതൽ 2 വർഷം വരെയും 5000 രൂപ മുതൽ 10000/ രൂപ വരെയും (വകുപ്പ് 6)
- സ്ത്രീധനം നൽകാത്തതിനാലോ കുറഞ്ഞതിനാലോ ദാമ്പത്യബന്ധത്തിൽ നിന്ന് പിൻമാറിയാൽ ഒരു വർഷം വരെയും 10000/ രൂപ വരെയും (വകുപ്പ് 6)
- ഈ നിയമം പാലിക്കാൻ സി.ഡി.പി.ഒ മാരെ സ്ത്രീധനനിരോധന ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുണ്ട്.

## vi. ഗർഭചിദ്രം നിയമം 1971 (Medical Termination of Pregnancy Act 1971)

- ഇന്ത്യൻ ശിക്ഷാനിയമത്തിലെ പല വ്യവസ്ഥകളും ഗർഭചിദ്രം ശിക്ഷാർഹമാക്കിയിട്ടുണ്ട്. എന്നാൽ ഗർഭിണിയായ സ്ത്രീയുടെ ജീവനോ ശാരീരികമാനസികാവസ്ഥക്കോ അപകടമുണ്ടാവുകയോ ഗർഭസ്ഥശിശുവിന് ശാരീരികമോ മാനസികമോ ആയ തകരാറുണ്ടെങ്കിലോ, ബലാൽസംഗമോ ഗർഭനിരോധന ഉപാധിയുടെ തകരാറുമൂലം ഗർഭധാരണം സംഭവിച്ചതെങ്കിലോ; ആ സ്ത്രീയുടെയോ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെങ്കിൽ കുട്ടിയുടെ മാതാപിതാക്കളുടെയോ മനോരോഗിയെങ്കിൽ രക്ഷിതാവിന്റെയോ, സമ്മതത്തോടെ, ഗർഭചിദ്രം നടത്താവുന്നതാണ്.
- എന്നാൽ ഗർഭസ്ഥ ശിശുവിന് 12 ആഴ്ച്ചക്കും 20 ആഴ്ച ഇടയിൽ വളർച്ച പ്രാപിച്ചാൽ രണ്ട് രജിസ്ട്രേഡ് മെഡിക്കൽ പ്രാക്റ്റീഷണർമാരുടെ അഭിപ്രായത്തോടെ മാത്രമേ ഗർഭഛിദ്രം നടത്താവൂ.

## vii. സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കൽ നിരോധനനിയമം 1986 (Indecent Representation of Women Prohibition Act, 1986)

- സ്ത്രീകളുടെ രൂപമോ ശരീരമോ ഏതെങ്കിലും പരസ്യത്തിലോ പ്രസിദ്ധീകരണത്തിലോ എഴുത്തിലോ ചിത്രത്തിലോ മറ്റും അശ്ലീലമായോ അപഹാസ്യമായോ അപകീർത്തികരമായോ,

പൊതുജനങ്ങളുടെ സന്മാർഗ്ഗികത നശിപ്പിക്കുകയോ ദുഷിപ്പിക്കുകയോ ഹനിക്കുകയോ ചെയ്യുന്ന തരത്തിൽ ചിത്രീകരിക്കുന്നത് 2 വർഷം വരെ തടവും 2000 രൂപ പിഴയും ലഭിക്കാവുന്ന കുറ്റമാണ്.

- ഇത് ആവർത്തിച്ചാൽ 6 മാസം മുതൽ 5 വർഷം വരെ തടവും 10000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ പിഴയും ലഭിക്കാം

- എന്നാൽ ശാസ്ത്രം, സാഹിത്യം, കല , വിദ്യാഭ്യാസം, മതപരമായ ആവശ്യം എന്നിവക്കായിട്ടാണെങ്കിൽ മേൽ പറഞ്ഞ ചിത്രീകരണമെങ്കിൽ ഈ നിയമം ബാധകമല്ല

## viii. സൈബർ നിയമം 2000 (വിവരസാങ്കേതിക വിദ്യാനിയമം, 2000 – (Information Technology Act, 2000)

- കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ക്യാമറ മുതലായ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിച്ചോ അവ ലക്ഷ്യം വച്ചോ നടത്തുന്ന കുറ്റകൃത്യങ്ങളെയാണ് സൈബർ കുറ്റകൃത്യങ്ങൾ എന്ന് പറയുന്നത്.
- ഇത്തരം കുറ്റകൃത്യങ്ങൾ വ്യക്തികൾക്കെതിരെയും സംഘങ്ങൾക്കെതിരെയും പൊതുസമൂഹത്തിനെതിരെയും ഉണ്ടാവാം.
- മൊബൈൽ/ വെബ് ക്യാമറ വഴി സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റം, ഇ-മെയിൽ മൊബൈൽ ഫോൺ മറ്റ് നവ മാധ്യമങ്ങൾ വഴി ശല്യപ്പെടുത്തൽ, സൈബർ ഇടങ്ങളിൽ പിൻതുടർന്ന് ശല്യപ്പെടുത്തൽ കമ്പ്യൂട്ടർ /മൊബൈൽ ഫോൺ വഴി എന്തു ചെയ്യുന്നു എന്നറിയാൻ സ്പൈ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നത്. ഇന്റർനെറ്റിലെ ഹിസ്റ്ററി പരിശോധിച്ച് ഭീഷണിപ്പെടുത്തുന്നത്, ഇ-മെയിൽ സ്പൂഫിങ്ങ്, അശ്ലീല ചിത്രങ്ങൾ- മോർഫിങ്ങ് മുതലായവയാണ് സ്ത്രീകൾക്കെതിരായുള്ള പൊതുവെ നടക്കുന്ന സൈബർ കുറ്റങ്ങൾ.

- കമ്പ്യൂട്ടർ ഹാക്ക് ചെയ്യുന്നത് 3 വർഷം വരെ തടവും 5 ലക്ഷം പിഴയും (വകുപ്പ് 66)

- മോഷ്ടിച്ച കമ്പ്യൂട്ടറും മറ്റും വാങ്ങുന്നത് 3 വർഷം വരെ തടവും ഒരു ലക്ഷം പിഴയും (വകുപ്പ് 66 B)
- മറ്റൊരാളുടെ പാസ്സ് വേഡ് ഉപയോഗിക്കുന്നത് 3 വർഷം വരെ തടവും ഒരു ലക്ഷം പിഴയും (വകുപ്പ് 66 C)
- കമ്പ്യൂട്ടറും മറ്റും ഉപയോഗിച്ചുള്ള വഞ്ചന 3 വർഷം വരെ തടവും ഒരു ലക്ഷം പിഴയും (വകുപ്പ് 66 D)
- മറ്റുള്ളവരുടെ സ്വകാര്യഭാഗങ്ങളുടെ ചിത്രമെടുക്കുകയോ, വിതരണം ചെയ്യുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നത് 3 വർഷം വരെ തടവും 2 ലക്ഷം പിഴയും (വകുപ്പ് 66 D)
- സൈബർ തീവ്രവാദം ജീവപര്യന്തം (വകുപ്പ് 66 F)
- അശ്ലീലമായ കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് 5വർഷം വരെ തടവും ഒരു ലക്ഷം പിഴയും (വകുപ്പ് 67 )
- അശ്ലീലമായ ചിത്രങ്ങളോ വീഡിയോ മറ്റും പ്രദർശിപ്പിക്കുന്നത് 7വർഷം വരെ തടവും 1 ലക്ഷം പിഴയും (വകുപ്പ് 67 A)

- ഓൺലൈനിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതും മറ്റും 5 വർഷം വരെ തടവും 1 ലക്ഷം പിഴയും (വകുപ്പ് 67 B )
- ആവർത്തിച്ചാൽ 7 വർഷം വരെ തടവും 1 ലക്ഷം പിഴയും (വകുപ്പ് 67 B )

## ix. അസാൻമാർഗ്ഗിക വ്യാപാരം തടയൽ നിയമം, 1956 (Immoral Traffic (Prevention) Act, 1956)

- നിർബന്ധിത വേശ്യാവൃത്തി, ലൈംഗിക ചൂഷണം മറ്റ് അസാൻമാർഗ്ഗിക നടപടികൾ തടയുക യാണ് ഈ നിയമത്തിന്റെ ലക്ഷ്യം
- ഈ നിയമം വേശ്യാവൃത്തി എന്നത് അതേപടി തടയുന്നില്ല
- വേശ്യാലയങ്ങൾ നടത്തുന്നതും 2 വർഷം മുതൽ 3 വർഷം തടവും 10,000 രൂപ പിഴയും
- അതിനായി സ്ഥലം അനുവദിക്കുന്നതും മറ്റും 2 വർഷവും 20,000 രൂപയും (3-ാം വകുപ്പ്)
- ആവർത്തിച്ചാൽ 5 വർഷവും പിഴയും
- പ്രായപൂർത്തിയായ വ്യക്തി വേശ്യാവൃത്തിയിലൂടെ ഉപജീവനം നടത്തുന്നതും ഏജന്റായി പ്രവർത്തിക്കുന്നതും 2 വർഷവും 10,000 രൂപയും (4-ാം വകുപ്പ്)
- കുട്ടിയെ ഉപയോഗിച്ചാണ് മേൽ കുറ്റം ചെയ്യുന്നതെങ്കിൽ 7 വർഷം മുതൽ 10വരെ തടവ്
- വേശ്യാവൃത്തിക്ക് കൊണ്ടുപോകുന്നതും പ്രലോഭിപ്പിക്കുന്നതും മറ്റും 7 വർഷം മുതൽ 7 വരെ കഠിനതടവ്
- നിർബന്ധിച്ച് വേശ്യാവൃത്തി ചെയ്യിക്കുന്നത് 7 വർഷം മുതൽ 14 വർഷം വരെ കഠിന തടവ്
- മേൽ കുറ്റം കുട്ടിയെ ഉപയോഗിച്ച് ചെയ്താൽ 7 വർഷം മുതൽ ജീവപര്യന്തം വരെ
- വേശ്യാവൃത്തിക്കായി മനുഷ്യകടത്ത് നടത്തുന്നത് 7 വർഷത്തിൽ കുറയാത്ത തടവ്
- ആവർത്തിച്ചാൽ 6 മാസവും 50,000 രൂപയും
- വേശ്യാവൃത്തി നടത്തുന്നിടത്ത് ലൈംഗിക ബന്ധത്തിനായി തടഞ്ഞുവച്ചാൽ 7 വർഷം മുതൽ ജീവപര്യന്തം വരെയും/ 10 വർഷവും 1 ലക്ഷം രൂപ പിഴയും
- പൊതു സ്ഥലങ്ങളിലോ പൊതുസ്ഥലത്തിന്റെ പരിസരങ്ങളിലോ വേശ്യാവൃത്തി ചെയ്യുന്നത് (ആരാധനാലയം, വിദ്യാഭ്യാസ സ്ഥാപനം, ആശുപത്രി മുതലായവയുടെ 200 മീറ്റർ ചുറ്റളവിൽ) 3 മാസം തടവ്.
- കുട്ടിയെ ഉപയോഗിച്ചാണ് മേൽകുറ്റം ചെയ്തതെങ്കിൽ 7 വർഷം മുതൽ ജീവപര്യന്തം വരെയും 10 വർഷം പിഴയും

## x. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ നിരോധനം, പരിഹാരം) നിയമം, 2013 (Sexual Harassment of women at work place(prevention, prohibition and redressal) Act, 2013

- തൊഴിലിടങ്ങളിൽ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ തടയുക, നിരോധിക്കുക, പരിഹാരം കാണുക എന്നിവ ലക്ഷ്യമിടുന്നു ഈ നിയമം.
- ഈ നിയമപ്രകാരം തൊഴിലിടങ്ങളിൽ ലൈംഗികപീഡനങ്ങൾ നിർവചിച്ചിട്ടുണ്ട്

✓ ശാരീരികമായ ബന്ധങ്ങളും

- ✓ ലൈംഗികമായ കാര്യങ്ങൾക്ക് ആവശ്യപ്പെടുന്നതോ അപേക്ഷിക്കുന്നതോ
- ✓ അശ്ലീലസാഹിത്യപ്രദർശനം
- ✓ ലൈംഗികച്ചുവയുള്ള സംസാരം
- ✓ ലൈംഗികച്ചുവയുള്ള വാക്കാലോ അല്ലാത്തതോ, ശാരീരികമോ ആയോ സ്വാഗതാർഹമല്ലാത്ത പ്രവൃത്തികൾ

മേൽപറഞ്ഞ പ്രവൃത്തികൾ ഉൾപ്പടെയുള്ള സ്വാഗതാർഹമല്ലാത്ത നേരിട്ടോ വ്യംഗ്യമായോ ഉള്ള പ്രവൃത്തികളെ ലൈംഗിക പീഢനമായി കണക്കാക്കാം.

- തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാൻ എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലേയ്ന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്നും അസംഘടിതമേഖലയിലെ സ്ത്രീകൾക്കായി ജില്ലാതലത്തിൽ ലോക്കൽ കംപ്ലേയ്ന്റ് കമ്മിറ്റികൾ സ്ഥാപിക്കേണ്ടതാണെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

## 7.13.2 വ്യക്തി നിയമങ്ങൾ :

### i. ജീവനാംശ നിയമങ്ങൾ

ജീവനാംശം എന്നതിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസ ചിലവ്, വൈദ്യപരിശോധന,ചികിൽസ, ആരോഗ്യപരിപാലനച്ചെലവുകൾ എന്നിവ ഉൾപ്പെടുന്നു.

**a. ഹിന്ദു സ്ത്രീകൾക്ക്**

ഹിന്ദു അഡോപ്ഷൻ & മെയിന്റനൻസ് നിയമപ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ചിലവിന് ലഭിക്കും.

**b. മുസ്ലിം സ്ത്രീകൾക്ക്**

സ്ത്രീക്ക് വ്യക്തി നിയമപ്രകാരവും 1986 ലെ വിവാഹ മോചിതരുടെ അവകാശ സംരക്ഷണ നിയമപ്രകാരവും ക്രിമിനൽ നടപടിക്രമത്തിന്റെ 125 -ാം വകുപ്പ് പ്രകാരവും ഈ വിഭാഗത്തിൽപെട്ടവർക്ക് ജീവനാംശം ലഭിക്കും.

**c. ക്രിസ്ത്യൻ സ്ത്രീകൾക്ക്**

ക്രൈസ്തവർക്കായി പ്രത്യേക ജീവനാംശ നിയമങ്ങൾ ഇല്ലെങ്കിലും ക്രിമിനൽ നടപടി നിയമം 125 -ാം വകുപ്പ് പ്രകാരം ഈ വിഭാഗത്തിൽ പെട്ടവർക്ക് ജീവനാംശം ലഭിക്കും.

### ii. പിൻതുടർച്ചാവകാശ നിയമങ്ങൾ

**a. ഹിന്ദു**

1956 ലെ ഹിന്ദു പിൻതുടർച്ചാവകാശം ആണ് ബാധകമാകുക ഇത് പ്രകാരം മാതാപിതാക്കളുടെ സ്വത്തിന് പെൺമക്കൾക്കും തുല്യാവകാശം ഉണ്ട്.

**b. ക്രിസ്ത്യൻ**

1925 ലെ ഇന്ത്യൻ പിൻതുടർച്ചാ നിയമം ആണ് ബാധകമാവുക ഇത് പ്രകാരം പെൺമക്കൾക്കും തുല്ല്യാവകാശം കൈവന്നിരിക്കുന്നു.

**c. മുസ്ലിം**

ഇസ്ലാമിക സ്വത്ത് നിയമപ്രകാരമാണ് അവകാശം.

### iii. ക്രിമിനൽ നടപടിക്രമനിയമം ,1973

**a.** ഒരു സ്ത്രീയെ അറസ്റ്റ് ചെയ്യുമ്പോൾ അവരുടെ അന്തസ്സിനെ ഹനിക്കാത്ത തരത്തിൽ മറ്റൊരു സ്ത്രീയെ കൊണ്ട് മാത്രമേ ദേഹ പരിശോധന നടത്താവൂ (51 (2) 100(3)

**b.** സ്ത്രീയാണ് പ്രതിയെങ്കിൽ അവരുടെ ദേഹപരിശോധന ഒരു വനിതാ ഡോക്ടറെ കൊണ്ട് മാത്രമേ നടത്തിക്കാവൂ വകുപ്പ് (53(2)

**c.** പോലീസ് സാക്ഷിമൊഴി സ്ത്രീകൾ താമസിക്കുന്നിടത്ത് വന്ന് എടുക്കേണ്ടതാണ്. അതായത് സാക്ഷിയായി മൊഴി എടുക്കാൻ അവരെ സ്റ്റേഷനിൽ വിളിച്ച് വരുത്തരുത്.

**d.** ലൈംഗികകുറ്റകൃത്യത്തിനിരയാവുന്ന സ്ത്രീ മാനസികമോ ശാരീരികമോ ആയ അവശതകൾ ഉണ്ടായാൽ അവരുടെ മൊഴി അവരുടെ വീട്ടിലോ അവർക്ക് സൗകര്യപ്രദമാകുന്ന മറ്റേതെങ്കിലും സ്ഥലത്തോ വച്ച് എടുക്കേണ്ടതും അത് വീഡിയോ റെക്കോർഡ് ചെയ്യേണ്ടതും കഴിവതും വേഗത്തിൽ മജിസ്ട്രേറ്റ് മുമ്പാകെ 164 സ്റ്റേറ്റ്മെന്റ് എടുപ്പിക്കേണ്ടതുമാണ് (വകുപ്പ് 154 )

**e.** എല്ലാ ലൈംഗികകുറ്റകൃത്യങ്ങൾക്കും പോലീസ് ഉടനടി മജിസ്ട്രേറ്റ് മുമ്പാകെ 164 സ്റ്റേറ്റ്മെന്റ് എടുപ്പിക്കേണ്ടതുമാണ് ( വകുപ്പ് 164)

**f.** ലൈംഗിക കുറ്റകൃത്യത്തിനിരയാവുന്നവർക്ക് എല്ലാ ആശുപത്രികളിലും വൈദ്യസഹായം സൗജന്യമായി നല്കേണ്ടതാണ്.( വകുപ്പ് 357 സി)

# അദ്ധ്യായം -8

# ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ

## 8.1 ആരൊക്കെയാണ് ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്നവർ

| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവ രായി കണക്കാക്കപ്പെടുന്നവർ |
|---|
| 1. ചലനവൈകല്യം |
| 2. അന്ധത |
| 3. ഹ്രസ്വദൃശ്യത |
| 4. ശ്രവണവൈകല്യം |
| 6. മാനസികവെല്ലുവിളി |
| 6. മാനസിക വിഭ്രാന്തി |
| 7. കുഷ്ഠരോഗ വിമുക്തൻ |

### 8.1.1 ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ

1. അവഗണന
2. വിദ്യാഭ്യാസക്കുറവ്
3. വരുമാനപ്രശ്നങ്ങൾ
4. ചലനശേഷിക്കുറവ്
5. ബുദ്ധിവികസനത്തിനുള്ള പ്രശ്നങ്ങൾ
6. തൊഴിൽ പരിപോഷണ കുറവ്
7. ചികിത്സാസൗകര്യക്കുറവ്
8. അന്ധരും ബധിരരുമായവരുടെ പ്രശ്നങ്ങൾ
9. ചൂഷണവിധേയർ
10. വൈകല്യം തിരിച്ചറിയുന്നതിലുള്ള കാലതാമസം
11. പ്രാപ്തി വളർത്തിയെടുക്കുന്നതിനുള്ള സൗകര്യമില്ലായ്മ

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതി: ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കൃത്യമായ സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ രുത്തരും നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞ ശേഷം അതിന് ഹ്രസ്വകാല -ദീർഘകാല അടിസ്ഥാനത്തിൽ പരിഹാരം കാണുംവിധം ഒരു പ്രത്യേകപദ്ധതി തയ്യാറാക്കണം.

| ഭിന്നശേഷി – കേരളം പൊതുകണക്ക് | | | |
|---|---|---|---|
| സ്ത്രീ | പുരുഷൻ | അല്ലാത്തവർ | ആകെ |
| 438853 | 353895 | 1189 | 7,93,937- (2.32%) |
| സ്ത്രീപുരുഷ അനുപാതം (%) | ഭവനങ്ങളിൽ | സ്ഥാപനങ്ങളിൽ | ബി.പി.എൽ വിഭാഗം |
| 55:45 | 775823 | 18114 | 3,70,277(46.63%) |
| ഒരു കുടുംബത്തിൽ 1 അംഗപരിമിതൻ | ഒരു കുടുംബത്തിൽ 2 അംഗപരിമിതർ | ഒരു കുടുംബത്തിൽ 3 അംഗപരിമിതർ | ഒരു കുടുംബത്തിൽ 4 ൽ അധികം അംഗ പരിമിതർ |
| 6,53,434 | 52030 | 4998 | 765 |

പദ്ധതി തയ്യാറാക്കുമ്പോൾ നഗരസഭയിലെ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ അവരുടെ നിർണായകമായ എല്ലാ ആവശ്യങ്ങൾക്കും പരിഹാരം കാണും വിധം പദ്ധതിക്ക് രൂപം നൽകണം. ഇപ്രകാരം ചെയ്യുമ്പോൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങൾ (ഉദാ: അങ്കണവാടി, സ്കൂൾ, ആശുപത്രി മുതലായവ) നൽകിവരുന്ന വിവിധ സേവനങ്ങളും സർക്കാർ സ്ഥാപനങ്ങളും ഏജൻസികളും നൽകിവരുന്ന സേവനങ്ങളും ഏകോപിപ്പിക്കേണ്ടി വരും. മാത്രമല്ല സബ്സിഡി-ധനസഹായ നിബന്ധനങ്ങൾ പരിഗണിക്കുമ്പോൾ പൊതുപണം വിനിയോഗിച്ച് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്കായി വിവിധസ്ഥാപനങ്ങൾ, സംഘടനകൾ ഉദാരമതികളായ വ്യക്തികൾ എന്നിവരുടെ സഹായം തേടേണ്ടതായും വരും. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ളതായിരിക്കണം പദ്ധതികൾ തയ്യാറാക്കേണ്ടത്.

### 8.1.2 പരിഹാരമാർഗ്ഗങ്ങൾ

— സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം നടത്തി വൈകല്യമുള്ളവരെ കണ്ടെത്തുക. (Early detection program).

— ആരോഗ്യ-സാമൂഹ്യനീതിവകുപ്പുകളുടെ സഹായത്തോടെ ഇവരുടെ വൈകല്യം തിട്ടപ്പെടുത്തുക.

— സ്വയംതൊഴിലിന് പരിശീലനങ്ങൾ നൽകുക

— തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക (പഞ്ചായത്തുകളുടെ നേതൃത്വത്തിൽ).

— ചലനം, പഠന - ശ്രവണ സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ നൽകുക (നഗരസഭ, ജില്ലാപഞ്ചായത്തുകൾ).

— വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് ,സ്റ്റൈപ്പന്റ്, പഠനോപകരണങ്ങൾ എന്നിവ നല്കുക.

— അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക

— പ്രത്യേക ചികിത്സ, സംരക്ഷണ സേവന പദ്ധതികൾ ഏർപ്പെടുത്തുക

— റീഹാബിലിറ്റേഷൻ പ്രോജക്റ്റ് തയ്യാറാക്കി നടപ്പിലാക്കുക

— ഭക്ഷണം, വസ്ത്രം, ആരോഗ്യം തുടങ്ങിയ സേവന പരിചരണ പാക്കേജ് നടപ്പിലാക്കുക

— വിവിധ നിയമങ്ങളെ സംബന്ധിച്ച് ബോധവൽകരണ ക്യാമ്പുകൾ നടത്തുക

— വിവിധ വകുപ്പുകളിൽ നിന്നുള്ള ധനസഹായങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

— ശക്തമായ മോണിറ്ററിംങ് സംവിധാനം ഏർപ്പെടുത്തുക

— ബഡ്സ് സ്ക്കൂളുകൾ ആരംഭിക്കുക

**ബാല സൗഹൃദ പഞ്ചായത്ത് - ശ്രീകൃഷ്ണപുരം-(കേസ് സ്റ്റഡി)**

**"അംഗപരിമിതരായ കുട്ടികളുടെ സമഗ്ര പുന:രധിവാസം"**

1. പതിനെട്ടിന് താഴെ പ്രായമുള്ള ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുവാൻ പഞ്ചായത്ത് തീരുമാനമെടുത്തു.
2. ഭരണസമിതിയുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകരുടെ യോഗം കൂടി കമ്മിറ്റി രൂപീകരിച്ചു
3. ദ്വിതീയ വിവരശേഖരണവും, ക്രോഡീകരണവും നടത്തി (കമ്മിറ്റിയുടെ നേതൃത്വത്തിൽ)
4. അടിസ്ഥാന വിവരശേഖരണ ഫോറം, വ്യക്തിഗതരേഖ ഇവയ്ക്കുള്ള ഫോർമാറ്റുകൾ തയ്യാറാക്കി
5. സർവ്വെ പരിശീലനവും, ടാർജറ്റഡ് ഫാമിലി സർവ്വേയും
6. ഓരോ ഭിന്നശേഷി വ്യക്തിയുടേയും സോഷ്യോ ഇക്കണോമിക്ക് സ്റ്റാറ്റസ്, ഭിന്നശേഷിയുടെ തരവും ലെവലും, ആവശ്യങ്ങൾ, ആനുകൂല്യങ്ങൾ, ഉപകരണങ്ങൾ എന്നിവ തിട്ടപ്പെടുത്തി.
7. ഈ രേഖ ഒരു പുസ്തകരൂപേണ നഗരസഭ തയ്യാറാക്കണം
8. ഉപകരണ വിതരണം, ബഡ്സ് സ്പെഷൽ സ്ക്കൂൾ രൂപീകരണം കാലേകൂട്ടിയുള്ള വികസന വ്യതിയാന സർവ്വെ, സമ്പൂർണ്ണ ഭിന്നശേഷി സ്ക്കോളർഷിപ്പ് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി

## 8.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന നിലവിലുള്ള പദ്ധതികളും ധനസഹായങ്ങളും.

### 8.2.1 വിവിധ സ്കോളർഷിപ്പുകൾ, ബത്തകൾ

സ.ഉ (കൈ) നം 4/2016/തസ്വഭവ, tvm dated 11.1.2016 ഉത്തരവു പ്രകാരം വരുമാനപരിധി കണക്കിലെടുക്കാതെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ (Physically and mentally challenged studensS) നേരിടുന്ന വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് താഴെപറയുന്ന നിരക്കിൽ സാമ്പത്തികസഹായം ലഭിക്കുന്നതാണ്.

### 8.2.2 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ

| ക്രമ നമ്പർ | ക്ലാസ്സ്/കോഴ്സ് | പ്രതിമാസ സ്കോളർഷിപ്പ്/അലവൻസ് (രൂപ) | | |
|---|---|---|---|---|
| | | ദിവസവും പോയി വരുന്നവർ | ഹോസ്റ്റലിൽ താമസിക്കുന്നവർ | വാർഷിക അവലവൻസ് |
| 1 | 1 മുതൽ 4 , നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5 മുതൽ 8 | 500 | 750 | 600 |
| 3 | 9,10,12 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തരബിരുദം | 1000 | 1500 | 1500 |
| 6 | തൊഴിലധിഷ്ഠിത പരിശീലനം | 1000 | 1500 | 1500 |
| 7 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ള വർക്ക് യാത്രാബത്ത (വിദ്യാലയങ്ങളിൽ) | 400 | | |
| 8 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർ സ്ഥാപനത്തിന്റെ വാഹനത്തിൽ യാത്ര ചെയ്യുന്നവർക്ക് യാത്രാ ബത്ത | യഥാർത്ഥ ചെലവ് (സ്ഥാപനത്തിന് നൽകണം) | | |

### 8.2.3 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ നൽകൽ

- കൃത്രിമ ശരീരഭാഗങ്ങൾ
- ഓർത്തോ ഉപകരണങ്ങൾ
- ട്രാവലിംഗ് ഉപകരണങ്ങൾ
- യാത്രസഹായ ഉപകരണങ്ങൾ
- കാഴ്ച്ച ഉപകരണങ്ങൾ
- കേൾവി ഉപകരണങ്ങൾ
- കമ്പ്യൂട്ടർ ഉപകരണങ്ങൾ (ബ്രെയിലി)

### 8.2.4 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ. നം | ഇനം | സ്കോളർഷിപ്പ്/ അലവൻസ് (രൂപ) |
|---|---|---|
| 1 | പ്രതിമാസ സ്കോളർഷിപ്പ് | 1000 |
| 2 | വാർഷിക ഡ്രസ് അലവൻസ് | 800 |
| 3 | പഠനസാമഗ്രികൾ/വിദ്യാഭ്യാസ സാമഗ്രികൾ വാർഷിക അലവൻസ് | 1400 |
| 4 | പഠിക്കുന്ന സ്ഥാപനത്തിൽ നിത്യവും വന്നു പോകുന്നവർക്ക് പ്രതി മാസം | യഥാർത്ഥ ചെലവ് 400/- |
| 5 | പഠനയാത്രയുടെ ചെലവ്- ഉല്ലാസയാത്രചെലവുകൾ, പഠനപര്യ ടനം മുതലായവ (ഒരു രക്ഷിതാവിന് ഉൾപ്പടെ) | 1000/ |

**കൂടാതെ ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്ക് പെട്ടിക്കട തുടങ്ങുന്നതിന് 25000/ രൂപ ധനസ ഹായം നൽകാവുന്നതാണ്.**

### 8.2.5 ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസികവെല്ലുവിളികൾ നേരിടുന്നവർ

പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത

- പ്രതിമാസം 1000/
- യാത്രാബത്ത - പ്രതിമാസം 400/

### 8.2.6 വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്ത 18 വയസ്സിന് താഴെയുള്ളവർ

വളർച്ച സംബന്ധമായ വെല്ലുവിളികൾ/ മസ്തിഷ്ക തളർവാതം, ഓട്ടിസം- പ്രതിമാസം 1000/

### 8.2.7 യാത്രാ ഇളവുകൾ

- കാഴ്ചക്കുറവുള്ളവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി) ബസുകളിലും പ്രൈവറ്റ് ബസുകളിലും ദൂരപരിധി നിശ്ചയിക്കാതെ സംസ്ഥാനത്തിനകത്ത് എവിടെയും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായും കാഴ്ചയില്ലാത്തവർക്ക് ആജീവനാന്ത പാസിന് അർഹതയുണ്ട്.
- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ലോക്കൽ) ബസ്സുകളിലും പ്രൈവറ്റ് ബസ്സുകളിലും 70% യാത്ര ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് ബസ്സുകളിൽ യാത്ര ചെയ്യാനുള്ള ദൂരപരിധി 40 കിലോമീറ്ററായി പരിമിതപ്പെടുത്തിയിട്ടുണ്ട്. (G.O.(Ms)No. 34/98/Tran.Tvpm.dated 27/7/2008).
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കും ശ്രവണ വൈകല്യമുള്ളവർക്കും കെ.എസ്.ആർ.ടി.സി. യിൽ 50 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. (G.O.(Ms)No. 18/2004/Tran.Tvpm.dated 17/4/2008)
- (G.O.(Ms)No. 1/87/PW&T Tvm,dated 05/01/1997) അനുസരിച്ച് പ്രൈവറ്റ് ബസുകളിൽ യാത്രാസൗജന്യം അനുവദിക്കുന്നതാണ്. ഉപഭോക്താവിന് 50 ശതമാനത്തിൽ കുറയാത്ത

വൈകല്യം ഉണ്ടെന്ന് അംഗീകൃത ആശുപത്രിയിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

- തീവണ്ടികളിൽ കാഴ്ചയില്ലാത്തവർക്ക് തനിച്ച് യാത്ര ചെയ്യുന്നതിന് 75 ശതമാനവും സഹായി ഉണ്ടെങ്കിൽ അവർക്കും 75 % യാത്രാ ഇളവ് അനുവദിച്ചിട്ടുണ്ട്. കാഴ്ച ഇല്ലാത്തവർക്ക് വിമാനത്തിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്.
- ബോട്ടുകളിലും കപ്പലുകളിലും യാത്ര ചെയ്യുന്ന കാഴ്ച ഇല്ലാത്തവർക്ക് 50% ഇളവുണ്ട്. അസ്ഥിവൈകല്യം ഉള്ളവർക്ക് 50% യാത്രാ ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടെ യാത്ര ചെയ്യുന്ന സഹായിയ്ക്കും ഈ ഇളവിന് അർഹതയുണ്ട്.
- ബുദ്ധിമാന്ദ്യം ഉള്ളവർക്ക് സഹായി ഉൾപ്പെടെ തീവണ്ടിയിൽ I AC, II AC ക്ലാസുകളിൽ 50% ഉം മറ്റ് ക്ലാസുകളിൽ 75% ഉം ഇളവ് ലഭിക്കുന്നതാണ്. സഹായി നിർബന്ധമാണ്. സഹായിയ്ക്കും ഈ ഇളവ് ലഭിക്കുന്നതാണ്.

**യാത്രാ ഇളവുകൾ എങ്ങനെ നേടാം ?**

കെ.എസ്.ആർ.ടി.സി. പാസ്സുകൾക്കുള്ള അപേക്ഷാഫോറം എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ലഭ്യമാണ്. പ്രൈവറ്റ് ബസ്സ് പാസ്സ് അനുവദിക്കുന്നത് അതത് ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ വഴിയാണ്. തീവണ്ടി യാത്രയ്ക്കുള്ള അപേക്ഷാഫോറം റയിൽവേസ്റ്റേഷനുകളിൽ ലഭ്യമാണ്. തീവണ്ടിയാത്രക്ക് ലഭിക്കുന്ന പാസ്സിന്റെ ഫോട്ടോകോപ്പികൾ ഓരോ യാത്രയിലും ടിക്കറ്റ് കൗണ്ടറിൽ ഏൽപ്പിക്കേണ്ടതും ഒറിജിനൽ കൈവശം വെയ്ക്കേണ്ടതുമാണ്. എല്ലാ ഇളവുകൾക്കും ബന്ധപ്പെട്ട ഡോക്ടറുടെ അഥവാ മെഡിക്കൽ ബോർഡുകളുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നിർദ്ദിഷ്ട ഫോറത്തിൽ തന്നെ വേണ്ടതാണ്.

## 8.3 സാമൂഹ്യനീതി വകുപ്പ് വഴിയുള്ള പദ്ധതികൾ

### 8.3.1 ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ

#### 8.3.1 (1) ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്)

ഭാരതത്തിലെ എല്ലാ പൗരന്മാർക്കുമൊപ്പം ഭരണഘടന അനുശാസിക്കുന്ന സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവ ഉറപ്പ് വരുത്തുന്നതിന് വികലാംഗർക്കായി നടപ്പാക്കിയിരിക്കുന്ന പദ്ധതിയാണിത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇത് പ്രകാരം ചുവടെ പറയുന്ന പദ്ധതികൾക്ക് ധനസഹായം ലഭിക്കുന്നതിന് ജില്ലാ സാമൂഹിക നീതി ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

#### 8.3.1 (2) വികലാംഗരായ കുട്ടികൾക്ക് വിദ്യാഭ്യാസം/പരിശീലനം എന്നിവ നല്കുന്നതിനുള്ള പദ്ധതി

അംഗവൈകല്യമുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി പ്രത്യേക പരിശീലനം നല്കി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പദ്ധതി.

#### 8.3.1 (3) സ്പെഷ്യൽ സ്കൂൾ

അസ്ഥി വൈകല്യം, കാഴ്ച്ചയില്ലായ്മ, ബധിരത, ബുദ്ധിമാന്ദ്യം എന്നീ വൈകല്യങ്ങളുള്ള കുട്ടികളുടെ പഠനസൗകര്യാർത്ഥം താമസസൗകര്യത്തോട് കൂടിയതും അല്ലാത്തതുമായ സ്ക്കൂളുകൾക്കുള്ള പദ്ധതി.

#### 8.3.1 (4) സെറിബ്രൽ പാൾസി ബാധിത കുട്ടികൾക്കുള്ള പദ്ധതി

സ്പെഷ്യൽ സ്കൂളുകൾക്കൊപ്പം ചികിത്സാസൗകര്യം കൂടി ചേർത്തുള്ള പദ്ധതി.

#### 8.3.1 (5) തൊഴിൽ പരിശീലനകേന്ദ്രങ്ങൾ

15 മുതൽ 25 വയസു വരെ പ്രായമുള്ള വികലാംഗരുടെ സാമ്പത്തിക സ്ഥിരതയും സ്വാതന്ത്ര്യവും ഉറപ്പു വരുത്തുന്നതിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

**8.3.1 (6) ഷെൽറ്റേർഡ് വർക്ക് ഷോപ്പ്**

സ്ഥിരവരുമാനസ്രോതസ്സ് ലക്ഷ്യമിട്ട് തൊഴിൽ ശാലകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

**8.3.1 (7) കുഷ്ഠരോഗവിമുക്ത പുനരധിവാസ പദ്ധതി**

കുഷ്ഠരോഗവിമുക്തരുടെ സാമൂഹിക സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള പദ്ധതി.

**8.3.1 (8) മാനസിക രോഗബാധിതർക്കുള്ള ചികിത്സാ പുനരധിവാസ പദ്ധതി**

മാനസികരോഗം ചികിത്സിച്ച് ഭേദമാക്കിയിട്ടുള്ളവരെ കുടുംബാംഗങ്ങൾക്കൊപ്പം വിടുന്നതിനായി കുടുംബാംഗങ്ങൾക്കാവശ്യമായ കൗൺസിലിങ്, രോഗിക്ക് വീണ്ടും രോഗം വരാതിരിക്കുന്നതിനുള്ള മരുന്നുകൾ, യഥാസമയത്തുള്ള മെഡിക്കൽപരിശോധനയും ചികിത്സയും എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

**8.3.1 (9) വികലാംഗരെ തിരിച്ചറിയുന്നതിനും ബോധവത്ക്കരണം നടത്തുന്നതിനുമുള്ള പദ്ധതി**

വൈകല്യം നേരത്തെ തിരിച്ചറിഞ്ഞ് രക്ഷാകർത്താക്കൾക്ക് വേണ്ട ബോധവത്ക്കരണം നടത്തി വൈകല്യമുള്ളവരുടെ പുനരധിവാസം നടത്തുന്നതിനും വിവിധരീതിയിലുള്ള വൈകല്യങ്ങളെ കുറിച്ച് ഗവേഷണം നടത്തുന്നതിനുമുള്ള പദ്ധതി.

**8.3.1 (10) കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്ട്**

ദുർഘടസ്ഥലങ്ങളിലുള്ള വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിൽ ഈ രംഗത്തെ വിദഗ്ദ്ധരെ കൊണ്ട് ചികിത്സാ സൗകര്യം ഏർപ്പെടുത്തുക, മറ്റ് വികലാംഗ ഗ്രൂപ്പുകളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയവ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതി.

**8.3.1 (11) കാഴ്ച്ചശക്തി വളരെക്കുറഞ്ഞവർക്കുള്ള പദ്ധതി**

കാഴ്ച ശക്തി വളരെക്കുറവുള്ളവർക്ക് വിവിധ ചികിത്സാരീതികൾ കൊണ്ട് കാഴ്ച വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

**8.3.1 (12) മനുഷ്യവിഭവശേഷി വികസനത്തിനുള്ള പദ്ധതി**

വികലാംഗരെ പരിശീലിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം സിദ്ധിച്ച പരിശീലകർക്ക് വികലാംഗ പുനരധിവാസ നെറ്റ്വർക്കിലൂടെ പ്രത്യേക വൈദഗ്ദ്ധ്യം സിദ്ധിക്കുന്നതിനുള്ള പദ്ധതി.

**8.3.1 (13) സെമിനാറുകൾ/ക്യാമ്പുകൾ/വർക്ക്ഷോപ്പുകൾ നടത്തുന്നതിനുള്ള പദ്ധതി**

വികലാംഗർക്കായി പരിശീലനം/സെമിനാർ എന്നിവ നടത്തുന്നതിന് ഒറ്റത്തവണയായി തുക അനുവദിക്കുന്ന പദ്ധതിയാണിത്.

**8.3.1 (14) പരിസ്ഥിതി സൗഹൃദ ജൈവാധിഷ്ഠിത പദ്ധതികൾ**

വികലാംഗർക്കായി പൂന്തോട്ട പരിപാലനം, പട്ട് നൂൽ പുഴുവളർത്തൽ, നഴ്സറികൾ, മരംവച്ചുപിടിപ്പിക്കൽ എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

**8.3.1 (15) കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം**

വികലാംഗർക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സവിശേഷ പദ്ധതിയാണിത്

### 8.3.1 (16) കെട്ടിട നിർമാണ പദ്ധതി

വികലാംഗർക്കുള്ള മറ്റ് പദ്ധതികൾ നടപ്പാക്കുന്നതിനായി കെട്ടിടം നിർമിക്കുന്നതിനുള്ള പദ്ധതിയാണിത്.

### 8.3.1 (17) നിയമാവബോധത്തെ സംബന്ധിച്ച പദ്ധതി

വികലാംഗർക്കും സംരഭകർക്കും ആവശ്യമായ നിയമോപദേശം, സഹായം, കോടതിചെലവുകൾ എന്നിവ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്.

### 8.3.1 (18) സ്കോളർഷിപ്പ്

ഒന്നാം സ്റ്റാൻഡേഡ് മുതൽ ബിരുദാന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നല്കി വരുന്നു. വാർഷിക വരുമാനം 36000/ രൂപയിൽ കവിയാത്തവരും മുൻവാർഷിക പരീക്ഷയിൽ 40% കുറയാതെമാർക്ക് ലഭിച്ചവരുമായ വികലാംഗവിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്. ഒന്നു മുതൽ നാല് വരെ പഠിക്കുന്നവർക്ക് 100/ രൂപയും അഞ്ച് മുതൽ പത്താം തരം വരെ 125/ രൂപയും പ്ലസ് വൺ, പ്ലസ് ടൂ, ഐ.ടി കോഴ്സുകളിൽ പഠിക്കുന്നവർക്ക് 150/ രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ മുതലായ വയ്ക്ക് 250/ രൂപയും നല്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഇവ വിതരണം ചെയ്യുന്നത്. ഒന്നാം ക്ലാസ്സ് മുതൽ +2 വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപയും ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 100 രൂപയും റീഡേഴ്സ് അലവൻസായും വകുപ്പ് നല്കി വരുന്നു. അപേക്ഷകൾ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

### 8.3.1 (19) അഭിഭാഷകർക്കുള്ള ധനസഹായം

കുടുംബവാർഷിക വരുമാനം 18000/ രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്കും അസ്ഥിസംബന്ധമായ വൈകല്യമുള്ളവർക്കും ധനസഹായം നല്കുന്ന പദ്ധതിയാണിത്. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000/ രൂപാ നിരക്കിൽ പരമാവധി അഞ്ച് വർഷത്തേക്ക് റീഡേഴ്സ് അലവൻസും നിയമപുസ്തകവും സ്യൂട്ടും വാങ്ങുന്നതിനായി ഒറ്റത്തവണയായി 2500/ രൂപയും നല്കി വരുന്നു. അപേക്ഷകൾ സാമൂഹ്യനീതി വകുപ്പിലാണ് സമർപ്പിക്കേണ്ടത്.

### 8.3.1 (20) അഭിമുഖം, എഴുത്ത് പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്നവർക്കുള്ള യാത്രാബത്ത

കുടുംബവാർഷിക വരുമാനം 10000/ രൂപയിൽ കവിയാത്ത വികലാംഗരായ ഉദ്യോഗാർത്ഥികൾ എഴുത്ത് പരീക്ഷക്കും ഇന്റർവ്യൂവിനും ഹാജരാകുന്നതിന് യാത്രാബത്ത  അനുവദിച്ച് നല്കുന്ന പദ്ധതി.

### 8.3.1 (21) എൻ.ജി.ഒ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നല്കേണ്ടുന്ന ഗ്രാന്റ്

അംഗീകൃത സന്നദ്ധസംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായം വകുപ്പിലൂടെ നല്കിവരുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 525/ രൂപാ നിരക്കിലാണ് ധനസഹായം.

### 8.3.1 (22) പി.ഡബ്ല്യൂ.ഡി രജിസ്ട്രേഷൻ (PWD Act)

വികലാംഗരായ വ്യക്തികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1995 ലെ  (The Person With Disabilities (Equal Opportunities Protection Of Right And Full Participation) ആക്ടിലെ 52-ാം സെക്ഷൻ പ്രകാരം രജിസ്ട്രേഷൻ നല്കിവരുന്നു. ഈ ആനുകൂല്യങ്ങൾക്കായി സാമൂഹ്യനീതി ഡയറക്ടർ/ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ നല്കാവുന്നതാണ്.

### 8.3.1 (23) ചികിത്സാ ധനസഹായം

ഗ്രാമപ്രദേശങ്ങളിൽ 20000/ രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 22375 രൂപയിൽ താഴെയും വാർഷിക, വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വികലാംഗ ദുരിതാശ്വാസ നിധി യിൽ നിന്നുള്ള ചികിത്സാധനസഹായമായി പ്രതിവർഷം 5000/ രൂപ നല്കിവരുന്നു. അപേക്ഷാഫോ റവും മറ്റ് വിവരങ്ങളും ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.

### 8.3.1 (24) വിവാഹധനസഹായം

36000/ രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടി കൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹധന സഹായമായി 10000/ രൂപ നൽകിവരുന്നു. അപേക്ഷാഫോറം ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ ലഭ്യമാണ്.

### 8.3.1 (25) എഡിഐപി സ്കീം (Assistance to disabled persons for purchase/fitting of Aid Appliance)

അംഗവൈകല്യമുള്ളവർക്ക് അതിന്റെ സ്വഭാവമനുസരിച്ച് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഉപകരണങ്ങൾ ലഭ്യമാക്കി അവരെ സ്വയംപര്യാപ്തമാക്കുകയാണ് പദ്ധതി യുടെ ലക്ഷ്യം. ഉപകരണങ്ങൾ ഉപയോഗിക്കാൻ തക്ക വൈകല്യം ഗുണഭോക്താവിനുണ്ട് എന്ന് തെളി യിക്കുന്ന ഒരു അംഗീകൃത ഡോക്ടറുടെ സാക്ഷ്യപത്രം സഹിതമുള്ള അപേക്ഷ ജില്ലാസാമൂഹ്യ നീതിവകുപ്പ് ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. വാർഷികവരുമാനം 10000/ രൂപ യിൽ കൂടുതലാകാൻ പാടില്ല.

*കൂടുതൽ വിവരങ്ങൾക്ക് www.socialjustice.nic.in എന്ന് വെബ്സൈറ്റിൽ ലഭ്യമാണ്*

### 8.3.2 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾ

### 8.3.2 (1) ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC)

ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നല്കുന്ന സ്ഥാപനമാണിത്. കോഴിക്കോട് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിന് കുട്ടി മുമ്പ് താമസിച്ചിരുന്ന സ്ഥാപനമേധാവിയുടെ ശുപാർശ കത്തോ/ആഫ്റ്റർ കെയർ ഓഫീസറുടെ ശുപാർശ കത്തോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവിടെ പ്രവേശനം ലഭിക്കുന്ന കുട്ടി കൾക്ക് ചികിത്സയും പാർപ്പിട സൗകര്യങ്ങളും നല്കിവരുന്നു. വിദ്യാഭ്യാസം, കരകൗശലം, ദൈനംദിനാ വശ്യങ്ങൾ എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള പരിശീലനപരിപാടിയും ഉണ്ട്. വിശദാംശങ്ങൾ സ്ഥാപന സൂപ്രണ്ടിൽ നിന്നും ലഭ്യമാണ്.

### 8.3.2 (2) പ്രതീക്ഷാഭവൻ

ബുദ്ധിമാന്ദ്യമുള്ള പ്രായപൂർത്തിയായ പുരുഷന്മാർക്കുള്ള സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂ രിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവൻ. മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്ത് സഹിതമുള്ള അപേക്ഷ സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. അന്തേവാസികൾക്ക് വസ്ത്രവും ഭക്ഷണവും കിടക്കയും ആരോഗ്യപരിപാലനവും ആവശ്യമായ വൈദ്യചികിത്സയും ഇവിടെ നല്കി വരുന്നു.

### 8.3.2(3) പ്രത്യാശാഭവൻ

ബുദ്ധിമാന്ദ്യമുള്ള പ്രായപൂർത്തിയായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനമാണിത്. തൃശ്ശൂർ രാമവർമ്മ പുരത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് മെഡിക്കൽ ഓഫീസറുടെ ശുപാർശകത്ത് സഹിതമുള്ള അപേക്ഷ സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. അന്തേവാസി കൾക്ക് ഭക്ഷണവും വസ്ത്രവും കിടക്കയും ആരോഗ്യപിപാലനവും ഇവിടെ നല്കിവരുന്നു.

#### 8.3.2(4) വികലാംഗസദനം

തിരുവനന്തപുരത്തും എറണാകുളത്തും വനിതാ വികലാംഗർക്കും കോഴിക്കോട് പുരുഷ വികലാംഗർക്കും സദനങ്ങൾ പ്രവർത്തിച്ചു വരുന്നു. മെഡിക്കൽ ഓഫീസറുടെ ശുപാർശ സഹിതമുള്ള കത്ത് അപേക്ഷയോടൊപ്പം സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. സ്ഥാപനത്തിലെ അന്തേവാസികൾക്ക് അടിസ്ഥാനസൗകര്യങ്ങൾക്ക് പുറമേ വിദഗ്ദ്ധ ചികിത്സാസഹായവും നല്കി വരുന്നു.

#### 8.3.2 (5) വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടും രണ്ട് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവിടെ 16 വയസിനുമേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബൈൻഡിംഗ്, ടൈലറിംഗ്, എംബ്രോയ്ഡറി, കമ്പ്യൂട്ടർ ലെതർവർക്കുകൾ, ഓഫ്സെറ്റ് പ്രിന്റിംഗ് എന്നിവയിൽ വിദഗ്ദ്ധപരിശീലനം നല്കുന്നു. രണ്ട് വർഷം ദൈർഘ്യമുള്ള ഈ കോഴ്സുകളിലേക്ക് പ്രവേശനത്തിന് മെഡിക്കൽ ഓഫീസർ നല്കുന്ന ശുപാർശ കത്ത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപനമേധാവിക്ക് സമർപ്പിക്കാവുന്നതാണ്. ഇതിന് പുറമേ ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സുകളും ടി സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്.

#### 8.3.2 (6) ബാലവികലാംഗസദനം

നാലിനും 16 നുമിടയിൽ പ്രായമുള്ള വികലാംഗരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമാണിത്.മെഡിക്കൽ ഓഫീസറുടെ ശുപാർശകത്ത്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള കത്ത്, എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്. ആലപ്പുഴയിലും കണ്ണൂരിലും പ്രവർത്തിച്ചു വരുന്ന ഈ സദനങ്ങളിൽ കുട്ടികൾക്ക് അടിസ്ഥാസൗകര്യങ്ങൾ നല്കുന്നതോടൊപ്പം വൈദ്യസഹായവും സംരക്ഷണവും നല്കുന്നു. കുട്ടികൾക്ക് ഉപയുക്തമായ മേഖലയിൽ പരിശീലനം നല്കുന്നതോടൊപ്പം കലാകായിക രംഗങ്ങളിൽ കഴിവ് തെളിയിക്കുവാനുള്ള അവസരവും അവർക്കിവിടെ ലഭിക്കുന്നു.

### 8.3.3 കാഴ്ച്ചവൈകല്യമുള്ളവർക്കുള്ള പദ്ധതികൾ

### 8.3.3(1) കുറഞ്ഞ കാഴ്ചശക്തിയുള്ളവർക്ക് ശക്തിയേറിയ മാഗ്നിഫൈയിംഗ് ഗ്ലാസ്/ടെലസ്കോപ്പ് മൗണ്ടഡ് സ്പെക്സ് വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നു. (500 പേർക്ക്)

**എ.** ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു.

1. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ കാര്യാലയം
2. സാമൂഹ്യ സുരക്ഷാ മിഷൻ
3. വികലാംഗക്ഷേമ കോർപ്പറേഷൻ

**ബി.** പരമാവധി അനുവദിക്കുന്ന തുക 5000/-

**സി.** ചെലവാകുന്ന തുകയുടെ ബില്ല് നേത്രരോഗ വിദഗ്ദ്ധൻ മേലൊപ്പ് ചാർത്തി വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കുന്നു.

**ഡി.** ***ആവശ്യമായ രേഖകൾ***

1. വികലാംഗ സർട്ടിഫിക്കറ്റ്
2. വരുമാന സർട്ടിഫിക്കറ്റ് (1 ലക്ഷം രൂപ)

**ഇ.** ശിശുവികസന പദ്ധതി ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് തുക അനുവദിക്കുവാൻ ജില്ലാ ഓഫീസർമാർക്ക് ശുപാർശ ചെയ്യുന്നു.

**എഫ്.** ജില്ലാ സാമൂഹ്യനീതിവകുപ്പ് ഓഫീസമാരാണ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

## 8.3.3 (2) കാഴ്ച വൈകല്യമുള്ളവർക്ക് വൈറ്റ്കെയിൻ നൽകുന്ന പദ്ധതി (2000 പേർക്ക് നൽകുന്നു)

*ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു:*

1. സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
2. സാമൂഹ്യ സുരക്ഷാ മിഷൻ
3. വികലാംഗക്ഷേമ കോർപ്പറേഷൻ

**യോഗ്യതകൾ**

**എ.** 80%- ൽ കൂടുതൽ കാഴ്ചവൈകല്യം (വികലാംഗ സർട്ടിഫിക്കറ്റ്)

**ബി.** അപേക്ഷകൾ അടുത്തുള്ള അങ്കണവാടികൾ മുഖേന ശിശുവികസന പദ്ധതി ഓഫീസർമാർക്ക് നൽകണം. ശിശുവികസന പദ്ധതി ഓഫീസർമാർ അർഹരായ അപേക്ഷകൾ ശുപാർശയോട് കൂടി ജില്ലാ ആഫീസർക്ക് സമർപ്പിക്കണം. ജില്ലാ സാമൂഹ്യനീതിവകുപ്പ് ഓഫീസർമാർ White Cane വാങ്ങി ശിശുവികസന പദ്ധതി ഓഫീസർമാർ മുഖേന വിതരണം നടത്തുന്നു.

**സി.** ഗുണഭോക്താവ് മറ്റ് ഏജൻസി/സർക്കാർ മുഖേന ഈ ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് സത്യവാങ്മൂലം നൽകണം

## 8.3.3 (3) കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് Braille Kit അനുവദിക്കുന്ന പദ്ധതി ( 1000 പേർക്ക്)

1. Braille Kit - 7-ാം ക്ലാസ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾക്ക് അനുവദിക്കുന്നു.
2. ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു.

   സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം

   സാമൂഹ്യ സുരക്ഷാ മിഷൻ

   വികലാംഗക്ഷേമ കോർപ്പറേഷൻ

Braille Kit -750/- രൂപ വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വാങ്ങി നൽകുന്നു.

3. നിശ്ചിതഫോറത്തിൽ ശിശുവികസനപദ്ധതിഓഫീസർക്ക് അപേക്ഷിക്കണം. ശിശുവികസന പദ്ധതിഓഫീസർ അർഹത പരിശോധന നടത്തി തുക അനുവദിക്കുന്നതിന് ജില്ലാ സാമൂഹ്യനീതിവകുപ്പ് ആഫീസർക്ക് ശുപാർശ ചെയ്യുന്നു.

## 8.3.3 (4) കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് Talking Calculator അനുവദിക്കുന്ന പദ്ധതി (500 പേർക്ക്)

1. 7-ാം ക്ലാസ് മുതൽ ഡിഗ്രിവരെയുള്ള കുട്ടികൾക്ക് അനുവദിക്കുന്നു.
2. വിദ്യാഭ്യാസ കാര്യാലയ മേധാവി മുഖാന്തിരം അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കണം.
3. വാർഷിക വരുമാനം - ഒരു ലക്ഷം
4. രണ്ട് വർഷത്തിനുള്ളിൽ ടി ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം വേണം.
5. Talking Calculator 1000/-
6. ഈ പദ്ധതി സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ, വികലാംഗ ക്ഷേമ കോർപ്പറേഷൻ സംയുക്തമായി നടപ്പിലാക്കുന്നു.

### 8.3.3 (5) കാഴ്ച വൈകല്യമുള്ളവർക്ക് Daisy Player System നൽകുന്ന പദ്ധതി

7-ാം ക്ലാസ് മുതൽ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നു.

1. സ്കൂൾ മേധാവി മുഖാന്തരം ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കണം.
2. പരമാവധി 9500/- രൂപ അനുവദിക്കുന്നു.
3. ഈ പദ്ധതി സംയുക്തമായി സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ കാര്യാലയം, സാമൂഹ്യ സുരക്ഷാ മിഷൻ, വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവർ ചേർന്നാണ് നടപ്പിലാക്കുന്നത്.

### 8.3.3 (6) കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിന്റെ പരിപാലനത്തിന് പ്രതിമാസം 2000/- രൂപ നൽകുന്ന പദ്ധതി (200 പേർക്ക്)

i. ആവശ്യമായ രേഖകൾ

1. വരുമാനം തെളിയിക്കുന്നത്
2. വൈകല്യം തെളിയിക്കുന്നത്
3. ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്

ii. ശിശുവികസന പദ്ധതി ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിക്കണം

വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കണം. ശിശുവികസന പദ്ധതി ഓഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹത സർട്ടിഫിക്കറ്റ് സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകുന്നതും ജില്ലാ സാമൂഹ്യനീതി ഓഫീസർ തുക അനുവദിക്കുന്നതും ആണ്.

## 8.4 കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ:

### 8.4.1 വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി :

വിഭിന്നശേഷിയുള്ളവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾക്കുള്ള പൊതു ആധികാരികരേഖയായി തിരിച്ചറിയൽ കാർഡ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും തിരിച്ചറിയൽ രേഖ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തത്സമയം തിരിച്ചറിയൽ കാർഡ് ഗുണഭോക്താക്കൾക്ക് നൽകുന്നു.

ക്യാമ്പിൽ പങ്കെടുക്കുന്നതിന് നിശ്ചിതഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ക്യാമ്പിന്റെ സ്ഥലവും തീയതിയും അപേക്ഷകരെ യഥാസമയം തപാൽ മാർഗ്ഗം അറിയിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധമായ ഫീസും ഈടാക്കാതെ മെഡിക്കൽ പരിശോധന നടത്തി ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡ് നൽകുന്നു. ഇത്തരം ക്യാമ്പിൽ പങ്കെടുക്കുന്ന വിഭിന്നശേഷിയുള്ളവർക്കും എസ്കോർട്ടിനും സൗജന്യമായി ഭക്ഷണവും നൽകി വരുന്നു. മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് ക്യാമ്പിൽ ഹാജരാകാതെ ചുവടെ പറയുന്ന രേഖകൾ സഹിതം നിശ്ചിതഫോറത്തിൽ അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകി തിരിച്ചറിയൽ കാർഡ് സ്വന്തമാക്കാവുന്നതാണ്.

1. മെഡിക്കൽ സർട്ടിഫിക്കറ്റ് (ഒറിജിനൽ) /അറ്റസ്റ്റഡ് കോപ്പി
2. പാസ്പോർട്ട് സൈസ് ഫോട്ടോ-1
3. റേഷൻകാർഡിന്റെ കോപ്പി
4. ഒരു വെള്ളക്കടലാസിൽ വിരലടയാളം

ഈ കാർഡ് ഹാജരാക്കുന്നവരോട് വികലാംഗത്വം തെളിയിക്കുന്നതിന് മറ്റൊരു രേഖയും ആവശ്യപ്പെടാൻ പാടുള്ളതല്ല. (സർക്കുലർ നമ്പർ 1050/എസ് 3/11/SC, pwd തീയതി 9.11.2011 )

## 8.5 കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷൻ സ്കീമുകൾ

### 8.5.1 അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണസഹായി തുടങ്ങിയ സഹായോപകരണങ്ങളുടെ സൗജന്യ വിതരണം.

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഓരോ മൂന്ന് വർഷത്തിലൊരിക്കലാണ് വൈകല്യമുള്ളവർക്ക് സഹായോപകരണങ്ങൾ നൽകിവരുന്നത്. വീൽചെയർ, മുച്ചക്രസൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണസഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീബാഗുകൾ, കണ്ണടകൾ, വെറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ മുതലായവ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗുണഭോക്താക്കൾക്ക് 10000/- രൂപ വരെയുള്ള ഉപകരണങ്ങളാണ് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രകാരം നൽകുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, വികലാംഗ സർട്ടിഫിക്കറ്റ് എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

### 8.5.2 അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനികോപകരണ വിതരണം.(മാനദണ്ഡങ്ങൾക്കു വിധേയമായി)

വികലാംഗക്ഷേമ കോർപ്പറേഷൻ അംഗവൈകല്യമുള്ള പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ എന്നിവയും, ഡിഗ്രി ലെവലിലോ അതിനു മുകളിലോ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ലാപ്ടൊപ് (വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ) തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

**<u>നിബന്ധനകൾ</u>**

1. വാർഷിക വരുമാനം 72,000/-രൂപ വരെയുള്ളവരും (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെ
   അടിസ്ഥാനത്തിൽ.)
2. പ്രായപരിധി 40 വയസ്സുവരെയുള്ളവർക്ക്

### 8.5.3 സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം

താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ്വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്ക്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

**<u>നിബന്ധനകൾ</u>**

1. 18 വയസ്സിനു മുകളിൽ പ്രായം.
2. 40-ഉം അതിനു മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി
3. ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം

4. സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക

എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.

- ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരെയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന വനിതകൾക്കും, എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന (എസ്.സി വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്)

### 8.5.4 അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ്‌വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നതിനായി വൈകല്യമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 10,000/- രൂപ സബ്സിഡിയായി നൽകുന്നു. നിശ്ചിത ഫോറത്തിലെ അപേക്ഷാഫോറത്തോടൊപ്പം സ്ക്കൂട്ടർ വാങ്ങി സൈഡ്‌വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, 40% മോ അതിൽ കൂടുതലോ വൈകല്യമുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ (പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ) നൽകേണ്ടതാണ്.

### 8.5.5 നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (NHEDC) വഴിയുള്ള സ്വയംതൊഴിൽ വായ്പയും അതിനുള്ള വികലാംഗ ക്ഷേമ കോർപ്പറേഷന്റെ വിഹിതവും

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള വിവിധ വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന ലോണിന്റെ 5 ശതമാനം എസ്.സി.എ. എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. 50,000/- രൂപവരെയുള്ള വായ്പക്ക് 5% പലിശയും (സ്ത്രീകൾക്ക് 4%) 50,000/- രൂപയ്ക്ക് മുകളിൽ 6% (സ്ത്രീകൾക്ക് 5%) പലിശയുമാണ്. വായ്പ തിരിച്ചടവ് കാലാവധി 5 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പരമാവധി 20,00,000/- രൂപവരെ വായ്പ നൽകുന്നതാണ്. എൻ.എച്ച്.എഫ്.ഡി.സി മാനദണ്ഡം അനുസരിച്ചാണ് വിവിധ പദ്ധതികൾക്കുള്ള വായ്പ പലിശ നിരക്കുകൾ നിശ്ചയിക്കുന്നത്.

### 8.5.6 സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ജി.ഒ.(ആർ.റ്റി) നമ്പർ: 44/12/ എസ്.ഡബ്ളിയൂ.ഡി തീയതി 23-01-2012 പ്രകാരം ലോൺ തുക 20,000/- രൂപ വരെ - ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും, ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ- തുകയുടെ 30 % സബ്സിഡിയായും, ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/-രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ-ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച നിശ്ചിത മാതൃകയിലെ അപേക്ഷയോടൊപ്പം 40% ത്തിന് മുകളിൽ അംഗവൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ ഫോട്ടോ കോപ്പി, (ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത്) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

### 8.5.7 ബി പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി

എൻ.എച്ച്.എഫ്.ഡി.സി. സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം ലോണെടുത്ത് തുടർച്ചയായി മൂന്നു വർഷമായി കുടിശ്ശിക വരുത്താതെ വായ്പ തിരിച്ചടച്ചിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ബാക്കി വായ്പത്തുകയുടെ നിശ്ചിത ശതമാനം സബ്സിഡി നൽകുന്നതാണ്.

### 8.5.8 തികച്ചും അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി

സർക്കാർ ഉത്തരവ് ജി.ഒ (ആർ. റ്റി) നമ്പർ 346/2012/എസ്.ഡബ്ളിയൂ.ഡി തീയതി 30-07-2012 പ്രകാരം എട്ട് വയസ് വരെ പ്രായമുള്ള, തികച്ചും വൈകല്യമുള്ള കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

എ). ആൺകുട്ടി - 15,000/- രൂപ, പെൺകുട്ടി- 20,000/- രൂപ

ബി). യോഗ്യത :

1. ജന്മനാ 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 60,000/- രൂപയിൽ താഴെ.
3. പ്രായ പരിധി : നവജാതശിശു മുതൽ 8 വയസ് വരെ.

സി). ട്രസ്റ്റി : കോർപ്പറേഷൻ

ഡി). ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യഘട്ടങ്ങളിലോ.

### 8.5.9 ജില്ലയിൽ ഉയർന്ന മാർക്കു നേടുന്ന അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള പ്രൊഫിഷ്യൻസി അവാർഡ്

അംഗവൈകല്യമുള്ള കുട്ടികളെ പ്രചോദിതരാക്കുകയെന്ന ഉദ്ദേശ്യത്തോടെ ഓരോ ജില്ലയിലും എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി എന്നീ പരീക്ഷകളിൽ ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന നാലു വിഭാഗത്തിലെയും കുട്ടികൾക്ക് 2500/-രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്. അതിനായി കൈകാലുകൾക്ക് വൈകല്യമുള്ളവരെയും കാഴ്ച വൈകല്യമുള്ള വരെയും കേൾവിക്കും സംസാരത്തിനും തകരാറുകളുള്ളവരെയും ബുദ്ധി വൈകല്യമുള്ളവരെയും പരിഗണിക്കുന്നതാണ്. വിദ്യാഭ്യാസവകുപ്പു മുഖേനയും കോർപ്പറേഷൻ നേരിട്ടും അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിലേയ്ക്കായി സ്കൂൾ മേലധികാരി സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി, മെഡിക്കൽ ബോർഡിന്റെ 40% ത്തിൽ കുറയാത്ത അംഗവൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പിയും, നിശ്ചിതമാതൃകയിലെ അപേക്ഷയോടൊപ്പം കോർപ്പറേഷനിൽ സമർപ്പിക്കേണ്ടതാണ്.

### 8.5.10 സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വികലാംഗരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കാൻ സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും ആംഭിക്കാനുമുള്ള 5000/- രൂപ ധനസഹായം കോർപ്പറേഷൻ നൽകിവരുന്നു.

### 8.5.11 സ്റ്റേറ്റ് റിസോഴ്സ് സെന്റർ.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ സ്റ്റേറ്റ് റിസോഴ്സ് സെന്റർ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഈ സെന്ററിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. വിവിധ മേഖലയിലുള്ള വികലാംഗരെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുക അവ ഭാവിയിൽ ഉപയോഗിക്കത്തക്ക രീതിയിൽ സൂക്ഷിച്ചുവെക്കുക, ഇതനുസരിച്ച് ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
2. അവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.
3. വികലാംഗർക്കു വേണ്ടി പദ്ധതി രൂപീകരിക്കുക, നടപ്പിലാക്കുക, അവർക്കുവേണ്ട സഹായങ്ങൾ നൽകുകയും അവ വിലയിരുത്തുകയും ചെയ്യുക.
4. ഭാവിയിലെ ഇത്തരം സഹായ വിവരങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാക്കാൻ കോൾ സെന്റർ സ്ഥാപിക്കുക.

### 8.5.12 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ.

കേരളത്തിലെ വികലാംഗരുടെ സമ്പൂർണ്ണപുനരധിവാസം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഒരു ബൃഹത് പദ്ധതിയാണ് എൻ.പി.ആർ.പി.ഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ദേശീയ വികലാംഗ പുനരധിവാസ പദ്ധതി. വികലാംഗരുടെ സമഗ്രമായ സർവ്വേ നടത്തിയശേഷം ആവശ്യാധിഷ്ഠിത പഠനം (Need Based Study) നടത്തി അംഗപരിമിതരുടെ പുനരധിവാസത്തിന് യഥാർത്ഥത്തിൽ ആവശ്യമായവ എന്താണെന്ന് കണ്ടെത്തി ആയവ ലഭ്യമാക്കുന്നതിനും അവരുടെ വാസസ്ഥാനത്തു അവർക്ക് സർവ്വതോന്മുഖമായ ക്ഷേമം ഉറപ്പു വരുത്തുന്നതിനാവശ്യമായ സൗജന്യചികിൽസ, വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന ഒരു സമ്പൂർണ്ണ പുനരധിവാസപദ്ധതിയാണ് എൻ.പി.ആർ.പി.ഡി. ജില്ലാ പഞ്ചായത്തുകളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ഒത്തുചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

### 8.5.13 അംഗപരിമിതർക്ക് ബോധവൽക്കരണം

സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും അംഗപരിമിതർക്കുവേണ്ടി നടപ്പാക്കുന്ന വിവിധ പദ്ധതികൾ റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ, ബോധവൽക്കരണപരിപാടികൾ എന്നിവ മുഖേന ഗുണഭോക്താക്കളെ വികലാംഗക്ഷേമ കോർപ്പറേഷൻ അറിയിക്കുന്നു.

### 8.5.14 വികലാംഗസൗഹൃദസാങ്കേതിക പ്രദർശനവും പരിശീലനവും.

വികലാംഗർക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഉപകരണങ്ങളാണ് വിപണിയിൽ വരുന്നത്. എന്നാൽ ഈ ഉപകരണങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് പലർക്കും അറിവില്ല. ഉപകരണങ്ങളുടെ ഉപയോഗരീതിയെപ്പറ്റി വികലാംഗരെ ബോദ്ധ്യപ്പെടുത്തുന്നതിനായി സൗഹൃദ സാങ്കേതികപ്രദർശനവും പരിശീലനവും വികലാംഗക്ഷേമകോർപ്പറേഷൻ നടത്തിവരുന്നു.

### 8.5.15 വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം

വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് പാറശ്ശാലയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും സംയുക്തമായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു വൃദ്ധസദനം പ്രവർത്തിപ്പിച്ചു വരുന്നു. ഇവിടെ ഇപ്പോൾ 18 അന്തേവാസികളാണ് ഉള്ളത്.

## 8.6 അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്

### 8.6.1 അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ പ്രധാനപ്രവർത്തനങ്ങൾ

1. വിവിധ വകുപ്പുകൾ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുക.
2. അംഗപരിമിതരുടെ പരാതികൾ കേട്ട് തീർപ്പു കൽപ്പിക്കുക.
3. അംഗപരിമിതരുടെ അവകാശങ്ങൾ അനർഹരായവർ കവർന്നെടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.
4. അംഗപരിമിതർക്കായുള്ള സേവനപദ്ധതികൾ കാര്യക്ഷമമാക്കുക.

5. അംഗപരിമിതർക്ക് നിയമബോധവൽക്കരണം നടത്തുക.
6. അംഗപരിമിതരുടെ തൊഴിൽസംവരണം ഉറപ്പാക്കുക.
7. അംഗപരിമിതർക്കുവേണ്ടി ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുകയും അവർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുകയും ചെയ്യുക.
8. അംഗപരിമിതർക്കുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുക.
9. ഗവേഷണം, ബോധവൽക്കരണക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.

## 8.7 വിഭിന്നശേഷിയുള്ളവർക്കുള്ള സഹായസംവിധാനങ്ങൾ അവകാശസംരക്ഷണ നിയമങ്ങൾ, ഇളവുകൾ

തുല്യമായ അവകാശങ്ങളാണ് ഇന്ത്യയുടെ ഭരണഘടന എല്ലാ പൗരൻമാർക്കും വാഗ്ദാനം ചെയ്യുന്നത്. മത, ജാതി, ലിംഗ വ്യത്യാസങ്ങളെയോ ശാരീരികവും മാനസികവുമായ പരിമിതി കളെയോ പരിഗണിക്കാതെ എല്ലാവരെയും തുല്യമായി കാണാനാണ് അത് സമൂഹത്തോട് ആവശ്യപ്പെടുന്നത്. ഭരണഘടനയുടെ 45-ാം ഖണ്ഡിക പതിനാലു വയസിനു താഴെയുള്ള എല്ലാ കുട്ടികൾക്കും (മാനസികവും ശാരീരികവുമായ പരിമിതികൾ അനുഭവിക്കുന്നവർ ഉൾപ്പെടെ) നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്നു. വികലാംഗരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള പ്രധാനനിയമങ്ങൾ ഇവയാണ്.

### 8.7.1 മെന്റൽ ഹെൽത്ത് ആക്ട്, 1987

മാനസിക അസുഖമുള്ളവരുടെ (മെന്റലി ഇൽ) അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള നിയമമാണിത്. അവരുടെ ചികിത്സയും പരിചരണവും ഉറപ്പു വരുത്തുക, സ്വത്തിന് സംരക്ഷണം നൽകുക തുടങ്ങിയ കാര്യങ്ങളുമായി ഈ നിയമം ബന്ധപ്പെടുന്നു.

### 8.7.2 റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്, 1992

വികലാംഗ പുനരധിവാസരംഗത്തുള്ള സ്ഥാപനങ്ങൾ, വിദഗ്ദ്ധർ, പരിശീലനങ്ങൾ, വ്യക്തികൾ തുടങ്ങിയ വിഷയങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു.

### 8.7.3 പി.ഡബ്ല്യൂ.ഡി. ആക്ട്, 1995 Person with Disabilities (Equal Opportunities, Protection of Rights and Full Participation) Act 1995

വികലാംഗരായ വ്യക്തികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിദ്യാഭ്യാസം, ആനുകൂല്യങ്ങൾ, ജോലിസംവരണം, നിയമസംരക്ഷണം തുടങ്ങിയവ നഷ്ടപ്പെടാതിരിക്കാൻ ഫലപ്രദമായ നിയമ നടപടികളും നിയമം തെറ്റിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാ നടപടികളും ഇന്ത്യൻ പാർലമെന്റ് പാസാക്കിയ പി.ഡബ്ല്യൂ.ഡി. ആക്ടിൽ ഉൾപ്പെട്ടിരിക്കുന്നു.
നിശ്ചിത ശതമാനമെങ്കിലും വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന താഴെ വിവരിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നവരാണ് ഈ ആക്ട് പ്രകാരം വൈകല്യമുള്ള വ്യക്തികൾ.

1. പൂർണ്ണമായ കാഴ്ചയില്ലായ്മ (ബ്ലൈൻഡ്നസ്)
2. ഭാഗികമായ കാഴ്ചക്കുറവ് (ലോ വിഷൻ)
3. കുഷ്ഠരോഗം ഭേദമായവർ
4. കേൾവിക്കുറവ്
5. ചലന വൈകല്യം
6. ബുദ്ധിമാന്ദ്യം
7. മാനസികരോഗം

പി.ഡബ്ല്യൂ.ഡി.ആക്ടിന്റെ അഞ്ചാമദ്ധ്യായം വൈകല്യമുള്ള ഓരോ കുട്ടിക്കും 18 വയസു പൂർത്തിയാ കുന്നതുവരെ അനുയോജ്യമായ സാഹചര്യത്തിൽ സൗജന്യവിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിന് (കുട്ടിയുടെ വീടിന് തൊട്ടടുത്തുള്ള സാധാരണ സ്കൂളിൽ പഠിക്കുന്നതിനുള്ള അവകാശത്തിന്) നിയമപരമായ പിൻബലം

പി .ഡബ്ല്യൂ.ഡി. ആക്ട് നൽകുന്നു. കേന്ദ്ര, സംസ്ഥാനതലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും എക്സിക്യൂട്ടീവ് കമ്മിറ്റികളും അവയുടെ ചുമതലകൾ വഹിക്കാൻ കമ്മീഷണർമാരും ഈ നിയമപ്രകാരം നിലവിൽ വന്നു.

കേന്ദ്ര സർക്കാരിനു കീഴിൽ വികലാംഗർക്കു വേണ്ടി ചീഫ് കമ്മീഷണറും സംസ്ഥാനങ്ങളിൽ കമ്മീഷണർമാരുമുണ്ട്. എല്ലാ ജില്ലാ കളക്ടർമാരും അസിസ്റ്റന്റ് കമ്മീഷണർമാരാണ്. അംഗവൈകല്യം സംഭവിച്ചവർക്ക് അവകാശനിഷേധം, നിയമനിഷേധം, സർക്കാരോ സ്വയംഭരണസ്ഥാപനങ്ങളോ നൽകുന്ന നിർദ്ദേശങ്ങളോ ഉത്തരവുകളോ നടപ്പിലാക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ചീഫ് കമ്മീഷണർക്കും, സംസ്ഥാനതല കമ്മീഷണർമാർക്കും നടപടികൾ കൈക്കൊള്ളാവുന്നതാണ്. 1998 ലെ സിവിൽ പ്രൊസീജിയർ കോഡ് പ്രകാരം മുഖ്യകമ്മീഷണർക്കും കമ്മീഷണർമാർക്കും സാക്ഷികളെ വിളിച്ച് സത്യവാങ്മൂലങ്ങളുടെ അടിസ്ഥാനത്തിൽ തെളിവുകൾ സ്വീകരിക്കുന്നതിന് ഒരു കോടതിയുടെ അധികാരങ്ങൾ തന്നെയാണുള്ളത്.

*പരാതികൾ ഉണ്ടായാൽ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.*

*വിലാസം : വികലാംഗർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണർ, സാമൂഹ്യനീതി വകുപ്പ്, ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്, പൂജപ്പുര, തിരുവനന്തപുരം, 695012, Email : scpwdkerala@gmail.com*

### 8.7.4 നാഷണൽ ട്രസ്റ്റ് ആക്ട്-1999

ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ എന്നിവ ബാധിച്ചിട്ടുള്ളവരുടെ ക്ഷേമത്തിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ബോർഡാണ് നാഷണൽ ട്രസ്റ്റ്. നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ ലോക്കൽ ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മാനസികവൈകല്യം ബാധിച്ച വ്യക്തികൾക്ക് നിയമാനുസൃത രക്ഷിതാക്കളെ നിയമിക്കുന്നതിനുള്ള അധികാരം ലോക്കൽ ലെവൽ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. ആശ്രയ കൊല്ലം ആണ് നോഡൽ ഏജൻസി.

### 8.7.5 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഇളവുകളും, അവകാശങ്ങളും

### 8.7.5(1) ഡിസെബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും

കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അംഗപരിമിതർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. കേരള സാമൂഹ്യസുരക്ഷാമിഷൻ പ്രാദേശികതലത്തിൽ വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും വിതരണം ചെയ്തു വരുന്നു.

### 8.7.5 (2) വിദ്യാഭ്യാസം

പ്രത്യേകാവശ്യങ്ങളുള്ള കുട്ടികൾക്ക് വിദ്യാലയപ്രവേശനം ഉറപ്പാക്കാനും അവർക്ക് അനുയോജ്യമായ രീതിയിൽ വിദ്യാലയ പ്രവർത്തനം ലഭ്യമാക്കാനും ധാരാളം ഇളവുകൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

**സ്കൂൾ പ്രവേശനം**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ അഡ്മിഷൻ നിഷേധിക്കാൻ പാടില്ല (സർക്കുലർ No. IED 67996/98DPI/Tvpm dated 16/12/1998).

ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ ബി.ആർ.സി.മുഖേന സർവ്വശിക്ഷാ അഭിയാനും ഒൻപതുമുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലേക്ക് പൊതുവിദ്യാഭ്യാസവകുപ്പ് നേരിട്ടും റിസോഴ്സ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ സാധാരണ കുട്ടികളോടൊപ്പം പഠിക്കുന്ന പ്രത്യേക ആവശ്യങ്ങ ളുള്ള കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ നൽകുമ്പോൾ എന്തെല്ലാം അധികപ്രവർത്തനങ്ങളും ഉൾപ്പെടുത്തണമെന്ന ധാരണ അധ്യാപകർക്കു നൽകലും അവരെ അതിനു സഹായിക്കലുമാണ് റിസോഴ്സ് അധ്യാപരുടെ പ്രധാന ചുമതല. കൂടാതെ കുട്ടികൾക്കു ലഭിക്കേണ്ട എല്ലാതരം ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതും രക്ഷിതാക്കൾക്ക് അവരുടെ കുട്ടികൾക്ക് ലഭിക്കേണ്ട സേവനങ്ങളെക്കുറിച്ച് ധാരണ നൽകേണ്ടതും റിസോഴ്സ് അധ്യാപകരുടെ ചുമതലയാണ്.

### 8.7.5 (3) ബഹുഭാഷകൾ പഠിക്കുന്നതിൽ ഇളവുകൾ (കേൾവിക്കുറവ്, ബുദ്ധിമാന്ദ്യം, ംനവൈകല്യം)

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ G.O (MS)135/88 .dated 1/09/88 Tvm ഉത്തരവ്, ശ്രവണ വൈകല്യമുള്ളവർക്ക് ഒന്നാം ഭാഷയായ മലയാളം മാത്രം പഠിച്ചാൽ മതിയെന്നും കുട്ടി ആഗ്രഹിക്കുന്നുവെങ്കിൽ അവരെ രണ്ടും മൂന്നും ഭാഷകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നു.

### 8.7.5 (4) എസ്.എസ്.എൽ.സി. പരീക്ഷ എഴുതുമ്പോൾ

പരീക്ഷയെഴുതുന്ന പ്രത്യേകാവശ്യങ്ങൾ ഉള്ള കുട്ടികൾക്ക് ഓരോ വിഭാഗത്തിലും പ്രത്യേകം ഇളവുകൾ ലഭ്യമാണ്. അപഗ്രഥനശേഷി ആവശ്യമുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നതിൽ ഇളവുണ്ട്. ഓരോ വിഭാഗത്തിനും ലഭ്യമാകുന്ന ഇളവുകൾ താഴെ കൊടുക്കുന്നു.

### 8.7.5 (5) കാഴ്ചക്കുറവുള്ള കുട്ടികൾക്ക്

- മണിക്കൂറിന് പത്തു മിനിറ്റ് അധികസമയം
- ചിത്രം വര, ഗ്രാഫ് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം എഴുതേണ്ടതില്ല.
- ബ്രെയിൽ ലിപിയിൽ ഉത്തരം എഴുതാനുള്ള അനുവാദം. ബ്രെയിൽ ലിപിയിൽ ആണ് ഉത്തരം എഴുതുന്നതെങ്കിൽ മണിക്കൂറിന് പതിനഞ്ച് മിനിറ്റ് അധികസമയം.
- എഴുതാൻ കഴിയാത്തവർക്ക് ഒരു സഹായി (Scribe) യെ ഉപയോഗപ്പെടുത്താം
- വിദ്യാർത്ഥികൾ ആഗ്രഹിക്കുന്നു എങ്കിൽ കണക്ക് വിഷയങ്ങൾ ഒഴിവാക്കുന്നതാണ്. പകരം വായ്പാട്ട്, ഉപകരണ സംഗീതം, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാം.

### 8.7.5(6) കേൾവിക്കുറവുള്ള കുട്ടികൾക്ക്

- മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
- വ്യാഖ്യാതാവിന്റെ സേവനം
- 25% ഗ്രേസ്മാർക്ക്
- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം
- മേൽപ്പറയുന്ന ഭാഷാവിഷയങ്ങൾ ഒഴിവാക്കുന്നെങ്കിൽ ഡ്രോയിംഗ് & പെയിന്റിംഗ്, കാറ്ററിംഗ്, ഹോർട്ടികൾച്ചർ, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തെരഞ്ഞെടുക്കേണ്ടതാണ്.

### 8.7.5(7) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക്

- മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
- വ്യാഖ്യാതാവ് അഥവാ എഴുതാനുള്ള സഹായിയുടെ സേവനം
- 25% ഗ്രേസ് മാർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (G.O (MS) No.61/98 dated 18/02/1989)
- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം. ഒഴിവാക്കുന്ന ഭാഷാവിഷയങ്ങൾക്കു പകരം ഡ്രോയിംഗ് & പെയിന്റിംഗ്, കാറ്ററിംഗ്, ഹോർട്ടി

കൾച്ചർ കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തിരഞ്ഞെടുക്കേണ്ടതാണ്.

- പ്രത്യേക സാഹചര്യങ്ങളിൽ കണക്ക് പരീക്ഷയും ഒഴിവാക്കി കൊടുക്കാറുണ്ട്.

### 8.7.5(8) അസ്ഥിപരമായ പരിമിതികളുള്ള കുട്ടികൾക്ക്

- ആവശ്യമെങ്കിൽ എഴുതാൻ സഹായിയുടെ സേവനം
- ചിത്രം വര, ഗ്രാഫ് എന്നീ മേഖലകളിൽ നിന്നും വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്നതിൽ നിന്നും ഒഴിവാക്കുന്നു (കൈ സ്വാധീനക്കുറവുള്ളവർക്കു മാത്രം)
- മണിക്കൂറിന് പത്തു മിനിറ്റ് അധികസമയം. (കൈ സ്വാധീനക്കുറവുള്ളവർക്കു മാത്രം)
- ആവശ്യമെങ്കിൽ ഇരിപ്പിടക്രമീകരണങ്ങൾ നൽകുന്നു.

### 8.7.5(9) പഠനവൈകല്യമുള്ള കുട്ടികൾക്ക്

ഡിസ്കാൽകുലിയ, ഡിസ്ഗ്രാഫിയ, ഡിസ്ലെക്സിയ എന്നീ പഠനവൈകല്യമുള്ള കുട്ടികൾക്കും വിവിധ തരത്തിലുള്ള പരീക്ഷാ ഇളവുകൾ അനുവദിച്ചു വരുന്നു.

ടി.ടി.സി, കെ.ജി.ടി.ഇ., സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാ പരീക്ഷ, പരീക്ഷാ ഭവൻ നടത്തുന്ന മറ്റു വിവിധ പരീക്ഷകൾ എന്നിവയ്ക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ ഒരു സഹായി (Scribe) യെ ഉപയോഗപ്പെടുത്തുക, അധികസമയം അനുവദിച്ചു കിട്ടുക തുടങ്ങിയ പരീക്ഷാ ഇളവുകൾ ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കാനുള്ള വ്യവസ്ഥയുണ്ട്. എല്ലാ പരീക്ഷാ ഇളവുകളും അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നാണ്.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സഹിതം നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പിട്ട അപേക്ഷ സ്കൂൾ അധികാരികൾക്ക് നൽകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് എല്ലാ വർഷവും ഒക്ടോബർ 30 നകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. പത്താംക്ലാസ്സിൽ ലഭിക്കുന്ന മേൽപ്പറഞ്ഞ എല്ലാ പരീക്ഷ ആനുകൂല്യങ്ങളും താഴ്ന്ന ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും ലഭിക്കുന്നതിന് അർഹതയുണ്ട്.

### 8.7.5(10) സർവ്വകലാശാല പരീക്ഷകൾ

- കേരളസർവകലാശാല പരീക്ഷാ കൺട്രോളറുടെ ഉത്തരവു നമ്പർ EAI 1852/97 dated 20/01/1998 പ്രകാരം കേരളസർവ്വകലാശാലയുടെ പരീക്ഷകൾക്ക് ബധിരരായവർക്ക് അവർക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി ലഭിക്കും.
- എസ്.എസ്.എൽ.സി കഴിഞ്ഞ മുഴുവൻ കുട്ടികൾക്കും കേരളത്തിൽ പ്ലസ്ടു അഡ്മിഷൻ ലഭിയ്ക്കും.
- എല്ലാ ഐ.ടി.ഐ.കളിലും ഓരോ സീറ്റു വീതം പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി മാറ്റിവയ്ക്കുന്നു.

### 8.7.5(11) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് തടസങ്ങളില്ലാതെ സഞ്ചരിക്കാൻ എല്ലാ വിദ്യാലയങ്ങളിലും റാമ്പുംറയിലും, പ്രത്യേകമായി രൂപകല്പന ചെയ്ത ടോയ്ലറ്റുകളും നിർമ്മിക്കാൻ വ്യവസ്ഥയുണ്ട്.
- പ്രത്യേക പരിശീലനം നൽകുന്ന റിസോഴ്സ് റൂം ഓരോ സ്കൂളിലും നിർബന്ധമായും സജ്ജീകരിക്കേണ്ടതാണ്.

- ക്ലാസ്സ് മുറികൾ താഴെ നിലയിൽ ക്രമീകരിക്കാൻ വ്യവസ്ഥയുണ്ട്.
- സൗകര്യപ്രദമായ ഇരിപ്പിട ക്രമീകരണം.
- തീവണ്ടികളിൽ പ്രത്യേക കോച്ചുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- സ്റ്റേഷനുകളിൽ പ്രത്യേക ടിക്കറ്റ് കൗണ്ടറുകൾ, റാമ്പുകൾ, വീൽചെയറുകൾ, ടോയ്ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇന്ത്യൻ റെയിൽവേ ഏർപ്പെടുത്തിയിട്ടുണ്ട്.
- റിസർവേഷൻ കമ്പാർട്ടുമെന്റിൽ ബർത്തുകളും ജനറൽ കമ്പാർട്ടുമെന്റിൽ ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.
- കെട്ടിടനിർമ്മാണചട്ടത്തിൽ ശാരീരിക അവശതകൾ ഉള്ളവർക്ക് കെട്ടിടങ്ങളിലേക്ക് സുഗമമായി പ്രവേശിക്കുന്ന പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തണം.(KPBR ചട്ടം 40 A)

### 8.7.5(12) സഹായക ഉപകരണങ്ങൾ

- സഹായക ഉപകരണങ്ങൾ ആവശ്യമുള്ള എല്ലാ കുട്ടികൾക്കും മെഡിക്കൽ വിദഗ്ദരുടെ നിർദ്ദേശാനുസരണം വിതരണം ചെയ്യുന്നു. (കണ്ണട, ഹിയറിംഗ് എയ്ഡ്, വീൽ ചെയറുകൾ തുടങ്ങിയ സഹായ ഉപകരണങ്ങൾ)

### 8.7.5(13) ബി.ആർ.സി.യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

- കുട്ടികളെ കണ്ടെത്തുന്നതിനു സർവേ
- മെഡിക്കൽ ക്യാമ്പുകൾ
- ഉപകരണങ്ങൾ ആവശ്യമുളളവർക്ക് സൗജന്യമായി വിതരണം ചെയ്യൽ
- പ്രീ-സ്കൂൾ അങ്കണവാടി കുട്ടികൾക്ക് (0-5) പരിശീലനം.
- അധ്യാപകപരിശീലനം
- പരിഹാരബോധനക്ലാസ്
  ക്ലാസ്റൂമിൽ നടക്കുന്ന പഠനപ്രവർത്തനങ്ങളിൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പഠനപ്രയാസങ്ങൾ പരിഹരിക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകർ നൽകുന്ന പ്രത്യേക പരിശീലനങ്ങൾ.

### 8.7.5(14) ഗൃഹകേന്ദ്രീകൃത പരിശീലന പരിപാടി

കടുത്ത വെല്ലുവിളികൾ നേരിടുന്നതിനാൽ സ്കൂളിൽ ചേർന്ന് പഠിക്കാൻ കഴിയാത്ത കുട്ടികൾക്ക് വീടുകളിൽ ചെന്ന് റിസോഴ്സ് അധ്യാപകർ നൽകുന്ന ചിട്ടയായ പരിശീലനം

- വിദ്യാലയങ്ങളിൽ തത്സമയ പിന്തുണാ സംവിധാനം
- സാമൂഹ്യ ബോധവത്ക്കരണപരിപാടി
- പഠനോപകരണങ്ങളുടെ അനുരൂപീകരണം
  (ഉദാ: മാപ്പുകൾ, ഗ്ലോബുകൾ എന്നിവ കാഴ്ചക്കുറവുള്ള കുട്ടിക്ക് വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് വേർതിരിച്ച് മനസ്സിലാക്കാൻ സഹായിക്കും വിധം നിർമ്മിക്കൽ)
- തൊഴിൽ പരിശീലനം
- രക്ഷിതാക്കൾക്ക് കൗൺസലിംഗ്
- കുട്ടികൾക്കുളള സഹവാസക്യാമ്പുകൾ
- സായന്തനവേദികൾ
- സർഗകൂട്ടായ്മകൾ
- പഠനയാത്രകൾ
- മെഡിക്കൽ വിദഗ്ധരുടെ നേതൃത്വത്തിലുള്ള തുടർ പരിശീലനങ്ങൾ

### 8.7.5(15) മറ്റു സേവനങ്ങൾ

- ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഒരു വർഷം പതിനഞ്ച് സ്പെഷ്യൽ കാഷ്വൽ ലീവ് (G.O.(P) No.249/84/Fin.dated 09/05/1984, Tvm.)
- കേൾവിക്കുറവുള്ള കുട്ടികൾക്ക് എല്ലാ സർക്കാർ, എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലും പ്രീ സ്കൂളുകൾ
- പ്രത്യേകാവശ്യങ്ങളുള്ള കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് എ.പി.എൽ/ബി.പി,എൽ. പരിഗണന ഇല്ല.
- ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക് വീടിനടുത്തുള്ള സ്ഥാപനത്തിൽ തന്നെ ജോലി ചെയ്യാനുള്ള അവകാശമുണ്ട്. (ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക്)
- കാഴ്ചക്കുറവ്, കേൾവിക്കുറവ്, ചലനവൈകല്യം എന്നിവയുള്ളവർക്ക് 3% പ്രവേശന സംവരണവും ഉദ്യോഗാർഥികൾക്ക് (എം.ആർ.ഒഴികെ) 3% തൊഴിൽ സംവരണവും ഉറപ്പു വരുത്തിയിട്ടുണ്ട്. (G.O.(P) No.50/2007/SWD.)
- കാഴ്ചക്കുറവുള്ളവർക്ക് BSNL ഫോൺ കണക്ഷന്റെ ഇൻസ്റ്റലേഷൻ ചാർജിലും പ്രതിമാസ വാടകയിലും 50% ഇളവിന് അർഹതയുണ്ട്.
- പി.ഡബ്ല്യൂ.ഡി. ആക്ട് സെക്ഷൻ 39 അനുസരിച്ച് എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും വികലാംഗർക്ക് മൂന്നു ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.
- പാട്ടത്തിനോ വാടകക്കോ നൽകുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ മുതലയാവയുടെ ഓരോ ഇനത്തിനും 3% വിലാംഗർക്ക് സംവരണം ചെയ്യേണ്ടതാണ്.

## 8.8. സാമ്പത്തിക സഹായങ്ങൾ

പ്രത്യേകാവശ്യങ്ങളുള്ള കുട്ടികൾക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പലതരം സാമ്പത്തിക സഹായങ്ങൾക്ക് അർഹതയുണ്ട്. പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

### 8.8.1 സ്കോളർഷിപ്പുകൾ

- പുസ്തകവും സ്റ്റേഷനറി സാധനങ്ങളും
- യൂണിഫോം അലവൻസ്
- യാത്രാ അലവൻസ്
- വായനാസഹായിക്കുള്ള അലവൻസ്
- എസ്കോർട്ട് അലവൻസ് (ശാരീരിക വെല്ലുവിളികളുള്ള കുട്ടികൾക്കു മാത്രം)
- ഹോസ്റ്റൽ അലവൻസ്
- സഹായ ഉപകരണങ്ങളും പഠനോപകരണങ്ങളും വാങ്ങുന്നതിന്.

സംയോജിത വിദ്യാഭ്യാസ പദ്ധതിപ്രകാരമുള്ള ഈ സഹായങ്ങൾ ഡി.പി.ഐ.യുടെ ഐ.ഇ.ഡി. സെല്ലിൽ നിന്നും, ഒന്നു മുതൽ പത്തു വരെ ക്ലാസിലെ കുട്ടികളുടെത് എ.ഇ.ഒ., ഡി.ഇ.ഒ. മുഖേനയും പ്ലസ്ടു വിഭാഗത്തിന്റേത് ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേനയും വി.എച്ച്.എസ്.ഇ.യിലെ കുട്ടികളുടെത് അസിസ്റ്റന്റ് ഡയറക്ടർ, വി.എച്ച്.എസ്.ഇ. മുഖേനയും ലഭ്യമാക്കാനുള്ള വ്യവസ്ഥകളുമുണ്ട്. 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർക്കാണ് ഈ സഹായം ലഭിക്കുന്നത്. ഇതിനർഹതയുള്ളവർ ബന്ധപ്പെട്ട രേഖകൾ (മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് മുതലായവ) പഠിക്കുന്ന സ്കൂളിൽ ഹാജരാക്കി ബന്ധപ്പെട്ട മേലധികാരികൾ മുഖേന അപേക്ഷിക്കണം.

### 8.8.2 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് (എസ്.എസ്.എ)

ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ വൈകല്യവുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ നടത്തുന്ന സർജറിക്ക് പരമാവധി 5000 രൂപ വരെ എസ്.എസ്.എ.യിൽ നിന്നും ലഭ്യമാണ്. ഈ ആനുകൂല്യം ലഭിക്കുവാൻ ഡോക്ടറുടെ ഒപ്പുള്ള ബില്ലും വൗച്ചറും സഹിതം ബി.ആർ.സി.കളിൽ അപേക്ഷ സമർപ്പിച്ചാൽ മതി.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ, സർക്കാർ ജീവനക്കാരായ രക്ഷിതാവിന് പ്രതിമാസം 600 രൂപ വിദ്യാഭ്യാസ അലവൻസ് ലഭിക്കുവാൻ അർഹതയുണ്ട്. കുട്ടിയുടെ വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും രക്ഷിതാവിന്റെ സാക്ഷിപത്രവും സ്ഥാപനമേധാവിക്കു നൽകിയാൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണ്.

(ഉത്തരവ് നമ്പർ G.O.(P)No.352/07/(65) Fin.dt.7/08/2006.Tvm)

## 8.9 .നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)

സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്തവരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള പരിശീലനവും സാങ്കേതികവുമായ സഹായങ്ങളുമാണ് നിഷ് നൽകുന്നത്. കൂടാതെ കേൾവിശക്തി വിലയിരുത്തുക, സംസാരശേഷി പുന:സ്ഥാപിക്കുക, സ്പീച്ച്തെറാപ്പി, ഏർലി ഇന്റർവെൻഷൻ ആന്റ് ഗൈഡൻസ് പ്രോഗ്രാം, ഓട്ടിസം ഇന്റർവെൻഷൻ ക്ളിനിക്ക് (Autisum Intervention Clinic), ഇ.എൻ.റ്റി സേവനങ്ങൾ, മനശാസ്ത്രപരമായ സേവനങ്ങൾ, കേൾവി ശക്തി കുറവുള്ള 12-ാം ക്ളാസ്സ് പാസ്സായ കുട്ടികൾക്കായുള്ള ഡിഗ്രികോഴ്സുകൾ, BASLP, MASLP എന്നീ കോഴ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

കേരളസർക്കാർ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിയിലൂടെ നടത്തുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഓഡിറ്ററി വെർബൽ തെറാപ്പി-യുടെ സംസ്ഥാന തലത്തിലുള്ള ഉത്തരവാദിത്തം 'നിഷ്' വഹിക്കുന്നുണ്ട്. അതിനു വേണ്ടിയുള്ള പരിശീലനം, ദീർഘകാല പഠനങ്ങൾ തുടങ്ങിയവ 'നിഷ്' നടപ്പാക്കിവരുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)
കരിമണൽ പി.ഒ, തിരുവനന്തപുരം 695583, കേരള, ഇന്ത്യ
ഫോൺ : +91-471-3066666, 2596919, ഫാക്സ് :+91-471-3066699
ഇ–മെയിൽ :nishinfo@nish.ac.in, വെബ്സൈറ്റ് :http://www.nish.ac.in

## 8.10 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്

**ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സംരക്ഷണഭവനങ്ങൾക്കുള്ള ധനസഹായം.**

വികലാംഗത്വം തെളിയിക്കുന്ന മെഡിക്കൽ വിദഗ്ധന്റെ സർട്ടിഫിക്കറ്റിന്റേയും വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ പ്രവേശിപ്പിയ്ക്കപ്പെട്ട ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ സംരക്ഷണ ഭവനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കും. സ്ഥാപനം സാമൂഹ്യനീതിവകുപ്പിന്റെ അംഗീകാരം ഉള്ളതും ഗ്രാന്റ് ലഭിക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചതുമായിരിക്കണം.

മുകളിൽ പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എല്ലാവർഷവും സെപ്റ്റംബർ 30- ന് മുമ്പ് സ്ഥാപനത്തിന്റെ ആഡിറ്റ് റിപ്പോർട്ട് സഹിതം നിർദ്ദിഷ്ടഫോറത്തിൽ ജില്ലാ സാമൂഹ്യ നീതി

ഓഫീസർക്ക് അപേക്ഷ നൽകണം. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മാർച്ച് 31-ന് മുമ്പ് ധനസഹായം ഡിമാന്റ് ഡ്രാഫ്റ്റായി ലഭിക്കും.

**ഭിന്നശേഷി വിഭാഗക്കാരുടെ പ്രത്യേക ഗ്രാമസഭ (വാർഡ് തലത്തിൽ)**
**(ജി.ഒ.(എം.എസ്) നമ്പർ. 4/2016 തീയതി 11-1-2026)**

- ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കികൊണ്ട് അവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തലാണ് ഈ ഗ്രാമസഭ കൊണ്ട് ഉദ്ദേശിക്കുന്നത്.
- ഭിന്നശേഷിക്കാരുടെ ദീർഘകാലവികസനത്തിനും പുനരധിവാസത്തിനും സമഗ്രപദ്ധതിക്കും രൂപം നൽകുക
- ഭിന്നശേഷിക്കാരുടെ വ്യവസ്ഥാപിതമായ അവകാശങ്ങൾ സംരക്ഷിക്കുക

1. പങ്കാളികൾ - വാർഡിലെ ഭിന്നശേഷിക്കാരായ എല്ലാ അംഗങ്ങളും
2. ക്ഷണിതാക്കൾ
   - വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രതിനിധികൾ
   - സംഘടനാപ്രതിനിധികൾ
   - ആശാവർക്കർ, അങ്കണവാടി പ്രവർത്തകർ, പാലിയേറ്റീവ് നഴ്സ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ
3. സംഘാടനം - നഗരസഭ ഭരണസമിതി, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി
4. വിളിച്ചുകൂട്ടുന്നത് - വാർഡ് മെമ്പർ
5. അദ്ധ്യക്ഷൻ - ചെയർപേഴ്സൺ
6. യോഗം - വർഷത്തിൽ ഒരിക്കൽ
7. പ്രസ്തുത ഗ്രാമസഭയുടെ തീരുമാനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം

# അദ്ധ്യായം– 9

## വയോജനക്ഷേമം

### 12.1 ആമുഖം

ഐക്യരാഷ്ട്രസംഘടന (യു.എൻ) യുടെ ജനറൽ അസംബ്ലി 1991 ഡിസംബർ 16 ന് വയോജനങ്ങളെ സംബന്ധിച്ച് 18 ഇനം അവകാശപ്പട്ടിക ഐക്യകണ്ഠ്യേന അംഗീകരിക്കുകയുണ്ടായി. സ്വാതന്ത്ര്യം, പൊതുപങ്കാളിത്തം, സംരക്ഷണം, സ്വയംപര്യാപ്തത, അർഹിക്കുന്ന പരിഗണന നൽകൽ എന്നിവയാണ് പ്രമുഖ സ്ഥാനത്തുള്ളത്. ആ അവകാശപത്രികയുടെ അടിസ്ഥാനത്തിൽ ലോകത്തെ ഭൂരിപക്ഷ രാജ്യങ്ങളും ഇന്ത്യ ഉൾപ്പടെ -വയോജന നയം പ്രഖ്യാപിക്കുകയുണ്ടായി.

കേരളം ജനസംഖ്യയുടെ കാര്യത്തിൽ വ്യത്യസ്തമായ ഒരു ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. വ്യത്യസ്ത പ്രായമുള്ളവരുടെ അനുപാതത്തിൽ അടുത്ത കാലത്ത് വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങൾ കുടുംബത്തിനുള്ളിലും സാമൂഹികജീവിതത്തിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്പറ്റി നാം വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ജനനമരണ നിരക്കുകൾ കുറഞ്ഞതും ആയുർദൈർഘ്യം കൂടിയതും ജനസംഖ്യയിൽ വയോജനങ്ങളുടെ ശതമാനം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം തന്നെ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും ഏറുകയുണ്ടായി. കുടുംബത്തിലും സമൂഹത്തിലും വയോജനങ്ങൾ ഏറെ അവഗണിക്കപ്പെടുകയും ഒറ്റപ്പെട്ടുപോകുകയും ചെയ്യുന്നു.

നമ്മുടെ നാട്ടിൽ മുമ്പ് നിലനിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥയിൽ വയോജനങ്ങളുടെ സംരക്ഷണം കുടുംബങ്ങളിൽ തന്നെ ഭദ്രമായിരുന്നു. എന്നാൽ കൂട്ടുകുടുംബ വ്യവസ്ഥ അണുകുടുംബങ്ങൾക്ക് വഴി മാറിയപ്പോൾ വയോജനങ്ങൾക്ക് സഹായകമായിരുന്ന വലിയൊരു സുരക്ഷാവലയം ഇല്ലാതായി. വ്യവസായവൽക്കരണവും നഗരവൽക്കരണവും ആഗോളവൽക്കരണവും ഈ പ്രശ്നത്തിന്റെ ആക്കം വർദ്ധിപ്പിച്ചു. വയോജനങ്ങൾ സ്വന്തം മക്കളോടൊപ്പം കഴിഞ്ഞിരുന്ന ഒരു സാമൂഹികക്രമമായിരുന്നു നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നത്. എന്നാൽ തൊഴിൽ തേടി പട്ടണങ്ങളിലേയ്ക്കും മറ്റുനാടുകളിലേക്കും പ്രിയപ്പെട്ടവർ ചേക്കേറിയപ്പോൾ ഒറ്റപ്പെടലിന്റെ നീർക്കയത്തിലേയ്ക്ക് വയോജനങ്ങൾ തള്ളപ്പെട്ടു.

**വയോജന സ്ഥിതിവിവരകണക്കുകൾ (അവലംബം 2011 സെൻസസ്)**

| | **ഇന്ത്യയിൽ** | **കേരളത്തിൽ (3.48 കോടി)** |
|---|---|---|
| വയോജനങ്ങൾ | 1.21 ബില്ല്യൻ | 13.6 % |
| പുരുഷൻമാർ | 5% | 11.8 % |
| സ്ത്രീകൾ | 5.7% | 13.3 % |
| | 2050 ൽ 19 % (വരുമെന്ന് കണക്കാക്കപെടുന്നു) | 2026 ൽ 18.3 % (വരുമെന്ന് കണക്കാക്കപെടുന്നു) |

**വയോജനങ്ങൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ**

- സാമ്പത്തികം
- ശാരീരിക ആരോഗ്യം
- മാനസികാരോഗ്യം
- സാമൂഹ്യാരോഗ്യം

ഇവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അനുയോജ്യമായ സാമൂഹ്യസംവിധാന ങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടത്ര കഴിഞ്ഞിട്ടില്ല. ഒരു സംസ്ക്കാരത്തേയും സമൂഹത്തേയും വളർത്തുന്നതിനും നിലനിർത്തുന്നതിനും ജീവിതത്തിലെ സിംഹഭാഗവും ചെലവഴിച്ചു വയോജനങ്ങ ളുടെ ശിഷ്ടജീവിതം സന്തോഷകരമാക്കുവാനുള്ള ഉത്തരവാദിത്തം ഏതൊരു പരിഷ്കൃത സമൂഹ ത്തിനും ഉണ്ട്. മേൽപശ്ചാത്തലത്തിൽ അറുപത് വയസ്സ് പൂർത്തിയായ എല്ലാവരേയും വയോജനമായി കണക്കാക്കി അവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും വയോജനനയം രൂപീകരിച്ചിട്ടുണ്ട്.

### 12.1.1 വയോജനനയം തയ്യാറാക്കൽ

ഇന്ത്യഗവൺമെന്റിന്റെ വയോജനനയത്തിന്റെ ചുവട് പിടിച്ച് 2006 ൽ കേരളാ ഗവൺമെന്റ് വയോജന നയം പ്രഖ്യാപിച്ചു. സാമൂഹ്യനീതിവകുപ്പിന്റെ 6.5.13 ലെ ജി.ഒ (എം.എസ്) നം .37/2013 പ്രകാരം ആയത് പരിഷ്ക്കരിക്കപ്പെട്ടു. പ്രാദേശികതലത്തിലും ഈ നയം ഉണ്ടാകേണ്ടതാണ്.

—വയോജനങ്ങളെ സംബന്ധിച്ച സ്ഥിതിവിവരങ്ങൾ മുനിസിപ്പാലിറ്റികൾ ശേഖരിക്കണം.

— തദ്ദേശസർക്കാർതലത്തിൽ പ്രത്യേകയോഗം (വയോജനഗ്രാമസഭ) വിളിച്ചു ചേർക്കാവുന്നതാണ്.

—വിവരങ്ങളുടെ അടിസ്ഥാനത്തിൽ നയവും കർമ്മപരിപാടിയും തയ്യാറാക്കണം.

—നഗരസഭാ കൗൺസിൽ കൂടിയാമ് നയവും കർമ്മപരിപാടിയും തയ്യാറാക്കേണ്ടത്. ഇതിനായി ജന കീയ സഹായ സമികികൾ രൂപീകരിച്ച് ചുമതലകൾ നൽകുകയും ചെയ്യാം.

### 9.1.2 സഹായസമിതി ചുമതലകൾ

—വയോജനങ്ങളുടെ പരാതി കേൾക്കുക, പരിഹരിക്കാൻ സഹായിക്കുക

—തർക്കങ്ങൾ പരിഹരിക്കുക

—നിയമസഹായം ലഭ്യമാക്കുക

—അർഹമായത് നേടിക്കൊടുക്കാൻ സഹായിക്കുക

—വയോജനക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുക

— ഡിമെൻഷ്യ, അൽഷിമേഴ്സ്, പാലിയേറ്റീവ് രോഗികൾക്ക് പ്രത്യേകപരിചരണം

### 9.1.3 പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെ ? എങ്ങനെ ?

### 9.1.3.(1) പകൽ വീട്

എല്ലാ വാർഡിലും പകൽ വീട്: - തിരക്കേറിയ ഈ ജീവിതത്തിൽ, ചെറു കുടുംബങ്ങളിൽ, പലപ്പോഴും പകൽസമയങ്ങളിൽ വയോജനങ്ങൾ ഒറ്റപ്പെടുകയാണ്. പകൽസമയത്ത് അവർക്ക് ഒത്തു കൂടാൻ എല്ലാ വാർഡിലും ഒരു ഇടം വേണം. നമ്മൾ ഒന്ന് സഹായിച്ചാൽ അതിനുള്ള വഴി അവർ തന്നെ കണ്ടെത്തി ക്കൊള്ളും.

- ഇതിന് ഒരു കെട്ടിടം വേണം (താൽക്കാലികമായി ഒഴിഞ്ഞുകിടക്കുന്ന സ്കൂൾക്ലാസ്സ് മുറികളോ, അങ്കണവാടി/ഡേ കെയർ സൗകര്യങ്ങളോ, ഉപയോഗപ്പെടുത്താവുന്നതാണ്. അനുയോജ്യമായത് കണ്ടെത്തി തുടങ്ങിയാൽ മതി)

- വയോജനക്ലബ്ബിന്റെ നേതൃത്വത്തിലായിരിക്കണം ഇത് പ്രവർത്തിക്കേണ്ടത്
- ഹൈസ്ക്കൂൾ തലത്തിലുള്ള വിദ്യാർത്ഥി സമൂഹത്തിന്റെ വോളന്ററി സഹായങ്ങൾ ഉപയോഗിക്കാവുന്നതാണ്.
- വയോജനങ്ങൾക്ക് പകൽ വന്ന് ചെലവഴിക്കാനുള്ള ഇടമായിരിക്കണം. ഇവിടെ വിനോദം, വിജ്ഞാനം, അറിയാവുന്ന തൊഴിൽ ചെയ്യൽ തുടങ്ങിയവയ്ക്കുള്ള സംവിധാനം ഉണ്ടാവണം. കുടാതെ, മാസത്തിൽ ഒരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്കുള്ള സംവിധാനം ഒരുക്കണം.

**9.1.3(2)**

**സാധ്യമായ മറ്റ് പ്രവർത്തനങ്ങൾ**

- വയോജന ക്ലബ്ബുകൾ രൂപീകരിക്കുവാൻ മുൻകൈ എടുക്കുകയും പ്രവർത്തനങ്ങൾക്കു വേണ്ട ധനസഹായം നൽകുകയും ചെയ്യുക.
- വയോജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുക
- വയോജനനയവും കർമ്മപരിപാടിയും കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
- വയോജന സഹായസമിതിയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
- വയോജനങ്ങൾക്ക് വേണ്ടി ആരോഗ്യസുരക്ഷാപ്രാവർത്തനങ്ങൾക്ക് വേണ്ടി പദ്ധതികൾ തയ്യാറാ ക്കുക
- പരിചരണം ആവശ്യമായവരെ പാലിയേറ്റീവ് കെയർ പാക്കേജിൽ ഉൾപ്പെടുത്തുക
- പട്ടികവർഗ്ഗ-പട്ടിജാതി വിഭാത്തിലെ വയോജനങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യസംരക്ഷണം, കിടപ്പാടം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- വയോജനങ്ങളുടെ സേവനം നാടിന്റെ വളർച്ചക്കും സാമൂഹിക നിർമ്മതിക്കും ഉപകാരപ്പെടുത്തുന്ന രീതിയിൽ സംവിധാനങ്ങൾ ക്രമപ്പെടുത്താവുന്നതാണ്. (ഉദാ: TAG, Working groups etc). വിദഗ്ദ്ധരായവരുടെ ഡേറ്റാബാങ്ക് പശ്ചാത്തലത്തിൽ തയ്യാറാക്കാവുന്നതാണ്.
- പി.എച്ച്.സി കളിൽ Geriatric doctors ന്റെ സേവനവും ഒപ്പം തന്നെ കൗൺസിലർമാരുടെ സേവനവും
- തദ്ദേശഭരണതലത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്ന വയോജനങ്ങൾക്ക് meals on wheels പ്രോഗ്രാം പോലെയുള്ള പദ്ധതികൾ

## 9.2 സാമൂഹ്യനീതിവകുപ്പ് വഴിയുള്ള പദ്ധതികൾ

### 9.2.1 വയോജനക്ഷേമ പദ്ധതികൾ

### 9.2.1 (1) വയോജനങ്ങൾക്കുള്ള സംയോജിതസംരക്ഷണ പദ്ധതി

വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഗണിച്ച് കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. അവരുടെ സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഒരുക്കുന്നു. ഈ പദ്ധതിയുടെ ക്രിയാത്മക നടത്തിപ്പിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും കേന്ദ്രസർക്കാർ ധനസഹായം നല്കുന്നു.

### 9.2.1 (2) വൃദ്ധസദനം

സംരക്ഷിക്കാനാളില്ലാത്ത വൃദ്ധജനങ്ങൾക്ക് സംരക്ഷണവും പരിചരണവും നൽകുന്നതിനാണ് ഇത്തരം സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നത്. 60 വയസ്സിനു മുകളിൽ പ്രായമുള്ളതും മേൽപറഞ്ഞ വിഭാഗങ്ങളിൽപ്പെടുന്നതുമായ എല്ലാ വയോജനങ്ങൾക്കും പ്രവേശനം ലഭിക്കും. അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അപേക്ഷ നൽകേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിനു കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധർക്കുവേണ്ടി സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു.

**വയോജന സേവനത്തിന് തൂണേരി മോഡൽ (കേസ് സ്റ്റഡി)**

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ വയോജനപദ്ധതി പ്രഖ്യാപിച്ച കേരളത്തിലെ ആദ്യ ബ്ലോക്ക് പഞ്ചായത്താണ് കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക്. നയപ്രഖ്യാപനത്തിനു മുന്നോടിയായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലേയും വയോജനങ്ങളുള്ള എല്ലാ വീടുകളും രണ്ടുപേരടങ്ങുന്ന സർവ്വേ സംഘം നേരിട്ട് സന്ദർശിക്കുകയും വിശദമായ വിവരശേഖരണം നടത്തുകയും ചെയ്തു. ഇങ്ങനെ ലഭ്യമായ സ്ഥിതി വിവരങ്ങൾ വിശദമായി വിശകലനം ചെയ്തിട്ടാണ് ബ്ലോക്ക് പഞ്ചായത്ത് ഈ പദ്ധതി പ്രഖ്യാപിച്ചത്. ഈ പദ്ധതിരേഖ താഴെതലം മുതൽ പ്രവൃത്തിപഥത്തിൽ കൊണ്ടു വരുന്നതിനായി വയോജനങ്ങൾ നേതൃത്വം നൽകുന്ന സംഘടനാ സംവിധാനത്തിന് രൂപം നൽകി. അയൽക്കൂട്ടം, വാർഡ്, പഞ്ചായത്തു- ബ്ലോക്ക് തലങ്ങളിൽ സംഘടനാ കമ്മിറ്റികൾ ഇപ്പോൾ നിലവിലുണ്ട്. 384 അയൽക്കൂട്ട വയോജനസഭകളും 116 വാർഡു തല വയോജനസഭകളും 7 ഗ്രാമപഞ്ചായത്ത് വയോജനസഭകളും ഇവയെല്ലാം കോർഡിനേറ്റു ചെയ്യാൻ 36 അംഗങ്ങളുള്ള ബ്ലോക്ക്തല വയോജനസഭയും സജീവമായി പ്രവർത്തിച്ചുവരുന്നു.

വയോജനങ്ങളുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുക, നിയമബോധവൽക്കരണം നടത്തുക, ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുക, മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിക്കുക, വയോജനസംഗമങ്ങൾ സംഘടിപ്പിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നിരന്തരം നടത്തിപ്പോരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ വയോജന പദ്ധതി നടപ്പാക്കാൻ നേരിട്ട് നിയോഗിക്കപ്പെട്ട 'സായൂജ്യ വയോജനസഭ' ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയാണ്. ബ്ലോക്ക് പരിധിയിൽ ആകെയുള്ള 21603 വയോജനങ്ങളിൽ 12453 വയോജനങ്ങൾ സായൂജ്യവയോജനസഭയിൽ അംഗത്വമെടുത്തിട്ടുണ്ട്.

വയോജനങ്ങൾക്ക് സൗജന്യ നിരക്കിൽ പരിചരണത്തിന് നഴ്സിങ്ങ് സപ്പോർട്ട് ടീം, ആരോഗ്യസേവനത്തിന് മൊബൈൽ യൂണിറ്റ് എന്നീ കാര്യങ്ങൾ ഉൾപ്പെടുന്ന പ്രോജക്ട് നിർദ്ദേശങ്ങൾക്കാണ് ബ്ലോക്ക് പഞ്ചായത്ത് ഇത്തവണ അംഗീകാരം നൽകിയിട്ടുള്ളത്.

### 9.2.1 (3) വൃദ്ധസദനങ്ങൾക്കുള്ള കേന്ദ്രസഹായം

ഏറ്റവും കുറഞ്ഞത് 25 വൃദ്ധജനങ്ങളെ താമസിപ്പിക്കുകയും അവർക്ക് നല്ല ഭക്ഷണം, വിനോദം, സംരക്ഷണം എന്നിവ സൗജന്യമായി നല്കുകയും ചെയ്യുന്ന വൃദ്ധസദനങ്ങൾക്ക് കേന്ദ്രസഹായം നല്കുന്നു. അപേക്ഷകൾ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

### 9.2.1 (4) ആശ്വാസകേന്ദ്രങ്ങളും തുടർസംരക്ഷണ കേന്ദ്രങ്ങളും

വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്ക് അസുഖം ബാധിച്ചാൽ അവരെ ശുശ്രൂഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സംരക്ഷണ ചെലവ് നല്കുന്നു.

### 9.2.1 (5) വൃദ്ധർക്കായി വിവിധ സേവനങ്ങൾ നല്കുന്ന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതി

വൃദ്ധരുടെ പകൽ സംരക്ഷണ കേന്ദ്രങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സൗഹൃദബന്ധങ്ങൾ തുടങ്ങിയ സേവനങ്ങൾ നല്കുന്ന 90 പേരെങ്കിലുമുള്ള കേന്ദ്രത്തിന് ധനസഹായം നല്കുന്നു.

### 9.2.1 (6) മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായ പദ്ധതി

ചേരി പ്രദേശങ്ങളിലും വികസനമെത്താത്ത ഗ്രാമങ്ങളിലും യാതൊരു സൗകര്യങ്ങളുമില്ലാതെ കഴിയുന്ന വൃദ്ധജനങ്ങൾക്കായുള്ള പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം കുറഞ്ഞത് 400 പേർക്കെങ്കിലും ഒരു മാസം ചികിത്സാ-സഹായമെത്തിക്കാൻ, വയോജന ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടന കൾക്കും , വയോജനങ്ങൾക്ക് സൗജന്യ ചികിത്സ നല്കുന്ന സ്ഥാപനങ്ങൾക്കും, ആശുപത്രി, മെഡി ക്കൽ കോളേജ്, നഴ്സിങ് ഹോമുകൾക്കും സംസ്ഥാന സർക്കാരിന്റെ ചുമതലയിൽപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ നല്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നല്കുന്നു.

### 9.2.1 (7) ഓർമ്മശക്തി നശിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്കുള്ള ധനസഹായപദ്ധതി

സ്മൃതിനാശം സംഭവിച്ച വൃദ്ധജനങ്ങൾക്ക് ആശ്വാസം പകരുന്ന വിധത്തിലുള്ള പകൽപരിപാലന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും അത് പരിപാലിച്ച് കൊണ്ട് പോകുന്നതിനുമായി നല്കുന്ന ധനസഹായ പദ്ധതിയാണിത്. കുറഞ്ഞത് 20 പേരെയെങ്കിലും സംരക്ഷിക്കുന്ന ഇത്തരം കേന്ദ്രങ്ങൾക്ക് ധനസഹായം ലഭിക്കുന്നു.

### 9.2.1 (8) ഫിസിയോ തെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായം

ഫിസിയോതെറാപ്പി ക്ലീനിക്കുകൾ നടത്തുന്ന സന്നദ്ധസംഘടനകൾക്ക് /മെഡിക്കൽ കോളേജുകൾക്ക്/ നഴ്സിങ് ഹോമുകൾക്ക് മിനിമം 50 പേർക്കുള്ള വാർഷിക ധനസഹായം നല്കുന്നു.

### 9.2.1 (9) വികലാംഗസഹായ ഉപകരണങ്ങൾ നല്കുന്ന പദ്ധതി

വയോജനങ്ങൾക്ക് വികലാംഗ സഹായ ഉപകരണങ്ങൾ, ശ്രവണസഹായ ഉപകരണങ്ങൾ എന്നിവ സൗജന്യമായി നല്കുന്നതിനു വേണ്ടി മെഡിക്കൽ കോളേജുകൾ/ചാരിറ്റബിൾ ആശുപത്രികൾ/ നഴ്സിങ് ഹോമുകൾ എന്നിവയ്ക്ക് ധനസഹായം നല്കുന്നു.

### 9.2.1 (10) വയോജനങ്ങളുടെ ശാരീരിക മാനസികാരോഗ്യപദ്ധതി

വയോജനങ്ങളുടെ ശാരീരിക മാനസികാരോഗ്യ സംരക്ഷണത്തിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ആശുപത്രികൾ/നഴ്സിങ് ഹോമുകൾ/സന്നദ്ധസംഘടനകൾക്കും, മെഡിക്കൽ കോളേജുകൾക്കും ധനസഹായം നല്കുന്നു.

### 9.2.1 (11) വയോജനങ്ങളുടെ കൗൺസിലിംഗ് ഹെൽപ്പ്ലൈൻ എന്നിവ നടത്തുന്നതിന് ധനസഹായം

വയോജനങ്ങൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ, ഹെൽപ്പ്ലൈൻ എന്നിവ ഏർപ്പടാക്കുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും, ചാരിറ്റബിൾ ആശുപത്രികൾ, മെഡിക്കൽ കോളേ ജുകൾ എന്നിവയ്ക്കും ധനസഹായം നൽകുന്നു.

### 9.2.1 (12) അവബോധം ക്യാമ്പുകൾ സംഘടിപ്പിക്കുക

വയോജനങ്ങളുടെ മാനസികവും ബൗദ്ധികവും ശാരീരികവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് സ്കൂൾ /കോളേജ് വിദ്യാർത്ഥികൾക്ക് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.

### 9.2.1(13) മേഖല അടിസ്ഥാനത്തിലുള്ള പരിശീലനകേന്ദ്രങ്ങൾക്കുള്ള ധനസഹായം

വയോജനരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മേഖ ലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് ആന്റ് ട്രെയിനിംഗ് സെന്ററിന് ധനസഹായം നൽകുന്നു.

### 9.2.1 (14) വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നവർക്കുള്ള പരിശീലനപരിപാടികൾക്ക് നൽകുന്ന ധനസഹായം

വയോജനങ്ങളെ സംരക്ഷിക്കുന്നവർക്ക് മികച്ച പരിശീലനം നൽകുന്ന പരിപാടികൾക്ക് ധനസഹായം നൽകുന്നു.

### 9.2.1 (15) വയോജനങ്ങൾക്ക് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനുള്ള ധനസഹായം

ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിലൂടെ വൃദ്ധജനങ്ങൾക്ക് ബോധവൽക്കരണം.

### 9.2.1(16) വൃദ്ധസദനം/ ഡേകെയർ സെന്റർ എന്നിവ ആരംഭിക്കുന്നതിന് നഗരസഭകൾക്കുള്ള ധനസഹായ പദ്ധതി

25 അന്തേവാസികൾക്ക് പ്രവേശനത്തിന് സൗകര്യമുള്ള വൃദ്ധസദനങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. ഡേ കെയർ സെന്റർ ആണെങ്കിൽ 50 പേർക്കുള്ള സൗകര്യം ഉണ്ടായിരിക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ എന്നിവയ്ക്കാണ് തുക അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പദ്ധതിക്ക് വേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ഇത് സംബന്ധിച്ച അപേക്ഷ ജില്ല സാമൂഹ്യനീതി വകുപ്പ് ഓഫീസർക്ക് നൽകേണ്ടതാണ്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസികളിലും ലഭിക്കും. കൂടാതെ ഡിപ്പാർ ട്ട്മെന്റിന്റെ വെബ്സൈറ്റിൽ (www.swd.kerala.gov.in) നിന്നും വിവരങ്ങൾ ലഭ്യമാണ്.

***മേൽ പദ്ധതികളുടെ വിശദവിവരങ്ങൾ www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്***

## 9.3 വയോജനങ്ങൾക്കുള്ള സ്ഥാപനങ്ങൾ

### 9.3.1 അംഗപരിമിതരായ വയോജനങ്ങൾക്കുള്ള ഹോം

55 വയസ്സിന് മുകളിൽ പ്രായമുള്ള അംഗപരിമിതരായ വയോജനങ്ങൾക്കാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്. ജില്ലാ പ്രൊബേഷൻ ഓഫീസർ/മെഡിക്കൽ ഓഫീസർ നല്കുന്ന ശുപാർശക്കത്തുമായി അർഹതയുള്ളവർ ഹോം സൂപ്രണ്ടിനെ സമീപിക്കേണ്ടതാണ്. ആലപ്പുഴ, വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

### 9.3.2 വയോജനങ്ങൾക്കുള്ള ഡേകെയർ സെന്റുകൾ

അണുകുടുംബ സംവിധാനത്തിൽ വയോജനങ്ങൾക്ക് ശരിയായ സംരക്ഷണവും ശ്രദ്ധയും ലഭിക്കാത്ത സാഹചര്യത്തിൽ പകൽസമയങ്ങളിൽ അവരുടെ പരിപാലനം ഉറപ്പാക്കുന്ന സ്ഥാപനങ്ങളാണിത്. ലഘുഭക്ഷണവും ആതുരശുശ്രൂഷയും പരിപാലനവും ലഭിക്കുന്ന ഈ സ്ഥാപനങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു.

## 9.4 നിയമവ്യവസ്ഥകൾ

### 9.4.1 മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള നിയമം-2007

മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമത്തിന്റെ ചുവട്പിടിച്ച് 'കേരള മാതാപിതാക്കളുടെയും മുതിർന്നപൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ചട്ടങ്ങൾ 2009' ൽ കേരളത്തിൽ നിലവിൽ വന്നു. ഈ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വയോജനപരിരക്ഷ കുടുംബത്തിന്റെ ഉത്തരവാദിത്തമാകുന്നു. വയോജനത്തിന്റെ സ്വത്ത് കൈമാറ്റം ചെയ്യപ്പെട്ടാലും അദ്ദേഹത്തെ പരിരക്ഷിക്കുന്ന കാര്യത്തിൽ മക്കൾ വീഴ്ച്ച വരുത്തിയാൽ സ്വത്ത് തിരിച്ച് ഈടാക്കാവുന്നതാണ്. സംരക്ഷണച്ചുമതലയിൽ മകനും മകൾക്കും ഒരു പോലെ

പങ്കുണ്ട്. മക്കളുടെ അഭാവത്തിൽ ശേഷിയുള്ള അടുത്ത ബന്ധുവാണ് വയോജനത്തെ പരിചരിക്കേണ്ട ത്.സ്വന്തം സ്വത്ത് ഈട് നൽകി വയോജനത്തിന് ബാങ്കിൽ നിന്ന് ലോൺ എടുക്കാം. എന്നാൽ ലോൺ തിരിച്ചടക്കേണ്ടത് മക്കളുടെ ബാദ്ധ്യതയാകുന്നു എന്ന വ്യവസ്ഥ ഉൾപ്പെടുന്ന റിവേഴ്സ് മോർട്ട്ഗേജ് സംവിധാനവും ഈ നിയമപരിധിൽ ഉൾപ്പെടുന്നു. സ്വന്തം വരുമാനത്തിൽ നിന്നോ സ്വന്തം സ്വത്തിൽ നിന്നുള്ള വരുമാനത്തിൽ നിന്നോ സ്വയം പരിപാലനത്തിന് കഴിവില്ലാത്ത മാതാപിതാക്കൾ ഉൾപ്പെടെയുള്ള മുതിർന്ന പൗരന്മാർക്ക് നിയമത്തിന്റെ വകുപ്പ് 5 പ്രകാരം പരിരക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ട്രൈബ്യൂണലിന് അനുവദിക്കാവുന്ന പരമാവധി പരിരക്ഷ തുക സംസ്ഥാനഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് പതിനായിരം രൂപയിൽ കവിയാത്ത തുകയായിരിക്കണം.

## നിയമത്തിലെ പ്രധാനവ്യവസ്ഥകൾ

- സ്വന്തം വരുമാനമില്ലാത്ത മാതാപിതാക്കൾക്ക് മക്കളോ, പേരക്കുട്ടികളോ സംരക്ഷണ ചെലവ് നൽകാനും സംരക്ഷിക്കാനും ഉള്ള ഉത്തരവാദിത്തം നൽകുന്ന നിയമം. മാതാപിതാക്കൾ 60 വയസ്സിന് മുകളിൽ പ്രായമുണ്ടാകണമെന്നില്ല.
- ഇതിൽ 60 വയസ്സിൽ കൂടുതൽ പ്രായമുള്ള മുതിർന്ന പൗരനെ അയാളുടെ സ്വത്ത് ലഭിക്കാൻ അർഹപ്പെട്ട വ്യക്തി സംരക്ഷിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു.
- ഈ നിയമപ്രകാരം 10,000/ രൂപ വരെ സംരക്ഷണചെലവിന് കിട്ടാൻ വയോജനങ്ങൾക്കും മാതാപിതാക്കൾക്കും മെയിന്റനൻസ് ട്രബ്യൂണലിനെ (സബ് ഡിവിഷണൽ മജിസ്ട്രേറ്റ് ) സമീപിക്കാം.
- ഈ നിയമം നിലവിൽ വന്ന ശേഷം മാതാപിതാക്കളെ സംരക്ഷിച്ചുകൊള്ളാം എന്ന ഉറപ്പിന്മേൽ അവർ മക്കൾക്ക് വസ്തുകൈമാറ്റം ചെയ്യുകയും പിന്നീട് സംരക്ഷിക്കാതിരിക്കുകയും ചെയ്താൽ, മാതാപിതാക്കൾക്ക് ആ വസ്തു/സ്വത്ത് തിരിച്ച് ലഭിക്കാനുള്ള അവകാശം നിയമത്തിലുണ്ട്.
- സാമൂഹ്യനീതിവകുപ്പ് ഉദ്യോഗസ്ഥർ വഴിയാണിത് നടപ്പിലാക്കുന്നത്
- സർക്കാർ ആശുപത്രികളിൽ കഴിവതും എല്ലാ മുതിർന്ന പൗരന്മാർക്കും കിടക്കകൾ നൽകുകയും പ്രത്യേക ക്യൂസംവിധാനം ഏർപ്പെടുത്തുകയും പ്രത്യേക സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.
- നിർധനരും നിരാലംബരുമായ മുതിർന്ന പൗരന്മാർക്ക് വൃദ്ധസദനങ്ങൾ സ്ഥാപിക്കണം.
- വയോജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ പോലീസ് പ്രത്യേക കർമ്മ പദ്ധതിയുണ്ടാകണം. മുതിർന്ന പൗരന്മാർക്കെതിരെയുള്ള കുറ്റകൃത്യം തടയാൻ സന്നദ്ധസേവകരുടെ കമ്മിറ്റി രൂപീകരിക്കുകയും അത്തരം കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയും , Do's and Dont's ലിസ്റ്റ് തയ്യാറാക്കി മുതിർന്ന പൗരന്മാർക്ക് നൽകുകയും , വീട്ടിലെ ജോലിക്കാരുടെ മുൻ ചരിത്രം അന്വേഷിക്കാൻ ആവശ്യപ്പെട്ടാൽ അത് ചെയ്യുകയും വേണം.
- മുതിർന്ന പൗരനെ ഉപേക്ഷിക്കുകയോ അഭയമില്ലാതാക്കുകയോ ചെയ്യുന്നത് മൂന്ന് മാസം വരെ തടവ് ശിക്ഷക്കോ 5000 രൂപ പിഴ, ശിക്ഷയേക്കാ വിധേമാക്കാവുന്ന ഒരു കുറ്റകൃത്യമാണ്.

### 9.4.2 ക്രിമിനൽ നടപടിക്രമം 1973

**125–ാം വകുപ്പ്:** സ്വയം രക്ഷിക്കാൻ കഴിയാത്ത പിതാവിനെയും മാതാവിനെയും സംരക്ഷിക്കാൻ ആ കുടുംബത്തിലെ ഏതൊരു അംഗത്തിനും ഉത്തരവാദിത്തം നൽകുന്നു. ഇത് പ്രകാരം സംരക്ഷണചെലവിനായി കുടുംബകോടതിയെ സമീപിക്കാം.

## 9.5 സാമൂഹ്യസുരക്ഷ മിഷൻ വഴി നടപ്പാക്കുന്ന പദ്ധതി

### 9.5.1 ആശ്വാസകിരണം പദ്ധതി :

ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളെയും, മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും, ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസകിരണം'. പ്രതിമാസം 525/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

*__മാനദണ്ഡങ്ങൾ :__*

1. കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശത്ത് 22,375/- രൂപ.
2. മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള ശാരീരിക മാനസിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ, 100% കാഴ്ച്ചവൈകല്യം, പ്രായാധിക്യം കൊണ്ടും മറ്റുപല രോഗങ്ങളാൽ കിടപ്പിലായവർ എന്നിവർ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.
3. മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം എന്നിവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിന് വരുമാന പരിധി ബാധകമല്ല.
4. കുടുംബവരുമാനം തെളിയിക്കുന്നതിന് ബി.പി.എൽ റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/ വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
5. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ/വയോമിത്രം/ എൻ.ആർ.എച്ച്.എം ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
6. അപേക്ഷകൻ ബാങ്ക്അക്കൗണ്ട് ആരംഭിച്ച് ലഭിക്കുന്ന പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം
7. വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി പെൻഷൻ, മറ്റു ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.
8. അപേക്ഷാഫോറം സാമൂഹ്യസുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ ശിശുവികസനഓഫീസിലോ നൽകാവുന്നതാണ്.

### 9.5.2 വയോമിത്രം പദ്ധതി

സംസ്ഥാനത്ത് വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകി കൊണ്ട് ആരംഭിച്ച നൂതന പദ്ധതിയാണ് വയോമിത്രം. ആദ്യഘട്ടമെന്ന നിലയിൽ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനുവേണ്ടിയുള്ള വിവിധ പരിപാടികളും വയോജനക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക കരുതൽ നൽകുന്ന തരത്തിലുള്ള വിവിധ പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കാറുണ്ട്. ചുവടെ പറയുന്ന ആനുകൂല്യങ്ങൾ വയോമിത്രം പദ്ധതികളിലൂടെ ലഭ്യമാണ്.

1. 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും, കൗൺസിലിംഗും, വൈദ്യസഹായവും, മരുന്നും സൗജന്യമായി നൽകുന്നു.
2. കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു.
3. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടു പോകുന്നതിനും, തിരിച്ചു വീട്ടിൽ എത്തിക്കുന്നതിനും സൗജന്യആംബുലൻസ് സേവനം നൽകുന്നു.
4. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ www.socialsecuritymission.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്

## 9.6 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്

### 9.6.1 വയോജന സദനങ്ങൾക്കുള്ള ധനസഹായം പദ്ധതി.

വയോജനങ്ങളുടെ ശ്രദ്ധയ്ക്കും, പരിപാലനത്തിനും, സംരക്ഷണത്തിനും വേണ്ടിയുള്ള സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കും. തദ്ദേശസ്വയംഭരണ സർക്കാരിൻ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കും. ഗ്രാന്റ് ലഭിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട സ്ഥാപനം സംസ്ഥാന സർക്കാരിൽ നിന്നും വാങ്ങിയിരിക്കണം.

കുറഞ്ഞത് 15 അന്തേവാസികൾ എങ്കിലും ഉള്ളതും സർക്കാരിന്റെ മറ്റ് ധനസഹായങ്ങൾ ഒന്നും ലഭിയ്ക്കാത്തവരും വർഷത്തിന്റെ മുഴുവൻ മാസങ്ങളിലും പ്രവർത്തിയ്ക്കുന്നതുമായ വയോജനങ്ങളുടെ സംരക്ഷണ ഭവനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കുവാൻ അർഹതയുണ്ട്.

# വയോജനങ്ങളുടെ  പ്രത്യേക വാർഡ്സഭ

ദേശീയ- സംസ്ഥാന വയോജന നയപ്രകാരം അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളും മുതിർന്ന പൗരന്മാരാണ്.

**ലക്ഷ്യം**

വയോജനങ്ങളുടെ ആവശ്യങ്ങളും വെല്ലുവിളികളും അർഹിക്കുന്ന പ്രാധാന്യത്തോടെ തദ്ദേശഭരണ സ്ഥാപന ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി, വയോജന ക്ഷേമം ഉറപ്പു വരുത്തുക.

പ്രത്യേക പരിഗണന ആവശ്യമായ എൺപത് വയസ്സിനു മുകളിൽ പ്രായമായവർ, വിധവകൾ, അനാഥർ, മാറാരോഗികൾ, ഒറ്റപ്പെട്ടുപോയവർ, തുടങ്ങിയ വിഭാഗങ്ങളുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പ് വരുത്തുക

**അംഗങ്ങൾ** - വാർഡ് പ്രദേശത്ത് താമസിക്കുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ വോട്ടർമാരും വയോജന വാർഡ്സഭയിലെ പങ്കാളികളാണ്.

**സംഘാടനം** - പ്രത്യേക വയോജന വാർഡ്സഭ ആസൂത്രണം ചെയ്യേണ്ടതും, നടപ്പിൽ വരുത്തേണ്ടതും തദ്ദേശഭരണസ്ഥാപനത്തിലെ ഭരണസമിതിയുടെ ചുമതലയാണ്.

വയോജന ഗ്രാമസഭയുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ തദ്ദേശഭരണസ്ഥാപനം ചെർപേഴ്സൺ. ചെർപേഴ്സൺന്റെ അഭാവത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയ്ർപേഴ്സണും, രണ്ടു പേരുടെയും അഭാവത്തിൽ കൺവീനറുമാണ് വാർഡ്സഭയുടെ അദ്ധ്യക്ഷത വഹിക്കേണ്ടത്.

വയോജനങ്ങളുടെ ഗ്രാമസഭയിൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തീരുമാനങ്ങളും പൊതു വാർഡ്സഭയിൽ അവതരിപ്പിക്കുകയും വയോജനങ്ങളുടെ വാർഡ്സഭയുടെ നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

# അദ്ധ്യായം -10

## പട്ടികജാതി വികസനം

### 10.1 ആമുഖം

പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾക്ക് കാരണം ചരിത്രപരവും മുൻവ്യവസ്ഥിതികളിൽ നിന്ന് ഉടലെടുത്തവയുമാണ്. വിവിധ ചൂഷണങ്ങൾ ഈ വിഭാഗക്കാർ അനുഭവിച്ച് വരുന്നു. ഉച്ചനീചത്വങ്ങൾ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും നീക്കി നിർത്തിയതിന്റെ ഫലമായി സ്വത്തിന്റെ, തൊഴിലിന്റേയും, അഭിപ്രായസ്വാതന്ത്ര്യത്തിന്റേയും കാര്യത്തിൽ ഇവർ പിന്നോക്കാവസ്ഥയിൽ ആയി. സ്വാതന്ത്ര്യാനന്തരം ഭരണഘടന ഇവർക്ക് വേണ്ടി വിവിധ നിയമപരിരക്ഷകളും സംവരണവും കൊണ്ടുവന്നുവെങ്കിലും പൂർണ്ണമായും അവരെ മുഖ്യധാരയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല.

ഇവരുടെ ഇന്നത്തെ അവസ്ഥ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന അടിസ്ഥാനപ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായി കാണാം.

- സാമൂഹികവും സാമ്പത്തികവുമായുള്ള പിന്നോക്കാവസ്ഥ
- ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം എന്നിവയുടെ പരിമിതി
- സാമൂഹികമായ ഒറ്റപ്പെടൽ
- പരമ്പരാഗതമായി നിലനിൽക്കുന്ന ചൂഷണസ്ഥിതി
- സാമൂഹ്യപുരോഗതിക്ക് തടസ്സം നിൽക്കുന്ന ആചാരരീതികൾ
- സമ്പാദ്യശീലം ഇല്ലായ്മ
- പരമ്പരാഗതതൊഴിൽ മേഖലകളുടെ ശോഷണവും പുതിയ തൊഴിൽ മേഖലകളുടെ അപര്യാപ്തതയും

താഴെ പറയുന്ന വിടവുകളാണ് മുകളിൽ പറഞ്ഞ അവസ്ഥക്ക് കാരണങ്ങൾ എന്ന് നമുക്ക് വിലയിരുത്താവുന്നതാണ്.

- സുസ്ഥിരവികാസത്തിനായുള്ള ദീർഘ വികസനകാഴ്ച്ചപ്പാടിന്റെ കുറവ്,
- അവരുമായി ചേർന്നുള്ള ആസൂത്രണത്തിന്റെ കുറവ്,
- അവരുമായി ചേർന്ന് പ്രശ്നങ്ങളും ആവശ്യവും പരിഗണിക്കാതിരിക്കൽ ,
- ചൂഷണങ്ങളിൽ നിന്ന് മോചിതരാകുന്നതിനുള്ള അറിവ് പ്രദാനം ചെയ്യായ്ക,
- തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ-നിർവ്വഹണത്തിലെ കാര്യക്ഷമത, പോരായ്മ
- ആസൂത്രണപ്രക്രിയയിൽ ഈ വിഭാഗങ്ങളെ കൂടി സംഘടിപ്പിക്കാനും ഭാഗമാക്കാനും കഴിയാത്തത്,
- എങ്ങനെയെങ്കിലും മുനിസിപ്പൽ ഫണ്ട് ചെലവാക്കുക എന്ന തെറ്റായ പ്രവണത

### 10.2 പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ.

- ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക
- നഴ്സറി സ്കൂളുകൾ നടത്തുക
- സാമൂഹ്യതിന്മകൾക്കെതിരെ ബോധവത്ക്കരണം നടത്തുക

- വരുമാനവർദ്ധനവിന് സ്വയംതൊഴിൽ സംരംഭങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക
- അതിക്രമങ്ങളും ചൂഷണവും ഇല്ലാതാക്കുന്നതിന് സഹായിക്കുക, അവബോധം വളർത്തുക
- സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക
- നിയമസഹായം ഉറപ്പുവരുത്തുക
- ഭക്ഷണം, പാർപ്പിടം, ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക
- വിദ്യാഭ്യാസാവശ്യങ്ങൾക്ക് സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ വിവിധ ധനസഹായങ്ങൾ, യാത്രാഉപകരണങ്ങൾ നല്കുക

## 10.3 പട്ടികജാതി ഉപപദ്ധതി (SCSP) പ്രോജക്റ്റ് തയ്യാറാക്കൽ

പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതി കൂടി തയ്യാറാക്കണം. അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്ന പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മൂന്ന് വിഭാഗങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ ഉണ്ടായിരി ക്കേണ്ടതാണ്. ഓരോ കുടുംബകേന്ദ്രീകൃത സമീപനത്തിന്റേയും (Household Centered Approach) സാമൂഹ്യ സാമ്പത്തിക വികസനത്തിനാണ് മുഖ്യ ഊന്നൽ നൽകേണ്ടത്. ആശ്രയ മാതൃകയിൽ കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും തുടർന്ന് ഹാബിറ്റാറ്റ് (സങ്കേതം) ഒരു യൂണിറ്റായും പരിഗണിച്ച് അവയുടെ ആവശ്യങ്ങളും നിർണ്ണയിക്കാം. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതിവിഭാഗക്കാരുടെ പൊതുസൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുമുമ്പ് ഓരോ നഗരഭരണസ്ഥാപനവും മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ആശ്രയ മാതൃകയിൽ ഒരു പരിപാടി തയ്യാറാക്കണം. ഓരോ കുടുംബത്തിലേയും ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ അതിൽ പരിഗണിക്കപ്പെടണം. പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ കുടുംബങ്ങൾക്കും ഗുണഭോക്തൃ പ്രദേശത്തിനും അവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും നിശ്ചയിക്കേണ്ടത്. ഇത് സംബന്ധിച്ചുള്ള നിബന്ധനകൾ താഴെ ചേർക്കുന്നു.

- കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം പട്ടികജാതി സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി എന്നീ പൊതുസൗകര്യങ്ങൾക്കായി പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.
- വൈദ്യുതി, കുടിവെള്ളം എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ.
- ജലസേചന പ്രോജക്ടാണെങ്കിൽ മൊത്തം ജലസേചനം നടത്തപ്പെടുന്ന കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികജാതി വിഭാഗക്കാരുടെതായിരിക്കണം.
- ഇക്കാര്യം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും, ഭുപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടെയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനം) അടയാളപ്പെടുത്തേണ്ടതാണ്
- പട്ടികജാതി സങ്കേതങ്ങൾക്കകത്തുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവു.

- കൃഷിഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.

- എസ്.സി.എസ്.പി ഫണ്ടിൽ നിന്നും കുറഞ്ഞത് 10% തുക യുവജന വികസന പരിപാടികൾക്കായി (വിദ്യാഭ്യാസ സഹായം, വിദേശത്ത് തൊഴിൽ നേടൽ, സ്വയംതൊഴിൽ പരിപാടികൾ, തൊഴിൽപരിശീലനം, കായിക വികസനം, തൊഴിൽ-വരുമാന വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ മുതലായവ) വകയിരുത്തേണ്ടതാണ്.

- പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദേശിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് ലഭിച്ചുകഴിഞ്ഞാൽ അഡ്മിഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്.

- പട്ടികജാതി മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനും പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിനും ധനസഹായം നൽകാവുന്നതാണ്.

- പട്ടികജാതി യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.

- പട്ടികജാതി കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും അവരുടെ വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. അവ ഏറ്റെടുത്തശേഷം മാത്രമേ എസ്.സി.എസ്.പി. ഫണ്ടുകൾ വകയിരുത്തികൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ (അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ.

- മദ്യം, മയക്ക് മരുന്ന് തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെയുള്ള ജനകീയ കൂട്ടായ്മക്കും മറ്റും ബോധവൽക്കരണത്തിനും പരിപാടികൾ വിഭാവനം ചെയ്യേണ്ടതാണ്.

- എസ്.സി.എസ്.പി. പ്രോജക്റ്റുകളുടെ നിർവഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

പൊതുഅടിസ്ഥാനസൗകര്യ പൊതുസേവന പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ താഴെ പറയുന്നവ കൂടി തയ്യാറാക്കണം.

1. സാമൂഹ്യഭൂപടം- പ്രവർത്തി ചെയ്യുന്ന ഭാഗം കൃത്യമായി രേഖപ്പെടുത്തണം.
2. പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന ഗുണഭോക്തൃ കുടുംബങ്ങളിൽ പട്ടികജാതിക്കാരായിട്ടുള്ളവരുടെയും അല്ലാത്തവരുടെയും പട്ടിക (വിലാസം, ജാതി, വീട്ടുനമ്പർ സഹിതം)
3. ഗുണഭോക്താക്കളിൽ 50 ശതമാനത്തിലധികം പട്ടികജാതിക്കാരാണെന്നുള്ള പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

- ☐ ജലസേചന പ്രോജക്ടുകളിൽ അടിസ്ഥാനം കൃഷിഭൂമിയുടെ വിസ്തൃതിയാണ്. ഗുണഭോക്താക്കളുടെ എണ്ണമല്ല. ജലസേചനം നടത്തപ്പെടുന്ന ഭൂമിയുടെ പകുതിയിലധികം പട്ടികജാതിവിഭാഗക്കാരുടെതായിരിക്കണം.

- ☐ വൈദ്യുതി, കുടിവെള്ളം എന്നീ അടിസ്ഥാനസൗകര്യം പ്രോജക്റ്റുകളിൽ ഗുണഭോക്താക്കളായി കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളും മറ്റ് പൊതുസൗകര്യ പ്രോജക്ടുകളിൽ ഗുണഭോക്താക്കളായി കുറഞ്ഞത് 10 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉണ്ടായിരിക്കണം.

## 10.4 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നഗരഭരണസ്ഥാപനങ്ങൾക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (സ.ഉ(എം.എസ്) നം. 4/2016/തസ്വഭവ 10.1.2016)

- ഭൂരഹിത ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലം വാങ്ങി ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി കൈവശം നൽകുകയോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനം അവർക്കായി അതിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുകയോ ചെയ്യാവുന്ന

താണ്. സ്ഥലം വാങ്ങുമ്പോൾ ഗുണഭോക്താക്കളുടെ 5 പ്രതിനിധികളും എസ്.സി വാർഡ് കൗൺസിലറും അടങ്ങിയ സമിതിയുടെ അംഗീകാരം ഉണ്ടായിരിക്കണം.

- മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് കേരളത്തിൽ 25000 രൂപയും സംസ്ഥാനത്തിന് പുറത്ത് 50,000 രൂപയും നൽകാവുന്നതാണ്.
- പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗിന് 5,000/ രൂപ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.
- പുതിയ ജലസേചന കിണറിന് പരമാവധി 90% വരെ സബ്സിഡി ലഭിക്കുന്ന (ഇടനാട് 17500 രൂപ മലനാട് 20,000 രൂപ)
- കുടിവെള്ളം ഗാർഹിക കണക്ഷന് പരമാവധി 6000/ സബ്സിഡി നൽകാം. 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്ക് സ്ഥാപിക്കാൻ 75% വരെ (പരമാവധി 1500 നൽകാം)
- വീടിന് 2 സെന്റ് സ്ഥലം വാങ്ങാൻ മൂന്ന് ലക്ഷം വരെ സബ്സിഡി. - മേൽക്കൂരമാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ 25,000 രൂപ വരെ - വീട്, പുനരുദ്ധരിക്കാൻ 50,000 രൂപ വരെ സബ്സിഡി
- വ്യക്തികൾക്ക് സ്വയം തൊഴിലിന് ആസ്തികൾ വാങ്ങാൻ 25% സബ്സിഡി. പരമാവധി 50,000/ രൂപ സബ്സിഡി ഓട്ടോറിക്ഷ/പിക്ക അപ്പ് ഓട്ടോറിക്ഷ വാങ്ങുന്നതിന് 50,000 രൂപ സബ്സിഡി. ഗ്രൂപ്പുകൾക്ക് 50% പരമാവധി 2 ലക്ഷം രൂപ.
- സ്ത്രീകളുടെ ഗ്രൂപ്പിന് സ്വയം തൊഴിലിന് ആസ്തികൾ-കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ് , ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 20,000 രൂപ എന്ന തോതിൽ 35% പരമാവധി 3,00,000 രൂപ സബ്സിഡി നഗരപ്രദേശങ്ങളിൽ മാത്രം.
- ഉപജീവനത്തിന് ഇരുചക്രം വാങ്ങുന്നതിന് 33 1/3 ശതമാനം പരമാവധി 20,000 രൂപ സബ്സിഡി
- പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം: 5 പേരടങ്ങിയ ഗ്രൂപ്പിന് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് 25000 രൂപ ഒറ്റത്തവണ ധനസഹായം നൽകാവുന്നതാണ്.
- സ്വയംതൊഴിലിന് ടാക്സി കാർ/പിക്അപ് വാൻ വാങ്ങുന്നതിന് 33 1/3 സബ്സിഡി (പരമാവധി 2,00,000 രൂപ വരെ)
- കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിക്കുന്നതും ഓഹരി മൂലധനത്തിന്റെ 50% ത്തിൽ കൂടുതൽ നഷ്ടം ഇല്ലാത്തതുമായ സംഘങ്ങൾക്ക്, തൊഴിൽ നൽകുന്ന പ്രൊജക്ടുകൾക്കായി മൂലധന ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ധനസഹായം ലഭിക്കുന്നു.

മൃഗസംരക്ഷണം/ക്ഷീരവികസന മേഖലയിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

- കറവ പശു/എരുമയെ വാങ്ങാൻ 75% (പരമാവധി 20,000/) സബ്സിഡി
- പെണ്ണാട് വാങ്ങൽ 75% (പരമാവധി 15,000/) കുറഞ്ഞത് 3 എണ്ണം സബ്സിഡി
- ഗർഭിണി കിടാരി 75% (പരമാവധി 12,000/) സബ്സിഡി
- കിടാരി, കാളക്കുട്ടി, പോത്തുകുട്ടി, ആട്ടിൻകുട്ടി 75% (പരമാവധി 7500/) സബ്സിഡി

❖ പട്ടികജാതി യുവജനങ്ങൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിന് 50,000 രൂപ ധനസഹായം നൽകാം.

❖ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് (സ്റ്റീൽ/മരം) 4000 രൂപ നൽകാവുന്നതാണ്.

❖ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണ്.

❖ എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, ബിരുദ ബിരുദാന്തര വിദ്യാർത്ഥികൾക്കും പോളിടെക്നിക്ക് വിദ്യാർത്ഥികൾക്കും 25000/ രൂപയിൽ അധികരിക്കാത്ത ലാപ്ടോപ് കമ്പ്യൂട്ടറുകൾ വാങ്ങി നൽകാവുന്നതാണ്.

## 10.5 പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന ധനസഹായം

(എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് വാർഡ്സഭയിലെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നായിരിക്കണം. ജി.ഒ(എം.എസ്)2037/2016/തസ്വഭവ. തീയതി 30.6.2016)

### 10.5.1 വിദ്യാഭ്യാസ പരിപാടികൾ

| | | |
|---|---|---|
| എ | <u>പ്രീ പ്രൈമറി വിദ്യാഭ്യാസ പദ്ധതി</u> | |
| ക്ര.നം | **ക്ലാസ്സ്** | **ധനസഹായം** |
| 1 | നഴ്സറിസ്കൂൾ<br>(മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ വഴി) | പ്രതിദിനം 10/ ഫീഡിങ് ചാർജ്ജ്<br>300/ യൂണിഫോമിന്<br>150/ ലംപ്സം ഗ്രാന്റും |
| ബി | <u>പ്രീ മെട്രിക്ക് വിദ്യാഭ്യാസ പദ്ധതി</u> | |
| 2 | **ലംപ്സം ഗ്രാന്റ്** (**സ്കൂൾ അധ്യായനവർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ നൽകുന്നു)** | |
| | ▪ നഴ്സറിസ്കൂൾ<br>▪ 1 മുതൽ 4 വരെ<br>▪ 5 മുതൽ 7 വരെ<br>▪ 8 മുതൽ 10 വരെ<br>ഒരു വർഷം തോറ്റവർക്ക് പകുതി തുക ലഭിക്കുന്നു | 150/<br>250/<br>500/<br>750/<br>(ഒ.ഇ.സി ക്കും ബാധകം) |
| 3 | **സ്റ്റൈപെന്റ്** (*പ്രധാനാദ്ധ്യാപകന്റെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വേടൻ, വേട്ടുവനായാടി വിഭാഗം കുട്ടികൾക്ക്*) | |
| | • എൽ.പി | പ്രതിമാസം 100/ |
| | • യു.പി | പ്രതിമാസം 125/ |
| | • ഹൈസ്ക്കൂൾ | പ്രതിമാസം 150/ |
| 4 | • വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്ക് ജാതി/മതപരിഗണന കൂടാതെ എൽ.പി/യു.പി/ഹൈസ്കൂൾ വിഭാഗത്തിന് 100/ സ്റ്റൈപെന്റും അഡ്ഹോക്ക് ഗ്രാന്റ് ആയി ഡേ സ്കോളേഴ്സിന് 750/ യും ഹോസ്റ്റലേഴ്സിന് 1000/ രൂപയും നൽകി വരുന്നു<br>• ടി ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നോ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നോ /വൃത്തിഹീനതൊഴിലിൽ ഏർപ്പെടുന്നത് സംബന്ധിച്ച സർട്ടിഫിക്കറ്റ് സഹിതമുള്ള അപേക്ഷ സ്കൂൾ മേധാവി വഴി നൽകേണ്ടതാണ് | |
| 5 | **അംഗീകൃത അൺ എയ്ഡഡ് സ്ക്കൂളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ്, റീഇംബോഴ്സ്മെന്റ്** (*പത്താം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ് ചെയ്ത് വരുന്നു*) | |
| | എൽ.പി/യു.പി | 1000/, സ്പെഷ്യൽ ഫീസ് -333/ |
| | ഹൈസ്ക്കൂൾ | 1500/, സ്പെഷ്യൽ ഫീസ് -500/ |
| | • കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള ജാതി രേഖപ്പെടുത്തിയ ലിസ്റ്റ് തയ്യാറാക്കി ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒ മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി ഓഫീസിൽ നല്കേണ്ടതാണ് (ഒ.ഇ.സിക്കും ബാധകം) | |

| | | |
|---|---|---|
| 6 | **9,10 ക്ലാസ്സിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് - 2012-13 മുതൽ സ്പെഷ്യൽ സ്കോളർഷിപ്പ്** | |
| | സ്കോളർഷിപ്പ് (പ്രതിമാസം) | 150/ (day scholar) 350/ (Hostel) |
| | ബുക്ക് ഗ്രാന്റ് (വാർഷികം) | 1000/ (day scholar) 750/ (Hostel) |
| 7 | **ബോർഡിങ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം** | |
| | • രക്ഷിതാക്കളുടെ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെ<br>• നാലാം ക്ലാസ്സ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാപഞ്ചായത്ത് സെക്രട്ടറി/ മുനിസിപ്പൽ/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് മുമ്പാകെ അപേക്ഷ സമർപ്പിക്കണം. ഇതിലേക്കായി തദ്ദേശഭരണസ്ഥാപനം പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കണം. | |
| 8 | **അയ്യൻകാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ്** (*നാല്, ഏഴ് ക്ലാസ്സുകളിൽ ലഭിച്ച് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക്*) | |
| | 10 ക്ലാസ്സ് വരെ (രക്ഷിതാവിന്റെ വാർഷികവരുമാനം ഒരു ലക്ഷം രൂപ വരെ) | പ്രതിവർഷം 4500/ |
| | രക്ഷിതാവിന്റെ വാർഷിക വരുമാനം 12000/ രൂപയിൽ താഴെ | ഫർണീച്ചർ വാങ്ങുന്നതിന് 1500/ രൂപ അധികമായി ഒറ്റത്തവണ |
| | പോഷകാഹാരം ലഭ്യമാക്കൽ | പ്രതിമാസം 100/ രൂപ പ്രകാരം 10 മാസത്തേക്ക് 1000/ രൂപ നൽകുന്നു |
| | **<u>നിബന്ധനകൾ</u>**<br>• ജാതി-വരുമാന-ഗ്രേഡ് സർട്ടിഫിക്കറ്റുകൾ<br>• രക്ഷിതാവിന്റെ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെ എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസർ നല്കുന്ന വരുമാന സർട്ടിഫിക്കറ്റ്<br>• ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം | |
| 9 | **മോഡൽ റസിഡൻഷ്യൽസ്കൂൾ** | |
| | • അഞ്ചാം ക്ലാസ്സ് മുതൽ മെച്ചപ്പട്ട വിദ്യാഭ്യാസത്തിനായി ഒൻപത് മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ പ്രവർത്തിക്കുന്നു.<br>• നാലാം ക്ലാസ്സ് വിദ്യാർത്ഥികളെ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുന്ന മത്സരപ്പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നു.<br>• അറിയിപ്പ്- ജനുവരി-ഫെബ്രുവരി മാസങ്ങളിൽ<br>• വാർഷികവരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾ ജാതി, വരുമാനം, നിലവിൽ പഠിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അപേക്ഷ നല്കണം | |
| 10 | **പ്രീമെട്രിക്ക് ഹോസ്റ്റൽ പ്രവേശനം** (*ബ്ലോക്ക്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 87 പ്രീമെട്രിക്ക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.*) | |
| | പ്രവേശനം | അഞ്ചാം ക്ലാസ്സ് മുതൽ |
| | പ്രവേശനം നേടുന്നവർക്ക് | രണ്ട് സെറ്റ് യൂണിഫോം, ബാഗ്, ചെരുപ്പ് |
| | ഭക്ഷണം | പ്രതിമാസം 2000/ ചെലവഴിക്കുന്നു |
| | ബാഗ്, ചെരുപ്പ് | പ്രതിമാസം 100/ |
| | പോക്കറ്റ് മണി | പ്രതിമാസം 100/ |

| | | |
|---|---|---|
| 10 | • അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രപ്പടി നൽകുന്നു<br>• ജാതി-വരുമാന- വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റുകൾ<br>• ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പൽ /മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്കോ പട്ടികജാതി വികസന ഓഫീസർക്കോ അപേക്ഷ സമർപ്പിക്കണം. വാർഷികപരീക്ഷാ ഗ്രേഡിന്റേയും വാർഷികവരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പ്രവേശനം നല്കുന്നു. | |
| 11 | **സബ്സിഡൈസ്ഡ് ഹോസ്റ്റൽ പ്രവേശനം**<br>– സന്നദ്ധസംഘടനകൾ നടത്തുന്ന ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു | |
| | അന്തേവാസികൾക്ക് ബോർഡിംങ് ഗ്രാന്റ് | പ്രതിമാസം 500/ |
| | യൂണിഫോം അലവൻസ് | 500/ |
| 12 | **അയ്യൻകാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ്സ്കൂൾ**<br>കായിക മേഖലയിൽ മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നു | |
| | പരിശീലനം | 5 മുതൽ 12 ക്ലാസ്സ് വരെ |
| | തിരഞ്ഞെടുപ്പ് | മേഖലാതല സെലക്ഷൻ ട്രയൽ മുഖേന |
| | ഒരു ക്ലാസ്സിൽ | പരമാവധി 30 പേർ |
| | 12-ാം ക്ലാസ്സ് വരെ | സി.ബി.എസ്.ഇ സിലബസ്സ് പഠനം |
| | ഒരോ കുട്ടിക്കും മെസ്ചാർജ്ജ് | പ്രതിദിനം 130 രൂപ |
| **സി** | **പോസ്റ്റ് മെട്രിക്ക് വിദ്യാഭ്യാസം** | |
| 13 | **ലംപ്സം ഗ്രാന്റും സ്റ്റൈപന്റും** | |
| | പ്ലസ് വൺ മുതൽ പി.എച്ച്.ഡി | - പ്രതിമാസം 500/ സ്റ്റൈപന്റ്<br>- പ്രതിമാസം 600/ സ്റ്റൈപന്റ്<br>(8 കി.മീറ്ററിൽ അധികം യാത്രചെയ്യുന്നവർക്ക്) |
| | പ്ലസ് ടൂ | പ്രതിമാസം 900/ ലംപ്സം ഗ്രാന്റ് |
| | ഡിഗ്രി | പ്രതിമാസം 950/ ലംപ്സം ഗ്രാന്റ് |
| | പി.ജി | പ്രതിമാസം 1250/ ലംപ്സം ഗ്രാന്റ് |
| | പ്രൊഫഷണൽ | 350/ മുതൽ 2500/ രൂപ വരെ കോഴ്സിന്റെ സ്വഭാവമനുസരിച്ച് ലംപ്സം ഗ്രാന്റ് |
| | • വിദ്യാഭ്യാസ വർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം<br>**അല്ലെങ്കിൽ**<br>• ഒറിജിനൽ അപേക്ഷ, ജാതി-വരുമാന-എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ് (ഒ.ഇ.സിക്കും ബാധകം) | |
| 14 | **പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ-**<br>(പോസ്റ്റ് മെട്രിക്ക് കോഴ്സുകൾ പഠിക്കുന്നവർക്കായി 17 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു) | |
| | ഭക്ഷണം | പ്രതിമാസം 2300/ |
| | പോക്കറ്റ് മണി | പ്രതിമാസം 150/ |
| | ഓണം, ക്രിസ്തുമസ് അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രബത്ത നൽകുന്നു | |

<table>
<tr><td></td><td>അംഗീകൃത ഹോസ്റ്റൽ സൗകര്യമില്ലാത്തവർക്ക് ബോർഡിങ് ഗ്രാന്റ്</td><td colspan="2">1500/ (ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് )</td></tr>
<tr><td></td><td>അർഹത</td><td colspan="2">സർക്കാർ കോളേജ് ഹോസ്റ്റലുകൾ, അംഗീകൃത എയ്ഡഡ് ഹോസ്റ്റലുകൾ, സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയവർക്ക്</td></tr>
<tr><td rowspan="7">15</td><td colspan="3">പ്രത്യേക പ്രോത്സാഹന സമ്മാനം</td></tr>
<tr><td>കോഴ്സ്</td><td>ഫസ്റ്റ് ക്ലാസ്സ്</td><td>ഡിസ്റ്റിംഗ്ഷൻ</td></tr>
<tr><td>എസ്.എസ്.എൽ.സി</td><td>1500/</td><td>2500/</td></tr>
<tr><td>പ്ലസ് ടു, റ്റി.റ്റി.സി, ഡിപ്ലോമ</td><td>2500/</td><td>5000/</td></tr>
<tr><td>ഡിഗ്രി</td><td>3500/</td><td>7500/</td></tr>
<tr><td>പി.ജി , മറ്റ് പ്രൊഫഷണൽ കോഴ്സുകൾ</td><td>5000/</td><td>10,000/</td></tr>
<tr><td colspan="3">• അപേക്ഷകൾ, ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്</td></tr>
<tr><td rowspan="4">16</td><td colspan="3">റാങ്ക് ജേതാക്കൾക്ക് സ്വർണ മെഡൽ</td></tr>
<tr><td>മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ ആദ്യ റാങ്ക് നേടിയവർക്ക്</td><td colspan="2">ഒരു പവൻ സ്വർണ നാണയം</td></tr>
<tr><td>എസ്.എസ്.എൽ.സി, പ്ലസ് ടു<br>(എല്ലാ വിഷയങ്ങൾക്കും എ+ നേടിയവർക്ക്)</td><td colspan="2">അര പവൻ സ്വർണ നാണയം</td></tr>
<tr><td colspan="3">അർഹത<br>എൻട്രൻസ് കമ്മീഷണറിൽ നിന്നും പരീക്ഷ ഭവൻ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും നല്കുന്ന ലിസ്റ്റ് പ്രകാരം</td></tr>
<tr><td rowspan="3">17</td><td colspan="3">മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം</td></tr>
<tr><td>എസ്.എസ്.എൽ.സി മുതൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക്</td><td colspan="2">20,000/ രൂപ വരെ<br>2 വർഷ കോച്ചിംഗിന്</td></tr>
<tr><td colspan="3">അപേക്ഷ- രക്ഷിതാക്കളുടെ വാർഷികവരുമാന പരിധി നാലര ലക്ഷം രൂപയിൽ കവിയാത്ത കുട്ടികൾക്ക് ജാതി, വരുമാനം സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് നൽകാവുന്നതാണ്</td></tr>
<tr><td rowspan="3">18</td><td colspan="3">സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള ആനുകൂല്യം</td></tr>
<tr><td>മെറിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടിയവർക്ക്</td><td colspan="2">▪ സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം<br>▪ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്</td></tr>
<tr><td colspan="3">• അപേക്ഷ- അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈനായും ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്<br>• ഇ.ഗ്രാന്റായി സൈറ്റ് വഴി ബാങ്ക് അക്കൗണ്ട് മുഖേനയും ലഭിക്കുന്നു (ഒ.ഇ.സിക്കും ബാധകം)</td></tr>
</table>

| | | |
|---|---|---|
| 19 | **മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്** | |
| | എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച വർക്ക് | 5000/ |
| | മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് | 10,000/ |
| | • വാർഷികവരുമാന പരിധി ഒരു ലക്ഷം രൂപയിൽ കവിയാത്ത രക്ഷിതാക്കളുടെ കുട്ടികൾ അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ജില്ല പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് | |
| 20 | **ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം**<br>എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് രണ്ടാം വർഷത്തിൽ ബന്ധപ്പെട്ടസ്ഥാപനം വഴി ലാപ്ടൊപ്പ് വാങ്ങുന്നതിന് 25000/ രൂപ നല്കുന്നു. | |
| 21 | **സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം**<br>ഒന്നാം വർഷം എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5800/ രൂപ ധനസഹായമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം വഴി നല്കുന്നു. | |
| 22 | **ഈവനിങ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം**<br>ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ അടക്കമുള്ള അപേക്ഷ സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിച്ചാൽ കോഴ്സ് ഫീസ് ഇളവ് അനുവദിക്കുന്നതാണ്. (ഒ.ഇ.സിക്കും ബാധകം) | |
| 23 | **വിദൂരവിദ്യാഭ്യാസത്തിനുള്ള ധനസഹായം**<br>- യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നതാണ്. (ഒ.ഇ.സിക്കും ബാധകം) | |
| 24 | **സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്നവർക്കുള്ള ആനുകൂല്യം** | |
| | **<u>അർഹത</u>**<br>- സംസ്ഥാനത്തിന് പുറത്ത് കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് പഠിക്കുന്നവർക്കും അംഗീകൃത സ്ഥാപനങ്ങളിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെരിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടിയ പട്ടികജാതി വിദ്യാർത്ഥികൾ<br>- ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ അടക്കമുള്ള അപേക്ഷ സ്ഥാപനമേധാവി മുഖേന പട്ടിക ജാതി വികസന ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്. | |
| 25 | **ഭാരതത്തിന് പുറത്ത് പഠിക്കുന്നവർക്കുള്ള ധനസഹായം**<br>(ഓരോ അപേക്ഷയും വകുപ്പ് സെക്രട്ടറിതലത്തിൽ പരിഗണിച്ച് തീരുമാനിക്കുന്നു) | |
| | അപേക്ഷയുടെയും മെറിറ്റിന്റെയും അടിസ്ഥാനത്തിൽ | 15 ക്ഷം രൂപ |
| 26 | **പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം** | |
| | പാരലൽ കോളേജ് പഠനത്തിന് (റെഗുലർ കോളേജിൽ പഠിക്കുന്നവരുടെ നിരക്ക് ) | ലംപ്സം ഗ്രാന്റ്,<br>സ്റ്റൈപന്റ്,<br>ട്യൂഷൻ ഫീസ്,<br>പരീക്ഷാഫീസ് എന്നിവ ക്രമനം 12 പ്രകാരം ലഭിക്കുന്നു. |
| | ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർ വഴി നൽകാവുന്നതാണ് (ഒ.ഇ.സിക്കും ബാധകം) | |

<table>
<tr><td rowspan="4">27</td><td colspan="2">ഐ.ടി.ഐ/അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ</td></tr>
<tr><td>വിവിധ ട്രേഡുകളിലായി പരിശീലനം നൽകുന്നു</td><td>44 ഐ.ടി.ഐ</td></tr>
<tr><td>വിദ്യാർത്ഥികൾക്ക്</td><td>യൂണിഫോം,<br>ലംപ്സം ഗ്രാന്റ്,<br>സ്റ്റൈപന്റ് (500 രൂപ പ്രതിമാസം)</td></tr>
<tr><td colspan="2">വകുപ്പിന്റെ താത്കാലിക അംഗീകാരമുള്ള അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗം/മറ്റ് അർഹവിഭാഗം എന്നിവർക്കായി മാറ്റിവെച്ചിരിക്കുന്ന സീറ്റുകളിൽ പഠിക്കുന്നവർക്കും അർഹതയുണ്ട്.</td></tr>
<tr><td rowspan="6">28</td><td colspan="2">പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ</td></tr>
<tr><td>വിവിധ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന്</td><td>നാല് പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ</td></tr>
<tr><td>തിരഞ്ഞെടുക്കപ്പെടുന്നവർക്ക്</td><td>സ്റ്റൈപന്റ്</td></tr>
<tr><td>മെഡിക്കൽ/എഞ്ചിനീയറിംഗ്</td><td>പ്രവേശനപരീക്ഷ പരിശീലനം</td></tr>
<tr><td>ജോബ് ഓറിയന്റഡ് കോഴ്സ്</td><td>പരിശീലനം</td></tr>
<tr><td>കേന്ദ്രം</td><td>തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട്</td></tr>
<tr><td rowspan="8">29</td><td colspan="2">ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിങ് സെന്റർ (I-CESCSS)</td></tr>
<tr><td>സ്വയംഭരണസ്ഥാപനം</td><td>അഖിലേന്ത്യ സർവ്വീസുകളിലേക്ക് മത്സരപ്പരീക്ഷകൾക്ക് പ്രത്യേക പരിശീലനം<br>മികച്ച ലൈബ്രറി സംവിധാനം</td></tr>
<tr><td colspan="2">• സംസ്ഥാനതലത്തിലെ പ്രാഥമിക സെലക്ഷൻ പരീക്ഷ പാസ്സാകണം</td></tr>
<tr><td>പുസ്തക അലവൻസ്</td><td>3000/</td></tr>
<tr><td>ഭക്ഷണം</td><td>പ്രതിമാസം 1500/</td></tr>
<tr><td>പോക്കറ്റ് മണി</td><td>250/</td></tr>
<tr><td>താമസം</td><td>പട്ടികജാതി/ പട്ടികവർഗ്ഗത്തിന് സൗജന്യം</td></tr>
<tr><td>അപേക്ഷ</td><td>മാർച്ച് മാസം</td></tr>
<tr><td rowspan="2">30</td><td colspan="2">പാരാമെഡിക്കൽ സ്ഥാപനങ്ങൾ</td></tr>
<tr><td colspan="2">• തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളോട് ചേർന്ന് രണ്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>• കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനുള്ള സ്ഥാപനം<br>• പയ്യന്നൂരിൽ ഡി.എം.എൽ.റ്റി കോഴ്സിനുള്ള സ്ഥാപനം</td></tr>
<tr><td rowspan="3">31</td><td colspan="2">സെന്റർ ഫോർ എക്സലൻസ്</td></tr>
<tr><td colspan="2">• പട്ടികജാതി വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ടി വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും KIRTADS കാമ്പസിൽ CREST – Centre for Research and Education for Social Transformation എന്ന സ്ഥാപനം കോഴിക്കോട് പ്രവർത്തിക്കുന്നു.</td></tr>
<tr><td colspan="2"><u>ലക്ഷ്യം</u>- ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പ്രാപ്തരാക്കുക</td></tr>
</table>

| | | |
|---|---|---|
| 32 | **മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്** | |
| | • പട്ടികജാതി വിഭാഗത്തിൽ സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനായി പാലക്കാട് കണ്ണാടിയിൽ ആരംഭിച്ച സ്ഥാപനം<br>• പ്രവേശനം - 30 കുട്ടികൾക്ക് | |
| 33 | **ബുക്ക് ബാങ്ക് സ്കീം** | |
| | • പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന പട്ടികവിഭാഗം കുട്ടികൾക്ക് വിലയേറിയ റഫറൻസ് പുസ്തകം ലഭ്യമാക്കുന്നതിനുള്ള പദ്ധതി. പുസ്തകം വാങ്ങുന്നതിന് 7500 രൂപ വീതവും അലമാര വാങ്ങുന്നതിന് 4000/ രൂപ വീതവും സ്ഥാപനത്തിന് നല്കുന്നു | |
| **10.5.2 സാമ്പത്തിക വികസന പദ്ധതികൾ** | | |
| 34 | സ്വയം തൊഴിൽ പദ്ധതി | |
| | വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെയും ഗ്രൂപ്പുകൾക്ക 10 ലക്ഷം രൂപ വരെ വായ്പ തുകയുടെ 1/3 സബ്സിഡിയിൽ പരിമിതപ്പെടുത്തി വായ്പ ധനകാര്യസ്ഥാപനങ്ങൾ വഴി മാത്രം നൽകുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് പദ്ധതികൾക്കും ധസഹായം ലഭിക്കും | 18 നും 50 നും മദ്ധ്യേ പ്രായം<br>7-ാം ക്ലാസ്സ് വിദ്യാഭ്യാസം<br>വരുമാന പരിധിയില്ല<br>ജാതി, വിദ്യാഭ്യാസയോഗ്യത, പ്രോജക്റ്റ് റിപ്പോർട്ട്, ബ്ലോക്ക്, വ്യവസായവകുപ്പ്, പട്ടികജാതി-വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും സബ്സിഡി കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക് മുനിസിപ്പൽ, കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്ക് അപേക്ഷ നൽകണം |
| 35 | **വക്കീലന്മാർക്ക് ധനസഹായം** | |
| | വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് ആദ്യ മൂന്ന് വർഷകാലത്തേക്ക് ധന സഹായം.<br>അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് | അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം അപേക്ഷ നൽകണം<br>ജാതി, എൽ.എൽ.ബി, എൻറോൾമെന്റ് സർട്ടിഫിക്കറ്റുകൾ, സീനിയർ അഭിഭാഷകന്റെ സർട്ടിഫിക്കറ്റ് സഹിതം |
| 36 | സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിസ്ഷിപ്പ് | |
| | ഐ.ടി.ഐ, എഞ്ചിനീയറിംഗ് ഡിപ്ലോമ, ഡിഗ്രി പാസ്സായവർക്ക് രണ്ട് വർഷക്കാലത്തേക്ക് | യഥാക്രമം പ്രതിമാസം 2000/- , 2500/-, 3000/- ക്രമത്തിൽ സ്റ്റൈപ്പെന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ |
| **10.5.3** | **സാമൂഹ്യക്ഷേമ പദ്ധതികൾ** | |
| 37 | വിവാഹധനസഹായം | |
| | പട്ടികജാതി വിഭാഗകുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് രക്ഷിതാക്കൾക്ക് 50,000/- പ്രകാരം ധനസഹായം | വിവാഹം നിശ്ചയിച്ച ശേഷം അപേക്ഷ<br>വരുമാന പരിധി 50,000/-<br>ജാതി, വരുമാനം, പെൺകുട്ടിയുടെ പ്രായം, വിവാഹനിശ്ചയ/ക്ഷണപത്രിക സഹിതം അപേക്ഷ ബ്ലോക്ക് , മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് |

| | | |
|---|---|---|
| 38 | മിശ്രവിവാഹധനഹായം | |
| | ഒരാൾ പട്ടികജാതി വിഭാഗത്തിലും പങ്കാളി ഇതര സമുദായത്തിലും ഉൾപ്പെടുന്ന വിവാഹത്തെ തുടർന്നുണ്ടാകുന്ന സാമൂഹിക ഒറ്റപ്പെടലുകളെ നേരിടുന്നതിനുള്ള തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുമായി 50,000/- പ്രകാരം | വരുമാന പരിധി 40,000/-<br>വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും മുന്ന് വർഷത്തിന് മുമ്പായും അപേക്ഷിക്കുക<br>ഭാര്യഭർത്താക്കന്മാരുടെ ജാതി-സമൂദായ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹിതം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് |
| 39 | ഭുരരഹിത പുനരധിവാസ പദ്ധതി | |
| | ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 3,75,000/-, 4,50,000/-, 6,00,000/- വരെ ധനസഹായം | ഗ്രാമസഭ/വാർഡ്സഭാ ലിസ്റ്റിന് മുൻഗണന<br>പ്രായപരിധി 55 വയസ്സ്<br>വരുമാനപരിധി 50,000/-<br>മുമ്പ് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിരിക്കരുത് |
| 40 | ഭവന നിർമ്മാണ ധനസഹായം | |
| | ജനറൽ/പട്ടികജാതി വിഭാഗത്തിൽ 3 ലക്ഷം രൂപയും പട്ടികവർഗ്ഗവിഭാഗത്തിൽ 3.5 ലക്ഷം രൂപയും.<br>വരുമാന പരിധി- ജനറൽ-50,000 രൂപ, എസ്.സി- 1 ലക്ഷം, എസ്.ടി പരിധിയില്ല<br>നാല് ഗഡുക്കളായി വാർഡ്സഭ ലിസ്റ്റിലെ മുൻഗണനാ പ്രകാരം നൽകണം | ഗ്രാമപ്രദേശത്ത് കുറഞ്ഞത് 2 സെന്റും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് 1½ സെന്റും സ്വന്തമായുണ്ടാകണം.<br>ഒരിക്കൽ ഭവനനിർമ്മാണ ധനസഹായം ലഭിച്ചവർക്ക് 12 വർഷത്തിനകം അർഹതയുല്ല. എന്നാൽ പണി പൂർത്തിയാകാത്ത വീടുകൾക്ക് ധനസഹായം ജി.ഒ. 497/2011 തീയതി 17.2.2011 പ്രകാരം നൽകാം. |
| 41 | ഭവനപുനരുദ്ധാരണം/ അഡീഷണൽ റൂം പദ്ധതി | |
| | അഞ്ച് വർഷത്തിനും 25 വർഷത്തിനും ഇടയിൽ മേൽ പഴക്കമുള്ള വീടുകൾക്ക് പുനരുദ്ധാരണത്തിന്/ പുതുതായി ഒരു മുറി നിർമ്മിക്കുന്നതിനും 50,000/ രൂപ 2 ഗഡുക്കളായി നല്കുന്ന | ഇ-ഹൗസിംഗ് സൈറ്റ് വഴി ബാങ്ക് അക്കൗണ്ട് മുഖേന നല്കുന്നു<br>വരുമാന പരിധി 50,000/-<br>ജാതി, വരുമാനം, പ്ലാൻ എസ്റ്റിമേറ്റ് വീടിന്റെ കാലപഴക്കം, ഉടമസ്ഥാ സർട്ടിഫിക്കറ്റുകൾ സഹിതം ബ്ലോക്ക്, മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് |
| 42 | ടൊയ്ലറ്റ് നിർമ്മാണം സെപ്റ്റിക്ക് ടാങ്കോടുകൂടിയ ടൊയ്ലറ്റ് നിർമ്മിക്കുന്നതിന് | |
| | 25,000/ രൂപ വീതം ധനസഹായം നൽകുന്നു.<br>വരുമാന പരിധി 50,000/- | ബ്ലോക്ക്, മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം |
| 43 | ദുരിതാശ്വാസനിധി/ചികിത്സാധനസഹായം | |
| | രോഗങ്ങൾ ബാധിച്ചവർക്ക് /അത്യാഹിതങ്ങളിൽപ്പെട്ടവർക്ക് 50,000/- രൂപ വരെ<br>ഹൃദയശസ്ത്രക്രി.യ, കാൻസർ, കിഡ്നിരോഗം മുതലായ ഗുരുതരമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ | വരുമാനപരിധി 50,000/- രൂപ<br>ജാതി, വരുമാനം, ചികിത്സാ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം |

| | | |
|---|---|---|
| | വിദേശ തൊഴിലിന് ധനസഹായം | |
| 44 | അഭ്യസ്തരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും നേടിയവരുമായ യുവാക്കൾക്ക് വിദേശതൊഴിൽ തേടുന്നതിന് 50,000/- രൂപ വരെ<br>യാത്രാചെലവിനായി 30000/- രൂപയും<br>തൊഴിലിൽ പ്രവേശിച്ച ശേഷം 20000/- രൂപ | വരുമാന പരിധി 2,50,000/-<br>പ്രായപരിധി 20-45<br>പാസ്പോർട്ട്, വിസ, എംപ്ലോയ്മെന്റ് കോൺട്രാക്റ്റ് എന്നിവ ഹാജരാക്കണം |

## 10.6 നിയമ പരിരക്ഷകൾ

### 10.6.1 പൗരാവകാശ സംരക്ഷണ നിയമം– 1955

**പ്രധാന വ്യവസ്ഥകൾ**

- അയിത്തോച്ചാടനം ലക്ഷ്യം വച്ചിട്ടുള്ള നിയമം
- കുറ്റകൃത്യങ്ങൾ– അയിത്തത്തിന്റെ പേരിൽ വ്യക്തികളെ താഴെ പറയുന്ന കാര്യങ്ങളിൽ നിന്ന് തടയുന്നത് ശിക്ഷാർഹമാണ്.

➢ പൊതുആരാധനാലയങ്ങളിൽ പ്രവേശിക്കുന്നത് തടയുക മുതലായ ജാതീയമായ വേർതിരിവുകൾ നടത്തുന്നത്

➢ ഹോട്ടലുകൾ, പാർക്കുകൾ പോലുള്ള പൊതുസ്ഥലങ്ങളിൽ പ്രവേശിക്കുന്നത് തടയുക മുതലായ സാമൂഹ്യമായ വേർതിരിവുകൾ നടത്തുന്നത് (വകുപ്പ് 4)

➢ ആശുപത്രി, വിദ്യാലയം പോലുള്ള പൊതു ഇടങ്ങളിൽ പ്രവേശനം നിഷേധിക്കുന്നത് (വകുപ്പ് 5)

➢ സാധനങ്ങൾ വിൽക്കുന്നതോ, സേവനം നൽകുന്നതോ നിഷേധിക്കുന്നത് (വകുപ്പ് 6)

➢ അയിത്തം പ്രോത്സാഹിപ്പിക്കുന്നതും, പട്ടികജാതിയിൽപ്പെട്ടവരെ അപമാനിക്കുന്നതും മറ്റും (വകുപ്പ് 7)

(ഒരു മാസം മുതൽ 6 മാസം വരെ തടവും 100 രൂപ മുതൽ 500 രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റങ്ങളാണ്)

➢ ഭരണഘടനയുടെ 17–ാം വകുപ്പ് ഉറപ്പ് നൽകുന്ന അയിത്തത്തിനെതിരായുള്ള അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട ഒരു വ്യക്തി ചെയ്ത പ്രവൃത്തിയിൽ രോഷം പൂണ്ട് മറ്റൊരാൾ അയാൾക്കെതിരെയോ അയാളുടെ സ്വത്തിനെതിരെയോ ഒരു കുറ്റം ചെയ്താൽ അത് 2 വർഷം വരെ തടവും ശിക്ഷയും കിട്ടാവുന്ന കുറ്റമാണ് (വകുപ്പ് 7 (I A))

➢ നിർബന്ധിതമായി ജോലി ചെയ്യിക്കുന്നതും അയിത്തമായി ചില സാഹചര്യങ്ങളിൽ കണക്കാക്കുന്നതും അത് 3 മാസം മുതൽ 6 മാസം വരെ തടവും നൂറ് രൂപ മുതൽ 500 രൂപ വരെ പിഴയും കിട്ടാവുന്ന കുറ്റമാണ് (വകുപ്പ് 7 A)

### 10.6.2 അതിക്രമങ്ങൾ തടയൽ

**ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് ( പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ) ആക്റ്റ് 1989**

**അട്രോസിറ്റീസ് ആക്ട് 2015**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനു പഴയ നിയമങ്ങൾ മതിയാകാതെ വന്നതുകൊണ്ടാണ് 1989 ൽ ടി വിഭാഗങ്ങളുടെ സംരക്ഷണത്തിനായി ഈ നിയമം പ്രാബല്യത്തിൽ വന്നത്.

ഈ നിയമപ്രകാരം പട്ടിജാതി പട്ടികവർഗ്ഗക്കാർക്കെതിരെ ഈ വിഭാഗത്തിൽപ്പെടാത്ത ഏതെങ്കിലും വ്യക്തി സാമൂഹികമായോ, വ്യക്തിപരമായോ, വസ്തുവഹകൾ സംബന്ധമായോ ദുരുദ്ദേശത്തോടുകൂടിയ നിയമ നടപടികൾ മുഖേനയോ, രാഷ്ട്രീയമായോ സാമ്പത്തികചൂഷണം മുഖേനയോ ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾ നടത്തുകയാണെങ്കിൽ ആയത് ശിക്ഷാർഹമായ കുറ്റമാണ്.

**2015 ൽ ഈ നിയമം ഭേദഗതി ചെയ്തു കൊണ്ട് കൂടുതൽ കുറ്റകൃത്യങ്ങൾ ഉൾപ്പെടുത്തുകയും IPC പ്രകാരമുള്ള വകുപ്പുകൾ പട്ടികപ്പെടുത്തുകയും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്കുള്ള ആശ്വാസ നിയമ നടപടികൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.**

**ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പതിനൊന്നാം അദ്ധ്യായത്തിൽ 11.10 ൽ വിവരിച്ചിട്ടുണ്ട്.**

# അദ്ധ്യായം -11

## പട്ടികവർഗ്ഗ വികസനം

## 11.1 ആമുഖം

പട്ടികവർഗ്ഗക്കാർക്ക്, ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങളും നിയമങ്ങളും ഉറപ്പ് വരുത്തുന്നതിന് നാളിത് വരെ നമുക്ക് കഴിഞ്ഞിട്ടില്ല. അവരുടെ പ്രത്യേകതകൾക്ക് അനുസൃതമായ വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. പാരമ്പര്യത്തിൽ അധിഷ്ഠിതമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പുലർത്തുന്നവരാണ് പട്ടികവർഗ്ഗക്കാർ. വ്യത്യസ്ത സംസ്കാരവും ജീവിതരീതികളും സ്വായത്തമായ ഈ വിഭാഗക്കാർ പൊതുധാരയിൽ നിന്നും അകൽച്ചയിലാണ് ജീവിക്കുന്നത്.

## 11.2 ഭരണഘടനാപരമായ പരിരക്ഷകൾ

ഭരണഘടനയുടെ 342 ാം അനുഛേദം അനുസരിച്ച് കേരളത്തിൽ 37 പട്ടിക വിഭാഗങ്ങൾ ഉണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 1.45 % മാത്രമാണ്. ജനാധിപത്യ പ്രക്രിയയിൽ വിഭാഗങ്ങളുടെ എണ്ണത്തെ മാത്രം പരിഗണിച്ചിട്ടുള്ള വികസന പ്രവർത്തനം അനീതിക്കും അരക്ഷിതാവസ്ഥതയിലേക്കും നയിക്കപ്പെടും. ആയതുകൊണ്ട് ഭരണഘടന വിഭാവനം ചെയ്യുന്ന വിവിധങ്ങളായിട്ടുള്ള (സാമ്പത്തിക,,വിദ്യാഭ്യാസ, സാംസ്ക്കാരിക, രാഷ്ട്രീയ, സേവന ) പരിരക്ഷകൾ എല്ലാ വിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുവാൻ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് ബാധ്യതയുണ്ട്.

## 11.3 നഗരസഭകൾക്ക് പട്ടികവർഗ്ഗഫണ്ട് അനുവദിക്കുന്നത് താഴെ പറയുന്ന നിബന്ധകളോടെയാണ്.

- പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള വിഹിതം ജനസംഖ്യാനുപാതികമായി ബജറ്റിൽ പ്രത്യേകം വകയിരുത്തിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്.

- പട്ടികവർഗ്ഗ വികസന ഫണ്ട് കോളനികൾക്കുള്ളിലെ നടപ്പാതകൾക്കും കോളനികളിലേക്കുള്ള നടപ്പാത നിർമ്മിക്കുന്നതിനു ഉപയോഗിക്കാം.

- പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും കുറഞ്ഞത് 50 ശതമാനം തുക പരിചരണം, സേവന പാക്കേജിനായി മാറ്റിവയ്ക്കണം (ദരിദ്രരിൽ ദരിദ്രരായവർക്ക് ആശ്രയപദ്ധതിയുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷണം, ആരോഗ്യസുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക-മാനസിക വെല്ലുവിളികളിൽ നിന്ന് പരിഹാരം, സാമൂഹ്യമായ ഒറ്റപ്പെടലിൽ നിന്ന് പരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള ഒരു പരിപാടി)

- പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവഹണം, മേൽനോട്ടം, മോണിറ്ററിംഗ് മുതലായവ ഊരുകൂട്ടങ്ങളുടെ ചുമതലയാണ്.

## 11.4 പട്ടികവർഗ്ഗ ഉപപദ്ധതി

ഭാരതത്തിന്റെ ആദ്യത്തെ നാല് പഞ്ചവത്സര പദ്ധതി കാലയളവിൽ പട്ടികവർഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ ഫണ്ടും പദ്ധതികളും വേണ്ടത്ര പ്രയോജനപ്പെട്ടിട്ടില്ല. ഇതേ തുടർന്ന് അഞ്ചാം പഞ്ചവത്സര പദ്ധതി കാലയളവിൽ പുതിയൊരു ആശയം രൂപീകരിക്കുകയുണ്ടായി. ഇതിനെയാണ് പട്ടികവർഗ്ഗ ഉപപദ്ധതി എന്ന് നാമകരണം ചെയ്തിട്ടുള്ളത്. അതായത് രാജ്യത്തെ മൊത്തം വികസനത്തെ ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു പൊതുപദ്ധതിയോടൊപ്പം പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടി പ്രത്യേകമായി ആസൂത്രണം ചെയ്യപ്പെടുന്നതാണ് പട്ടികവർഗ്ഗ ഉപപദ്ധതി. വികസനവും സംരക്ഷണവും എന്ന ദ്വിമുഖതത്വമാണ് പട്ടികവർഗ പദ്ധതിയുടെ മുഖമുദ്ര.

### 11.4.1 സവിശേഷതകൾ

പട്ടികവർഗ വികസനത്തിലെ നാഴികകല്ലായി മാറിയ ഉപപദ്ധതിയുടെ പ്രധാന സവിശേഷതകൾ ഇപ്രകാരമാണ്.

1) പ്രത്യേക ശീർഷകത്തിൽ ജനസംഖ്യാനുപാതികമായ വികസന ഫണ്ടിന്റെ വകയിരുത്തൽ. പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിക്കാനോ, പാഴാക്കാനോ പാടില്ല.

2) വികസനത്തിന് ആവശ്യമായ വിഭവ സമാഹരണം വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാണ്. കേന്ദ്ര വിഹിതം, പ്രത്യേക കേന്ദ്ര സഹായം, ഭരണഘടനയുടെ അനുച്ഛേദം 275(1) പ്രകാരമുള്ള സഞ്ചിതനിധി, ധനകാര്യ കമ്മീഷന്റെ അവാർഡ്, സംസ്ഥാന വിഹിതം, എം.പി.ഫണ്ട്, എം.എൽ.എ ഫണ്ട്, മിഷനുകൾ തുടങ്ങിയവയിൽ നിന്നുള്ള ധനസഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

3) ദേശീയ-സംസ്ഥാനതലം തൊട്ട് നഗരസഭാതലം വരെയുള്ള പൊതു ആസൂത്രണ പ്രക്രിയയോടൊപ്പം തന്നെ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് വേണ്ട ആസുത്രണവും ഓരോ തലത്തിലും അനുയോജ്യമായ തരത്തിൽ പ്രത്യേകം തയ്യാറാക്കണം.

4) ആദിവാസികൾ വസിക്കുന്ന പ്രദേശങ്ങളുടെയും തൊട്ടടുത്തുള്ള പൊതുസമൂഹം താമസിക്കുന്ന പ്രദേശങ്ങളുടെയും ഇപ്പോൾ നിലനിൽക്കുന്ന വികസന വിടവുകൾ കുറച്ചുകൊണ്ടുവരണം. വികസനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയായിരിക്കണം ഊന്നൽ നൽകേണ്ടത്. തത്തുല്യമായി ജീവിത നിലവാരത്തിന്റെ ഗുണമേന്മയും വളർന്ന് വികസിക്കണം.

5) പട്ടികവർഗ്ഗക്കാർ വസിക്കുന്ന പ്രദേശങ്ങളുടെ സമഗ്രവും സംയോജിതമായ വികസനത്തിനാണ് രൂപം നൽകേണ്ടത്. ഓരോ പ്രദേശങ്ങളിലും നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന വിധത്തിൽ വ്യത്യസ്തവും അയവുള്ളതുമായിരിക്കണം പദ്ധതി ആസുത്രണ പ്രക്രിയ. ഉദാഹരണത്തിന് ഐ.ടി.ഡി.പി തലത്തിൽ ഓരോ സമുദായങ്ങളുടെയും പ്രത്യേകതകളായ സംസ്ക്കാരം, സാമ്പത്തിക പദവി, പാരമ്പര്യ സാങ്കേതിക വിദ്യ എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചെറുപദ്ധതികൾക്ക് രൂപം നൽകണം. അതിജീവനം, ക്ഷേമം, സമൂഹം, സ്വത്വം, സുരക്ഷ എന്നീ ഘടകങ്ങളുടെ പരിഗണന വികസനത്തിൽ പ്രതിഫലിപ്പിക്കുവാൻ ശ്രദ്ധിക്കണം.

6) വികസനത്തിൽ കൂടി സാമ്പത്തിക അടിത്തറ ഭദ്രമായി കെട്ടിപ്പെടുക്കുന്നതിന് വേണ്ടി ഉത്പാദനമേഖലക്ക് വലിയ പരിഗണന ലഭിക്കണം. ആദിവാസികളുടെ അതിജീവന മാർഗങ്ങൾ പലതാണ്. നിലവിലുള്ള കൈവശഭൂമിയുടെ പരിരക്ഷ, അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ, കൃഷി മെച്ചപ്പെടുത്താനുള്ള വികസന വ്യാപനം, കൃഷിക്ക് വേണ്ട ജനസേചന സൗകര്യം, കാർഷിക ഉല്പന്നങ്ങളുടെ കൈമാറ്റം, വിപണനം, ന്യായവില ലഭ്യമാക്കൽ, ചെറുകിട വനവിഭവ ശേഖരത്തിൽക്കൂടിയുള്ള വരുമാനം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ് മാത്രമാണ്. ഈ വരുമാന മാർഗങ്ങൾ ചുരുങ്ങിവരുന്ന പ്രവണത ബോധപൂർവ്വം തടയപ്പെടെണ്ടതാണ്.

7) വികസനത്തിന് വേണ്ട മൂലധന നിക്ഷേപത്തോടൊപ്പം സംരക്ഷണവും നൽകണം. ഈ മേഖലയിൽ ആദിവാസികളുടെ ഭൂമി, വനവിഭവങ്ങളുടെ വിപണനം തുടങ്ങി എല്ലാ മേഖലകളിലും ഇടനിലക്കാരുടെ ചൂഷണം കൂടുതലാണ്. ഉപഭോഗത്തിനും സാമൂഹ്യമായ ആവശ്യങ്ങൾക്കുമുള്ള മൂലധനത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ വേണ്ട ശക്തമായ ക്രെഡിറ്റ് വ്യവസ്ഥ നടപ്പിലാക്കേണ്ടതാണ്. അടിമപ്പണി, കടബാധ്യത, മദ്യാസക്തി എന്നിവയിൽ നിന്നും മോചിതരാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) അവകാശാധിഷ്ഠിത സമീപനത്തിൽ കൂടി ഉപപദ്ധതിക്ക് വേണ്ടി മാറ്റിവച്ചിരിക്കുന്ന തുക ചെലവഴിക്കുന്നതിനെപ്പറ്റിയുള്ള അഭിപ്രായം, മുൻഗണന എന്നിവക്കുള്ള അവസരം സൃഷ്ടിക്കപ്പെടണം. ജനാധിപത്യപ്രകാരമുള്ള എല്ലാ സംവിധാനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനം അനിവാര്യമാണ്. എല്ലാത്തിനും ഒരു അളവ് വരെയുള്ള സ്വയംഭരണ അവകാശം ആദിവാസി വികസനത്തിന്റെ ശോഭ വർദ്ധിപ്പിക്കുവാൻ ഏറെ സഹായകരമാകും എന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അങ്ങനെയാണെങ്കിലെ ആശ്രിത മനോഭാവം മാറ്റിയെടുത്ത് സ്വയം വികസിക്കുവാനും സ്വാഭിമാനം കാത്തു സൂക്ഷിക്കുവാനും മാനസികമായ ചക്രവാളങ്ങൾ വിപുലപ്പെടുത്തുവാനുള്ള സാഹചര്യം വന്നു ചേരുകയുള്ളൂ.

9) വികസനം പുരോഗമിക്കുമ്പോൾ അവ സ്ഥാപനവൽക്കരിക്കപ്പെടണം. പങ്കാളിത്തം, ആസൂത്രണം, നടപ്പിലാക്കൽ, വിലയിരുത്തൽ എന്നീ മേഖലകളിൽ ദൃഢമായ ചുവട് ഉറപ്പിക്കുവാൻ സാധിക്കണം. ഈ പ്രക്രിയയിൽകൂടി വികസനം ഉൾച്ചേർക്കുകയും ഒപ്പം തന്നെ പ്രത്യേകതകൾ, നന്മകൾ എന്നിവ നിലനിർത്തി മറ്റ് ഏത് വ്യക്തിയെപ്പോലെ മുന്നേറാനുള്ള ഊർജ്ജം ലഭ്യമാക്കേണ്ടതാണ്.

10) ഉപപദ്ധതി സ്ഥിരമായി വിലയിരുത്തപ്പെടുകയും , ഗവേഷണം, അപഗ്രഥനം എന്നിവ കൃത്യമായി നടത്താൻ വേണ്ട സംവിധാനം ഒരുക്കുകയും ചെയ്യേണ്ടതാണ്. വീഴ്ചകൾ തിരുത്തപ്പെടാനുള്ള ഭരണപരമായ യുക്തിയും കഴിവും പ്രകടിപ്പിക്കണം. എങ്കിൽ മാത്രമേ ഇത്തരത്തിൽ ഉപപദ്ധതിയുടെ ഹ്രസ്വ-ദീർഘകാല മേന്മ വർദ്ധിപ്പിക്കുവാനും വികസനം എന്ന പദത്തിന്റെ അർത്ഥതലങ്ങൾ ആദിവാസി സമൂഹങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വ് നൽകി അനുഭവവേദ്യമാക്കി മാറ്റാനും സാധിക്കുകയുള്ളൂ.

മുകളിൽ സൂചിപ്പിച്ച പട്ടികവർഗ ഉപപദ്ധതിയുടെ ആശയങ്ങൾ പൂർണ്ണമായും സ്വാംശീകരിച്ചിട്ടു വേണം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടത്. മാർഗരേഖയിൽ (സ.ഉ (എം.എസ്)നമ്പർ 4/2016/തസ്വഭവ /11.1.2016) പേജ് 61 & 62 ലെ വിശദാംശങ്ങൾ കൂടി കാണുക

### 11.4.2 നിലവിലെ അവസ്ഥാവിശകലനവും വികസന തന്ത്രവും

പട്ടികവർഗ ഉപപദ്ധതിക്ക് വേണ്ടിയിട്ടുള്ള തീരുമാനങ്ങളും മുൻഗണനകളും പ്രധാനമായും ഊരുകൂട്ടങ്ങളിൽ നിന്നാണ് ഉയർന്ന് വരേണ്ടത്. ഊരുകൂട്ടങ്ങളുടെ നടത്തിപ്പ് ശരിയായ രൂപത്തിൽ നടത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഊരുകൂട്ടം മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങളാണ് നഗരഭരണസ്ഥാപനങ്ങൾ ജില്ല വികസന വകുപ്പുകൾ മറ്റ് വികസന ഏജൻസികൾ അവരവരുടെ പരിധിയിലുള്ള ഉപപദ്ധതികൾക്ക് അന്തിമരൂപം നല്കുവാൻ പ്രയോജനപ്പെടുത്തേണ്ടത് ചുരുക്കത്തിൽ ഒരു പരിധിവരെ ഊരുകൂട്ടങ്ങളുടെ സ്വയംഭരണാവകാശങ്ങളെ ഹനിക്കാത്ത വികസനതന്ത്രമാണ് വിഭാവനം ചെയ്യേണ്ടത്.

### 11.4.3 ഉപപദ്ധതി രൂപീകരണം, നടപടിക്രമങ്ങൾ

1. വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം
   - എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥരെയും പട്ടികവർഗ്ഗ മെമ്പർമാരെയും അംഗങ്ങളാക്കണം
   - പട്ടികവർഗ്ഗവികസനവകുപ്പിലെ പട്ടികവർഗ്ഗ വികസന ഓഫീസർ ആയിരിക്കണം കൺവീനർ. (അദ്ദേഹത്തിന ്റെ അഭാവത്തിൽ SCDO കൺവീനറാകണം)
2. പശ്ചാത്തലം ഒരുക്കൽ
   - ഊരുകൂട്ടങ്ങളിലും കുടുംബശ്രീ പട്ടികവർഗ്ഗ അയൽകൂട്ടങ്ങളിലും ആസൂത്രണ നടപടിക്രമങ്ങൾ വിശദീകരിക്കൽ, പദ്ധതിയാലോചന, വികസനപ്രോജക്ടുകൾ നിർദ്ദേശിക്കാൻ ആവശ്യപ്പെടൽ.
3. വികസന അവസ്ഥയുടെ അപഗ്രഥനം
   - ഊരുകൂട്ട അടിസ്ഥാനത്തിൽ അവസ്ഥാവിശകലന റിപ്പോർട്ട് ട്രൈബൽ പ്രമോട്ടർ തയ്യാറാക്കി ഊരുകൂട്ടങ്ങളിലും കുടുംബശ്രീ പട്ടികവർഗ്ഗ അയൽകൂട്ടങ്ങളിലും ചർച്ച ചെയ്യണം
4. ഊരുകൂട്ട യോഗം (മാർഗ്ഗരേഖ-ഭാഗം- 11 (2) (11)
   - പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് മുൻഗണന നിശ്ചയിക്കണം
   - ഊരിലെ വോട്ടവകാശമുള്ള 50 ശതമാനമാണ് ക്വാറം.
   - മുൻഗണനാ നിർദ്ദേശങ്ങൾ എഴുതി തയ്യാറാക്കണം,
   - പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണസമിതിയിലേക്ക് ഒരു സ്ത്രീയേയും ഒരു പുരുഷനേയും തിരഞ്ഞെടുക്കണം. കൂടാതെ ഊരുമൂപ്പനേയും ഈ സമിതിയിലേക്ക് ക്ഷണിക്കേണ്ടതാണ്.

6. കരട് പദ്ധതി രൂപീകരണം (മാർഗ്ഗരേഖ-ഭാഗം- 11 (2) (11)

- കരട് പദ്ധതി രൂപീകരിക്കുന്നതിനായി നഗരസഭാതലത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണ സമിതിയുടെ യോഗം ചേരണം
- ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കു പുറമെ ഊരുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട രണ്ട് പ്രതിനിധികളും ഊരുമൂപ്പനും പങ്കെടുക്കണം
- 25 ൽ കൂടുതൽ ഊരുകളുള്ള നഗരസഭകളിൽ ആദ്യം ഉപനഗരസഭാതലത്തിൽ യോഗം നടത്തിയശേഷം ആ യോഗങ്ങളിൽ നിന്ന് 20 വീതം പേരെ പങ്കെടുപ്പിച്ചുകൊണ്ടാണ് നഗര സഭാതല പദ്ധതിരൂപീകരണയോഗം സംഘടിപ്പിക്കേണ്ടത്.

## 11.5 നഗരസഭയിൽ നിന്ന് നൽകേണ്ട വിദ്യാഭ്യാസ ധനസഹായങ്ങൾ

- സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ഓരോ ഊരിലും സർവേ നടത്തി സ്ക്കൂളിൽ ചേർന്നിട്ടില്ലാത്ത പട്ടികവർഗ്ഗ കുട്ടികളെ കണ്ടെത്തി അവരെ സ്ക്കൂളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.

- വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്ക്കൂളിൽ ചേർക്കാൻ ശ്രമങ്ങൾ നടത്തുന്നതിലൂടെ 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗ കുട്ടികളും അവരുടെ കുടുംബസ്ഥിതി പരിഗണിക്കതെ തന്നെ വിദ്യാഭ്യാസം തുടരന്നുവെന്ന് ഉറപ്പുവരുത്തണം.

- പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ പ്രീമെട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം ലഭിക്കാത്ത എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആവശ്യമായ പഠനോ പകരണങ്ങൾ, യൂണിഫോം മുതലായവ തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് വിതരണം ചെയ്യേണ്ടതാണ്. ഈ പാക്കേജ് പ്രകാരം നൽകാവുന്ന ധനസഹായത്തിന്റെ നിരക്ക് ചുവടെ നൽകുന്നു.

| | ഇനം | | വാർഷിക അലവൻസിന്റെ പരിധി (രൂപ) |
|---|---|---|---|
| (a) | സ്കൂൾ യൂണിഫോം വാങ്ങുന്നതിന് | | |
| | ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 800 |
| | അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 800 |
| | ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് | : | 1000 |
| (b) | നോട്ട് ബുക്ക്, സ്റ്റേഷനറി മുതലായവ വാങ്ങുന്നതിന് | | |
| | ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 300 |
| | അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 400 |
| | ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് | : | 500 |
| (c) | കുട, ചെരുപ്പ്/ഷൂസ്,സ്കൂൾ ബാഗ്, പെൻസിൽ, പേന എന്നിവ വാങ്ങുന്നതിന് എല്ലാ സ്റ്റാൻഡേർഡുകളിലെയും വിദ്യാർത്ഥികൾക്ക് | : | 800 |

## 11.6 നഗരസഭക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ

1) പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യവികസനം, പശ്ചാത്തല സൗകര്യവി കസനം എന്നീ മൂന്ന് വിഭാഗങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്

2) കുടുംബകേന്ദ്രീകൃത സമീപനത്തിലൂന്നിയുള്ള സാമൂഹിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകണം

3) വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്റ്റുകൾ തയ്യാറാക്കു മ്പോൾ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും മുഴുവൻ ബി.പി.എൽ കുടുംബങ്ങളേയും ഉൾപ്പെ

ടുത്തിക്കൊണ്ട് ആശ്രയമാതൃകയിൽ ഒരു പരിപാടി തയ്യാറാക്കുകയും അതിൽ ഓരോ കുടുംബ ത്തിലേയും വ്യക്തിയുടെയും ആവശ്യങ്ങൾ പരിഗണിക്കപ്പെടുകയും വേണം.

4) കുറഞ്ഞത് അഞ്ച് പട്ടികവർഗ്ഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശത്ത് കുടിവെള്ളം, വൈദ്യുതി എന്നീ പൊതുസൗകര്യങ്ങൾക്കായി പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വക യിരുത്തേണ്ടതാണ്.

5) കൃഷിഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവ ദിക്കാവുന്നതാണ്.

6) ടി.എസ്.പി ഫണ്ടിൽ നിന്നും കുറഞ്ഞത് 10% തുക യുവജനവികസനപരിപാടികൾക്കായി (വിദ്യാ ഭ്യാസ സഹായം, വിദേശത്ത് തൊഴിൽ നേടൽ, സ്വയംതൊഴിൽ പരിപാടികൾ, തൊഴിൽ പരിശീല നം, കായിക വികസനം, തൊഴിൽ-വരുമാന വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ) വകയിരുത്താവു ന്നതാണ്.

7) മെറിട്ടോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് ലഭിച്ചാൽ അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവു കൾക്കായി ധനസഹായം നല്കാവുന്നതാണ്.

8) മെറിട്ടോറിയസ് വിദ്യാർതഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനും പ്രൊഫഷ ണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിനും ധനസഹായം നല്കാവുന്നതാണ്.

9) പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിന് ധനസഹായം നല്കാവുന്നതാ ണ്.

10) പട്ടികജാതി വിഭാഗക്കാർക്ക് ലഭ്യമാക്കാവുന്ന ധനസഹായങ്ങളുടെയും സബ്സിഡികളുടെയും ലിസ്റ്റ് (ക്രമ.10.4 ) പ്രകാരമുള്ള പട്ടികവർഗ്ഗവിഭാഗക്കാർക്കും ബാധകമാണ്.

## 11.7 പട്ടികവർഗ വകുപ്പിൽ നിന്നുള്ള വികസന പദ്ധതികൾ

### 11.7.1 വിദ്യാഭ്യാസ പദ്ധതി

| | | | |
|---|---|---|---|
| എ | **നഴ്സറി സ്ക്കൂളുകൾ** | | |
| | • 13 നഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നു<br>• ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും പട്ടിക വർഗ്ഗ വികസനവകുപ്പിൽ നിന്ന്<br>• കുട്ടികളുടെ ഉച്ചഭക്ഷണത്തിന് പ്രതിമാസം 30/- രൂപ പ്രകാരം | | |
| ബി | **പ്രീ മെട്രിക്ക് വിദ്യാഭ്യാസം** | | |
| * | **എസ്.എസ്.എൽ.സി വരെയുള്ള കുട്ടികൾക്ക് അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ നൽകുന്നു** | | |
| | **പദ്ധതി വിഹിതം** | **ലംപ്സം ഗ്രാന്റ്** | **പ്രതിമാസ സ്റ്റൈപെന്റ്** |
| | നഴ്സറിസ്കൂൾ | 150/ | |
| | 1 മുതൽ 4 വരെ | 250/ | 100/ |
| | 5 മുതൽ 7 വരെ | 500/ | 115/ |
| | 8 മുതൽ 10 വരെ | 750/ | 150/ |

| | | |
|---|---|---|
| | ഒരേ ക്ലാസ്സിൽ രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷിക ലംപ്സം ഗ്രാന്റിന്റെ 50% നൽകും | |
| സി | **പോസ്റ്റ് മെട്രിക്ക് പഠനം** | |
| * | പത്താം ക്ലാസ്സ് കഴിഞ്ഞ് വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടിവർഗ്ഗ വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപന്റും നൽകുന്നു. എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ആനുകൂല്യം ലഭിക്കുന്നു. | |
| | **കോഴ്സുകൾ** | **ലംപ്സം ഗ്ലാന്റ്** |
| | പ്ലസ് വൺ /വൊക്കേഷണൽ ഹയർ സെക്കൻഡറി | 900/ |
| | ഡിഗ്രി | 950/ |
| | പി.ജി | 1150/ |
| | എഞ്ചിനീയറിംഗ്, വെറ്റിനറി/ആഗ്രിക്കൾച്ചർ | 1800/ |
| | എം.ബി.ബി.എസ് | 2500/ |
| | പ്ലസ് വൺ മുതൽ പി.ജി വരെ | - പ്രതിമാസം 500/ സ്റ്റൈപന്റ്<br>- പ്രതിമാസം 600/ സ്റ്റൈപന്റ് (8 കി.മീറ്ററിൽ അധികം യാത്രചെയ്യുന്നവർക്ക്) |
| | ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് | യഥാർത്ഥ താമസ-ഭക്ഷണ ,ചെലവും പോക്കറ്റ് മണിയും നല്കുന്നു |
| | മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സ് | പോക്കറ്റ് മണി 150/ |
| | മറ്റ് കോഴ്സുകൾക്ക് | പോക്കറ്റ് മണി 150/ |
| | പ്രീമട്രിക്ക് ഹോസ്റ്റൽ അന്തേവാസികൾക്ക് | പോക്കറ്റ് മണി 100/ |
| * | **യൂണിഫോം വിതരണം** | |
| | • 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് | 500/ |
| | • 8 മുതൽ 11 വരെയുള്ള വിദ്യാർത്ഥികൾക്ക് | 800/ |
| * | **ബോർഡിംഗിനുള്ള ധനസഹായം**<br>- അന്തേവാസികളായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റായി 700/-രൂപ പ്രതിമാസം<br>- യൂണിഫോം അലവൻസ് 500/- രൂപ | |
| * | **പട്ടികവർഗ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് പ്രോത്സാഹനം** | |
| | - പ്രൈമറി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് രക്ഷിതാക്കൾക്ക് പ്രതിമാസം 50/ നിരക്കിൽ 10 മാസത്തേക്ക് 500/ രൂപ നൽകുന്നു.<br>- ഓരോ അധ്യയനവർഷവും ഫെബ്രുവരി വരെയുള്ള- 75% ഹാജർ കണക്കാക്കി | |
| * | **സ്കൂളിൽ പഠിക്കുന്നവർക്കും പരാജിതരായവർക്കും വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി** | |
| | - പ്ലസു ടു വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജുകളിൽ ട്യൂഷൻ ലഭ്യമാക്കുന്നതിലേക്ക് പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷിതാക്കൾക്ക് നേരിട്ട് നൽകുന്നു.<br>- പട്ടികവർഗ്ഗ ജില്ലാതല ഓഫീസർമാരുടെ മേൽനോട്ടത്തിൽ പരീക്ഷയ്ക്ക് മുമ്പായി ഒരു | |

| | | |
|---|---|---|
| | മാസത്തെ തീവ്രപരിശീലന ക്ലാസ്സുകൾ നടത്തുന്ന പരിപാടി ഇതിൽപ്പെടുന്നു | |
| * | **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**<br>– അക്കാഡമിക്ക് , കലാകായിക രംഗങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടിവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കുന്നതിനുള്ള പദ്ധതി | |
| | എസ്.എസ്.എൽ.സി, പ്ലസ് ടു | ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം<br>3000/, 4000/ രൂപ |
| | ബിരുദം, ബിരുദാന്തരബിരുദം | ഒന്നാം ക്ലാസ്സിൽ പാസാകുന്നവർക്ക് യഥാക്രമം<br>4500/, 6000/ രൂപ |
| | ബിരുദം കോഴ്സിൽ ഒന്നാം ക്ലാസ്സിൽ താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ അഞ്ച് കുട്ടികൾക്കും മറ്റ് ജില്ലകളിലെ രണ്ട് കുട്ടികൾക്ക് വീതവും യഥാക്രമം 3000/ രൂപ നിരക്കിലും പ്രോത്സാഹനം നല്കുന്നു. | |
| * | **അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പരിപാടി** | |
| | 5 മുതൽ 10 ക്ലാസ്സ് വരെ | • സ്കോളർഷിപ്പ്<br>• പുസ്തക പഠനസാമഗ്രികൾ<br>• യൂണിഫോം<br>• പ്രതിമാസ സ്റ്റൈപെന്റ്<br>• പ്രത്യേക ട്യൂഷൻ |
| | 5 ക്ലാസ്സ് | 5900/ |
| | 6 മുതൽ 10 വരെ | 4900/ |
| * | **പട്ടികവർഗ്ഗവികസനം അടിസ്ഥാനമാക്കി റിസർച്ച് ഫെല്ലോഷിപ്പ്**<br>– ഒരു വർഷം മൂന്ന് ഗവേഷകരെ പരിഗണിക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി | |
| | **ഭാരത ദർശനം/വിനോദയാത്രയും പഠനയാത്രയും**<br>– മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്രപ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്നു.<br>– പഠനത്തിൽ മികവ് പുലർത്തുന്ന പ്ലസ് ടു, ബിരുദാന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്ര, പഠനയാത്ര എന്നിവയ്ക്ക് സാമ്പത്തിക സഹായം | |
| * | **മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ** | |
| | • സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പബ്ളിക്ക്സ്കൂൾ മാതൃകയിൽ റസിഡൻഷ്യൽ സൗകര്യത്തോട് കൂടിയസ്കൂൾ.<br>• വകുപ്പിൻ കീഴിൽ 19 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ.<br>• പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ്സിലേക്ക് തിരഞ്ഞെടുപ്പ്.<br>• പ്രവേശനം ലഭിച്ച കുട്ടികൾക്ക് താമസം, ഭക്ഷണം, വിദ്യാഭ്യാസം എന്നിവ സൗജന്യം.<br>• രക്ഷിതാക്കളുടെ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>• അപേക്ഷ– ഡിസംബർ, ജനുവരി മാസം<br>• അപേക്ഷ നൽകേണ്ടത്– ഐ.ടി.ഡി പ്രോജക്ട് ഓഫീസർ/ ടി.ഡി ഓഫീസർമാർക്ക് | |

| | | |
|---|---|---|
| * | **പോസ്റ്റ് മട്രിക്ക് ഹോസ്റ്റലുകൾ** | |
| | • തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് താമസം ഭക്ഷണം എന്നിവ സൗജന്യം<br>• അപേക്ഷ നൽകേണ്ടത്- പഠിക്കുന്ന സ്ഥാപനത്തലവൻ മുഖേന ഐ.ടി.ഡി പ്രോജക്ട് ഓഫീസർ/ ടി.ഡി ഓഫീസർമാർക്ക് | |
| **11.7.2** | **ആരോഗ്യസുരക്ഷ** | |
| * | **അട്ടപ്പാടി ഇടുക്കി ആരോഗ്യപദ്ധതികൾ** | |
| | – ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ, അനീമിയ,അരിവാൾ രോഗം എന്നീ രോഗങ്ങൾ ചികിത്സിക്കുന്നതിന് (അട്ടപ്പാടി , ഇടുക്കി പ്രദേശം) | |
| * | **പട്ടികവർഗക്കാരുടെ ചികിത്സ** | |
| | അട്ടപ്പാടി – 2 ഒ.പി ക്ലിനിക്ക്<br>ഇടുക്കി – 1 ഒ.പി ക്ലിനിക്ക്<br>ചാലക്കുടി – 1 ഒ.പി ക്ലിനിക്ക് | |
| * | **പട്ടികവർഗ സമഗ്ര ആരോഗ്യ സുരക്ഷ**<br>– സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗക്കാരുടെ സൗജന്യ ചികിത്സ പദ്ധതി | |
| | സൗജന്യ ചികിത്സ ലഭ്യമായ സ്ഥാപനങ്ങൾ | • സർക്കാർ ആശുപത്രി<br>• സർക്കാർ മെഡിക്കൽ കോളേജ്<br>• പരിയാരം , കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ<br>• മലബാർ ക്യാൻസർ സെന്റർ<br>• തലശ്ശേരി റീജിയണൽ ക്യാൻസർ സെന്റർ<br>• ശ്രീ ചിത്ര മെഡിക്കൽ സെന്റർ |
| | ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാചെലവ് (ബി.പി. എൽ /എ.പി.എൽ അന്തരമില്ലാതെ) | 10,000 രൂപ വരെ |
| | പട്ടികവർഗക്കാരിൽ ബി.പി.എൽ വിഭാഗത്തിന് പരിമിതം | 10,000 രൂപയ്ക്ക് മുകളിൽ |
| | വ്യക്തിഗത കേസിന് (ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ശുപാർശ) | 10,000 രൂപ വരെ |
| | വ്യക്തിഗത കേസിന് ( ആശുപത്രി വികസന സമിതി യുടെ ശുപാർശ) | 50,000 രൂപ വരെ |
| | വ്യക്തിഗത കേസിന് ( പട്ടികവർഗ വികസന വകുപ്പ് ഡറക്ടറുടെ യുടെ ശുപാർശ) | 50,000 രൂപയ്ക്ക് മുകളിൽ |
| | – ആവശ്യമായ ഫണ്ട് ഡി.എം.ഒ വഴിയും മെഡിക്കൽ കോളേജുകൾക്ക് ആശുപത്രി സൂപ്രണ്ട വഴിയും വിതരണം നടത്തുന്നു | |
| * | **അരിവാൾ രോഗത്തിനുള്ള സഹായം** | |
| | – വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ട് വരുന്ന രോഗം<br>– അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 1000/- രൂപ വീതം നല്കി വരുന്നു. | |

| | | |
|---|---|---|
| * | **ജനനി- ജന്മരക്ഷ** | |
| | - അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പ് വരുത്താൻ ആവിഷ്ക്കരിച്ച പദ്ധതി<br>- ഗർഭിണിയായതിന് ശേഷം 3 മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നത് വരെയുള്ള 18 മാസക്കാലം 1000/- രൂപ വീതം മാസം നല്കുന്നു. | |
| * | **പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി**<br>- ബഹു വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിക്കുന്ന പദ്ധതി<br>- കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ | |
| | ക്യാൻസർ, വൃക്കരോഗം, ഹൃദയശസ്ത്രക്രിയ | 1,00,000 **രൂപ വരെ** |
| | മറ്റ് രോഗങ്ങൾക്ക് | 50,000 **രൂപ വരെ** |
| | കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകടമരണത്തിന് | 50,000 **രൂപ വരെ** |
| | അസുഖങ്ങളെ കൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് (ഡോക്ടറുടെ ശുപാർശ പ്രകാരം) | ഒരു ലക്ഷം **വരെ** |
| **11.7.3** | **സാമൂഹ്യ-സാമ്പത്തിക ഉന്നമന പരിപാടികൾ** | |
| * | **ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്** | |
| | അടിയൻ, പണിയൻ, പ്രത്യേക ദുർബല ഗോത്രവർഗഗക്കാർക്ക് ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികവികസനം എന്നിവയ്ക്ക് പ്രാധാന്യം നല്കുന്ന പദ്ധതി | |
| * | **വർഷക്കാലത്ത് ജോലിക്ക് ആഹാരം നല്കുന്ന പദ്ധതി** | |
| | - ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ പുറത്ത് പോയി ജോലികൾ ചെയ്യാൻ സാധിക്കാതെ വരുന്ന സന്ദർങ്ങളിൽ ജോലിയും ആഹാരവും നല്കുന്ന പദ്ധതി<br>- ഭക്ഷ്യഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തികളിലാണ് ഇവരെ നിയോഗിക്കുന്നത്<br>- വേതനം- പ്രതിദിനം 100/ രൂപ (40/ രൂപ വേതനവും 60/ രൂപ ഭക്ഷണത്തിനും) | |
| * | **പട്ടികവർഗ്ഗ പ്രൊമോട്ടർമാർ** | |
| | - നഗരസഭകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക<br>- പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോയായി പ്രവർത്തിക്കുക<br>- ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുക<br>- വിദ്യാഭ്യാസമുള്ള പട്ടിവർഗ്ഗ യുവതീയുവാക്കളെ നിയമിക്കുന്നു | |
| | ഓണറേറിയം- 9000/ രൂപ വീതം പ്രതിമാസം | |
| | മെഡിക്കൽ കോളേജ്/താലൂക്ക്/ജില്ലാ ആശുപത്രികളിൽ നിയോഗിച്ച് ഹെൽത്ത് പ്രൊമോട്ടർമാർക്ക് - 500/ രൂപ യാത്രാ ബത്ത | |
| * | **പട്ടികവർഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം**<br>**- വിവാഹധനസഹായം -** 10,000/ രൂപയിൽ നിന്ന് 50,000/ രൂപയായി വർദ്ധിപ്പിച്ചു<br>- അപേക്ഷ- വിവാഹ തീയതിക്ക് ഒരു മാസംമുമ്പ്<br>- അപേക്ഷിക്കേണ്ടത്- ബന്ധപ്പെട്ട ടി.ഇ.ഒ മാർക്ക്<br>- സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിന് ശേഷം അപേക്ഷിച്ചാൽ ആയത് ഡയറക്ടറുടെ വിവേചന അധികാരമുപയോഗിച്ച് മാത്രമെ ലഭിക്കൂ | |

| | |
|---|---|
| * | **കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)** |
| | - അശരണരും അനാഥരും ആയ പട്ടികവർഗ കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ആ പദ്ധതിയിലൂടെ നൽകുന്നു<br>- പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കാനും വിദ്യാഭ്യാസത്തിനും സഹായം നല്കുന്നു. പ്രതിമാസം 1000/ രൂപ, 18 വയസ്സ് വരെ |
| * | **പട്ടികവർഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം** |
| | യു.പി.എസ്.സി/പി.എസ്.സി, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ വിവിധ പൊതുമേഖല പരീക്ഷാ ബോർഡുകൾ നടത്തുന്ന മത്സരപരീക്ഷകളിൽ പങ്കെടുത്ത് വിജയം കൈവരിക്കുന്നതിന് ഉദ്യോഗർത്ഥികൾക്ക് കോച്ചിംഗ് ക്ലാസ്സ് നല്കുന്നതിനുള്ള കേന്ദ്രസഹായ പദ്ധതി.. |
| * | **അതിക്രമങ്ങൾ നേരിടേണ്ടി വരുന്നവർക്കുള്ള സഹായം** |
| | - അതിക്രമങ്ങൾ തടയുക<br>- അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക<br>- സൗജന്യ നിയമസഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം , വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടപ്പെടുന്നവർക്ക് പുന:സ്ഥാപിക്കുന്നതിനുള്ള ധനസഹായം, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, വിവിധ പുനരധിവാസ പരിപാടികൾക്കുള്ള ചെലവുകൾ എന്നിവ ലഭ്യമാക്കുന്നു. |
| * | **വനാവകാശ നിയമം 2006 അഥവാ ഫോറസ്റ്റ് റൈറ്റ്സ് ആക്ട്** |
| | - കേന്ദ്ര ഗസറ്റിൽ പരസ്യപ്പെടുത്തി - 2007 ജനുവരി 2 ന് നിലവിൽ വന്നു<br>- ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു - 2008 ഒക്ടൊബർ 1 ന്<br>- ഭേദഗതി - 2011 |
| | - വനവാസികളായ പട്ടികവർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനവിഭവ അവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനുമുള്ള നിയമം,<br>- 2005 ഡിസംബർ 13 നോ അതിന് മുമ്പോ കൈവശമുണ്ടായിരുന്ന ഭൂമിയാണ് ലഭിക്കുക<br>**<u>അവകാശങ്ങൾ</u>**<br>- സർക്കാർ പദ്ധതികൾക്കായി ഏറ്റെടുത്ത വനഭൂമിക്ക് പകരം ഭൂമിയോ ആ വനഭൂമിയോ തന്നെ പട്ടികവർഗക്കാരന് നൽകാനും വ്യവസ്ഥയുണ്ട്.<br>- വ്യക്തിഗത അവകാശങ്ങൾ<br>- സാമൂഹിക അവകാശങ്ങൾ<br>- വികസന അവകാശങ്ങൾ |

| | |
|---|---|
| **മിശ്രവിവാഹ ധനസഹായം** | |
| 50,000/- രൂപ ധനസഹായം വിവാഹത്തിന് ഒരു വർഷത്തിന് ശേഷവും മുന്ന് വർഷം പൂർത്തിയാക്കുന്നതിന് മുമ്പും അപേക്ഷിക്കണം | തുക നഗരസഭ വഴി നൽകണം<br>ജാതി, വരുമാനം, വിവാഹരജിസ്ട്രേഷൻ സഹവാസ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കണം |

| | |
|---|---|
| **ഭവനനിർമ്മാണം** | |
| അപേക്ഷ ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർക്ക് സമർപ്പിക്കണം | 3,50,000/- രൂപ നാല് ഗഡുക്കളായി നൽകുന്നു. സ്വന്തമായി വീടില്ലാത്തവരോ ഭവന നിർമ്മാണ ധനസഹായം ലഭിച്ച് 11 വർഷം പൂർത്തിയായവരോ ആയിരിക്കണം |
| **ഭവനപുനരുദ്ധാരണം** | |
| അപേക്ഷ ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർക്ക് സമർപ്പിക്കണം | 1 ലക്ഷം രൂപ 3 ഗഡുക്കളായി നൽകുന്നു. 6 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടുകൾ |
| **ആശിക്കും ഭൂമി** | |
| അപേക്ഷ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർക്ക് സമർപ്പിക്കണം | 25 സെന്റ് മുതൽ 1 ഏക്കർ വരെ വാങ്ങുന്നതിന് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക്<br>പരമാവധി 10,00,000/ രൂപ ധനസഹായം |

## 11.8 വനം വകുപ്പ് വഴി നൽകുന്ന ധനസഹായം

1 സെറ്റിൽമെന്റിൽ താമസിക്കുന്ന പട്ടിക വർഗക്കാർക്ക് ഭവനനിർമ്മാണത്തിന് ഒന്നര ഘന മീറ്റർ തടി ലഭിക്കുന്നതിന്- അപേക്ഷ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകേണ്ടതാണ്. അപേക്ഷാ ഫീസ് ഈടാക്കുന്നില്ല.

2 ഭവന നിർമ്മാണത്തിനു വേണ്ടി സൗജന്യമായി തടി ലഭിക്കുന്നതിന് ഈ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനു വേണ്ടി സൗജന്യമായി തടി ലഭിക്കുന്നതിന് അപേക്ഷ, ഭവന നിർമ്മാണം ഏത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അധികാര പരിധിയിലാണ് നടക്കുന്നത്, ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മുഖേന ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കണം.

3. തടിയേതര വനവിഭവശേഖരണത്തിന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള പാസ്

പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ അപേക്ഷ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നൽകണം. അപേക്ഷാഫീസ് ഈടാക്കുന്നില്ല. മറ്റ് ഫീസുകളൊന്നും ഒടുക്കേണ്ടതില്ല.

4. പട്ടികജാതി/പട്ടികവർഗ്ഗ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള മുള-ഈറ്റ ശേഖരണത്തിനുള്ള പാസ്സ്

പട്ടികജാതി/വർഗ്ഗ കരകൗശല തൊഴിലാളികൾ അപേക്ഷ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നൽകണം. ആദിവാസി വിഭാഗത്തിൽപെട്ടവർക്ക് സൗജന്യമായി നൽകിവരുന്നു.

5. വനാതിർത്തിക്കുള്ളിലെ അംഗീകൃത കടവുകളിൽ നിന്ന് മണൽ ശേഖരണം

അപേക്ഷ 5 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് സഹിതം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ നൽകണം. ഇതിലേക്കായി മണലിന്റെ വിലയും മറ്റ് നികുതികളും ബാധകമാകും. സ്വന്തം ഉപയോഗത്തിന് മാത്രമാണ് ഈ അനുവാദം നൽകുന്നത്. റെയിഞ്ച് ഓഫീസുകൾക്ക് കീഴിലുള്ള വനസംരക്ഷണ സമിതികൾ മുഖേനയാണ് മണൽ ശേഖരണം.

6. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം

അപേക്ഷകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നല്കുക. മറ്റ് ചെലവുകൾ ഒന്നും ഒടുക്കേണ്ടതില്ല. മരണപ്പെട്ടാൽ 5 ലക്ഷം രൂപയും പരിക്ക് സംഭവിച്ചാൽ അരലക്ഷം രൂപയും നൽകുന്നതാണ്.പാമ്പ് കടിയേറ്റ് മരണപ്പെട്ടവർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നു.

### 11.8.1 വന്യജീവി മൂലമുണ്ടാകുന്ന വിളനാശം

വന്യജീവി ആക്രമണം മൂലമുള്ള വിളനാശത്തിന് അപേക്ഷകൾ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നൽകുക. അപേക്ഷാ ഫീസ് ഇല്ല. പരിശോധനയ്ക്ക് ശേഷം നഷ്ടപരിഹാരം താമസംവിനാ നൽകുന്നു.

## 11.9 സംയോജന സാധ്യതകൾ

വിവിധ വികസന വകുപ്പുകൾ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുമായും പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്ക് ബന്ധമുണ്ട്. ആയത് കൊണ്ട് ഇതര സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വരുന്ന വിഷയങ്ങൾ കൂടി സംയോജിപ്പിച്ച് വികസന പ്രക്രിയ സമഗ്രമാക്കേണ്ടതാണ്. ഉദാഹരണത്തിന് വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾക്ക് നിർണ്ണായക പങ്കാണ് ഉപപദ്ധതിയുടെ മേന്മ വർദ്ധിപ്പിക്കാൻ ഉള്ളത്. കാർഷിക വികസനം, ചെറുകിട വനവിഭവങ്ങളുടെ സംസ്ക്കരണം തുടങ്ങിയവ സാമ്പത്തിക സുസ്ഥിരതയ്ക്ക് വേണ്ടി ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതാണ്. ചുരുക്കത്തിൽ ആസൂത്രണ പ്രക്രിയയിൽ ആവശ്യമായ ചർച്ചകൾ നടത്തി വേണം ഓരോ പദ്ധതികളെയും കുറ്റമറ്റതാക്കുവാൻ. ഇതിനകം തന്നെ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അനുകരണീയമായ മാതൃകകൾ സൃഷ്ടിച്ചെടുത്തിട്ടുണ്ട്. അവ നല്കുന്ന പാഠങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഇനിയും വികസിക്കേണ്ടവരുടെ പ്രവർത്തനങ്ങളാണ് അനിവാര്യമായി ഏറ്റെടുക്കേണ്ടത്. അവരെ ആശ്രിത മനോഭാവത്തിൽ നിന്നും മാറ്റിയെടുക്കാൻ വേണ്ടി സാമ്പത്തിക സ്വാതന്ത്ര്യവും സുരക്ഷയും ആണ് ഇനി നല്കേണ്ടത്. ഓരോ പദ്ധതിയും ദീർഘവീക്ഷണത്തോടുകൂടി ഗുണനിലവാരം ഉള്ളതാക്കി തീർക്കാൻ വേണ്ട ശ്രമങ്ങൾ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉയർന്ന് വരേണ്ടതാണ്.

## 11.10 നിയമപരിരക്ഷകൾ

### ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് ( പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ) ആക്റ്റ് 1989 അട്രോസിറ്റീസ് ആക്ട് 2015

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനു പഴയ നിയമങ്ങൾ മതിയാകാതെ വന്നതുകൊണ്ടാണ് 1989 ൽ ടി വിഭാഗങ്ങളുടെ സംരക്ഷണത്തിനായി ഈ നിയമം പ്രാബല്യത്തിൽ വന്നത്.

ഈ നിയമപ്രകാരം പട്ടിജാതി പട്ടികവർഗ്ഗക്കാർക്കെതിരെ ഈ വിഭാഗത്തിൽപ്പെടാത്ത ഏതെങ്കിലും വ്യക്തി സാമൂഹികമായോ, വ്യക്തിപരമായോ, വസ്തുവഹകൾ സംബന്ധമായോ ദുരുദ്ദേശത്തോടുകൂടിയ നിയമ നടപടികൾ മുഖേനയോ, രാഷ്ട്രീയമായോ സാമ്പത്തികചൂഷണം മുഖേനയോ ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾ നടത്തുകയാണെങ്കിൽ ആയത് ശിക്ഷാർഹമായ കുറ്റമാണ്. ഈ വിഭാഗത്തിൽപ്പെടാത്ത ഒരു ഉദ്യോഗസ്ഥൻ മനപ്പൂർവ്വമായി ഈ നിയമപ്രകാരം നല്കേണ്ട ഏതെങ്കിലും കടമകൾ നിർവ്വഹിക്കാതിരുന്നാൽ പോലും ഈ നിയമപ്രകാരം ആ ഉദ്യോഗസ്ഥനെ ആറ് മാസത്തിൽ കുറയാത്ത തടവിന് ശിക്ഷിക്കാവുന്നതാണ്.

**2015 ൽ ഈ നിയമം ഭേദഗതി ചെയ്തു കൊണ്ട് കൂടുതൽ കുറ്റകൃത്യങ്ങൾ ഉൾപ്പെടുത്തുകയും IPC പ്രകാരമുള്ള വകുപ്പുകൾ പട്ടികപ്പെടുത്തുകയും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്കുള്ള ആശ്വാസ നിയമ നടപടികൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.**

പൊതുവിഭാഗത്തിൽപെട്ട ഒരാൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഒരാൾക്കെതിരെ താഴെ പറയുന്ന പ്രവൃത്തികൾ ചെയ്യുന്നത് ശിക്ഷാർഹമാണ്.

- ഭക്ഷ്യയോഗ്യമല്ലാത്ത /നിന്ദ്യമായ വസ്തുകൾ വായിൽ ഇടീക്കുന്നത്, ഭക്ഷിപ്പിക്കുന്നത്
- വിസർജ്യം മുതലായവ പരിസരത്തും മറ്റും ഇടുന്നത്
- ചെരുപ്പ് മാലയിടീക്കുകയോ നഗ്നനാക്കി നടത്തിക്കുകയോ ചെയ്യുന്നത്

- കൃഷിയിടം അന്യാധീനപ്പെടുത്തുക, നശിപ്പിക്കുക മുതലായവ
- നിർബന്ധിത ജോലി ചെയ്യിപ്പിക്കുന്നതും ജോലി ചെയ്യാൻ അനുവദിക്കാത്തതും
- പട്ടികജാതി/വർഗ്ഗത്തിൽപ്പെട്ട സ്ത്രീയെ അപമാനിക്കുകയോ ലൈംഗിക ചുവയോടെ സംസാരിക്കുകയോ ആംഗ്യം കാണിക്കുകയോ സ്പർശിക്കുകയോ ചെയ്യുന്നത്
- ജലസ്രോതസ്സ് മലിനപ്പെടുത്തുന്നത്
- ഉപയോഗിച്ചിരുന്ന വഴി തടസ്സപ്പെടുത്തുന്നത്
- വീടൊ ഗ്രാമമോ വിട്ടുപോകാൻ നിർബന്ധിതരാക്കുന്നത്
- പൊതുജലസ്രോതസ്സോ, പൊതുസൗകര്യങ്ങളോ, പൊതു ആരാധനാലയമോ, ശ്മശാനമോ, ആശുപത്രിയോ, വിദ്യാഭ്യാസസ്ഥാപനങ്ങളോ മുതലായവ ഉപയോഗിക്കുന്നത് തടയുന്നത്
- മന്ത്രവാദം നടത്തുന്നു എന്നാരോപിച്ച് ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത്
- സാമൂഹികമോ സാമ്പത്തികമോ ആയി വിലക്കേർപ്പെടുത്തുന്നത് -6 മാസം മുതൽ 5 വർഷം വരെ ശിക്ഷ കിട്ടാവുന്ന കുറ്റങ്ങളാണ്
- പൊതുസേവകൻ തന്റെ ഉത്തരവാദിത്ത്വത്തിൽ നിന്ന് വ്യതിചലിക്കുന്നത്-6 മാസം മുതൽ ഒരു വർഷം വരെ ശിക്ഷ കിട്ടാവുന്ന കുറ്റങ്ങളാണ്

പൊതുസേവകന്റെ ഉത്തരവാദിത്വം നിയമത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

# അദ്ധ്യായം– 12

## ചേരിപരിഷ്ക്കരണം

ഒരു പ്രത്യേക പ്രദേശത്ത് അടിസ്ഥാനസൗകര്യങ്ങൾ ഒന്നും തന്നെയില്ലാതെ ഒരു പറ്റം ആൾക്കാർ വൃത്തിഹീനമായ അന്തരീക്ഷത്തിലും സാഹചര്യത്തിലും പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ട് ജീവിക്കുന്ന പ്രദേശങ്ങളെ ചേരിപ്രദേശം എന്ന് പറയാം. അതായത് അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വെളിച്ചം, യാത്രസൗകര്യം, പ്രാഥമിക സൗകര്യങ്ങൾ ആരോഗ്യകരമായ അന്തരീക്ഷം, വാസയോഗ്യമായ പാർപ്പിട സൗകര്യം, നല്ല ശുചിത്വമായ ചുറ്റുപ്പാട് എന്നിവ ലഭ്യമല്ലാത്ത ഒരു കൂട്ടം ആളുകൾ വൃത്തിഹീനമായ അന്തരീക്ഷത്തിൽ പരിമിതമായ സ്ഥലത്ത് കുടുംബമായോ ഒറ്റയ്ക്കോ താമസിക്കുന്ന പ്രദേശത്തെ ഒരു ചേരിപ്രദേശം എന്ന് പറയാം.

ചേരിനിർമ്മാർജ്ജനം എന്ന ആശയമാണ് മുൻകാലങ്ങളിൽ സർക്കാരിന് ഉണ്ടായിരുന്നത്. 1956 ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ലോണും ഗ്രാന്റും ഉൾപ്പെടുത്തി ഇത് നടപ്പാക്കി വന്നിരുന്നു. 14.69 മുതൽ ഈ പ്രവർത്തി സംസ്ഥാന സർക്കാരുകൾക്ക് കൈമാറി. ഇക്കാലത്ത് നഗരപ്രദേശങ്ങളിലുള്ള ചേരികളിൽ വസിക്കുന്നവർക്ക് സാമാന്യജീവിതനിലവാരം ഉറപ്പാക്കുന്നതിനും ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന പദ്ധതികളാണ് ആവിഷ്ക്കരിച്ച് വന്നിരുന്നത് നഗരാസൂത്രണവകുപ്പ് (Town Planning Department) മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി UBS (Urban Basic Services-1985), NRY (Nehru Rosgar Yojana-1989) UBSP (Urban Basic Service for Poor-1991), PMIUPEP (Prime Minister Integrated Urban Poverty Eradiction Project-1996), SJSRY (Swarna Jayanthi Shahari Rosgar Yojana-1997) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വന്നിരുന്നു.

സമഗ്രപഠനത്തിന്റെ അടിസ്ഥാനത്തിൽ നഗരാസൂത്രണ വകുപ്പ് 1995 ൽ കേരളത്തിലെ നഗരസഭകളിലെ അംഗീകൃത ചേരികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ നഗരസഭകൾ പരിശോധിച്ചാൽ മേൽ വിവരിച്ച രീതിയിൽ ഉളള ഒട്ടനവധി പ്രദേശങ്ങൾ കണ്ടെത്താനും, ചേരിപ്രദേശങ്ങളിൽ അധിവസിക്കുന്ന ഈ ജനവിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ ജീവിതസാഹചര്യം മെച്ചപ്പെടുത്താതെയുള്ള ഒരു വികസനം നഗരവികസനമല്ല. നിലവിലുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അവരുടെ വികസന ഫണ്ടിന്റെ കുറഞ്ഞത് 10% തുകയെങ്കിലും ചേരി വികസന പരിപാടികൾക്കായി നിർബന്ധമായും മാറ്റിവെയ്ക്കേണ്ടതുണ്ട്. ഇതിന് പുറമേ ധാരാളം കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികളും ഈ മേഖലയിൽ നടപ്പിലാക്കി വരുന്നു. നഗരവികസനത്തിനായി നടപ്പിലാക്കി വരുന്ന ചില കേന്ദ്ര -സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രധാനമന്ത്രി ആവാസ് യോജന (PMAY)**

എല്ലാവർക്കും ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. ഈ പദ്ധതിയിൽ വാസയോഗ്യമായ വീട് ഇല്ലാത്ത എല്ലാവരേയും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതാണ്. കേരളത്തിൽ മൂന്ന് ഘട്ടങ്ങളായി എല്ലാ നഗരപ്രദേശങ്ങളേയും ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ട് വന്നിട്ടുണ്ട്. ചേരിവികസനം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർഡബിൾ ഹൗസിംഗ് സ്കീം, വ്യക്തിഗത നിർമ്മാണം എന്നീ നാല് വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ച് കൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്

1) **ചേരിവികസനം** : 300 ആളുകൾ/ 60-70 കുടുംബങ്ങൾ താമസിക്കുന്ന ചേരിയിലുള്ളവർക്ക് സ്വകാര്യപങ്കാളിത്തത്തോട് കൂടി ഭൂമി വിഭവമായി പരിഗണിച്ചു കൊണ്ട് പ്രസ്തുത ചേരിയിൽ തന്നെ ഭവനങ്ങൾ നിർമ്മിച്ച് നല്കുന്ന ഘടകമാണ്.

2) **ക്രെഡിറ്റ് ലിങ്ക് സബ്സിഡി:** ഇതിലൂടെ സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്ന നിരക്കിലുള്ള വീട് ലഭ്യമാക്കുന്നു. താഴ്ന്ന വരുമാനമുള്ളവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വീട് നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ 6 1/2 % പലിശ നിരക്കിൽ 6 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

3) **അഫോർഡബിൾ ഹൗസിംഗ് സ്കീം:** പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ട സ്വന്തമായി സ്ഥലം ഇല്ലാത്ത ഗുണഭോക്താക്കൾക്ക് വീട് ലഭ്യമാക്കുകയാണ് ഈ പദ്ധതി ഘടകം. സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ ഭൂമി ലഭ്യമാക്കൽ, സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കൽ തുടങ്ങിയ ഇളവുകൾ നല്കുന്നു. 250 വീടുകൾ എങ്കിലുമുള്ള ഒരു ഭവന സമുച്ചയത്തിൽ 35% എങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിനായി നീക്കി വച്ചിട്ടുള്ള പദ്ധതികൾക്കാണ് ഇത്തരത്തിൽ സാമ്പത്തികസഹായം ലഭ്യമാക്കുക

4) **വ്യക്തിഗത നിർമ്മാണം:** സ്വന്തമായി സ്ഥലമുള്ള വാർഷികവരുമാനം 3 ലക്ഷം രൂപയിൽ താഴെ ഉള്ള കുടുംബങ്ങൾക്ക് കേന്ദ്രസർക്കാർ വിഹിതമായി 1.5 ലക്ഷം രൂപയും 1 ലക്ഷം സംസ്ഥാന സർക്കാർ/നഗരസഭാവിഹിതവും 50,000 രൂപ ഗുണഭോക്തൃവിഹിതമുൾപ്പടെ 3 ലക്ഷമാണ് നല്കുന്നത്. ഇത് കൂടാതെ ഭവനവിപുലീകരണത്തിന് കേന്ദ്രസർക്കാർ $1^{1/2}$ ലക്ഷം രൂപയും നല്കുന്നതാണ്.

# അദ്ധ്യായം- 13

## ദാരിദ്ര്യനിർമ്മാർജ്ജനം

### 13.1 ആമുഖം

വ്യക്തിയെയും സമൂഹത്തെയും പൊതുവായി ബാധിക്കുന്ന ദു:ഖകരമായ അവസ്ഥയാണ് ദാരിദ്ര്യം. സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി ദാരിദ്ര്യലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 284-ാം വകുപ്പ് പ്രകാരം ഒരോ നഗരസഭയും ബഡ്ജറ്റിൽ റവന്യു വരുമാനത്തിന്റെ 20% തുക ദാരിദ്ര്യലഘൂകരണ ഫണ്ടെന്ന പേരിൽ വകയിരുത്തേണ്ടതാണ്.

### 13.2 ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി (Anti Poverty Sub Plan)

ദാരിദ്ര്യം എന്നത് ഇല്ലായ്മകളുടെ കൂടിച്ചേരലാണ്. അതുകൊണ്ട് ദാരിദ്ര്യം ഇല്ലായ്മ ചെയ്യണമെങ്കിൽ ഓരോ കുടുംബത്തിന്റേയും ഇല്ലായ്മകൾ എന്തൊക്കെയാണെന്ന് കണ്ടെത്തണം. അതായത് പദ്ധതി ആസൂത്രണപ്രക്രിയ കുടുംബത്തിൽ നിന്ന് തുടങ്ങണം.

ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ, അവ നിറവേറ്റുന്നതിലെ അപര്യാപ്തത, ആയതിനുള്ള വിവിധ കാരണങ്ങൾ എന്നിവ അപഗ്രഥിക്കണം. അജ്ഞത, വിദ്യാഭ്യാസക്കുറവ്, രോഗാതുരത്വം, ശുചിത്വക്കുറവ്, വരുമാനക്കുറവ്, ദുശ്ശീലങ്ങൾ, ചൂഷണങ്ങൾക്ക് വിധേയമാകൽ, സമ്പാദ്യമില്ലായ്മ, ദുഷ്ചെലവുകൾ, അന്ധവിശ്വാസങ്ങൾ മുതലായവ ഇതിന് കാരണമാകാം. അവ ഓരോന്നും കണ്ടെത്തുകയും ദൂരീകരിക്കുകയും വേണം.

ഇതിനായി ബോധവൽക്കരണം, പൗരബോധം വളർത്തൽ, വിദ്യാഭ്യാസം നൽകൽ, രോഗ പ്രതിരോധം, ശുചിത്വസംവിധാനം പ്രയോജനപ്പെടുത്തൽ, ആരോഗ്യം നിലനിറുത്തുന്നതിനുള്ള പ്രവൃത്തികൾ, ദുശ്ശീലങ്ങൾ നിയന്ത്രിക്കുന്നതിനുള്ള കൗൺസിലിംഗ്, ചികിത്സ, ഡീഅഡിക്ഷൻ സെന്ററുകൾ, സമ്പാദ്യശീലം വളർത്തൽ മുതലായ പരിഹാരമാർഗ്ഗങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം.

ഈ പരിഹാരങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഇടപെടൽ എങ്ങനെ എന്ന് നിർണ്ണയിക്കണം. അഴിമതി, സ്വജനപക്ഷപാതം എന്നിവ ഒഴിവാക്കി യഥാർത്ഥത്തിൽ അർഹരായവരെ കണ്ടെത്തുക, അവരുടെ ആവശ്യങ്ങൾ യഥാവിധി കണ്ടെത്തുക, പരിഹാരങ്ങൾക്കായുള്ള വിവിധ സ്കീമുകൾ ഏറ്റെടുക്കുക, കേന്ദ്രസംസ്ഥാന സ്കീമുകളുമായി ഇതിനെ സംയോജിപ്പിക്കുക, ഏകോപിപ്പിക്കുക, സമയബന്ധിതമായി ഇവ നടപ്പിലാക്കുക, അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുക, എന്നിവ ഇതിനായി പ്രയോജനപ്പെടുത്തണം. ഒപ്പം ജനപങ്കാളിത്തത്തോടെയുള്ള നിർവ്വഹണവും പ്രാധാന്യമർഹിക്കുന്നു. വിശപ്പ് രഹിത മുനിസിപ്പാലിറ്റി എന്ന് സാക്ഷാത്ക്കരിക്കുന്നതിന് വേണ്ടിയുള്ള കേന്ദ്ര-സംസ്ഥാന തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളുടെ ഏകോപനവും സാദ്ധ്യമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് നേതൃത്വപരമായ പങ്ക് നിർവ്വഹിക്കുവാൻ കഴിയും.

ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കേണ്ട ചുമതല സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ദാരിദ്ര്യനിർമ്മാർജ്ജന വർക്കിംഗ് ഗ്രൂപ്പിനാണ്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ദാരിദ്ര്യലഘൂകരണ ഏജൻസിയാണ് കുടുംബശ്രീ. ഈ സംഘടനാസംവിധാനം ഉപയോഗിച്ച് താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണ പ്രക്രിയിലൂടെയാണ് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിക്ക് രൂപം നൽകേണ്ടത്.

**ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കൽ**

- വികസനാവസ്ഥ അപഗ്രഥനം ചെയ്യൽ
- അയൽക്കൂട്ട നിർദ്ദേശങ്ങൾ പരിഗണിക്കൽ
- മുനിസിപ്പൽ തലത്തിൽ സംയോജനം
- വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ ക്രോഡീകരണം
- സമന്വയ ശില്പശാല
- ഉപപദ്ധതി കരട് തയ്യാറാക്കൽ

**കുടുതൽ വിവരങ്ങൾക്ക് 2016-17 പദ്ധതിമാർഗ്ഗരേഖ അനുബന്ധം 14 കാണുക**

## 13.2.1 മൈക്രോഫിനാൻസ്

അയൽക്കൂട്ടങ്ങളിലൂടെ നടക്കുന്ന മിതവ്യയ ലഘു സമ്പാദ്യ-വായ്പ പരിപാടിയാണ് അംഗകുടുംബങ്ങളുടെ അടിസ്ഥാന സാമ്പത്തിക സ്രോതസ്സ്. ഈ സാമ്പത്തിക പ്രവർത്തനത്തിന്റെ വിജയകരമായ നടത്തിപ്പിന്റെ അടിസ്ഥാനത്തിലാണ് അയൽക്കൂട്ടങ്ങൾ ബാങ്ക് ലിങ്കേജ് നേടുന്നത്. ഇതിനായി യോഗ്യതയുള്ള അയൽക്കൂട്ടങ്ങളെ കണ്ടെത്തുന്നതിനുള്ള വിലയിരുത്തൽ പരിപാടിയാണ് ഗ്രേഡിങ്. ഗ്രേഡിങിൽ വിജയിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് അവരുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്ക് വായ്പ ലഭ്യമാക്കുന്നു. ഇങ്ങനെ ലിങ്കേജ് നേടുന്ന അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീയിൽ നിന്ന് മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കുന്നുണ്ട്. ബാങ്ക് ലിങ്കേജ് പ്രകാരം വായ്പ ലഭ്യമായ അയൽക്കൂട്ടങ്ങൾക്ക് ത്രിഫ്റ്റിന്റെ 10% അല്ലെങ്കിൽ 5,000 രൂപ ഏതാണോ കുറവ് ഈ തുക പ്രവർത്തന പ്രോത്സാഹനമായി നല്കുന്നു. കൂടാതെ മൂന്ന് ലക്ഷം രൂപ വരെയുള്ള ലിങ്കേജ് വായ്പയ്ക്ക് പലിശ സബ്സിഡിയും സർക്കാർ ലഭ്യമാക്കുന്നു.

**<u>ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്</u>**

പ്രതിസന്ധി നേരിടുന്ന സൂക്ഷ്മസംരംഭങ്ങൾക്ക് പലിശരഹിത ഹ്രസ്വകാല വായ്പ പ്രദാനം ചെയ്യുകയാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. സംരംഭങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭിക്കുന്ന ഫണ്ടാണ് ഇത്.

**<u>മാച്ചിംഗ് ഗ്രാന്റ്</u>**

പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞതും നബാർഡിന്റെ എസ്.എച്ച്.ജി ഗ്രേഡിംഗ് നടപടിക്രമങ്ങൾ മുഖേന ഗ്രേഡിംഗ് പാസായി ലിങ്കേജ് വായ്പ ലഭിച്ച അയൽക്കൂട്ടങ്ങൾക്ക് ലഭിക്കുന്നതാണ് മാച്ചിംഗ് ഗ്രാന്റ്.

## 13.2.2 കമ്മ്യൂണിറ്റി ഇൻവെസ്റ്റമെന്റ് ഫണ്ട്

ഗ്രാമപ്രദേശങ്ങളിലെ സി.ഡി.എസുകളിലെ അയൽക്കൂട്ടങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ കമ്മ്യൂണിറ്റി ഇൻവെസ്റ്റമെന്റ് ഫണ്ടായി പരമാവധി 50,000/- രൂപ വരെ വായ്പ ലഭിക്കുന്നു. അയൽക്കൂട്ടത്തിൽ 75% അംഗങ്ങൾ ബി.പി,എൽ ആയിരിക്കണം. വായ്പ തുക സി.ഡി.എസ്, എ.ഡി.എസ് മുഖേന അയൽക്കൂട്ടങ്ങൾക്ക് നൽകുന്നു. ഇത് നിയന്ത്രിക്കാൻ പ്രാപ്തരായ സി.ഡി.എസ്സുകൾക്ക് മാത്രമേ ഇപ്രകാരം CI fund ലഭിക്കുകയുള്ളൂ.

## 13.2.3. മൈക്രോ എന്റർപ്രൈസസ്

പ്രാദേശിക സാമ്പത്തിക വികസനം പ്രാധാനമായും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ നടത്തിപ്പിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ജീവനോപാധി വികസനത്തിനും ഉല്പാദന-സേവന തുറകളിലെ സംരംഭങ്ങൾ അനിവാര്യമാണ്. നിലവിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്തുകയും, പുതിയ സാധ്യതകൾ കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി പ്രാദേശിക മാനുഷിക വിഭവശേഷി ഉയർത്തുന്നതിനുള്ള പരിശീലനങ്ങൾ ആവശ്യമാണ്. ഈ പരിശീലനങ്ങൾ കുടുംബശ്രീ വഴി ലഭ്യമാക്കി വരുന്നു.

### 13.2.4 അർബൻ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം

നഗരപ്രദേശത്തെ ബി.പി.എൽ വിഭാഗത്തിലുള്ള കുടുംബങ്ങൾക്കുള്ള പദ്ധതി
- ഒരു ഗ്രൂപ്പിൽ മിനിമം 5 അംഗങ്ങൾ
- ഏറ്റെടുക്കാവുന്ന പദ്ധതി തുകയും ഉയർന്ന പരിധിയില്ല

2013 ന് ശേഷം ഈ പദ്ധതി കൂടി ചേർത്താണ് NULM പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്

**13.2.4 A** അർബൻ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് നെറ്റ്വർക്ക് (UCDN)

- കുടുംബശ്രീ സംഘടനാസംവിധാനത്തെ പുഷ്ടിപ്പെടുത്തുന്നതിന്
- ദാരിദ്രവിഭാഗങ്ങൾക്കുള്ള പദ്ധതികളുടെആസൂത്രണത്തിലും നടത്തിപ്പിലും ആവശ്യമായ സാമൂഹിക ഇടപെടൽ നടത്തുവാൻ ഉതകുന്നതരത്തിൽ സംഘടനാ സംവിധാനം പുഷ്ടിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം.
- സി.ഡി.എസ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന ചുമതല
- വിവിധ വകുപ്പുകളുടെ സംയോജനം നടപ്പിലാക്കുക

### 13.2.5 യുവശ്രീ

സുസ്ഥിര തൊഴിൽ കണ്ടെത്തുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനാണീ പദ്ധതി.

**ഗുണഭോക്താക്കൾ**

18-45 വയസ്സിനിടയിലുള്ള വിദ്യസമ്പന്നരായ യുവജനങ്ങൾ (കുടുംബശ്രീ കുടുംബത്തിൽപ്പെട്ടവരായിരിക്കണം) ഇതിന്റെ കീഴിൽ വ്യക്തിഗത സംരംഭവും /5 മുതൽ 10 പേർ വരെ അടങ്ങുന്ന ഗ്രൂപ്പ് സംരംഭവും ആരംഭിക്കുന്നു.

**ധനസഹായം**

വ്യക്തിഗതം- മൈക്രോ എന്റർപ്രൈസസ് സബ്സിഡി മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ യുവശ്രീ പദ്ധതിക്കും ബാധകമാണ്.

### 13.2.6 റിവോൾവിംഗ് ഫണ്ട്

ബാങ്ക് വായ്പ ലഭ്യമാക്കി സംരംഭം ആരംഭിച്ച് ആറ് മാസം പൂർത്തിയാക്കിയ തൊഴിൽ സംരംഭങ്ങൾക്ക് പ്രോജക്ട് തുകയുടെ 15% അല്ലെങ്കിൽ 35,000 രൂപ ഏതാണോ കുറവ് ആ തുക റിവോൾവിംഗ് ഫണ്ടായി നല്കുന്നു.

### 13.2.7 ഇന്നവേഷൻ ഫണ്ട്

പുതുമയുള്ള സൂക്ഷ്മസംരംഭങ്ങളിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു.

**ഗുണഭോക്താവ്** - പുതുമയുള്ള സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭകർ

**അപേക്ഷ സമർപ്പിക്കേണ്ടത്** - കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ മുഖാന്തിരം

ഈ പദ്ധതി പ്രകാരം ധനസഹായമായി പദ്ധതി തുകയുടെ 50% അല്ലെങ്കിൽ പരമാവധി 2.5 ലക്ഷം രൂപ സബ്സിഡിയായി ലഭിക്കും.

**നടപടിക്രമങ്ങൾ**

പ്രോജക്ട് തയ്യാറാക്കി നൽകുന്നതിന് ഓരോ നഗരസഭയിലും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ ഉണ്ട്. സംരംഭകർ അയൽകൂട്ടങ്ങളിൽ അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷ ഏ.ഡി.എസ് വഴി ജില്ലാ മിഷനിൽ എത്തുകയും കുടുംബശ്രീ എക്സി.ഡയറക്ടർ ചെയർപേഴ്സണായ കമ്മിറ്റി അർഹരായവരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

### 13.2.8 ടെക്നോളജി ഫണ്ട്

മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന സൂക്ഷ്മസംരംഭകരെ പ്രോത്സാഹിപ്പിക്കുക, കുടുംബശ്രീ വഴി ഇതിന്റെ നിർവ്വഹണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ സാങ്കേതിക വിദ്യയോ യന്ത്രസാമഗ്രിയോ ലഭ്യമാക്കുന്നതിനും മൊത്തം ചെലവിന്റെ 50% ടെക്നോളജി ഫണ്ടായി ലഭിക്കും (പരമാവധി രണ്ടര ലക്ഷം രൂപ)

**ഗുണഭോക്താവ്**
മെച്ചപ്പെട്ട സാങ്കതിക വിദ്യ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന അയൽക്കൂട്ട സംവിധാനത്തിലുള്ള ഗുണ ഭോക്താവ്.

**ധനസഹായം**
സാങ്കേതിക വിദ്യയ്ക്കുള്ള ചെലവിനത്തിൽ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള ചെലവും വാങ്ങുന്നതിന് ആവശ്യമായ ചെലവും ഉൾപ്പെടും. (സ്ഥലവും കെട്ടിടവും ഒഴികെ)

**നടപടിക്രമങ്ങൾ**
മൈക്രോ എന്റർപ്രൈസസിന്റെ കൺസൾട്ടന്റ്മാർ വഴി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നു. അപേക്ഷ കൾ ബന്ധപ്പെട്ട അയൽക്കൂട്ടത്തിൽ സമർപ്പിക്കുന്നു. അപേക്ഷ ഏ.ഡി.എസ് , സി.ഡി.എസ് വഴി ജില്ലാ മിഷനിൽ എത്തുകയും കുടുംബശ്രീ എക്സി. ഡയറക്ടർ ചെയർപേഴ്സണായ കമ്മിറ്റി അർഹരെ കണ്ടെ ത്തുകയും ചെയ്യുന്നു.

### 13.2.9 സംഘകൃഷി (ജെ.എൽ.ജി)

കാർഷിക മേഖലയിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ വിധത്തിൽ തരിശായി കിട ക്കുന്ന (സ്വകാര്യ-പൊതു) പാടശേഖരങ്ങളും കൃഷിയോഗ്യമായ പുരയിടങ്ങളും തദ്ദേശഭരണ കൂട ത്തിന്റെ ഉത്തരവാദിത്തത്തിൽ അയൽക്കൂട്ടങ്ങൾ സംഘടിതമായി ഏറ്റെടുത്ത് കൃഷി ഇറക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് വായ്പാ തുകയ്ക്ക് ആനുപാതികമായി പര മാവധി 1 ലക്ഷം വരെയുള്ള വായ്പക്ക് പലിശ സബ്സിഡി നൽകിവരുന്നു. ഭക്ഷ്യസുരക്ഷയും ആരോ ഗ്യസുരക്ഷയും നേടുന്നതിനോടൊപ്പം തന്നെ ഭക്ഷ്യസ്വയം പര്യാപ്തതയും സംഘകൃഷി ഉറപ്പാക്കുന്നു. ഇൻസെന്റീവ്, പലിശ സബ്സിഡി, കാർഷികപരിപാലന മുറകളിൽ പരിശീലനം എന്നീ സഹായങ്ങളും JLG ഗ്രൂപ്പുകൾക്ക് ലഭ്യമാക്കി വരുന്നു.

മേൽ പറഞ്ഞ സാമ്പത്തികശാക്തീകരണ പ്രവർത്തനങ്ങൾ കൂടാതെ ആശ്രയ, ബഡ്സ്, ബാലസഭ, തുട ങ്ങിയ സാമൂഹ്യശാക്തീകരണ പ്രവർത്തനങ്ങളും സ്ത്രീപദവി. സ്വയംപഠനപ്രക്രിയ, നിർഭയ തുടങ്ങിയ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും കുടുംബശ്രീ മേൽനോട്ടത്തിൽ നടത്തിവരുന്നു.

## 13.3 ആശ്രയ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ താമസിക്കുന്ന അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി കുടുംബശ്രീ വഴി നടപ്പിലാക്കുന്ന അഗതി പുനരധിവാസ പദ്ധതിയാണ് ആശ്രയ. പദ്ധതിപ്രവർത്തനങ്ങളുടെ ആരംഭകാലം മുതൽ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനായുള്ള ശ്രമ ങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നതിനുള്ള കാലവിളംബവും പ്രശ്നത്തിന്റെ രൂക്ഷതയും കണ ക്കിലെടുത്ത് 6-ാം പദ്ധതി കാലം മുതൽ ദാരിദ്രത്തെ നേരിട്ട് ആക്രമിക്കുക (Direct Attack on Poverty) എന്ന കാഴ്ചപ്പാടു തന്നെ രൂപപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ദാരിദ്ര്യ നിർമ്മാർജ്ജന പരിപാ ടികൾ ധാരാളം നടപ്പിലാക്കിയിരുന്നു. പ്രസ്തുത പരിപാടികളിലൂടെ നല്ലൊരു ശതമാനം ജനങ്ങൾ ദാരിദ്ര്യത്തിന്റെ രൂക്ഷതകളിൽ നിന്നും രക്ഷപെട്ട് സ്വതന്ത്രമായി ജീവിക്കുന്നതിനുള്ള സൗകര്യം കണ്ടെ ത്തുകയും ചെയ്തു. എന്നാൽ സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഗുണഭോക്താക്കളാ കാനും പ്രസ്തുത പരിപാടികളിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ദാരിദ്ര്യത്തിന്റെ കാണാകയങ്ങളിൽ നിന്നും കരകയറുന്നതിനും കഴിയാത്ത ഒരു വിഭാഗം ജനങ്ങൾ നമ്മുടെ സമൂഹത്തി ലുണ്ട്. അത്തരം വിഭാഗം ജനങ്ങൾക്ക് വേണ്ടി സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയാണ് ആശ്രയ.

സംസ്ഥാനത്ത് 2003 മുതൽ നടപ്പിലാക്കി വരുന്ന അഗതി പുനരധിവാസ പദ്ധതിയാണ് ആശ്രയ. നിരാലംബരും നിരാശ്രയരുമായ അഗതി കുടുംബങ്ങളെ തദ്ദേശഭരണതലത്തിൽ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്ന ത്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഇടം ലഭിക്കാത്ത നിരാലംബരായ കുടുംബങ്ങളെ കണ്ടെത്തി അടി സ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, ശുചിത്വ സംവിധാനം തുടങ്ങിയവയും അതിജീവന ആവശ്യങ്ങളായ ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം, വികസന ആവശ്യങ്ങളായ തൊഴിലവസരങ്ങൾ,

വ്യക്തിത്വ വികാസം എന്നീ പരിചരണ സേവനങ്ങളും ആശ്രയ പ്രകാരം ലഭ്യമാകുന്നുണ്ട്. നാളിതുവരെ യായി കേരളത്തിൽ 100% തദ്ദേശഭരണസ്ഥാപനങ്ങളിലും ആശ്രയ ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കിയിട്ടു ണ്ട്.

### 13.3.1 ആരാണ് അഗതികൾ

അശരണരും നിരാലംബരും നിരാശ്രയരും ഭൗതീക ജീവിത സാഹചര്യങ്ങൾ നിഷേധിക്കപ്പെട്ടവരും സമൂഹത്തിൽ നിന്നുപോലും ഒറ്റപ്പെട്ടവരുമായ ആളുകളെ അഗതികൾ എന്ന് വിശേഷിപ്പിക്കാം. ദരിദ്ര രിൽ ദരിദ്രരാണ് അഗതികൾ. പാർശ്വവൽകൃത സമൂഹമായ അവർ വോട്ടുബാങ്കുകൾ അല്ലാത്തതിനാൽ അത്തരത്തിലുള്ള പരിഗണനയും ഇക്കൂട്ടർക്ക് ലഭിക്കാറില്ല. അഗതികളെ കണ്ടെത്തുന്നതിന് ഗവൺമെന്റ് കൃത്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും വ്യത്യ സ്ഥമായ മാനദണ്ഡങ്ങളാണ് അഗതികളെ കണ്ടെത്തുന്നതിന് ഉപയോഗിക്കുന്നത്. ചുവടെ കൊടുത്തി രിക്കുന്ന 9 ക്ലേശ ഘടകങ്ങളിൽ 7 ക്ലേശ ഘടകങ്ങളും അധിക്ലേശ ഘടകങ്ങളിൽ ഏതെങ്കിലും ഒരെ ണ്ണവും ബാധകമായി വരുന്ന കുടുംബങ്ങളെയാണ് ആശ്രയ കുടുംബമായി ഏറ്റെടുക്കുന്നത്.

### 13.3.2 ക്ലേശഘടകങ്ങൾ

| ക്രമ നമ്പർ | ഗ്രാമപ്രദേശങ്ങൾ | നഗരപ്രദേശങ്ങൾ |
|---|---|---|
| 1. | ഭൂരഹിതർ / 10 സെന്റിൽ താഴെ ഭൂമിയുള്ളവർ | ഭൂരഹിതർ / 5 സെന്റിൽ താഴെ ഭൂമിയുള്ളവർ |
| 2. | ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ | ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ |
| 3. | 300 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല |
| 4. | ശുചിത്വ കക്കൂസ് ഇല്ല | ശുചിത്വ കക്കൂസ് ഇല്ല |
| 5. | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) |
| 6. | വനിത കുടുംബനാഥയായുള്ള കുടുംബം | വനിത കുടുംബനാഥയായുള്ള കുടുംബം |
| 7. | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം |
| 8. | പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം | പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം |
| 9. | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം | കളർ ടെലിവിഷൻ ഇല്ലാത്ത കുടുംബം |

### 13.3.3 കുടുംബം നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ

**എ. നഗരപ്രദേശങ്ങൾ**

1) ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ).

2) രാത്രികാലം, പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

3) അവിവാഹിതയായ അമ്മ/അമ്മയും കുഞ്ഞും മാത്രം/ഭർത്താവ് ഉപേക്ഷിച്ചതും ദുരിതമനുഭവിക്കുന്നവരുമായ വനിതകൾ

4) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

5) തീരാവ്യാധികൾ/ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും

6) കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം

7) ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചവർ

8) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

**ബി. നഗരപ്രദേശങ്ങൾ**

1) രാത്രികാലം, പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

2) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

3) ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചവർ

4) ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം

5) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

6) തെരുവു കുട്ടികൾ, ദുർഗുണ പരിഹാരപാഠശാല (Juvenile Home), അഗതി മന്ദിരം (Poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം

7) കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം

8) ലൈംഗിക തൊഴിലാളികൾ (Commercial sex workers) ഉള്ള കുടുംബം

9) അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായുള്ള കുടുംബം

10) ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എല്ലാ അഗതി കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട എല്ലാ അഗതി കുടുംബങ്ങളെയും കണ്ടെത്തി ഉൾപ്പെടുത്തുന്നതിനായി രണ്ടാംഘട്ട ആശ്രയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പ്രൊജക്ട് തയ്യാറാക്കുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങളാണ് ഉപയോഗിക്കുന്നത്. നിലവിൽ സേവനം ലഭിക്കുന്ന കുടുംബങ്ങൾക്ക് കുടുംബശ്രീ നൽകിയ ആശ്രയ ഫണ്ട് തീരുന്ന മുറയ്ക്ക് പരിചരണം ആവശ്യമുള്ളവരുടെ ലിസ്റ്റ് കുടുംബശ്രീ കണ്ടെത്തി തുടർസേവന പ്രോജക്ടിനും ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള ഗുണഭോക്താവിന്റെ ശാരീരിക അവശത മാത്രമാണ് പദ്ധതിയിൽ തുടർന്നും ഉൾപ്പെടുത്തേണ്ടുന്നതിന്റെ മാനദണ്ഡം.

ആശ്രയ പദ്ധതിക്കായി കുടുംബശ്രീയിൽ നിന്നും ലഭ്യമാകുന്ന തുക ''ചലഞ്ച് ഫണ്ട്'' എന്ന പേരിലാണ് അറിയപ്പെടുന്നത്. ചലഞ്ച് ഫണ്ടായി ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന് ഒന്നും രണ്ടും ഘട്ടം പ്രൊജക്ടുകൾ ചേർത്ത് 25 ലക്ഷം രൂപയോ അല്ലെങ്കിൽ ആശ്രയ പ്രൊജക്ട് അടങ്കലിന്റെ 40%മോ ഏതാണോ കുറവ് അതാണ് നൽകുന്നത്. അത് കൂടാതെ തുടർസേവന പ്രൊജക്ടിനായി 5 ലക്ഷം രൂപ കൂടി കുടുംബശ്രീ നൽകുന്നുണ്ട്. ആശ്രയ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതുനായി സമ്പൂർണ്ണ പുനരധിവാസ പദ്ധതിയ്ക്കാണ് രൂപം നല്കുന്നത്.

ഓരോ കുടുംബത്തിന്റെയും അവശതകൾ കണ്ടെത്തി അതിന്റെ പരിഹാരങ്ങളും അതിനുവേണ്ട ബഡ്ജറ്റും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കും. പ്രധാനമായും ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങളെ 4 ആയി തിരിച്ചിരിക്കുന്നു.

1. **അതിജീവന ആവശ്യങ്ങൾ**: ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, പെൻഷൻ, വിദ്യാഭ്യാസം എന്നിവയാണ് അതിജീവനാവശ്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ അതിജീവനാവശ്യങ്ങൾ നൽകുന്നതിനായി പ്രധാനമായും കുടുംബശ്രീ ചലഞ്ച് ഫണ്ടാണ് ഉപയോഗിക്കുന്നത്.

2. **അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ** : ഭൂമി,വീട്, വീട് അറ്റകുറ്റപണി, കുടിവെള്ളം, കക്കൂസ്, വൈദ്യുതീകരണം തുടങ്ങിയ ആവശ്യങ്ങളെയാണ് അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനായി പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ടാണ് ഉപയോഗിക്കുന്നത്.

3. **വികസനാവശ്യങ്ങൾ** : തൊഴിൽ പരിശീലനം, സ്വയംതൊഴിൽ സാധ്യതകൾ, മറ്റ് ജീവനോപാധികൾ എന്നിവയാണ് വികസനാവശ്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്വയംതൊഴിൽ സാധ്യതകളിലൂടെ ഇത്തരം കുടുംബങ്ങളെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

4. **മാനസിക ആവശ്യങ്ങൾ**: കൗൺസിലിങ്ങും മറ്റ് സേവനങ്ങളും നൽകി ഈ കുടുംബങ്ങളെ പരാജിതരുടെ മനശാസ്ത്രത്തിൽ നിന്നും സമൂഹത്തിലെ ഒറ്റപ്പെടലിൽ നിന്നും മാറ്റി മുഖ്യധാരയിലെത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

### 13.3.4 സ്പെഷ്യൽ പ്രൊജക്ടുകൾ

സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളായ പട്ടിക വർഗ്ഗ വിഭാഗത്തിലെ ജനങ്ങൾക്കായി സ്പെഷ്യൽ ആശ്രയ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ചലഞ്ച് ഫണ്ടിനത്തിൽ പരമാവധി 40 ലക്ഷം രൂപയാണ് കുടുംബശ്രീ ഈ പദ്ധതിക്കായി നൽകുന്നത്. മറ്റ് ആശ്രയ പദ്ധതി പോലെ തന്നെ അടിസ്ഥാന സൗകര്യവികസന മേഖലയിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഫണ്ടാണ് ഉപയോഗിക്കുന്നത്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ജനവിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

### 13.3.5 അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിൽ കുടുംബശ്രീ സംവിധാനത്തിന്റെ പങ്ക്

1. കുടുംബശ്രീ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കുടുംബശ്രീ അയൽക്കൂട്ടവും അഗതികളെ കണ്ടെത്തുന്നതിന് ശ്രമിക്കണം. ഈ വിഭാഗത്തിൽപ്പെടുത്താവുന്നവർ അയൽക്കൂട്ടങ്ങളിൽ അംഗമായിരിക്കണമെന്നില്ല. അയൽക്കൂട്ട കുടുംബങ്ങളുടെ സമീപത്ത് വസിക്കുന്ന അഗതി കുടുംബങ്ങളെ കണ്ടെത്തി അവരുടെ ലിസ്റ്റ് ഏരിയ ഡവലപ്മെന്റ് സൊസൈറ്റിക്ക് ലഭ്യമാക്കണം.

2. ഏരിയ ഡവലപ്മെന്റ് സൊസൈറ്റി അയൽക്കൂട്ടങ്ങളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് വിശദമായ പരിശോധന നടത്തി കൂട്ടിചേർക്കലുകളോ ഒഴിവാക്കലുകളോ ആവശ്യമെന്നു കണ്ടാൽ നടത്തേണ്ടതാണ്.

3. എ.ഡി.എസ്. ലിസ്റ്റ് അംഗീകരിച്ചു കഴിഞ്ഞാൽ, ഗുണഭോക്താവിന്റെ ശാരീരിക അവശതയെ അടിസ്ഥാനമാക്കി തരംതിരിക്കുന്നതിനുള്ള ചോദ്യാവലി പൂരിപ്പിച്ച് വാങ്ങേണ്ടതാണ്.

4. കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി ലിസ്റ്റ് ക്രോഡീകരിച്ച് തദ്ദേശ ഭരണ സമിതിക്ക് അംഗീകാരത്തിനായി സമർപ്പിക്കണം. വിലയിരുത്തൽ സമിതിയുടെ ഉപസമിതി ഓരോ അഗതി കുടുംബത്തേയും സന്ദർശിച്ച് വിലയിരുത്തൽ നടത്തി റിപ്പോർട്ടു തയ്യാറാക്കി പഞ്ചായത്ത്/മുനിസിപ്പൽ ഭരണസമിതിക്ക് നൽകാവുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനം അന്തിമ ലിസ്റ്റ് അംഗീകരിച്ച് പ്രസിദ്ധീകരിക്കേണ്ടതുമാണ്.

5. ഓരോ വാർഡിൽ നിന്നും കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ വിശദാംശം അതത് വാർഡിലെ വാർഡ്സഭാ യോഗങ്ങളിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

6. അഗതി കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ വാർഡ് അടിസ്ഥാനത്തിൽ മത്സരബുദ്ധിയോടെ എണ്ണം കൂട്ടിക്കാണിക്കുന്നതിനുള്ള പ്രവണത ആദ്യമെതന്നെ ഒഴിവാക്കേണ്ടതാണ്. സാധാരണ പരിതസ്ഥിതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മൊത്തം കുടുംബങ്ങളിൽ 2% ത്തിലധികം ഈ വിഭാഗത്തിൽ പെടുന്നവർ ഉണ്ടാകിനിടയില്ല. അതിൽ കൂടുതൽ ഉണ്ടാവുകയാണെങ്കിൽ അതിനിടയാക്കിയ പ്രത്യേക സാഹചര്യം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വിശദീകരിക്കേണ്ടതാണ്.

7. അന്തിമ ലിസ്റ്റ് അഗതി പുനരധിവാസ പദ്ധതിയ്ക്കൊപ്പം ഡി.പി.സിക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട് ഡി.പി.സി സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ സോഷ്യൽ വെൽഫയർ ആഫീസർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നിവർ അംഗങ്ങളുമായ സമിതി വിശദമായി പരിശോധിക്കേണ്ടതാണ്. അഗതി കുടുംബങ്ങളുടെ എണ്ണം അസ്വഭാവികമാംവിധം കൂടുതലാണെന്ന് സമിതി കരുതുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട നഗരസഭ സന്ദർശിച്ച് അഗതി കുടുംബ ങ്ങളെ നേരിട്ട് കണ്ട് നിജസ്ഥിതി ബോധ്യപ്പെടെണ്ടതും, ആവശ്യമെങ്കിൽ അഗതി കുടുംബങ്ങളെ പുനർനിർണ്ണയം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോട് ആവശ്യപ്പെടാവുന്നതാണ്.

### 13.3.6 മോണിറ്ററിംഗ്

ആശ്രയ പദ്ധതിയുടെ പൊതുനടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. ആശ്രയ പ്രൊജക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഉപസമിതി രൂപീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരിക്കണം ഇതിന്റെ അദ്ധ്യക്ഷൻ. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, തദ്ദേശഭരണ സെക്രട്ടറി, സി. ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ആഫീസർ, അംഗൻവാടി സൂപ്പർവൈ സർ, സി.ഡി.എസിലെ സാമൂഹ്യവികസന(ആശ്രയ)ത്തിന്റെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള രണ്ട് സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ ഈ സമിതിയിൽ അംഗങ്ങ ളായിരിക്കും. ഉപസമിതിയുടെ റിപ്പോർട്ട് നഗരസഭാസമിതി നിർബന്ധമായും വിലയിരുത്തേണ്ടതാണ്. നഗരസഭാ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്ക ണ്ടതാണ്.

### 13.3.7 വിലയിരുത്തൽ സമിതി

ജനകീയ നേതൃത്വമായ തദ്ദേശഭരണസമിതിക്ക് കീഴിൽ പ്രവർത്തിക്കുന്ന സാമുഹ്യാധിഷ്ഠിത സംവിധാ നമാണ് കുടുംബശ്രീ. ഈ രണ്ട് ഘടകങ്ങളെയുംം ജനാധിപത്യരീതിയില് ഒരുമിപ്പിക്കുന്ന വേദിയാണ് ബൈലോ പ്രകാരമുള്ള വിലയിരുത്തൽ സമിതി. മുന്ന് മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും ചേരേണ്ടവിലയിരുത്തൽ സമിതിയോഗമാണ് സി.ഡി.എസ്സിന്റെ വാർഷികകർമ്മപദ്ധതി തയ്യാറാക്കുന്നതി നുള്ള ആശയങ്ങളും വിവരങ്ങളും നൽകുകയും ആവശ്യമായ ദിശാബോധം നൽകുകയും ചെയ്യുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന വാർഷികകർമ്മപദ്ധതി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മുഖേനയാണ് പ്രാദേശി കഭരണകൂടത്തിന്റെ പരിഗണനയ്ക്ക് വിടുന്നത്.

- നഗരസഭചെയർമാൻ/മേയർ - വിലയിരുത്തൽ സമിതി അദ്ധ്യക്ഷൻ
- സി.ഡി.എസ് ചെയർപേഴ്സൺ - വിലയിരുത്തൽ സമിതി സെക്രട്ടറി
- സി.ഡി.എസ് മെമ്പർസെക്രട്ടറി - വിലയിരുത്തൽ സമിതി കൺവീനർ

**അംഗങ്ങൾ**

- തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി
- വൈസ് ചെയർമാൻ/ പ്രസിഡണ്ട്
- ക്ഷേമകാര്യ, വികസന സ്റ്റാന്റിംഗ് ചെയർപേഴ്സൺമാർ
- തദ്ദേശഭരണമസമിതിയുടെ കീഴിലുള്ള ഘടകവകുപ്പ് മേധാവികൾ

- സി.ഡി.എസ് വൈസ് ചെയർപേഴ്സൺ
- സി.ഡി.എസ് സബ്കമ്മിറ്റി കൺവീനർമാർ
- തദ്ദേശഭരണമസമിതിയിൽ നിന്ന് സി.ഡി.എസ് ഭരണസമിതിയിലേക്ക് നിയോഗിച്ചിട്ടുള്ള അഞ്ചിൽ കവിയാത്ത വനിതാ ജനപ്രതിനിധികൾ
- സി.ഡി.എസ് ഭരണസമിതിയിലേക്ക് എക്സ്ഒഫീഷ്യോ അംഗങ്ങളായി നിയോഗിച്ചിട്ടുള്ള രണ്ട് മുൻ സി.ഡി.എസ് ഭാരവാഹികൾ
- സി.ഡി.എസ് നെ സഹായിക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ

**വിലയിരുത്തൽ കോർ കമ്മിറ്റി**

- തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ
- ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
- സി.ഡി.എസ് ചെയർപേഴ്സൺ
- സി.ഡി.എസ് മെമ്പർ സെക്രട്ടറി
- ബാങ്ക് പ്രതിനിധി

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനിവാര്യചുമതലയായ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ആസൂത്രണ നിർവ്വഹണങ്ങളുടെ മുഖ്യ ഏജൻസിയായ കുടുംബശ്രീ സംവിധാനത്തിന് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, സംവിധാനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ശേഷിയും സേവനങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടത് ക്ഷേമകാര്യസ്റ്റാന്റിംഗ് ചെയർപേഴ്സൺ അംഗമായിട്ടുള്ള വിലയിരുത്തൽ സമിതിയുടെയും കോർ കമ്മിറ്റിയുടെയും ചുമതലയാണ്.

സി.ഡി.എസ് നടപ്പാക്കുന്ന വിവിധ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ നിശ്ചിത കർമ്മപദ്ധതി വിഭാവനം ചെയ്തപ്രകാരം സമയബന്ധിതമായി നടപ്പാക്കുന്നുണ്ടോയെന്ന് വിലയിരുത്തുകയും കുറവുകൾ പരിഹരിക്കുകയും ചെയ്യേണ്ടതും മേൽ പറഞ്ഞ കമ്മിറ്റിയുടെ ചുമതലയാണ്.

### 13.3.8 പ്രധാനമന്ത്രി ആവാസ് യോജന (PMAY- Prime Minster Aavas Yojana)

വാസയോഗ്യമായ വീടില്ലാത്ത ബി.പി,.എൽ ലിസ്റ്റിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും വീട് നൽകുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പുതിയ വീട് നിർമ്മിക്കുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് 70,000 രൂപയാണ്. എന്നാൽ കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം അധികമായി വകയിരുത്തി പൊതുവിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയും പട്ടിവർഗ്ഗ വിഭാഗത്തിന് മൂന്നരലക്ഷം രൂപയും പരമാവധി ധനസഹായം നൽകാവുന്നതാണ്. കൂടാതെ 90 തൊഴിൽദിനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്.

### 13.3.9 സമ്പൂർണ്ണ ശുചിത്വ പരിപാടി ( SBM- Swaach Bharat Mission)

ഗാർഹിക കക്കൂസുകൾ നിർമ്മിക്കുക, സ്ക്കൂളിലും അങ്കണവാടികളിലും കക്കൂസുകൾ നിർമ്മി ക്കുക, സാമൂഹിക ശുചിത്വ സമുച്ചയങ്ങൾ നിർമ്മിക്കുക, ഖര-ദ്രവമാലിന്യപരിപാലനം ഉറപ്പാക്കുക. താഴെ പറയുന്നവയാണ് പ്രധാന പ്രവർത്തന ഘടകങ്ങൾ-

1) ഗാർഹിക കക്കൂസ് നിർമ്മാണം
2) പൊതു ശുചിത്വ സമുച്ചയം (വ്യക്തിഗത കക്കൂസ് പണിയാൻ സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ)
3) സ്ഥാപനകക്കൂസുകൾ (സ്ക്കൂളിലും അങ്കണവാടികളിലും)

4) ഖര-ദ്രവമാലിന്യപരിപാലനം (ഗാർഹികവും പൊതുവായതുമായ ഖര-ദ്രവമാലിന്യ സംസ്കരണസംവിധാന ആസ്തികൾ സൃഷ്ടിക്കുന്നതിന് സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി ഗാർഹിക കക്കൂസ് നിർമ്മാണത്തിന് 15400 രൂപ രണ്ട് ഗഡുക്കളായി ഗുണഭോക്താവിന് നൽകും.)

ഗുണഭോക്താക്കളെ വാർഡ്സഭ മുഖേന തെരഞ്ഞെടുക്കണം.

### 13.3.10 പരിചരണ-സേവന പാക്കേജ്

അഗതി കുടുംബങ്ങൾക്ക് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, ഭക്ഷണം, ആരോഗ്യസുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, ശാരീരിക- മാനസിക വെല്ലുവിളികളിൽ നിന്ന് പരിഹാരം, സാമൂഹ്യമായ ഒറ്റപ്പെടലിൽ നിന്ന് പരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള പരിപാടിയാണ് പരിചരണ പാക്കേജ്.

### 13.3.11 അയ്യങ്കാളി നഗരതൊഴിലുറപ്പു പദ്ധതി (AUEGS)

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

<u>**രജിസ്ട്രേഷനുള്ള യോഗ്യത**</u>

നഗരപ്രദേശങ്ങളിൽ സ്ഥിരതാമസമുള്ള 18 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് വേണ്ടി ഏതൊരു കുടുംബത്തിനും രജിസ്ട്രേഷന് അപേക്ഷിക്കാം. എ.പി.എൽ/ബി.പി.എൽ വ്യത്യാസം ഉണ്ടായിരിക്കുന്നതല്ല.

<u>**രജിസ്ട്രേഷനുള്ള നടപടിക്രമങ്ങൾ**</u>

അപേക്ഷ വെള്ള പേപ്പറിലോ നഗരസഭയിൽ നിന്നു ലഭ്യമാകുന്ന അപേക്ഷ ഫോമിലോ നൽകാവുന്നതാണ്.

<u>**തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം?**</u>

- നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും ഉചിതമായ അന്വേഷണ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകാവുന്നതാണ്.

- തൊഴിൽ കാർഡിൽ തൊഴിലിനപേക്ഷിച്ച പ്രായപൂർത്തിയായ എല്ലാ കുടുംബങ്ങളുടെയും ഫോട്ടോ പതിപ്പിച്ചിട്ടുണ്ടാകണം. അതിനുള്ള സൗകര്യം നഗരസഭ ഏർപ്പെടുത്തുന്നതാണ്.

<u>**തൊഴിലിന് വേണ്ടി അപേക്ഷിക്കാനുള്ള അവകാശം?**</u>

- രജിസ്റ്റർ ചെയ്തവർക്ക് തൊഴിലിനുള്ള അപേക്ഷ നഗരസഭയിൽ സ്വീകരിക്കുന്നതിനുള്ള സംവിധാനം നഗരസഭ ഒരുക്കുന്നതാണ്.

- തൊഴിലിനുള്ള അപേക്ഷ വെള്ള പേപ്പറിലോ, നഗരസഭ അച്ചടിച്ച് നൽകുന്ന നിർദ്ദിഷ്ട ഫോറത്തിലോ സമർപ്പിക്കാവുന്നതാണ്. അപേക്ഷയിൽ തൊഴിൽ കാർഡ് നമ്പർ, ഏത് തീയതി മുതൽ, എത്ര ദിവസം തൊഴിൽ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടാകണം.

ഒരു സാമ്പത്തിക വർഷത്തെ വിവിധ കാലങ്ങളിൽ വേണ്ട തൊഴിലിനായി അപേക്ഷ ഒരു ഫോറത്തിൽ സമർപ്പിക്കാം. അത് പോലെ ഒന്നിലധികം തൊഴിലന്വേഷകർക്ക് ഒന്നിച്ച് അപേക്ഷയും സമർപ്പിക്കാം. അപേക്ഷകൾ നേരിട്ടോ ചുമതലപ്പെടുത്തപ്പെട്ടയാൾ മുഖേനയോ നഗരസഭാ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

## തൊഴിലിന്റെ കൂലി സംബന്ധിച്ച അവകാശങ്ങൾ?

- മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടുന്ന അതേ നിരക്ക് പ്രകാരമുള്ള കൂലി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ലഭ്യമാക്കുവാനുള്ള അവകാശം

- പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരാഴ്ച്ചത്തെ പണിയ്ക്കുള്ള കൂലി 14 ദിവസത്തിനകം വേതനം ലഭ്യമാക്കുന്നതാണ്

- പ്രവൃത്തിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും സേവിംഗ്സ് ബാങ്ക് അക്കൗണ്ടുണ്ടായിരിക്കണം. അവരുടെ അക്കൗണ്ടിലേക്ക് പണം ലഭ്യമാക്കുന്നതിന് ഇലക്ട്രോണിക്ക് ഫണ്ട് ട്രാൻസ്ഫർ രീതി ആണ് അവലംബിച്ചിരിക്കുന്നത്.

- ഗുണഭോക്താക്കൾക്ക് സീറോ ബാലൻസ് അക്കൗണ്ട് തുറന്ന് കൊടുക്കുന്നതിന് നഗരസഭ നടപടി എടുക്കുന്നതാണ്.

- വേതനം വിതരണം സംബന്ധിച്ച വിവരങ്ങൾ തൊഴിൽ കാർഡിൽ രേഖപ്പെടുത്തുന്നതാണ്

- വനിതകൾക്കും പുരുഷന്മാർക്കും തുല്യകൂലിക്ക് അർഹതയുണ്ടായിരിക്കും

## AUEGS ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

- ജലസംരക്ഷണവും, ജലകൊയ്ത്തും
- വൃക്ഷങ്ങൾ നടീൽ, വനവത്കരണം (വരൾച്ച തടയൽ)
- മൈക്രോ ഇറിഗേഷൻ പദ്ധതികൾ
- എസ്.സി/എസ്.റ്റി/കേന്ദ്രാവിഷ്കൃതപദ്ധതികൾ/ബി.പി.എൽ കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ
- കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർ നിർമ്മാണം
- ഭൂവികസനം
- വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്ക് ചാൽ നിർമ്മിക്കുന്നതുൾപ്പടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും കുളം സംരക്ഷണ പ്രവർത്തനങ്ങളും
- BSUP/IHSDP/KSUDP പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി/ക്ലസ്റ്റർ
- വികസന പദ്ധതികളുടെ അനുപൂരക പ്രവർത്തനങ്ങളും ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളും
- കോളനി നവീകരണ പ്രവൃത്തികൾ
- പൊതു സ്ഥലങ്ങളിൽ കുന്നകൂടുന്ന ചപ്പ് ചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ
- സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ ശുപാർശ പ്രകാരം സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഇതര പ്രവൃത്തികൾ
- സ്വകാര്യഭൂമിയിൽ മഴക്കുഴി നിർമ്മാണം
- സോക്ക് പിറ്റ് നിർമ്മാണം
- കിണർ റീചാർജ്ജിംഗ്
- ക്ഷീരകർഷകർക്ക് കന്നുകാലി തൊഴുത്ത് നിർമ്മാണം- വാനം വെട്ടുക
- 3 മീറ്റർ വരെ റോഡുകളിൽ ഇന്റർലോക്ക് ഉപയോഗിക്കാനുള്ള നിർമ്മാണ പ്രവൃത്തികൾ

### 13.3.12 നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (NULM)

SJSRY പദ്ധതി 31/3/2012 നിർത്തലാക്കുകയും പകരം ദേശീയ നഗര ഉപജീവന ദൗത്യം (NULM) പദ്ധതി സംസ്ഥാനത്ത് നിശ്ചിത മാനദണ്ഡ പ്രകാരം തെരഞ്ഞെടുത്ത 14 നഗരസഭകളിൽ ആദ്യഘട്ടമായി നടപ്പാക്കുകയും ചെയ്തു വരുന്നു.

2015 മേയ് മാസത്തിലാണ് കേരളത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. പദ്ധതി മുഴുവൻ നഗരസഭകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. നഗരദരിദ്രരുടെ സംരംഭകത്വശേഷി വികസനത്തിലൂടെ ദാരിദ്ര്യനിർമ്മാജ്ജനമാണ് ലക്ഷ്യം . സ്കിൽ ഡെവലപ്പ്മെന്റ് വായ്പാസൗകര്യവികസനം എന്നിവ വഴി തൊഴിൽ മാർക്കറ്റിലെ അവസരങ്ങൾ നഗരദരിദ്രർക്ക് തുറന്ന് കിട്ടുന്നതിനും സ്വയം തൊഴിൽസംരംഭങ്ങൾ ആധുനികവൽക്കരിക്കുന്നതിനും വായ്പാധിഷ്ഠിതമാക്കുന്നതിനുമാണ് ഊന്നൽ. തെരുവോര കച്ചവടക്കാരുടെ തൊഴിൽ ഉറപ്പ് വരുത്തലും പുനരധിവാസവും NULM പദ്ധതിയുടെ അനിവാര്യ ഘടകമാണ്. നഗരങ്ങളിലെ തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്ക് സുരക്ഷാസങ്കേതമൊരുക്കലും പദ്ധതി വിഭാവനം ചെയ്യുന്നു. ആരോഗ്യരക്ഷ, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നിവയും NULM ന്റെ പരിധിയിൽ വരുന്നുണ്ട്. സ്വകാര്യമേഖലുടെ സഹകരണത്തോടെ കാര്യശേഷി വികസനം, തൊഴിൽ ലഭ്യത ഉറപ്പാക്കൽ, ഭവനരഹിതർക്ക് കുറഞ്ഞ ചെലവിൽ പാർപ്പിട ലഭ്യത എന്നിവയ്ക്കുള്ള സമഗ്ര പദ്ധതിയാണ് NULM.

<u>വിവിധ ഘടകപദ്ധതികൾ</u>

- **സോഷ്യൽ മൊബിലൈസേഷൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ ഡവലപ്പ്മെന്റ് (SM& ID)**
  സ്വയം പര്യാപ്ത ഗ്രൂപ്പുകൾ (SHG) നടപ്പാക്കുന്നു. ഓരോ നഗരദരിദ്രകുടുംബത്തിലെയും ഒരംഗത്തെയെങ്കിലും ഈ പദ്ധതിയിൽ കൊണ്ടുവരുന്നു. ഈ ഗ്രൂപ്പുകൾക്ക് വായ്പാ ലഭ്യത ഉറപ്പാക്കുക, സാമൂഹ്യ ആവശ്യങ്ങൾക്ക് ഊന്നൽ നൽകുക എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. വനിത ഗ്രൂപ്പുകൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ ഗ്രൂപ്പുകൾക്കും പ്രത്യേക പരിഗണന നൽകുന്നു. പട്ടിക ജാതി/പട്ടിക വർഗ്ഗ ന്യൂനപക്ഷങ്ങൾ എന്നിവർക്കും പ്രത്യേക പരിഗണനയുണ്ട്. അയൽക്കൂട്ട/ വാർഡ്തലങ്ങളിലും നഗരതല ത്തിലും SHG കളുടെ ഫെഡറേഷൻ രൂപീകരിച്ച പ്രവർത്തനം നടത്തുന്നു.
- **കാര്യശേഷിവികസന പരിശീലനം (Capacity Building & Training- CB&T)**
  ഉയർന്ന സാങ്കേതിക പരിശീലന അവസരങ്ങൾ നഗരസഭകളിലെ ദരിദ്രജനങ്ങളിലേക്ക് എത്തിക്കുന്നതിനും ആയത് മിഷൻ മാനേജ്മെന്റ് തലത്തിൽ സംയോജിപ്പിക്കാനും ഉദ്ദേശിച്ച് പ്രവർത്തിക്കുന്നു.
- **നൈപുണ്യവികസനത്തിലൂടെ തൊഴിലവസരം കണ്ടെത്തുന്ന പദ്ധതി - എംപ്ലോയ്മെന്റ് ത്രൂ സ്കിൽ ട്രെയിനിംഗ് & പ്ലെയ്സ്മെന്റ് (SET & P)**
  നൈപുണ്യവികസനത്തിനായുള്ള പദ്ധതികൾ പൊതുസ്വകാര്യ പങ്കാളിത്ത ശൈലിയിൽ കണ്ടെത്തി ഐ.ടി.ഐ കൾ പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ വഴി കാര്യശേഷി വികസനം ആണ് ലക്ഷ്യം.
  ഒരു ഗുണഭോക്താവിന് 15000/ രൂപ വരെ നൈപുണ്യ വികസനത്തിനായി ചെലവഴിക്കാം
- **നഗരത്തിലെ തെരുവോരകച്ചവടക്കാർക്കുള്ള പിന്തുണ**. സർവ്വേ, രജിസ്ട്രേഷൻ, തിരിച്ചറിയൽ രേഖ നൽകൽ എന്നിവയും പുനരധിവാസ പദ്ധതിയുമാണ് ഉൾപ്പെടുന്നത്.
- **സ്കീം ഫോർ ഷെൽറ്റർ ഫോർ ഹോംലെസ്സ് (SUH)**
  നഗരത്തിലെ പരമദരിദ്രരായ പാർപ്പിടമില്ലാത്തവർക്ക് ഷെൽറ്ററും ശുചിത്വമടക്കമുള്ള സൗകര്യങ്ങളും ഒരുക്കലുമാണ് ലക്ഷ്യം. കമ്മ്യൂണിറ്റി ഷെൽറ്ററുകളാണ് ലക്ഷ്യമിടുന്നത്. 50 മുതൽ 100 വരെ പേർക്ക് ഒരു ഷെൽറ്റർ എന്ന നിലയിൽ ഷെൽറ്ററുകൾ ഒരുക്കുന്നു. വിലയ നഗരങ്ങൾക്കാണ് ആദ്യ ഘട്ടത്തിൽ ഊന്നൽ നൽകിയിരിക്കുന്നത്.

# അദ്ധ്യായം 14

# സാമൂഹ്യസുരക്ഷാ പ്രവർത്തനം

## 14.1 ആമുഖം

ഏതൊരു സർക്കാരിന്റെയും അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്നാണ് സാമൂഹ്യനീതി. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ, കുട്ടികൾ, എസ്.സി/എസ്.ടി വിഭാഗക്കാർ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, മാറാരോഗികൾ തുടങ്ങിയവർ സമൂഹത്തിന് ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്ന് നമുക്കറിയാം.

ദുരിതമനുഭവിക്കുന്ന ഈ വിഭാഗക്കാർക്ക് സാമൂഹ്യനീതി ഉറപ്പ് വരുത്തേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. ആയത് ഉറപ്പ് വരുത്തേണ്ടതും മോണിറ്റർ ചെയ്യേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

ഈ രംഗത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നേതൃത്വം നൽകേണ്ടത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയാണ്. ഇതര കേന്ദ്ര-സംസ്ഥാന വകുപ്പുകളും ഏജൻസികളും നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് ജനങ്ങൾക്ക് അറിവ് നൽകേണ്ടതും സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഈ ലക്ഷ്യത്തിനായി പൊതുസമൂഹത്തിന്റെ മുഴുവൻ പിന്തുണയും ഉറപ്പ വരുത്തേണ്ടതും അനിവാര്യമാണ്. ഇത്തരം പ്രവർത്തനങ്ങളുടെ സമയബന്ധിതമായ വിലയിരുത്തലും മോണിറ്ററിംഗും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടക്കേണ്ടതുണ്ട്.

## 14.2 പെയിൻ–പാലിയേറ്റീവ് കെയർ പാക്കേജ്

- ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശ രോഗികൾ, പക്ഷാഘാതം പോലെയുള്ള കാരണങ്ങളാൽ ശരീരം തളർന്നു കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമുള്ള പ്രമേഹരോഗികൾ, ആസ്മ രോഗികൾ, അപസ്മാരരോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ, ദീർഘകാല മാനസിക രോഗമുള്ളവർ, പരസഹായം കൂടാതെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിച്ച് സാധാരണ ജീവിതം നയിക്കാൻ കഴിയാത്ത ബുദ്ധിമാന്ദ്യമുള്ളവർ, പ്രായാധിക്യം കൊണ്ട് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ സാധാരണ ജീവിതം നയിക്കാൻ പരസഹായം വേണ്ടി വരുന്ന ശാരീരിക വൈകല്യമുള്ളവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള നിരവധി രോഗികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇത്തരം രോഗികളും അവരുടെ കുടുംബവും അനുഭവിക്കുന്ന ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കാൻ പൊതു സമൂഹത്തിന്റെ മുഴുവൻ പിന്തുണയും അത്യാവശ്യമാണ്.
- ദുരിതമനുഭവിക്കുന്ന ഇത്തരം രോഗികൾക്ക് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സന്നദ്ധസംഘടനകൾ എന്നീ മൂന്ന് വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിന് പാലിയേറ്റീവ് പരിചരണനയം (Pain and Palliative Care Policy for Kerala) ലക്ഷ്യമിടുന്നു. .

  കേരളത്തിലെ പ്രാഥമിക പാലിയേറ്റീവ് കെയറിന്റെ അടിത്തറ വീടുകൾ കേന്ദ്രീകരിച്ചുള്ള ചികിത്സയായിരിക്കണമെന്ന് പാലിയേറ്റീവ് പരിചരണ നയം വിഭാവനം ചെയ്യുന്നു. അതിനായി രോഗിയേയും കുടുംബത്തെയും സന്നദ്ധപ്രവർത്തകരെയും ബന്ധപ്പെടുത്തികൊണ്ട് രോഗിയുടെ വീട്ടിൽ വച്ച് മെച്ചപ്പെട്ട സാന്ത്വനവും പരിചരണവും ലഭ്യമാക്കാൻ സാധ്യമാകുന്ന ഒരു ഗൃഹകേന്ദ്രീകൃത പരിചരണ സംവിധാനം (ഹോം കെയർ) ഓരോ പ്രദേശത്തും രൂപപ്പെടെണ്ടതുണ്ട്. ജില്ലാതലത്തിലും അതിന് താഴെയുമുള്ള അലോപ്പതി - ഹോമിയോപ്പതി - ആയ്യൂർവേദ ആരോഗ്യ സ്ഥാപന

ങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ ബഹുജന പങ്കാളിത്തത്തോടെ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. ഈ വസ്തുതകൾ കണക്കിലെടുത്താണ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് സർക്കാർ ജി.ഒ.ആർ.റ്റി 3217/2015 തീയതി 28.13.2015 പ്രകാരം സർക്കാർ പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

പാലിയേറ്റീവ് കെയർ പരിചരണ പാക്കേജുമായി ബന്ധപ്പെട്ട് താഴെ പറയുന്നവരിൽ നിന്നുള്ളവരുടെ ഒരു യോഗത്തിൽ നിന്നാണ് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഹോം കെയർ ടീമിനെ തെരഞ്ഞെടുക്കുന്നത്.

**യോഗത്തിൽ പങ്കെടുക്കേണ്ടവർ:**

1) തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള അലോപ്പതി, ആയ്യൂർവ്വേദ, ഹോമിയോപ്പതി ആരോഗ്യസ്ഥാപനങ്ങളിലെ ഡോക്ടർമാർ, പാരമെഡിക്കൽ ജീവനക്കാർ, ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ
2) മറ്റൊരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ളതാണെങ്കിലും ഒരു ഗ്രാമപഞ്ചായത്തിന്റേയോ നഗരസഭയുടെയോ ഭൂപരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ (ഉദാ. സി.എച്ച്.സി) ഡോക്ടർമാർ, പാരമെഡിക്കൽ ജീവനക്കാർ, ഫീൽഡ് ജീവനക്കാർ
3) ആരോഗ്യരംഗത്തും സാന്ത്വന പരിചരണ രംഗത്തും പ്രവർത്തിച്ചു വരുന്നതും പ്രതിഫലേച്ഛകൂടാതെ സന്നദ്ധാടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ സന്നദ്ധതയുള്ളതുമായ സംഘടനകളുടെ പ്രതിനിധികൾ
4) ആരോഗ്യരംഗത്തും പാലിയേറ്റീവ് പരിചരണ രംഗത്തും പ്രവർത്തിക്കുന്നവരും പ്രവർത്തിക്കാൻ താല്പര്യമുള്ളവരും, എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരുമായ വ്യക്തികൾ.
5) കുടുംബശ്രി സി.ഡി.എസ് ഭാരവാഹികൾ, തദ്ദേശസ്വയംഭരണസ്ഥാപന പരിധിയിലെ സ്കൂളുകളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്റ്റുഡൻസ് പോലീസ് കേഡറ്റ്, നാഷ്ണൽ സർവ്വീസ് സ്കീം, എൻ.സി.സി യൂണിറ്റുകളുടെ ചുമതലയുള്ള അദ്ധ്യാപകർ, റെഡ്ക്രോസ് ഭാരവാഹികൾ

## 14.2.1 ഹോം കെയർ ടീം

1) ആരോഗ്യസ്ഥാപനങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ
2) ആശാവർക്കർമാർ
3) സന്നദ്ധ സംഘടനകളിൽ നിന്ന് ഹോം കെയർ പ്രവർത്തനങ്ങളിൽ സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ തയ്യാറുള്ള വ്യക്തികൾ
4) ഹോംകെയർ പ്രവർത്തനങ്ങളിൽ സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ തയ്യാറുള്ള സന്നദ്ധ/സാമൂഹ്യപ്രവർത്തകർ
5) കുടുംബശ്രീ പ്രവർത്തകരിൽ നിന്ന് സന്നദ്ധാടിസ്ഥാനത്തിൽ ഹോം കെയർ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ തയ്യാറുള്ളവർ
6) ഹോംകെയർ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുള്ള, സ്കൂളുകളിലെ നാഷ്ണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.സി.സി എന്നിവയിലെ വളണ്ടിയർമാർ
7) തദ്ദേശഭരണസ്ഥാപന പരിധിയിൽ താമസിക്കുന്ന കോളേജ് വിദ്യാർത്ഥികളായ എൻ.എസ്.എസ് വളണ്ടിയർമാർ, എൻ.സി.സി കാഡറ്റുകൾ, റെഡ്ക്രോസ് വളണ്ടിയർമാർ
8) പാലിയേറ്റീവ് കെയർ നഴ്സ്

**ഗൃഹപരിചരണം**

ദീർഘകാലരോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിനകാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംകെയർ സംവിധാനം നടപ്പാക്കേണ്ടത്. മെച്ചപ്പെട്ട പരിചരണം എന്നാൽ ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ, നഴ്സിംഗ് പരിചരണം എന്നിവ ലഭ്യമാക്കുക എന്നു

മാത്രമല്ല അവർക്ക് സാന്ത്വനപരിചരണം കൂടി നൽകി മാനസികമായി ശക്തിപ്പെടുത്തുക എന്നുകൂടി ഉദ്ദേശിക്കുന്നു.

നഗരസഭയിൽ ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയും രൂപീകരിച്ചുകൊണ്ടാണ് പ്രവർത്തനം നടത്തേണ്ടത്.

### 14.2.2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ചുവടെ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം. സി) ഓരോ സാമ്പത്തികവർഷാരംഭത്തിനുമുമ്പും നഗരഭരണ രൂപീകരിക്കേണ്ടതാണ്.

| ക്ര.നം | വിവരണം | | പദവി |
|---|---|---|---|
| 1. | മുനിസിപ്പൽ ചെയർ പേഴ്സൺ/കോർപ്പറേഷൻ മേയർ | : | ചെയർപേഴ്സൺ |
| 2. | മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ | : | വൈസ് ചെയർപേഴ്സൺ |
| 3. | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്ൺ | : | മെമ്പർ |
| 4. | മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി | : | മെമ്പർ |
| 5. | തദ്ദേശസ്വയംഭരണസ്ഥാപനം തീരുമാനിക്കുന്ന രണ്ട് ജനപ്രതിനിധികൾ (ഒരാൾ വനിതയായിരിക്കണം) | : | മെമ്പർമാർ |
| 6. | കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ | : | മെമ്പർ |
| 7. | സി.ഡി.എസ്. മെമ്പർ സെക്രട്ടറി | : | മെമ്പർ |
| 8. | ഹോംകെയർ സംവിധാനം നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത ഹോംകെയർ ടീമിലെ പരിശീലനം ലഭിച്ച രണ്ട് സന്നദ്ധ പ്രവർത്തകർ | : | മെമ്പർമാർ |
| 9. | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി/ ആശുപത്രി | : | മെമ്പർ |
| 10. | മെഡിക്കൽ ഓഫീസർ, ആയ്യൂർവ്വേദ ഡിസ്പെൻസറി/ ആശുപത്രി | : | മെമ്പർ |
| 11. | ഹോംകെയറിന് നിയോഗിക്കപ്പെടുന്ന പാലിയേറ്റീവ് കെയർ നഴ്സ് | : | മെമ്പർ |
| 12. | തദ്ദേശസ്വംയഭരണ സ്ഥാപനത്തിലെ പ്രാഥമികാരോഗ്യ പ്രവർത്തനങ്ങളുടെ ചാർജ്ജുള്ള ഫീൽഡ് ഉദ്യോഗസ്ഥൻ | : | മെമ്പർ |
| 13. | മെഡിക്കൽ ഓഫീസർ- (പ്രാഥമികാരോഗ്യകേന്ദ്രം/ സി.എച്ച്.സി/ഗവ. ആശുപത്രി/താലൂക്ക് ആശുപത്രി/ ജില്ലാ ആശുപത്രി/ജനറൽ ആശുപത്രി | : | മെമ്പർ സെക്രട്ടറി |

പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറിക്കടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. പാലിയേറ്റീവ് കെയർ പരിചരണം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സെക്രട്ടറി, ഡോക്ടർ എന്നിവരെയും ഈ പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ദ്ധരെയും ഈ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതാണ്.

### 14.2.3 പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി (Palliative Care Implementation Committee-PIC)

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടുപോകുന്നതിനായി താഴെപറയും പ്രകാരം ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി (പി.ഐ.സി) ഓരോ മുനിസിപ്പാലിറ്റിയിലും മുനിസിപ്പൽ കോർപ്പറേഷനിലും രൂപീകരിക്കേണ്ടതാണ്.

| ക്ര.നം | വിവരണം | | പദവി |
|---|---|---|---|
| 1. | തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ | : | ചെയർപേഴ്സൺ |
| 2. | പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ അലോപ്പതി മെഡിക്കൽ ഓഫീസർ | : | കൺവീനർ |
| 3. | ആരോഗ്യ വിഷയ ചുമതലയുള്ള സ്റ്റാന്റിംഗ്കമ്മിറ്റിചെയർപേഴ്സൺ | : | മെമ്പർ |
| 4. | ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : | മെമ്പർ |
| 5. | ആയ്യൂർവ്വേദ മെഡിക്കൽ ഓഫീസർ | : | മെമ്പർ |
| 6. | ഹോമിയോപ്പതി മെഡിക്കൽ ഓഫീസർ | : | മെമ്പർ |
| 7. | തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി | : | മെമ്പർ |
| 8. | ഹോംകെയറിന് നിയോഗിക്കപ്പെടുന്ന പാലിയേറ്റീവ് കെയർ നേഴ്സ് | : | മെമ്പർ |
| 9. | സി.ഡി.എസ് ചെയർപേഴ്സൺ | : | മെമ്പർ |

എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി ഈ കമ്മറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ടു പ്രതിമാസ യോഗങ്ങൾക്കിടയിലും ഈ കമ്മിറ്റിക്ക് യോഗം ചേർന്ന് വിലയിരുത്തൽ നടത്താവുന്നതാണ്. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സെക്രട്ടറി, ഡോക്ടർ എന്നിവരെ ആവശ്യമെങ്കിൽ ഈ യോഗത്തിലേക്ക് ക്ഷണിക്കാവുന്നതാണ്.

## 14.3 ഭാഗ്യക്കുറി വകുപ്പ് ധനസഹായം

### 14.3.1 കാരുണ്യ ബെനവലന്റ് പദ്ധതി

നമ്മുടെ സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് നിശ്ചിത രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ചികിത്സാ ധനസഹായ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടപ്പാക്കി വരുന്ന കാരുണ്യ, കാരുണ്യ പ്ലസ് എന്നീ പ്രതിവാര ഭാഗ്യക്കുറികളിൽ നിന്നുള്ള വരുമാനമാണ് ഈ പദ്ധതിക്കുവേണ്ടി നീക്കി വച്ചിട്ടുള്ളത്.

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്ക് പുറമേ അവയവദാതാവിനുള്ള ചികിത്സയ്ക്കായി കെ.ബി.എഫിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നതാണ്. വൃക്കദാതാവും വൃക്ക സ്വീകരിക്കുന്ന രോഗിയും ഒരേ റേഷൻ കാർഡിൽ പേരുള്ളവരായാൽ പ്രസ്തുത കുടുംബത്തിന് അനുവദിക്കുന്ന ചികിത്സ തുക 3 ലക്ഷം രൂപവരെയായിരിക്കും.

### 14.3.2 ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർ

മൂന്നു ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

### 14.3.3 ധനസഹായം 5000 ക രോഗികളും/ രോഗങ്ങളും

ആശുപത്രികളിലെ ഇൻപേഷ്യന്റ് /ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിലായി വിവിധ രോഗങ്ങൾക്കായി ചികിത്സിക്കുന്ന എല്ലാ രോഗികൾക്കും 5000/- രൂപ വരെ ഒറ്റത്തവണയായി ലഭിക്കും.

*ഇതിനായി സമർപ്പിക്കേണ്ട രേഖകൾ*

1. അപേക്ഷ
2. റേഷൻ കാർഡിന്റെ പകർപ്പ്.
3. സർക്കാർ/സ്വകാര്യ ആശുപത്രിയിൽ രോഗിയുടെ ഇൻപേഷ്യന്റ് / ഔട്ട് പേഷ്യന്റ് റെക്കോർഡിന്റെ പകർപ്പ്

### 14.3.4 ധനസഹായം പരമാവധി 2 ലക്ഷം രൂപ

രോഗങ്ങളും ധനസഹായത്തിനുള്ള നിബന്ധനകളും താഴെ പറയുന്നു.

1. **ഹൃദയ സംബന്ധമായ രോഗങ്ങൾ** : ഹൃദ്രോഗികൾക്ക് ശസ്ത്രക്രിയയുടെ ചെലവുകൾ മാത്രം ലഭിക്കുന്നു. ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ബൈപാസ്/ഓപ്പൺഹാർട്ട് ശസ്ത്രക്രിയകൾ എന്നിവയ്ക്കുള്ള ചെലവ്, സ്റ്റെന്റിന്റെ വില എന്നിവ ധനസഹായത്തിനായി പരിഗണിക്കും.
2. തലച്ചോർ, കരൾ ശസ്ത്രക്രിയകൾ : ഇവയ്ക്ക് പ്രത്യേകം ചികിത്സാ പായ്ക്കേജ് പ്രകാരം ധനസഹായം അനുവദിക്കും.
3. **വൃക്ക, കരൾ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ** : ഇത്തരം ശസ്ത്രക്രിയകൾക്കെല്ലാം ധനസഹായത്തിന് അർഹതയുണ്ട്. വൃക്ക മാറ്റിവയ്ക്കലിന് ജില്ലാ ഓതറൈസേഷൻ കമ്മിറ്റി സാക്ഷ്യപ്പെടുത്തുന്ന ദാതാക്കളിൽ നിന്നും വൃക്ക സ്വീകരിക്കുന്നവർക്കു മാത്രമേ ധനസഹായം ലഭിക്കുകയുള്ളു.
4. **വൃക്ക രോഗികൾ** :
   **ഡയാലിസിസ്** : പരമാവധി പരിധിയ്ക്കു വിധേയമായി മാത്രമേ ഡയാലിസിസിന് ധനസഹായം അനുവദിക്കുകയുള്ളു. ഡയാലിസിസിന്റെ കാലപരിധി കണക്കിലെടുക്കാതെ നിശ്ചിത എണ്ണം ഡയലിസിസുകളുടെ ചെലവുകൾ അനുവദിക്കുന്നതാണ്.

   1. വൃക്ക മാറ്റിവയ്ക്കലിനുശേഷമുള്ള തുടർചികിത്സ
   2. പെരിറ്റോണിയൽ ഡയാലിസിസ് : ഇതിനാവശ്യമായ മരുന്നും ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കുന്നതാണ്.
   3. **ക്യാൻസർ രോഗികൾ**: ശസ്ത്രക്രിയാ ചെലവുകൾക്ക് പുറമേ കീമോതെറാപ്പി/റേഡിയോ തെറാപ്പി എന്നിവ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് ധനസഹായം ലഭിക്കും. ഹീമോഫീലിയ രോഗികൾ പരിമാവധി ധനസഹായ പരിധിക്കുള്ളിൽ നിർത്തി ഈ രോഗചികിത്സയ്ക്ക് അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമായ ഫാക്ടറുകൾ ഈ പദ്ധതിയിൽ നിന്നും ചുമതലപ്പെടുത്തുന്ന പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഓരോ ജില്ലയിലെയും നിയുക്ത സർക്കാർ ആശുപത്രി (Designated Govt. Hospitals) കളിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയരോഗികൾ ഉണ്ടെങ്കിൽ ഓരോ രോഗിക്കും പരമാവധി 3 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം ലഭിക്കും.

   സാന്ത്വന ചികിത്സ (പാലിയേറ്റീവ് കെയർ) : ഈ വിഭാഗത്തിൽ അനുവദനീയ ധനസഹായം സംസ്ഥാന ജില്ലാ സമിതികൾ തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങൾ അതിലെ രോഗികൾക്ക് നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മരുന്നുകൾക്കു പുറമേ സ്ഥിരമായ ശുശ്രൂഷയും ആരോഗ്യ പരിചരണവും കൗൺസലിംഗും നൽകുന്നവരാകണം.

ഇക്കാര്യം ജില്ലാതല സമിതികൾ പരിശോധിച്ച് ഉറപ്പാക്കുന്നതാണ്.

4. മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന, നാഡി എന്നിവ സംബന്ധിച്ച മാരക രോഗങ്ങൾ ഇവയുടെ ചികിത്സയ്ക്കും ധനസഹായം ലഭിക്കുന്നതാണ്.

### 14.3.5 ചികിത്സാനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ

a) നിലവിൽ നിശ്ചിത രോഗങ്ങളുടെ ചികിത്സയ്ക്കായി ആശുപത്രിയിൽ കിടക്കുന്നവർക്കും, ഓപ്പറേഷൻ ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് തീയതി നിശ്ചയിച്ചിട്ടുള്ളവർക്കും ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷിക്കാം. എന്നാൽ ആശുപത്രിയിൽ കിടന്നുള്ള ചികിത്സ തുടർന്നു കൊണ്ടിരിക്കുന്ന രോഗികൾക്ക് അപേക്ഷ നൽകുന്ന തീയതിക്കു മുൻപ് പൂർത്തിയായ ചികിത്സക്കു ചെലവായ തുക ഈ പദ്ധതി പ്രകാരം ലഭിക്കുകയില്ല.

b) ആവശ്യമായ എല്ലാ രേഖകളോടും കൂടിയുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാഭാഗ്യക്കുറി ഓഫീസിൽ സ്വീകരിച്ച തീയതി മുതൽക്കാണ് ധനസഹായത്തിന് അർഹതയുള്ളത്.

c) ചികിത്സ പൂർത്തിയാക്കിയവർക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയില്ല.

d) റീഇംബേഴ്സ്മെന്റ് ആനുകൂല്യമുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും, ഇ.എസ്.ഐ. ആനുകൂല്യമുള്ള സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഈ പദ്ധതിപ്രകാരം ചികിത്സാധനസഹായം ലഭിക്കുകയില്ല.

e) ധനസഹായം ഒരു കുടുംബത്തിലെ ഒരാൾക്കോ, ഒന്നിലധികം പേർക്കോ ലഭിക്കും. ഒറ്റത്തവണയായോ പലതവണകളായോ സഹായം ലഭിക്കുന്നതാണ്. ഒരു കുടുംബത്തിൽ അംഗങ്ങളായ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഒരു കുടംബത്തിന് പരമാവധി ലഭിയ്ക്കാവുന്ന ധനസഹായതുകയായ 2 ലക്ഷം രൂപ എന്ന പരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഹീമോഫീലിയ രോഗികളായ ഓരോ വ്യക്തിക്കും 2 ലക്ഷം രൂപ വീതം ചികിത്സാധനസഹായം ലഭിക്കുന്നതാണ്. ആ ജീവനാന്തം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്ന് സൗജന്യമായി ലഭിക്കുന്നതാണ്.

f) ആർ.എസ്.ബി.വൈ, ചിസ്പ്ലസ് തുടങ്ങിയ പദ്ധതികളിലെ ആനുകൂല്യങ്ങൾക്കർഹരായ രോഗികൾക്കും ധനസഹായം ലഭിക്കും.

### 14.3.6 ചികിത്സാധനസഹായത്തിനായി സമർപ്പിക്കേണ്ട രേഖകൾ

1. **അപേക്ഷ ഫോറം മുൻകൂർ ചികിത്സാ അനുമതിക്കുവേണ്ടി**

   * ചികിത്സയ്ക്ക് മുമ്പായി അപേക്ഷിക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമാണ്.
   * ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തശേഷം അപേക്ഷിക്കുന്നതിന് നിശ്ചിത ഫോറങ്ങളിൽ അപേക്ഷ നൽകേണ്ടതാണ്.

2. ചികിത്സ തുക മടക്കി കിട്ടുന്നതിനു നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ നൽകണം.

3. എസ്റ്റിമേറ്റ് ഓഫ് എക്സ്പെൻഡിച്ചർ അപേക്ഷാ ഫോറം, രോഗി ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

**കൂടാതെ ചുവടെ പറയുന്ന രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.**

1. രോഗി ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പ് - പേജ് 1, 2, 3, 22
2. രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ
3. രോഗിയും കുടുംബാംഗങ്ങളും താമസിക്കുന്ന വീടിനുമുന്നിൽ വച്ച് വീടുകൂടി കാണത്തക്കവിധം എടുത്തിട്ടുള്ള ഒരു കുടുംബ കളർ ഫോട്ടോ.
4. സർക്കാർ ആശുപത്രിയിലെ ചികിത്സയ്ക്ക് ധനസഹായത്തിനായി അപേക്ഷിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കൾ ധനസഹായത്തുക ആശുപത്രിയിൽ ലഭിക്കുന്നതിനു മുമ്പേ അടിയന്തിര

സാഹചര്യത്തിൽ സ്വന്തം കയ്യിൽ നിന്നും തുക ചെലവാക്കി ചികിത്സ നടത്തേണ്ടി വന്നിട്ടുണ്ടെങ്കിൽ ഈ തുക തിരികെ (റീ ഇംബേഴ്സ്മെന്റായി) ലഭിയ്ക്കുന്നതാണ്.

### 14.3.7 പ്രത്യേക പരിപാടികൾ

1. കാരുണ്യ ഡയാലിസിസ് സെന്റർ
2. കാരുണ്യഹോം
3. ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സാ ധനസഹായം

അപേക്ഷാ ഫോറങ്ങൾ ജില്ലാ ലോട്ടറി ഓഫീസ്, ലോട്ടറി ഏജന്റുമാർ എന്നിവിടങ്ങളിൽ നിന്നും ലഭിയ്ക്കും. കൂടാതെ www.keralalotteries.com, www.karunya.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭിക്കും. ഗുണഭോക്താവ് (രോഗി) സ്ഥിരമായി താമസിക്കുന്നതും റേഷൻ കാർഡുള്ളതുമായ ജില്ലയിലെ ജില്ലാഭാഗ്യക്കുറി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്

### 14.3.8 ചികിത്സാ ധനസഹായം സംബന്ധിച്ചുള്ള പരാതികൾ

a. അതത് ജില്ലാ ലോട്ടറി ഓഫീസുകളിൽ പരാതി നൽകാം

b. സംസ്ഥാനതലത്തിൽ പരാതി നൽകേണ്ട മേൽവിലാസം

**അഡ്മിനിസ്ട്രേറ്റർ , കാരുണ്യ ബെനവലന്റ് ഫണ്ട്, വൃന്ദാവൻ ഹൗസിംഗ് സ്കീം, പട്ടം, തിരുവനന്തപുരം – 695 004. , ഫോൺ 0471-2442363,**

c. ഇ-മെയിൽ വഴി പരാതി അയയ്ക്കാൻ: karunya.complaint@gmail.com

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭിക്കുന്ന വെബ്സൈറ്റുകൾ www.keralalotteries.com , www.karunya.kerala.gov.in

### 14.3.9 ചികിത്സ തേടാവുന്ന സർക്കാർ / സർക്കാർ നിയന്ത്രിത ആശുപത്രികൾ

നിശ്ചിതരോഗങ്ങൾക്ക് വിദഗ്ദ്ധചികിത്സ ലഭിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും രോഗികൾക്ക് ചികിത്സതേടാവുന്നതാണ്.

## 14.4 സമാശ്വാസം പദ്ധതികൾ

### 14.4.1 സമാശ്വാസം പദ്ധതി I :

വൃക്കയ്ക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

**അനുവദിക്കുന്ന ധനസഹായം :-**

പ്രതിമാസം 1130/- രൂപ നിരക്കിൽ

മാനദണ്ഡങ്ങൾ :-

- ബി.പി.എൽ വിഭാഗത്തിൽപെടുന്നുവെന്ന് തെളിയിക്കുന്ന ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

- രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തി നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.

- അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.

- ആധാർ കാർഡ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

- അപേക്ഷാഫോറം, ഐ.സി.ഡി.എസ്പ്രോജക്ട് ആഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷഫോറം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവാദത്തിനായി നൽകുന്നു.

### 14.4.2 സമാശ്വാസം II.

വൃക്ക/കരൾ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് പ്രതിമാസം 1300 രൂപ നിരക്കിൽ അനുവദിക്കുന്നു. 1 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം അനുവദിക്കുന്നത്.

മാനദണ്ഡങ്ങൾ :

1. വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർ ചികിത്സ നടത്തുന്നയാളാണെന്ന് വൃക്ക/കരൾ രോഗ വിദഗ്ദ്ധൻ നൽകുന്ന സർട്ടിഫിക്കറ്റ്
2. വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം ബന്ധപ്പെട്ട ആശുപത്രികൾ നൽകുന്ന ഡിസ്ചാർജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. കുടുംബവാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.
4. അപേക്ഷകന്റെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ പാസ്സ്ബുക്കിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

അപേക്ഷാഫോറം, ഐ.സി.ഡി.എസ്പ്രോജക്ട് ആഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ മുഴുവൻ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശസഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവാദത്തിനായി നൽകുന്നു.

### 14.4.3 സമാശ്വാസം III

രക്തം കട്ട പിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവു മൂലം ഹീമോഫീലിയായും അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് പ്രതിമാസം 1300/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. വരുമാന പരിധി ബാധകമാക്കാതെയാണ് ധനസഹായം അനുവദിക്കുന്നത്.

ഹീമോഫീലിയരോഗിയാണെന്ന് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ / ആലുവ ജില്ലാ ആശുപത്രിയിലെ/പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെഡിസിൻ/ പീഡിയാട്രിക്/ ഹെമറ്റോളജി വിഭാഗങ്ങളിലെ ഏതെങ്കിലും ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. ടി സർട്ടിഫിക്കറ്റിൽ വകുപ്പ് തലവനോ ആശുപത്രി സൂപ്രണ്ടോ മേലൊപ്പിട്ടിരിക്കേണ്ടതാണ്.

നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് ലഭിക്കുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് നൽകേണ്ടതാണ്. നിശ്ചിതഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചു നൽകേണ്ടതാണ്.

അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്.

### 14.4.4 സമാശ്വാസം IV

സംസ്ഥാനത്തെ അരിവാൾ രോഗം ബാധിച്ച നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികളാണ് പദ്ധതി ഗുണഭോക്താക്കൾ.

**അർഹത**

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.
- അപേക്ഷകർ അരിവാൾ രോഗം (HBS) ബാധിച്ചവരോ HBS (Sickle Hemoglobine Allie and Sickle Cell Diseases ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- (HBAS) Sickel cell trair cases ന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾ രോഗം ബാധിച്ചവരെ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ.

**അനുവദിയ്ക്കുന്ന ധനസഹായം**

പ്രതിമാസം 1300/- രൂപ നിരക്കിലുള്ള ധനസഹായം

**ധനസഹായത്തിനുള്ള നടപടിക്രമങ്ങൾ**

- അപേക്ഷയോടൊപ്പം കോഴിക്കോട് മെഡിക്കൽ കോളേജ് പാത്തോളജി വിഭാഗം വകുപ്പ്തല മേധാവിയുടെയോ, അദ്ദേഹം ചുമതലപ്പെടുത്തിയ ഡോക്ടറുടെയോ സർട്ടിഫിക്കറ്റ് നൽകണം.
- വില്ലേജ് ഓഫീസർ നൽകുന്ന ജാതിസർട്ടിഫിക്കറ്റ് നൽകണം.
- ബി.പി.എൽ റേഷൻകാർഡിന്റെ ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്ത കോപ്പി.
- അപേക്ഷകന്റെ പേരിൽ കോർ ബാങ്കിംഗ് സൗകര്യമുള്ള നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ള പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, അഡ്രസ്സ് എന്നിവ ഉൾപ്പെട്ട പേജിന്റെ പകർപ്പ് നൽകണം.
- അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ്.

**അപേക്ഷ ലഭിക്കുന്ന സ്ഥലങ്ങൾ**

- സാമൂഹ്യ സുരക്ഷാ മിഷന്റെ ആഫീസ്
- സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്
- ജില്ലാ സാമൂഹ്യ നീതി ആഫീസുകൾ
- സുരക്ഷാ മിഷന്റെ വയോമിത്രം പ്രോജക്ട് ആഫീസുകൾ

**അപേക്ഷ നൽകേണ്ട ആഫീസ്**
നിശ്ചിതമാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

### 14.4.5 കാരുണ്യ ഡെപ്പോസിറ്റ് സ്കീം

ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിന് ശേഷം നിക്ഷേപിച്ച തുക തിരിച്ചു നൽകുകയും, ടി തുകയിൽ നിന്ന് ലഭിക്കുന്ന പലിശയും സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് നൽകുകയും ചെയ്യുന്ന പദ്ധതി. ഗുണഭോക്താവിനെ തെരഞ്ഞെടുക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്.

## 14.5 സാമൂഹ്യനീതി വകുപ്പ് വഴിയുള്ള ധനസഹായങ്ങൾ

### 14.5.1 തടവുകാരുടെ ആശ്രിതരുടെ പുനരധിവാസപദ്ധതി

ഏഴ് വർഷമോ അതിന് മുകളിലോ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുബാംഗങ്ങളുടെ പുനരധിവാസ ത്തിന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായപദ്ധതിയാണിത്. സ്വയംതൊഴിൽ കണ്ടെത്തു ന്നതിന് ലഭിക്കുന്ന ബാങ്ക് വായ്പയുടെ 30% മോ 13000 രൂപയോ ഏതാണോ കുറവ് അത് അപേക്ഷകന് ലഭിക്കുന്നു. മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ്. സമർപ്പിക്കേണ്ടത്.

### 14.5.2 ആക്രമണങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം

ആക്രമത്തിന് ഇരയായവരുടെ ചികിത്സ വീടിന്റെ കേടുപാട് തീർക്കൽ , കൃഷിക്കുണ്ടായ നാശനഷ്ട ങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, സ്വയംതൊഴിൽ കണ്ടെത്തൽ തുടങ്ങിയ പുനരധിവാസ പ്രവർത്തന ങ്ങൾക്കായി 13000/ രൂപ വരെ ധനസഹായമായി നല്കിവരുന്നു. ജില്ലാതലത്തിൽ കളക്ടർ , സൂപ്രണ്ട് ഓഫ് പോലീസ് മുതലയാവരുൾപ്പെടുന്ന കമ്മിറ്റി കുറ്റകൃത്യങ്ങളിലിരയാകുന്നവരുടെ കേസുകൾ പരിഗ ണിച്ച് ശുപാർശ ചെയ്യുന്നു. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

### 14.5.3 മുൻകുറ്റവാളികൾക്കുള്ള ധനസഹായം

ജയിൽ മോചിതരായ മുൻ കുറ്റവാളികൾ, പ്രൊബേഷൻ ഓഫ് ഒഫെൻഡേഴ്സ് ആക്ട് പ്രകാരം പ്രൊബേഷൻ റിലീസ് ലഭിച്ച പ്രൊബേഷണർമാർ ജുവനൈൽ ഹോമുകളിൽ നിന്നും വിടുതൽ ചെയ്ത വർ എന്നിവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നല്കിവരുന്നു. ദരിദ്രകുടുംബത്തിൽപ്പെട്ടവർക്ക് ഉപജീവനമാർഗ്ഗത്തിനായി ഏതെങ്കിലും തൊഴിൽ ആരംഭിക്കുന്നതിനാണ് ഈ സഹായം പരമാവധി 15000/ രൂപയാണ് ലഭിക്കുക.ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസുകളിലാണ് അപേക്ഷ നൽകേണ്ട ത്.

### 14.5.4 അനാഥമന്ദിരങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സന്നദ്ധസംഘടനകൾ നടത്തുന്ന ഓർഫനേജു കൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ എന്നിവയ്ക്കാണ് സാമൂഹ്യ നീതി വകുപ്പിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നത്. ഒരു അന്തേവാസിക്ക് പ്രതിമാസം 750/ രൂപയാണ് ഗ്രാന്റ്. പ്രസ്തുത ഹോമുകളിൽ പ്രവേ ശിക്കപ്പെട്ട അഞ്ച് വയസിനും 21 വയസിനും ഇടയിൽ പ്രായമുള്ള അനാഥരും ഉപേക്ഷിക്കപ്പെട്ടവരു മായ കുട്ടികൾക്ക് ഗ്രാന്റിനർഹതയുണ്ട്. 55 വയസിന് മുകളിൽ പ്രായമുള്ള ആലംബഹീനരും നിർധനരു മായ വൃദ്ധജനങ്ങൾക്കും ഗ്രാന്റ് ലഭിക്കും. കൂടാതെ 55 വയസിന് താഴെ പ്രായമുള്ള അംഗവൈകല്യം കൊണ്ടോ മാനസിക അസ്വസ്ഥത കൊണ്ടോ സാധാരണ ജീവിതം നയിക്കാൻ കഴിയാത്തവർക്കും മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റിന് അർഹതയുണ്ട്.

ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർക്ക് മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ എല്ലാ വർഷവും ജൂൺ ഒന്നിന് മുൻപായി സമർപ്പിക്കേണ്ടതാണ്.

### 14.5.5 സന്നദ്ധസംഘടനകൾക്കുള്ള ധനസഹായപദ്ധതി

മദ്യത്തിനും മയക്ക് മരുന്നിനും അടിമപ്പെട്ടുപോയ ജനവിഭാഗങ്ങളെ മെച്ചപ്പെട്ട രീതിയിൽ പുനരധിവസിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനും ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനും കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ലഹരിവസ്തുകൾക്ക് അടിമപ്പെട്ടുപോയവർക്ക് ലഹരിവിമുക്ത കേന്ദ്രങ്ങളിലൂടെ പുനരധിവാസം സാധ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ബന്ധപ്പെട്ട ജില്ലാസാമൂഹ്യനീതിവകുപ്പ് ഓഫീസർക്ക് മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### 14.5.6 ദുർബലജനവിഭാഗങ്ങൾക്കുള്ള സംരക്ഷണ പുനരധിവാസ പദ്ധതി

അനാരോഗ്യം ബാധിച്ച നിരാശ്രയർക്കും അശരണരായി തെരവിൽ അലയുന്നവർക്കും രോഗം ഭേദമായ ശേഷവും ആശുപത്രികളിൽ കഴിയാൻ വിധിക്കപ്പെട്ടവർക്കും സംരക്ഷണവും നൽകുന്ന പദ്ധതിയാണിത്. ഇത്തരക്കാർക്ക് സംരക്ഷണവും ചുമതലയും നല്കാൻ തയ്യാറുള്ള സന്നദ്ധസംഘടനകളെ തിരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അപേക്ഷ സാമൂഹ്യനീതിവകുപ്പ് ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്.

### 14.5.7 മിശ്രവിവാഹ ധനസഹായപദ്ധതി

വാർഷികവരുമാനം 22000/ രൂപയിൽ കവിയാത്തവർക്കും വിവാഹം കഴിഞ്ഞ് രണ്ട് വർഷം പൂർത്തിയാക്കുകയും മൂന്ന് വർഷം കഴിയാത്തവർക്കുമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. എസ്.സി/ എസ്.ടി ഒഴികെയുള്ള മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന 30000/ രൂപാ വരെ ധനസഹായം നല്കിവരുന്നുണ്ട്. മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതിവകുപ്പ് ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്.

### 14.5.8 സ്നേഹസ്പർശം – അവിവാഹിതരായ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പുനരധിവാസം

ആദിവാസി വിഭാഗക്കാരുടെ ഇടയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം കൂടി വരുന്നു. വയനാട് ജില്ലയിലെ പട്ടികവർഗ സങ്കേതങ്ങളിലാണ് ഏറ്റവുമധികം അമ്മമാരുള്ളത്. ഇവർക്ക് സഹായമായി മാസം തോറും 1300/ രൂപ പെൻഷൻ നല്കുന്ന പദ്ധതിയാണ് ഉദ്ദേശിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽ ഏകദേശം 1300 പേർക്കും പട്ടികജാതി വിഭാഗത്തിലും മറ്റ് വിഭാഗങ്ങളിലുമായി ഏകദേശം 2000/ പേർക്കും ധനസഹായം നൽകുന്നു.

## 14.6 ലാന്റ് റവന്യൂ വകുപ്പ് വഴി നൽകുന്ന ധനസഹായം

### 14.6.1 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

പാവപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്ക് ചികിത്സ ധനസഹായം, അപകടമരണങ്ങൾക്ക് ഇരയാകുന്നവർക്ക് അടിയന്തര ധനസഹായം, വാസഗൃഹങ്ങൾ, ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവടസ്ഥാപനങ്ങൾ എന്നിവയ്ക്ക്, തീപിടിത്തം കുഴപ്പമുണ്ടാകുമ്പോൾ ദുരിതത്തിലാകുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുക എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കാണ് ഈ പദ്ധതി മുഖേന സഹായം ലഭിക്കുന്നത്.

**എ. അർഹതാമാനദണ്ഡം**

1. വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് ഈ സഹായം ലഭിക്കുന്നത്.
2. ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ. എന്നാൽ മാരകരോഗങ്ങൾ ഉള്ളവർക്ക് (ക്യാൻസർ, കിഡ്നി, ഹൃദയസം

ബന്ധമായ അസുഖങ്ങൾക്ക്) പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരിക്കൽ ധനസഹായം ലഭിച്ച് 2 വർഷത്തിന് ശേഷം വീണ്ടും അപേക്ഷിക്കാവുന്നതാണ്.

3. അപകടമരണം നടന്ന കേസുകളിൽ ഒരു വർഷത്തിനുള്ളിൽ ആശ്രിതർ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.

**ഹാജരാക്കേണ്ട രേഖകൾ**

- നിശ്ചിത മാതൃകയിലുള്ള അപേക്ഷ
- വരുമാന സർട്ടിഫിക്കറ്റ്,
- അസുഖ ബാധിതരുടെ കാര്യത്തിൽ നിശ്ചിത മാതൃകയിൽ 6 മാസത്തിനുള്ളിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, ഡോക്ടറുടെ ഒപ്പും തീയതിയും നിർബന്ധമായും ഉണ്ടായിരിക്കണം.
- അപകടമരണം നടന്ന കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ പകർപ്പുകൾ,
- തീപിടുത്തം നടന്ന കേസുകളിൽ എഫ്.ഐ.ആർ അഗ്നിശമനസേനയുടെ റിപ്പോർട്ട്
- അപേക്ഷകന്റെ സത്യപ്രസ്താവന സഹിതം വില്ലേജ് ഓഫീസർക്ക് നൽകുക.

## 14.6.2 ദേശീയ കുടുംബക്ഷേമ പദ്ധതി (National Family Benefit Scheme- NFBS)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ മുഖ്യ അന്നദാതാവ് (പ്രധാന വരുമാനമുണ്ടാക്കി കുടുംബത്തെ സംരക്ഷിച്ചു വരുന്ന വ്യക്തി) മരണപ്പെട്ടാൽ വ്യക്തിയുടെ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ, മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന അച്ഛനമ്മമാർ എന്നിവർക്കാണ് ധനസഹായം ലഭിക്കുന്നത്. ഈ പദ്ധതിപ്രകാരം 20000/ രൂപ ആണ് ധനസഹായം ലഭിക്കുന്നത്.

**എ. അർഹതാമാനദണ്ഡം**

1. മരണപ്പെട്ട വ്യക്തി മരണം സംഭവിക്കുന്നതിന് മുമ്പ് മൂന്ന് വർഷം കേരളത്തിൽ സ്ഥിരതാമസമാക്കിയിരിക്കണം.
2. മരണപ്പെട്ട വ്യക്തിയുടെ പ്രായം 18 വയസ്സിനും മുകളിലും 60 വയസ്സിനു താഴെയും ആയിരിക്കണം.
3. മരണം സംഭവിച്ച് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കണം.

**ഹാജരാക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട അപേക്ഷയുടെ രണ്ട് പകർപ്പ്,
- അപേക്ഷകനും മരണപ്പെട്ട ആളും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,
- മരണസർട്ടിഫിക്കറ്റ്,
- മരണപ്പെട്ടയാളുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,
- അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ സഹിതം വില്ലേജ് ഓഫീസർക്ക് നൽകണം

## 14.6.3 വാഹനാപകടങ്ങൾക്കിരയാകുന്നവർക്കുള്ള ധനസഹായം

വാഹനപകടത്തിൽപ്പെടുന്നവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതിപ്രകാരം ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇൻഷുറൻസ് കമ്പനികളുമായി ചേർന്നാണ് ജില്ലാ കളക്ടർമാർ ധനസഹായം അനുവദിക്കുന്നത്. പരിക്കേറ്റവർക്ക് 500/ രൂപവരെയും മരിച്ചവരുടെ ആശ്രിതർക്ക് 1300/- രൂപ വരെയും ഇടക്കാലാശ്വാസമായി തഹസിൽദാർക്ക് അനുവദിക്കാം 5000/ രൂപ വരെയുള്ള ധനസഹായം ഇൻഷുറൻസ് കമ്പനികളുമായി ചേർന്ന് കളക്ടർക്ക് അനുവദിക്കാം. വാഹനം തിരിച്ചറിയാത്ത സാഹചര്യത്തിലും സഹായം ലഭിക്കും . സഹായത്തിന് പോലീസ് മഹസ്സറും മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കണം.

### 14.6.4 വിവിധ രോഗചികിത്സാ പദ്ധതികൾ

- <u>ക്ഷയരോഗികൾക്കുള്ള ധനസഹായം</u>

നിർധനരായ ക്ഷയരോഗികൾക്കു വേണ്ടിയുള്ള സാമ്പത്തികസഹായപദ്ധതിയാണിത്.

1. ഒരു വർഷത്തിലധികമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം
2. ടി.ബി.ക്ലിനിക്കിലോ, ആശുപത്രിയിലോ, സാനിട്ടോറിയത്തിലോ, പ്രവേശിപ്പിച്ചിട്ടില്ലാത്ത രോഗികൾക്കാണ് ധനസഹായത്തിനർഹത.
3. വാർഷിക വരുമാനപരിധി 1,00,000/ രൂപ

- <u>കുഷ്ഠരോഗികൾക്കുള്ള ധനസഹായം</u>

അഗതികളായ കുഷ്ഠരോഗികൾക്ക് വേണ്ടിയുള്ള ധനസഹായ പദ്ധതിയാണിത്.

1. രണ്ട് വർഷത്തിലധികമായ കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം
2. വാർഷിക വരുമാനപരിധി 1,00,000/

- <u>ക്യാൻസർരോഗികൾക്കുള്ള ധനസഹായം</u>

അഗതികളായ ക്യാൻസർ രോഗികൾക്കുവേണ്ടിയുള്ള ധനസഹായം പദ്ധതിയാണിത്.പ്രതിമാസം 1300/ രൂപയാണ് ധനസഹായം.

### 14.6.5 അവശകലാകാരന്മാർക്കുള്ള പെൻഷൻ

കേരളത്തിൽ അവശതയനുവഭിക്കുന്ന പാവപ്പെട്ട കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രതിമാസം 500/ രൂപമുതൽ 2000/ രൂപ വരെയാണ് പെൻഷൻ തുക.

1. അപേക്ഷന്റെ കുടുംബ വാർഷിക വരുമാനം 24,000/രൂപയിൽ കവിയരുത്.
2. പരമ്പരാഗത പണ്ഡിതന്മാർ /പാരമ്പര്യകലകളിൽ പ്രാവീണ്യം തെളിയിച്ചവർ
3. അപേക്ഷകന് 58 വയസ്സ് പൂർത്തിയായിരിക്കണം.

- <u>സർക്കസ് കലാകാരന്മാർക്കുള്ള പെൻഷൻ</u>

കേരളത്തിൽ സർക്കസ് തൊഴിലാളി സ്വീകരിച്ചവരും അവശതയനുഭവിക്കുന്നവരുമായ പാവപ്പെട്ട കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രതിമാസം 1300/ രൂപയാണ് പെൻഷൻ തുക.

<u>ധനസഹായത്തിന് അർഹതയുള്ളവർ</u>

1. 15 വർഷമെങ്കിലും സർക്കസിൽ പ്രവർത്തിച്ചവരായിരിക്കണം
2. വാർഷിക വരുമാനം 36,000/ രൂപയിൽ കവിയരുത്
3. 45 വയസ്സ് പൂർത്തിയായ സർക്കസ് കലാകാരന്മാർ
4. 35 വയസ്സ് പൂർത്തിയായ സർക്കസ് കലാകാരികൾ
5. 13 വർഷത്തിൽക്കൂടുതൽ കേരളത്തിൽ സ്ഥിരതാമസമാക്കിയ അന്യസംസ്ഥാന സർക്കസ് കലാകാരന്മാർ

നിർദ്ദിഷ്ട ഫോറത്തിൽ രേഖകൾ സഹിതം അപേക്ഷ വില്ലേജ്/താലൂക്ക് കളക്ടറേറ്റ് എന്നിവിടങ്ങളിൽ നൽകണം

### 14.6.6 സ്വാതന്ത്ര്യസമരസേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള സഹായം

ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികളുടെ മരണാനന്തരച്ചടങ്ങുകൾക്കായി സർക്കാർ ജില്ലാകളക്ടർ മുഖേന 5000/ രൂപ നൽകുന്നു.

### 14.6.7 പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട് നൽകുന്ന ധനസഹായം

#### 14.6.7(1) കടൽക്ഷോഭം/മഴക്കെടുതി

- കടൽക്ഷോഭം/മഴക്കെടുതി എന്നിവയിൽപ്പെട്ട മരണമടഞ്ഞ കുട്ടികളുടെ കുടുംബത്തിന് 200000/ രൂപ ധനസഹായം ലഭിക്കുന്നു (ഉത്തരവ് ജി.ഒ (എം.എസ്) നം.305/13/റവ.തീയതി 24.06.2013)

- കടൽക്ഷോഭം/മഴക്കെടുതി എന്നിവയിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ, ആദിവാസികൾ എന്നിവർക്ക് രണ്ടാഴ്ച്ചത്തേക്ക് സൗജന്യറേഷൻ ലഭിക്കുന്നു. (സ.ഉ (എം.എസ്)നം.270/13/റവ. തീയതി 21.06.2013)

- കടൽക്ഷോഭം/മഴക്കെടുതി എന്നിവയിൽപ്പെട്ട മരണമടഞ്ഞ മുതിർന്നവരുടെ കുടുംബങ്ങൾക്ക് 200000/ രൂപ ധനസഹായം നൽകുന്നു.(സ.ഉ (എം.എസ്)നം.270/13/റവ. തീയതി 21.06.2013).

- കാലവർഷക്കെടുതി മൂലം ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 2,00,000/ രൂപ ധനസഹായം വീടുകൾക്ക് 35000/ രൂപ ധനസഹായം നൽകുന്നു.(സ.ഉ (എം.എസ്)നം.270/13/റവ. തീയതി 21.06.2013)

#### 14.6.7(2) മഴക്കെടുതി

- സംസ്ഥാനത്തുണ്ടായ മഴക്കെടുതിയിൽ ദുരിതം അനുഭവിച്ച് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിപ്പാർപ്പിച്ച കുടുംബങ്ങൾക്ക് ലംപ്സം ഗ്രാന്റായി 2000/ രൂപയും രണ്ടാഴ്ച്ചത്തേക്കുള്ള സൗജന്യ റേഷനും നൽകുന്നു. ഇവർക്കാവശ്യമായ ഭക്ഷണം, മറ്റ് ചെലവുകൾ എന്നിവയും സർക്കാർ വഹിക്കുന്നു (സ.ഉ (എം.എസ്)നം.270/13/റവ. തീയതി 21.06.2013)

- മഴക്കെടുതിയിൽ വെള്ളം കയറിയ വീടുകളിൽ താമസിക്കുന്നവർക്കും വീട് സുരക്ഷിതമല്ലെന്ന് കണ്ട് വീട് മാറിത്താമസിച്ചവർക്കും രണ്ടാഴ്ച്ചത്തേക്ക് സൗജന്യറേഷൻ നൽകുന്നു. (സ.ഉ (എം.എസ്) നം.270/13/റവ. തീയതി 21.06.2013).

- മഴക്കെടുതിയിൽ ജീവഹാനി സംഭവിച്ചവരുടെ ശവസംസ്ക്കാരചടങ്ങുകൾക്കായി 13,000/ രൂപ നൽകുന്നു. (സ.ഉ(എം.എസ്)നം.270/13/റവ. തീയതി 21.06.2013).

### 14.6.8 റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങൾ

| സർട്ടിഫിക്കറ്റിന്റെ പേര് | സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സംസ്ഥാനത്ത്/സംസ്ഥാനത്തിന് പുറത്ത് | സാധുതാ കാലയളവ് | പൊതുവായ കാര്യങ്ങൾ |
|---|---|---|---|
| ജാതി സർട്ടിഫിക്കറ്റ്<br>പട്ടികജാതി<br>പട്ടികവർഗ്ഗം<br>ഇതരസമുദായം | തഹസിൽദാർ<br>തഹസിൽദാർ<br>വില്ലേജ് ഓഫീസർ<br>} തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് ജി.ഒ കൈയെഴുത്ത് നം.318/2008 തീയതി 23/09/2008 | അപേക്ഷകന്റെ സാമൂഹ്യ അവസ്ഥ, ജന്മാവസ്ഥകൾ, രേഖകൾ, പ്രാദേശിക അന്വേഷണം, സാക്ഷിമൊഴി എന്നിവ അടിസ്ഥാനമാക്കി |
| അഗതി സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ /<br>തഹസിൽദാർ | 3 വർഷം | വെള്ളപേപ്പറിൽ അപേക്ഷ, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, ബന്ധുക്കൾ, കൈവശ സ്വത്ത് സംബന്ധിച്ച പ്രസ്താവന, പ്രാദേശിക അന്വേഷണം |
| ഫാമിലി സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ /<br>തഹസിൽദാർ | 3 വർഷം | വെള്ളപേപ്പറിൽ അപേക്ഷ, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, ബന്ധുക്കൾ, കൈവശ സ്വത്ത് സംബന്ധിച്ച പ്രസ്താവന, പ്രാദേശിക അന്വേഷണം<br>ആവശ്യമെങ്കിൽ സാക്ഷി മൊഴി |
| വരുമാന സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ /<br>തഹസിൽദാർ | 1 വർഷം<br>സ.ഉ.അച്ചടിച്ചത്<br>16/2013/ആർ.ഡി തീയതി 25/4/2013 | റേഷൻ കാർഡ്, ഭൂമിയുടെ പ്രമാണം, ശമ്പള സർട്ടിഫിക്കറ്റ്, പ്രാദേശിക അന്വേഷണം |
| തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ /<br>തഹസിൽദാർ | 13 വർഷം | സ്ക്കൂൾ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, പ്രാദേശിക അന്വേഷണം |
| ലൊക്കേഷൻ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ /<br>തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | ആധാരം, പട്ടയം, കരമടച്ച രശീത്, ലഭ്യമായ മറ്റ് രേഖകൾ |
| നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ /<br>തഹസിൽദാർ<br>പ്രതിരോധവകുപ്പിലേക്കാണെങ്കിൽ ADM | ജീവിത കാലത്തേക്ക് | കേരളത്തിൽ ജനിച്ചവർക്കും അവരുടെ കുട്ടികൾക്കും മറ്റ് സംസ്ഥാനത്ത് ജനിച്ചവർക്കും വിവാഹിതരായി കേരളത്തിൽ സ്ഥിരതാമസ്സമായി താമസിക്കുന്നവരുടെ കുട്ടികൾക്കും. മറ്റുള്ളവർക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് |
| റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്.<br>ഭാര്യ/ഭർത്താവ് മറ്റുള്ളവർ | വില്ലേജ് ഓഫീസർ /<br>തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | റേഷൻ കാർഡ്, മറ്റ് രേഖകൾ, പ്രാദേശിക അന്വേഷണം |

| സർട്ടിഫിക്കറ്റിന്റെ പേര് | സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സംസ്ഥാനത്ത്/സംസ്ഥാനത്തിന് പുറത്ത് | സാധുതാ കാലയളവ് | പൊതുവായ കാര്യങ്ങൾ |
|---|---|---|---|
| റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | ലഭ്യമായ രേഖകൾ, അന്വേഷണ റിപ്പോർട്ട് |
| അനന്തരാവകാശ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | ആജീവനാന്തം | മരണ സർട്ടിഫിക്കറ്റ്, അവകാശികൾ, ബന്ധുക്കൾ, സാക്ഷികൾ എന്നിവരുടെ മൊഴി, ലഭ്യമായ റിക്കാർഡുകൾ, പ്രാദേശിക അന്വേഷണം |
| പൊസഷൻ & നോൺ അറ്റാച്ച്മെന്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | ആധാരം, കുടിക്കട സർട്ടിഫിക്കറ്റ്, നികുതി രശീത്, സ്ഥല പരിശോധന |
| സോൾവൻസി സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | അസ്സൽ ആധാരം, കുടിക്കട സർട്ടിഫിക്കറ്റ്, നികുതി രശീത്, സ്ഥല പരിശോധന |
| പൊസഷൻ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | ആധാരം, നികുതി രശീത്, സ്ഥല പരിശോധന |
| വാല്യൂവേഷൻ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | ആധാരം/പട്ടയം, കുടിക്കട സർട്ടിഫിക്കറ്റ്, നികുതി രശീത്, കെട്ടിടങ്ങൾ ഉണ്ടെങ്കിൽ PWD വില നിർണ്ണയ സ്റ്റേറ്റ്മെന്റ്, സ്ഥല പരിശോധന |
| വൺ & സെയിം സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | റേഷൻ കാർഡ്,സ്കൂൾ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ജനന സർട്ടിഫിക്കറ്റ്, പ്രാദേശിക അന്വേഷണം |
| വിധവാ/ വിഭാര്യൻ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | രേഖകളുടെ പരിശോധന, പ്രാദേശിക അന്വേഷണം, മരണ സർട്ടിഫിക്കറ്റ് |
| നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | മരണ സർട്ടിഫിക്കറ്റ്, സാക്ഷിമൊഴി, പ്രാദേശിക അന്വേഷണം |
| നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | ഒരു വർഷം (G.O.(MS)81/2008 G.O(MS) 25/7/2008 | സാമൂഹ്യാവസ്ഥ, ജന്മാവസ്ഥകൾ, രേഖകൾ, വിപുലമായ അന്വേഷണം |
| ഡിപ്പന്റൻസി | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | റേഷൻ കാർഡ്,സ്കൂൾ സർട്ടിഫിക്കറ്റ്, ആധാരങ്ങൾ, സത്യപ്രസ്താവന, പ്രാദേശിക അന്വേഷണം |
| ലൈഫ് സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | റേഷൻ കാർഡ്,അന്വേഷണം |
| കൺവെൻഷൻ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | ബന്ധപ്പെട്ട് രേഖകൾ, പ്രാദേശിക അന്വേഷണം |

| സർട്ടിഫിക്കറ്റിന്റെ പേര് | സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സംസ്ഥാനത്ത്/സംസ്ഥാനത്തിന് പുറത്ത് | സാധുതാ കാലയളവ് | പൊതുവായ കാര്യങ്ങൾ |
|---|---|---|---|
| മിശ്ര വിവാഹ സർട്ടിഫിക്കറ്റ് | വില്ലേജ് ഓഫീസർ / തഹസിൽദാർ | പ്രത്യേക ആവശ്യത്തിന് | അനുബന്ധ രേഖകൾ, പ്രാദേശിക അന്വേഷണം |
| ജീവിക്കാൻ തക്ക വരുമാനമില്ലെന്നുള്ള സർട്ടിഫിക്കറ്റ് | ആർ.ഡി.ഒ | പ്രത്യേക ആവശ്യത്തിന് | തഹസിൽദാർ മാർ വഴി അന്വേഷണം നടത്തി |

## 14.7 മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപരിപാടികൾ

### 14.7.1 ആരാണ് മത്സ്യത്തൊഴിലാളികൾ?

മത്സ്യത്തൊഴിലാളികൾ എന്നാൽ മത്സ്യബന്ധനം മുഖ്യ ഉപജീവനമായി സ്വീകരിച്ചിരിക്കുന്നവർ, മത്സ്യത്തൊഴിലാളി വിധവകൾ, തലചുമട് , സൈക്കിൾ എന്നിവ വഴി മത്സ്യക്കച്ചവടം നടത്തുന്ന കുടുംബങ്ങളിലെ മത്സ്യത്തൊഴിലാളികൾ.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട് മത്സ്യമേഖല. മത്സ്യോല്പാദനത്തിന്റെ കാര്യത്തിൽ ദേശീയ തലത്തിൽ ഇന്നും മുഖ്യ പങ്കുവഹിക്കുന്ന സംസ്ഥാനമാണ് കേരളം. 3 ലക്ഷം ആളുകൾക്ക് നേരിട്ടും 4 ലക്ഷം ആളുകൾക്ക് പരോക്ഷമായും ഈ മേഖല തൊഴിൽ നൽകുന്നു. 1.6 ലക്ഷം പേരാണ് മത്സ്യത്തൊഴിലാളി സമൂഹ ജനസംഖ്യ.

സ്വന്തമായി ഒരു സെന്റ് ഭൂമി പോലുമില്ലാത്തവർ നിരവധി. 25% ആളുകൾ ഇപ്പോഴും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നു. കുടിവെള്ള ലഭ്യത തീരെ കുറവ്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം. സാക്ഷരതപോലും സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെ. ആരോഗ്യനിലവാര സൂചികകൾ വളരെ പരിതാപകരം. ജലജന്യരോഗങ്ങളും തൊഴിൽജന്യരോഗങ്ങളും വ്യാപകം.

വളരെ ശോചനീയമാണ് മത്സ്യമേഖലയിലെ ജനജീവിതം. വിവിധവിഭാഗം മത്സ്യത്തൊഴിലാളികൾ, അവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ, വിവേകരഹിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനരീതികൾ, ജലമലിനീകരണം, വർദ്ധിച്ച ഉത്പാദനച്ചെലവ്, ഇടനിലക്കാരുടെ ചൂഷണം, വർദ്ധിച്ച കടബാദ്ധ്യത അങ്ങനെ പോകുന്നു പ്രശ്നങ്ങൾ. ഇവരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കാൻ നമ്മുടെ തദ്ദേശസ്വയംഭരണസംവിധാനത്തിന് കഴിയുമോ?

മത്സ്യത്തൊഴിലാളിസമൂഹത്തിന്റെ സാമൂഹ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് എന്തൊക്കെ ചെയ്യുവാൻ കഴിയും?

ഭരണഘടനാപരമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും മത്സ്യമേഖലയിലെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാണ്. മത്സ്യമേഖലയ്ക്കുള്ള പ്രാദേശികപദ്ധതിത്തുക ഉല്പാദനമേഖലയിലാണ് വകയിരുത്തുന്നത്. മത്സ്യമേഖലയിലെ സേവന-ക്ഷേമ-വികസന പരിപാടികളെല്ലാം ഇതിൽപ്പെടും.

### 14.7.2 മത്സ്യമേഖല – ചുമതലകൾ

— കുളത്തിലെയും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മത്സ്യം വളർത്തലും സമുദ്രവിഭവ വികസനവും

— മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുക

— മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം

— മത്സ്യവിപണനസഹായം

— മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക

— മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക

— പരമ്പരാഗത കടവുകൾ വികസിപ്പിക്കുക

— ഫിഷറീസ് സ്കൂളുകളുടെ ഭരണനിയന്ത്രണം നടത്തുക

### 14.7.3 മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന സർക്കാർ ഏജൻസികൾ

— ഫിഷറീസ് വകുപ്പ്

— ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

— മത്സ്യഫെഡ്

— ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്

— കോസ്റ്റൽ ഏരിയാ ഡവലപ്പ്മെന്റ് കോർപ്പറേഷൻ

### 14.7.4 മത്സ്യബന്ധന വകുപ്പ് വഴി നൽകുന്ന ധനസഹായം

#### 14.7.4 (1) ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണം

ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതിപ്രകാരം രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക് വീടൊന്നിന് 2,00,000/ രൂപ വെച്ച് നൽകുന്നു. അപേക്ഷകൾ മത്സ്യഭവൻ വഴി സ്വീകരിക്കുകയും ജില്ലാ കളക്ടർ ചെയർമാനായുള്ള മോണിറ്ററിംഗ് കമ്മിറ്റിയിലൂടെ ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. 35 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള വീട് നിർമ്മിക്കേണ്ടതും നിർമ്മാണ പുരോഗതിക്ക് അനുസരിച്ച് ഗഡുക്കളായി തുക നൽകുന്നതുമാണ്. അപേക്ഷകൻ വിവാഹിതനും കുടുംബമായി താമസിക്കുന്ന ആളും സ്വന്ത മായോ ഭാര്യയുടെ പേരിലോ വീടില്ലാത്ത ആളുമായിരിക്കണം. ധനസഹായം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയുടെ മൂന്ന് പകർപ്പുകൾ തയ്യാറാക്കി ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

**ആവശ്യമായ രേഖകൾ –** ക്ഷേമനിധി പാസ്ബുക്ക്, വിവാഹസർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ പകർപ്പ്, കരം തീരുവ രസീതും വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്/പ്രമാണത്തിന്റെ പകർപ്പ്, വരു മാന സർട്ടിഫിക്കറ്റ്.

#### 14.7.4 (2) സമ്പാദ്യ സമാശ്വാസ പദ്ധതി

മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുക, പഞ്ഞമാസങ്ങളിൽ ആശ്വാസമെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. മത്സ്യത്തൊഴിലാളി ലിസ്റ്റിൽ അംഗത്വമുള്ളവരിൽ നിന്നും ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെ 130 രൂപ നിരക്കിൽ ആകെ 900 രൂപ പിരിക്കു കയും പഞ്ഞമാസങ്ങളായ മാർച്ച്, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സർക്കാർ വിഹിതവും കൂടി ചേർത്ത് ആകെ 2700 രൂപ മൂന്ന് തുല്യഗഡുക്കളായി നൽകുകയും ചെയ്യുന്നു. നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷകൾ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

**ആവശ്യമായ രേഖകൾ –** നടപ്പ് വർഷം ക്ഷേമനിധിവിഹിതം അടച്ച രശീതും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും.

### 14.7.4 (3) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യം

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടെയും കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, പോക്കറ്റ് മണി എന്നിവ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽ ലഭിക്കുന്ന നിരക്കിൽ നൽകുന്നു.

**ഹാജരാക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ (പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി സാക്ഷ്യപ്പെടുത്തിയത്-3 പകർപ്പ്)

- മത്സ്യത്തൊഴിലാളികളുടെ മക്കൾ ആണെന്ന് തെളിയിക്കുന്ന ഫിഷറീസ് ഓഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് (ഫിഷറീസ് ജില്ലാ ഓഫീസർക്ക് നൽകുക)

## 14.8 മത്സ്യസമൃദ്ധി പദ്ധതി

- ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി പദ്ധതി.

- സംസ്ഥാനത്തെ 14 ജില്ലകളിലും ഈ പദ്ധതി നടപ്പാക്കി വരുന്നു. അതത് ഫിഷറീസ് ജില്ലാ ഓഫീസുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കി വരുന്നത്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക അപേക്ഷാഫോറങ്ങൾ അതത് ജില്ലകളിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽ ലഭ്യമാണ്.

## 14.9 മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളും ധനസഹായങ്ങളും

### 14.9.1 മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതി

| പദ്ധതികൾ | തുക |
|---|---|
| **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**<br>- അപകടമരണത്തിന്/മത്സ്യബന്ധനവേളയിൽ കാണാതാകൽ<br>- ശാശ്വത /പൂർണ അവശത<br>- ശാശ്വത /ഭാഗിക അവശത<br>–അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം (പരമാവധി 2 കുട്ടികൾക്ക്) | 5,00,000/ **രൂപ**<br>5,00,000/ **രൂപ**<br>2,50,000/ **രൂപ**<br>ഒരു കുട്ടിക്ക് 5000/ **രൂപ** പ്രകാരം<br>13,000/ **രൂപ** |
| – ആശുപത്രി ചികിത്സക്ക് ധനസഹായം | പരമാവധി 2,0000/ രൂപ |
| ശവസംസ്കാര ചടങ്ങിന് ധനസഹായം | 2000/ **രൂപ** |
| മത്സ്യബന്ധനസമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം ആശ്രിതർക്ക് ധനസഹായം | 50,000/ **രൂപ** |
| പെൺമക്കളുടെ വിവാഹധനസഹായം | 13,000/ **രൂപ** |
| വാർദ്ധക്യകാലപെൻഷൻ | പ്രതിമാസം 500/ **രൂപ** |
| അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം | 500/ **രൂപ** |

| പദ്ധതികൾ | തുക |
|---|---|
| മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം | 15,000/ രൂപ |
| എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് 13 എ+ ലഭിക്കുന്നവർക്ക് | 5000/ രൂപ |
| 9 എ+ ലഭിക്കുന്നവർക്ക് | 4000/ രൂപ |
| 8 എ+ ലഭിക്കുന്നവർക്ക് | 3,000/ രൂപ |
| കുടുംബസംവിധാനപദ്ധതി | 500/ രൂപ |
| മാരകരോഗചികിത്സാധനസഹായം | പരമാവധി 50000/ |
| ചെയർമാൻസ് റിലീഫ് ഫണ്ട് | പരമാവധി 5000/ |
| പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം | 750/ രൂപ |
| ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം പ്ളസ് ടു, പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5000/ രൂപ<br>3000/ രൂപ |
| വിധവാപെൻഷൻ | പ്രതിമാസം 500/ രൂപ |

## 14.9.2 മത്സ്യബന്ധനമേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കുള്ള ധനസഹായം

| പദ്ധതികൾ | ധനസഹായ തുക |
|---|---|
| **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**<br>- അപകടമരണം<br>- ശാശ്വത /പൂർണ അവശത<br>- ശാശ്വത /ഭാഗിക അവശത<br><br>- അപകടത്തിൽ മരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം (2 കുട്ടികൾക്ക്) | <br>5,00,000/ **രൂപ**<br>5,00,000/ **രൂപ**<br>2,50,000/ **രൂപ**<br>ഒരു കുട്ടിക്ക് 5000/ **രൂപ**<br>പരമാവധി 13,000/ **രൂപ** |
| - ആശുപത്രി ചികിത്സക്ക് ധനസഹായം | പരമാവധി 2,0000/ രൂപ |
| ശവസംസ്ക്കാര ചടങ്ങിന് ധനസഹായം | 2000/ **രൂപ** |
| വാർദ്ധക്യകാല പെൻഷൻ | പ്രതിമാസം 500/ **രൂപ** |
| അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം | 50,000/ **രൂപ** |
| പ്രസവശുശ്രൂഷയ്ക്ക് ധനസഹായത്തിനുള്ള പദ്ധതി | 750/ രൂപ |
| എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് 13 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക് | 5000/ രൂപ<br>4000/ രൂപ<br>3,000/ രൂപ |
| രോഗ ചികിത്സാധനസഹായം | പരമാവധി 25,000/ |
| അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 13,000/ **രൂപ** |
| കുടുംബ സംവിധാന പദ്ധതി | 500/ രൂപ |

| പദ്ധതികൾ | ധനസഹായ തുക |
|---|---|
| വനിതാ പീലിങ് തൊഴിലാളികൾക്ക് ധനസഹായം ആളൊന്നിന് (കൊല്ലം, ആലപ്പുഴ, എറണാകുളം) | 2000/ രൂപ |
| ഉന്നതവിദ്യാഭ്യാസ പ്രോത്സാഹനം പ്ളസ് ടു, പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5000/ രൂപ<br>3000/ രൂപ |

## 14.9.3 മത്സ്യബന്ധനം- പൊതു വിഭാഗം

| ക്രമ നം | വിഭാഗം | പദ്ധതി | ധനസഹായം |
|---|---|---|---|
| 1 | മത്സ്യത്തൊഴിലാളികൾ | മത്സ്യബന്ധനത്തിനിടയിൽ അപകട മരണം | 5 ലക്ഷം |
| 2 | അനുബന്ധത്തൊഴിലാളികൾ | കാണാതാകൽ<br>ശാശ്വതമായ അംഗഭംഗം<br>ഭാഗികമായ അവശത (20% മുതൽ 50% വരെ) | 5 ലക്ഷം<br>5 ലക്ഷം<br>2.2 ലക്ഷം |
| | | അപകടം മൂലമുള്ള ചികിത്സായ്ക്ക് സഹായം | 20,000 രൂപ |
| | | ശവസംസ്കാര ചെലവ് | 2000 രൂപ |
| | | മത്സ്യബന്ധനത്തിനിടയിലോ തൊട്ട് പിന്നാലെയോ അപകട കൊണ്ട് അല്ലാതെ ആകസ്മിക മരണത്തിന് | 50,000 രൂപ |
| 3 | മത്സ്യത്തൊഴിലാളികളുടെ മരണത്തോട് അനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം | മരണാനന്തരച്ചെലവുകൾക്ക് ആശ്രിതർക്ക് നൽകുന്നു | 5000 രൂപ |
| 4 | മത്സ്യത്തൊഴിലാളികൾ അനുബന്ധതൊഴിലാളികൾ | മാരകരോഗചികിത്സാ ധനസഹായം (ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ, ബ്രെയിൻ ട്യൂമർ, തളർവാതം) | പരമാവധി 50,000 രൂപ വരെ |
| 5 | തണൽ | തൊഴിൽ വകുപ്പിൽ അധികസാമ്പത്തിക സഹായ പദ്ധതി | 1350 രൂപ പ്രതി വർഷം |
| 6 | സമ്പാദ്യസമാശ്വാസ പദ്ധതി | അടക്കുന്ന തുകയുടെ മൂന്നിരട്ടി പഞ്ഞ മാസങ്ങളിൽ തിരിച്ച് കൊടുക്കുന്നു | 2700 രൂപ |
| 7 | ആം ആദ്മി ഭീമാ യോജന<br>മത്സ്യത്തൊഴിലാളികൾക്ക് മാത്രം | സാധാരണ മരണത്തിന്<br>അപകടമരണം | 30,000 രൂപ<br>75,000 രൂപ |

## 14.9.4 മത്സ്യബന്ധനം- കുട്ടികൾ

| ക്രമ നം | പദ്ധതി | ധനസഹായം |
|---|---|---|
| 1. | അപകടംമൂലം കുടുംബനാഥൻ/നാഥ മരിച്ചാൽ വിദ്യാഭ്യാസ ചെലവിനായി | 13,000 രൂപ |
| 2. | മത്സ്യത്തൊഴിലാളികളുടെ മകളുടെ മുഴുവൻ വിദ്യാഭ്യാസചെലവും പട്ടികജാതി വിഭാഗത്തിന് ലഭിക്കുന്ന അതേ നിരക്കിൽ പ്രാഥമിക വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്നു | മുഴുവൻ ചിലവും |

| | | |
|---|---|---|
| 3. | 8,9,13 ക്ലാസ്സുകൾ വരെ റസിഡൻഷ്യൽ സ്ക്കൂളുകൾ<br>ആൺകുട്ടികൾക്കായി ജില്ലാടിസ്ഥാനത്തിൽ<br>പെൺകുട്ടികൾക്കായി കാസർക്കോട്ട് മാത്രം | മുഴുവൻ ചെലവും പോക്കറ്റ് മണിയും |
| 4. | പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് | പത്ത് എ+ നേടുന്ന വർക്ക്- 5000 ഒമ്പത് എ+ നേടുന്നവർക്ക്- 4000<br>എട്ട് എ+ നേടുന്ന വർക്ക് - 3000 |

## 14.9.5 മത്സ്യബന്ധനം- സ്ത്രീകൾ

| നം | വിഭാഗം | പദ്ധതി | ധനസഹായം |
|---|---|---|---|
| 1. | വിധവാപെൻഷൻ | പെൻഷൻ അർഹത നേടി ഒരു ഗഡു പോലും വാങ്ങുന്നതിനു മുമ്പായി മരണമടഞ്ഞവരുടെ വിധവകൾക്ക് | പ്രതിമാസം<br>600 രൂപ |
| 2. | മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | പെൺമക്കൾക്ക് വിവാഹധനസഹായം | 10,000 രൂപ |
| 3. | അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് | ഗർഭാശയരോഗങ്ങൾ | 5000 രൂപ |
| 4. | മത്സ്യത്തൊഴിലാളികൾ | മത്സ്യബന്ധനത്തിനിടയിൽ അപകട മരണം | 5 ലക്ഷം |
| 5. | അനുബന്ധത്തൊഴിലാളികൾ | കാണാതാകൽ<br>ശാശ്വതമായ അംഗഭംഗം<br>ഭാഗികമായ അവശത (20% മുതൽ 50% വരെ) | 5 ലക്ഷം<br>5 ലക്ഷം<br>2.2 ലക്ഷം |
| | | അപകടം മൂലം ചികിത്സാസഹായം | 20,000 രൂപ |
| | | ശവസംസ്ക്കാര ചെലവ് | 2000 രൂപ |
| | | മത്സ്യബന്ധനത്തിനിടയിലോ തൊട്ട് പിന്നാലെയോ അപകടം കൊണ്ട് അല്ലാതെ ആകസ്മിക മരണത്തിന് | 50,000 രൂപ |
| 6. | മത്സ്യത്തൊഴിലാളികളുടെ മരണത്തോട് അനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം | മരണാനന്തര ചിലവുകൾക്ക് ആശ്രിതർക്ക് നൽകുന്നു | 5000 രൂപ |
| 7. | മത്സ്യത്തൊഴിലാളികൾ അനുബന്ധ തൊഴിലാളികൾ | മാരകരോഗചികിത്സാ ധനസഹായം (ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ, ബ്രെയിൻ ട്യൂമർ, തളർവാതം) | പരമാവധി 50,000 രൂപ വരെ |
| 8. | തണൽ | തൊഴിൽ വകുപ്പിൽ അധികസാമ്പത്തിക സഹായ പദ്ധതി | 1350 രൂപ പ്രതി വർഷം |
| 9. | സമ്പാദ്യ സമാശ്വാസ പദ്ധതി | അടയ്ക്കുന്ന തുകയുടെ മൂന്നിരട്ടി പഞ്ഞമാസങ്ങളിൽ തിരിച്ച് കൊടുക്കുന്നു | 2700 രൂപ |
| 10. | **ആം ആദ്മി ഭീമാ യോജന–**<br>മത്സ്യത്തൊഴിലാളികൾക്ക് മാത്രം | സാധാരണ മരണത്തിന്<br>അപകടമരണം | 30,000 രൂപ<br>75,000 രൂപ |

# അദ്ധ്യായം–15

# ക്ഷേമപെൻഷനുകൾ

## 15.1 ആമുഖം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായവർക്ക് അധികാര വികേന്ദ്രീകരണം മുൻനിർത്തിയുള്ള ഭരണഘടന ഭേദഗതിയ്ക്ക് മുമ്പ് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വന്നിരുന്ന ക്ഷേമസുരക്ഷാപ ദ്ധതികളെല്ലാം കേരള മുനിസിപ്പാലിറ്റി ആക്ട് നിയമപ്രകാരം നഗരസ ഭകൾക്ക് കൈമാറുകയുണ്ടായി. സമൂഹത്തിലെ അശരണരും ആലംബഹീനരുമായ നിർധനർക്ക് സഹായം എത്തിക്കുന്ന ഈ പദ്ധതി/പരിപാടിയുടെ പ്രയോജനം അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേ ണ്ടത് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നു.

## 15.2 ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ

— പെൻഷന് അർഹതയുള്ള എല്ലാവരെയും കുടുംബ സർവ്വേ നടത്തി കണ്ടെത്തുക. ഇതിനായി കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹായങ്ങൾ സ്വീകരിക്കാം.

<u>തുടർനടപടികൾ</u>

— പെൻഷൻ അപേക്ഷ സ്വീകരിക്കൽ, രജിസ്റ്റർ എഴുതി സൂക്ഷിക്കൽ

— അന്വേഷണത്തിന് ഉദ്യോഗസ്ഥർക്ക് കൈമാറൽ

— അന്വേഷണറിപ്പോർട്ട് പരിഗണിക്കൽ

— അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കൽ സമയബന്ധിതമായി

— പെൻഷൻ കൃത്യസമയത്തു വിതരണം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തൽ

— അപേക്ഷകരുടെ സംശയദൂരികരണത്തിനും ഫോറം പൂരിപ്പിക്കുന്നതിനും സഹായസംവിധാനം ഫ്രണ്ട് ഓഫീസിൽ ഒരുക്കൽ

— പെൻഷൻ ലഭിച്ചവരും അല്ലാത്തവരുമായ അപേക്ഷകരെ കാര്യകാരണസഹിതം അറിയിക്കാനുള്ള സംവിധാനം ഉണ്ടാക്കൽ

— പരാതികൾ പരിഗണിക്കൽ

— വിവിധ പെൻഷൻ ലഭിക്കുന്നവരുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കൽ

## 15.3 തദ്ദേശസ്വയംഭരണസ്ഥാപനം വഴി നൽകുന്ന പെൻഷനുകളും ധനസഹായങ്ങളും

### 15.3.1. വാർദ്ധക്യകാല പെൻഷൻ

60 വയസ്സ് പൂർത്തിയായവർക്ക് 1000/-

75 വയസ്സിന് മുകളിൽ 1500/-

**അർഹത:**

1. കുടുംബ വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപ.
2. 60 വയസ്സ് പൂർത്തിയായിരിക്കണം
3. 3 വർഷം കേരളത്തിൽ സ്ഥിരതാമസം ഉണ്ടായിരിക്കണം
4. വൃദ്ധസദനത്തിലേയോ, ശരണാലയത്തിലെയോ അന്തേവാസിയോ, യാചകവൃത്തി നടത്തുന്നവരോ ആകരുത്.

6. വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർക്ക് വരുമാനപരിധി ഒരു ലക്ഷ ത്തിൽ കൂടുന്നില്ലെങ്കിൽ അപേക്ഷിക്കാം (നിബന്ധനകൾക്ക് വിധേയം (ജി.ഒ എം.എസ് 324/16/ഫിൻ/തീയതി 15/8/16)

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിതഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ

2. പ്രായം തെളിയിക്കുന്നതിനുള്ള രേഖ (ഏതെങ്കിലും ഒന്ന്)

a) ജനന സർട്ടിഫിക്കറ്റ് (പകർപ്പ്), b) സ്കൂൾ സർട്ടിഫിക്കറ്റ് (പകർപ്പ്)

c) പാസ്പോർട്ട് (പകർപ്പ്), d) ഡോക്ടറുടെ സാക്ഷ്യപത്രം(മേൽപ്പറഞ്ഞവ ഇല്ലെങ്കിൽ മാത്രം)

3. അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

4. ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പ്

6. സ്ഥിരതാമസത്തിനുള്ള രേഖ

6. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്ന് )

## 15.3.2. വിധവാപെൻഷൻ

**അർഹത:**

1. കുടുംബവാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപ
2. നിരാലംബരും നിരാശ്രയരും ആയ വിധവകൾ, വിവാഹമോചിതർ ആയ അഗതികൾ കേരളത്തിൽ തുടർച്ചയായി 2 വർഷം സ്ഥിരതാമസം ഉണ്ടായിരിക്കണം
4. വിധവകൾ, വിവാഹമോചിതർ, 7 വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവും ഇല്ലാത്ത വർ, മറ്റു തരത്തിലുള്ള അഗതികൾ
6. വയസ്സ് പരിധി ഇല്ല.

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ
2. അപേക്ഷകയുൾപ്പെടുന്ന റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. വിധവ/വിവാഹമോചിത ആണെന്ന് തെളിയിക്കുന്ന രേഖ (വില്ലേജ് ഓഫീസറിൽ നിന്നും)
4. ഭർത്താവ് മരിച്ചതാണെങ്കിൽ മരണ സർട്ടിഫിക്കറ്റ്
6. തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പ്
6. സ്ഥിരതാമസത്തിനുള്ള രേഖ
7. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്ന് )

## 15.3.3 വികലാംഗ പെൻഷൻ– 1000/-

വികലാംഗത്വം 80% കൂടുതലാണെങ്കിൽ– 1100/-

**അർഹത:**

1. കുടുംബവാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ
2. അംഗവൈകല്യം 40% എങ്കിലും ഉണ്ടായിരിക്കണം
3. വികലാംഗത്വം 80% കൂടുതലാണെങ്കിൽ ഉയർന്ന നിരക്കിൽ പെൻഷൻ ലഭിക്കും
4. നിബന്ധനകൾക്ക് വിധേയമായി മറ്റുള്ള സാമൂഹ്യ സുരക്ഷാ പെൻഷന് കൂടി അർഹതയുണ്ട്.

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ - 2 പകർപ്പുകൾ
2. അംഗവൈകല്യം തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റോ, സാമൂഹ്യസുരക്ഷാമിഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പോ)
3. അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്ന് )

### 15.3.4. അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ– 1000/-

**അർഹത:**

1. കുടുംബവാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ
2. 50 വയസ്സ് പൂർത്തിയായ അവിവാഹിത
3. കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം.

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ - 2 പകർപ്പുകൾ
2. പ്രായം തെളിയിക്കുന്നതിനുള്ള രേഖ (ഏതെങ്കിലും ഒന്ന്)
   - ജനന സർട്ടിഫിക്കറ്റ് (പകർപ്പ്)
   - സ്കൂൾ സർട്ടിഫിക്കറ്റ് (പകർപ്പ്)
   - പാസ്പോർട്ട് (പകർപ്പ്)
   - ഡോക്ടറുടെ സാക്ഷ്യപത്രം
3. വിവാഹിതയല്ല എന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം
4. റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
6. തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പ്
6. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്ന് )
7. സ്ഥിരതാമസത്തിനുള്ള രേഖ

### 15.3.5 കർഷകത്തൊഴിലാളി പെൻഷൻ– 1000/-

**അർഹത:**

1. കുടുംബ വാർഷിക വരുമാനം പരമാവധി ഒരു ലക്ഷം രൂപ,
2. കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം
3. അപേക്ഷാ തീയതിയിൽ 60 വയസ്സ് തികഞ്ഞിരിക്കണം
4. അപേക്ഷാ തീയതിക്ക് തൊട്ടുമുമ്പ്, കേരളത്തിൽ 10 വർഷമെങ്കിലും സ്ഥിരതാമസമുണ്ടായിരിക്കണം.

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ രണ്ട് പകർപ്പുകൾ
2. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം
3. അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പ്

6. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്ന് )

6. പ്രായം തെളിയിക്കുന്നതിനുള്ള രേഖ

7. 10 വർഷം താമസിച്ചതിനുള്ള രേഖ

### 15.3.6 തൊഴിൽരഹിത വേതനം-120/-

**അർഹത:**

1. കുടുംബ വാർഷിക വരുമാനം 12000 രൂപയിൽ കവിയരുത്.

2. എസ്.എസ്.എൽ.സി പാസ്സായിരിക്കണം. (എസ്.സി/എസ്.ടി, വികലാംഗർ എന്നിവർക്ക് എസ്.എസ്. എൽ.സി തോറ്റാലും പരിഗണിക്കും.)

3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 3 വർഷം പൂർത്തിയായിരിക്കണം. അംഗ വൈകല്യം ഉള്ളവർക്ക് 2 വർഷം മതിയാകും. യാതൊരു തൊഴിലും ഇല്ലാത്തവരായിരിക്കണം. രജി സ്ട്രേഷൻ പുതുക്കാതിരുന്നാലും റദ്ദായ രജിസ്ട്രേഷൻ പ്രത്യേക ഉത്തരവ് മൂലം പുതുക്കിയതാ ണെങ്കിലും അർഹതയുണ്ടായിരിക്കില്ല.

4. 21 വയസ്സ് പൂർത്തിയാകണം. 35 വയസ്സ് കവിയാൻ പാടില്ല.

6. അപേക്ഷകന് പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനം ഉണ്ടാകരുത്.

6. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പുള്ള 3 വർഷത്തിൽ ഒരു വർഷമോ അതിൽ കൂടുതലോ ജോലി ഉണ്ടായിരുന്നാലും അർഹതയില്ല.

6. വിദ്യാർത്ഥിയായിരിക്കുമ്പോൾ അപേക്ഷിക്കുവാൻ അർഹതയില്ല

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ - 2 പകർപ്പുകൾ

2. എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

3. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

4. റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

6. തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പ്

6. ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും

6. പ്രതിമാസം 100 രൂപയിൽ കുടുതൽ വരുമാനം ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്ങ് മൂലം

### 15.3.7 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം - 30000/-

**അർഹത:**

1. കുടുംബവാർഷിക വരുമാനം 22,375 രൂപയിൽ കവിയരുത്.

2. പെൺകുട്ടികൾക്ക് നൽകുന്ന സമ്പത്ത് (സ്വർണ്ണം ഉൾപ്പെടെ) 50,000 രൂപയിൽ കവിയരുത്.

3. ആദ്യവിവാഹമായിരിക്കണം

4. കേരളത്തിൽ 3 വർഷമെങ്കിലും സ്ഥിരതാമസം ഉണ്ടായിരിക്കണം

6. വിവാഹ തീയതിക്ക് ഒരു മാസം മുമ്പ് അപേക്ഷ നൽകണം. നിശ്ചിത തീയതിക്ക് അപേക്ഷ നൽകാൻ കഴിഞ്ഞില്ലെങ്കിൽ വിവാഹശേഷം ഒരു വർഷം (പരമാവധി) വരെയുള്ള കാലതാമസം മാപ്പാക്കുന്നതിന് സാമൂഹ്യനീതി വകുപ്പിലെ ജില്ലാ ഓഫീസർക്ക് നഗരസഭ അപേക്ഷിക്കാവുന്നതാ ണ്.

6. 18 വയസ്സ് പൂർത്തിയായിരിക്കണം

6. മൂന്ന് വർഷക്കാലമോ അതിലധികമോ കാലമായി വിവാഹ മോചിതരായി കഴിയുന്ന സ്ത്രീക ളുടെ പെൺമക്കളുടെ വിവാഹത്തിനും ധനസഹായത്തിന് അർഹതയുണ്ട്. അവിവാഹിതരായ അമ്മ

മാരുടെ പെൺമക്കൾക്കും ധനസഹായം അനുവദിക്കാം. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ രക്ഷാകർത്താക്കൾക്കും അപേക്ഷിക്കാം.

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ - 2 പകർപ്പുകൾ
2. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്
3. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന തീയതി തെലിയിക്കുന്ന രേഖ
4. വിവാഹം നിശ്ചയിച്ചതു സംബന്ധിച്ച രേഖ
5. വരുമാനം തെളിയിക്കുന്ന രേഖ/സത്യവാങ്മൂലം
6. അപേക്ഷകയും പെൺകുട്ടിയും ഉൾപ്പെടുന്ന റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
7. തിരിച്ചറിയൽ കാർഡിന്റെ ശരിപ്പകർപ്പ്
8. കുടുംബവിഹിതമായോ, മാതാപിതാക്കളുടെയോ ഇഷ്ടദാനമായോ പെൺകുട്ടിയുടെ പേരിലുള്ളത് (വസ്തു, ആഭരണം, പണം മുതലായവ) 50,000 രൂപയിൽ കവിയാത്ത തുകയാണ് എന്ന സത്യപ്രസ്താവന.

## പൊതുനിബന്ധനകൾ

**1)** വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷന്, 50 വയസ്സിൽ മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയ്ക്ക് വേണ്ടി ലഭിച്ച അപേക്ഷകളിന്മേൽ 40 ദിവസത്തിനകം തീർപ്പ് കൽപ്പിക്കണം

**2)** അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും

**3)** പെൻഷൻ കൈപ്പറ്റുന്ന ആൾ മരണപ്പെട്ടാൽ കുടിശ്ശിക അനന്തരാവകാശികൾക്ക് നൽകാം

**4)** ഒരു ലക്ഷം രൂപ വാർഷിക വരുമാനപരിധിക്ക് വിധേയമായി ഭിന്നശേഷിക്കാർക്കായുള്ള പെൻഷൻ (വികലാംഗപെൻഷൻ) വാങ്ങുന്നവർക്കും ഗുണഭോക്തൃ വിഹിതം അടക്കുന്ന വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർക്കും ഒരു സാമൂഹ്യസുരക്ഷാപെൻഷൻ കൂടി വാങ്ങാവുന്നതാണ്. (ജി.ഒ.എം.എസ് 324/2016/ഫിൻ തീയതി 15.8.2016)

**5)** കർഷകത്തൊഴിലാളി പെൻഷൻ, തൊഴിൽരഹിത വേതനം എന്നിവയുടെ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീർപ്പ് കല്പിക്കണം. അർഹതയുള്ളവർക്ക് അപേക്ഷ ലഭിച്ച് അടുത്ത മാസം മുതൽ പെൻഷന് /വേതനത്തിന് അർഹതയുണ്ടായിരിക്കും. രണ്ട് പ്രാവശ്യം തുടർച്ചയായി തുക കൈപ്പറ്റാതിരുന്നാൽ പെൻഷൻ/വേതനം റദ്ദാക്കുന്നതാണ്.

**6)** സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായത്തിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം ജില്ലാകളക്ടർക്ക് സമർപ്പിക്കണം.

# അദ്ധ്യായം 16

# നേതൃത്വശേഷി പരിശീലനം

## 16.1 ആമുഖം

നേതൃത്വത്തിനും അനുയായികൾക്കും ധാരാളം ഉദാഹരണങ്ങൾ പ്രകൃതിയിൽതന്നെ നമുക്ക് കാണാൻ കഴിയും. തേനീച്ച, ഉറുമ്പ്, പക്ഷികൾ, മൃഗങ്ങൾ തുടങ്ങിയവ തങ്ങളുടെ ഗണത്തെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നു. നേതൃത്വത്തിന് വേണ്ടിയുള്ള കിടമത്സരങ്ങളും പുത്തരിയല്ല. കാലക്രമേണ അടുത്തയാൾ നേതൃത്വത്തിലേക്ക് വരുകയും ചെയ്യുന്നു.

മനുഷ്യരും ഒട്ടും വ്യത്യസ്തമല്ല. ആദികാലം മുതൽ മനുഷ്യകുലത്തിലും നേതാവും, നേതൃത്വവും ഉണ്ടായിരുന്നു. ആദികാലങ്ങളിൽ ശക്തിയുള്ളവരും പിന്നീട് ബുദ്ധിയുള്ളവരും നേതൃത്വത്തിലേക്ക് വന്നിരുന്നു. മനുഷ്യകുലത്തിന്റെ പരിണാമത്തിനും വളർച്ചക്കുമിടയിൽ നേതാവ്, നേതൃത്വം ഇവയ്ക്ക് ഒട്ടനവധി പരിഷ്കാരങ്ങൾ വന്നെങ്കിലും നേതാവിന്റെയും നേതൃത്വത്തിന്റെയും അനിവാര്യതയും പ്രാധാന്യവും നാൾക്കുനാൾ വർദ്ധിച്ചുവന്നിട്ടേയുള്ളു. പ്രാദേശിക സർക്കാരുകൾ നയിക്കുന്നവരും നിയന്ത്രിക്കുന്നവരും നല്ല നേതൃഗുണമുള്ളവരായിരിക്കണം.

## 16.2 എന്താണ് നേതൃത്വം?

നിരവധി നിർവ്വചനങ്ങൾ നേതൃത്വത്തിന് നൽകപ്പെട്ടിട്ടുണ്ട്. അതിന്റെ സാരാംശത്തെ നമുക്കിങ്ങനെ കുറിക്കാം. തന്റെ ഗണത്തെ സംരക്ഷിച്ച് നിരന്തര വളർച്ചയ്ക്ക് വേണ്ടിയുള്ള പ്രേരക ഘടകമായി നില കൊള്ളുകയും നിരന്തരം ചലിപ്പിക്കുകയും ചെയ്യുന്ന ചാലകമാണ് നേതൃത്വം.

## 16.3 ആരാണ് നേതാവ്?

ഒരു സമൂഹത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തി മുന്നോട്ടു നയിക്കുവാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുന്നയാളെ നമുക്ക് നേതാവായി കണക്കാക്കാം. രണ്ടോ മൂന്നോ പേർ ചേരുന്നിടത്തെല്ലാം നേതാക്കളുടെ ആവശ്യമുണ്ട്. കുടുംബത്തിലും സമൂഹത്തിലും സമുദായത്തിലുമൊക്കെ നേതാക്കളെ ദർശിക്കുവാൻ കഴിയും. ലോകത്തിൽ മാറ്റങ്ങളുണ്ടായത് നല്ല നേതാക്കളുടെ കാലത്താണ്. ഇവർ നന്മയുടെ നിറകുടങ്ങളും നിസ്വാർത്ഥമതികളും ത്യാഗസമ്പന്നരും ധാർമ്മികമൂല്യങ്ങളുടെ കാവൽഭടന്മാരുമായിരുന്നു. നേതൃത്വനിരയിലേക്ക് ഒരാൾ എത്തുന്നത് നാല് വിധത്തിലാകാം.

(1) സ്വാഭാവികനേതൃത്വം

(2) ആർജ്ജിതനേതൃത്വം

(3) അവരോധിക്കപ്പെട്ട നേതൃത്വം

(4) പിടിച്ചെടുക്കുന്ന നേതൃത്വം

ഏത് രീതിയിലുള്ള നേതാവായാലും തന്റെ ദൗത്യം അയാൾ എങ്ങനെ നിറവേറ്റുന്നു എന്നതാണ് ഒരാളെ നേതാവാക്കുന്നത്.

## 16.4 നേതൃത്വശൈലികൾ

നേതൃത്വശൈലികൾ പൊതുവായി മൂന്ന് തരത്തിലാണ്.

1. ഏകാധിപത്യശൈലി (Autocratic Style)
2. സ്വതന്ത്രശൈലി (Free-rein/Laissez faire Style)
3. ജനാധിപത്യശൈലി (Democratic Style)

### 1. ഏകാധിപത്യ ശൈലി (Autocratic Style)

ആരേയും കൂസാത്തവരും സ്വന്തം ഇഷ്ടപ്രകാരം എല്ലാ കാര്യങ്ങളും ചെയ്യുന്നവരും ആയിരിക്കും ഏകാധിപത്യ ശൈലിക്കാർ. ഹിറ്റ്ലർ, മുസ്സോളിനി എന്നിവർ ഈ ഗണത്തിൽ പെടുന്നു. അധികാരമുപയോഗിച്ച് മറ്റുള്ളവരെ അടിച്ചമർത്തൽ ഇവരുടെ പൊതുവായ പ്രത്യേകതയാണ്. തീരുമാനം എളുപ്പം എടുക്കുന്നു, ലക്ഷ്യം നേടാൻ കഴിയുന്നു എന്നിങ്ങനെ ചില ഗുണങ്ങൾ ഉണ്ടെങ്കിലും സാമൂഹ്യ നീതിയും ജനാധിപത്യവും ഹനിക്കപ്പെടുന്നു. ജനപ്രതിനിധി ഈ ശൈലി സ്വീകരിക്കുന്നത് അഭികാമ്യമല്ല.

### 2. സ്വതന്ത്ര ശൈലി (Free-rein/Laissez faire Style)

ഓരോരുത്തർക്കും അവരവരുടെ ഉത്തരവാദിത്വം സ്വതന്ത്രമായി നിറവേറ്റുന്നതിന് സാധ്യത ഒരുക്കുന്നു. ചില നേതാക്കന്മാർ ഈ ശൈലി അല്പം പ്രായോഗികതയോടെ ഉപയോഗിക്കാറുണ്ട്. ഉദാ: തനിക്ക് ഉത്തമവിശ്വാസമുള്ള കഴിവുള്ള അനുയായിയേയോ ഒരുകൂട്ടം അനുയായികളെയോ തീരുമാനങ്ങളെടുക്കാനും, നടപ്പിൽ വരുത്തുവാനും ഏല്പിക്കുന്നു. ഇവരിൽ നിന്നും പുതിയ നേതൃനിര വളർന്നുവരുന്നു എന്ന ഒരു നല്ല ഗുണം ഇതിനുണ്ട്. പക്ഷെ ചിലപ്പോൾ ഇത്തരം നേതൃത്വ ശൈലി 'കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി' എന്ന രീതിയിലും ആകാം. കൂട്ടുത്തരവാദിത്തമില്ലാതെ, ആശാനില്ലാക്കളരിയായി മാറിയേക്കാം.

### 4. ജനാധിപത്യ ശൈലി

ഇവർ അംഗങ്ങളെ കഴിയുന്നത്ര യോജിപ്പിച്ച് ഐക്യത്തോടെയും കൂട്ടായ്മയോടെയും പ്രവർത്തനഗതി നിയന്ത്രിക്കുന്നവരായിരിക്കും. മറ്റുള്ളവരെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യും. ഇത്തരം ശൈലിയിൽ ഗ്രൂപ്പിന്റെ ലക്ഷ്യം നേടുന്നതോടൊപ്പം ടീമിനെ ഒന്നാക്കി നിർത്താൻ ശ്രമിക്കും. ഈ ശൈലിയിൽ ഉത്തരവാദിത്വങ്ങളും കടമകളും കൂടുതലായിരിക്കും. തീരുമാനങ്ങൾ വൈകുന്നു. ശക്തമായ തീരുമാനം എടുക്കുന്നില്ല, ചിലത് നീട്ടിവയ്ക്കപ്പെടുന്നു എന്ന ദോഷവുമുണ്ട്. ഭൂരിപക്ഷത്തിന്റെ ആധിപത്യമാണ് ജനാധിപത്യം. ജനാധിപത്യ ശൈലിയാണ് ജനപ്രതിനിധികൾക്ക് അഭികാമ്യം.

## 16.5 നേതാവിന്റെ ദൗത്യങ്ങൾ

i. വ്യക്തികളെ വളർത്തൽ
ii. ടീം ആക്കി മാറ്റൽ
iii. ലക്ഷ്യം നേടൽ

### (i) വ്യക്തികളെ വളർത്തൽ

താൻ നേതാവായിരിക്കുന്ന ഗ്രൂപ്പിലെ/പ്രസ്ഥാനത്തിലെ വ്യത്യസ്ത കഴിവുള്ളവരെ ഓരോരുത്തരെയും വളർത്തേണ്ടതും, അവരുടെ ശേഷികളെ ഫലപ്രദമായി വിനിയോഗിക്കേണ്ടതും നേതാവിന്റെ കടമയാണ്.

### (ii) ടീം ആക്കി മാറ്റൽ

വിവിധ താല്പര്യത്തിൽ അണിചേർന്നിരിക്കുന്ന അംഗങ്ങളെ ഒരേ ലക്ഷ്യത്തോടെയുള്ള ഒരു ടീം ആക്കി മാറ്റേണ്ടത് നേതാവിന്റെ കടമയാണ്.

### (iii) ലക്ഷ്യം നേടൽ

ഏതൊരു ഗ്രൂപ്പിനും നേടിയെടുക്കേണ്ട നിയതമായ ചില ലക്ഷ്യങ്ങൾ ഉണ്ടാകും. ലക്ഷ്യപ്രാപ്തിക്ക് ടീമിനെ സജ്ജമാക്കണം.

## 16.6 നേതൃത്വശൈലി തിരഞ്ഞെടുക്കുന്നതിന് ജനകീയ നേതാവ് പരിഗണിക്കേണ്ട ഘടക ങ്ങൾ

1. **നേതാവിന്റെ വ്യക്തിത്വം**

   സ്വഭാവം, അറിവ്, ഗ്രൂപ്പിലുള്ള വിശ്വാസം, പ്രതിച്ഛായ, സ്വാധീനം, മനോഭാവം എന്നീ ഘടകങ്ങൾ.

2. **ടീമംഗങ്ങളുടെ സ്വഭാവം**

   ടീമംഗങ്ങളായ വ്യക്തികളുടെ സ്വഭാവം, അറിവ്, മനോഭാവം, പ്രവർത്തനക്ഷമത, സഹകരണം ഇവ യെല്ലാം സ്വാധീനിക്കും.

3. **ജോലിയുടെ സ്വഭാവം**

   ചെയ്തുതീർക്കേണ്ട പദ്ധതികളുടെ സ്വഭാവം, പ്രാധാന്യം, തീവ്രത, ആവശ്യകത, സമയം ഇവ കണ ക്കിലെടുക്കണം.

4. **സ്ഥാപനാന്തരീക്ഷം**

   തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മെമ്പർമാരും സ്റ്റാഫംഗങ്ങളും തമ്മിലുള്ള ബന്ധം, ജനങ്ങളുടെ കാഴ്ചപ്പാട്, സ്ഥാപനത്തിന്റെ തൊഴിൽ സംസ്കാരം, സാഹചര്യം ഇവയുടെ പ്രത്യേകത.

ഈ നാല് ഘടകങ്ങളും പരിഗണിച്ചശേഷം ഏതു ശൈലിയാണ് ഉചിതമായതെന്ന് തിരഞ്ഞെടുക്കാൻ കഴിയുമ്പോൾ നിങ്ങളൊരു ജനകീയ നേതാവായി മാറും.

## 16.7 ജനകീയ നേതാക്കൾക്കുണ്ടായിരിക്കേണ്ട ചില പൊതുഗുണങ്ങൾ

1. **നിസ്വാർത്ഥത, ത്യാഗ മനോഭാവം**

   നിസ്വാർത്ഥതയും ത്യാഗമനോഭാവവുമാണ് ഒരു ജനകീയനേതാവിനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്. പൊതുനന്മ ലാക്കാക്കി പ്രവർത്തിക്കാൻ ഈ രണ്ടു ഗുണങ്ങളുമുള്ള വർക്കേ പറ്റൂ.

2. **സ്വപ്നങ്ങൾ/ദർശനങ്ങൾ**

   തന്റെ നേതൃത്വത്തിൽ സ്ഥാപനത്തിൽ/പ്രദേശത്ത്/സമൂഹത്തിൽ കൈവരിക്കാൻ പോകുന്ന നേട്ട ങ്ങളെക്കുറിച്ച് വ്യക്തമായ സ്വപ്നങ്ങളുള്ളവരായിരിക്കണം.

3. **ശുഭാപ്തി വിശ്വാസം**

   സ്വപ്നങ്ങളെ സാക്ഷാത്കരിക്കാൻ സാധിക്കും എന്ന ഉത്തമവിശ്വാസത്തോടെ ടീമിനെ നയിക്കാൻ കഴിയുന്ന ദൗത്യബോധമുള്ളവരായിരിക്കണം.

4. **പ്രോത്സാഹനവും അംഗീകാരവും**

   ജനകീയനേതാക്കൾ തന്റെ കൂടെയുള്ളവരുടെ കഴിവുകൾ അംഗീകരിക്കുകയും, ലക്ഷ്യം നേടാൻ ടീമംഗങ്ങളെ നിരന്തരം പ്രചോദിപ്പിക്കുകയും വേണം.

5. **ക്ഷമ/വിട്ടുവീഴ്ച**

   വീഴ്ചകൾ സംഭവിച്ചാൽ ക്ഷമിക്കുവാനും പൊറുക്കുവാനും ജനകീയനേതാക്കൾക്ക് സാധിക്കണം.

6. **മൂല്യബോധം**

   ധാർമ്മികതയിലൂന്നിയ തീരുമാനങ്ങൾ എടുക്കുവാനുള്ള ധൈര്യം ഉണ്ടാകുന്നതിനോടൊപ്പം ശരി ഏത്, തെറ്റ് ഏത് എന്ന തിരിച്ചറിവും ഉണ്ടാകണം.

7. **വ്യക്തമായ ലക്ഷ്യബോധം**

   ലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകണം. ഹ്രസ്വമായ ലക്ഷ്യം, മധ്യകാല ലക്ഷ്യം, ദീർഘകാല ലക്ഷ്യം എന്നിങ്ങനെ ലക്ഷ്യങ്ങളെ തരം തിരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യണം.

8. **തീവ്രമായ ആഗ്രഹം**

ലക്ഷ്യങ്ങൾ നേടിയെടുക്കണമെന്ന തീവ്രമായ ആഗ്രഹം ടീമംഗങ്ങളിലേക്ക് സന്നിവേശിപ്പിക്കാൻ കഴിയണം.

9. **അച്ചടക്കം/മിതത്വം**

ജീവിതചര്യയിലും പ്രവർത്തനത്തിലും പ്രസംഗത്തിലും മിതത്വവും അച്ചടക്കവും പാലിക്കണം.

10. **നിശ്ചയ ദാർഢ്യം**

ലക്ഷ്യം നേടുവാനായി പതറാത്ത, തളരാത്ത മനസ്സോടെ പോരാടാനും ലക്ഷ്യത്തിനുവേണ്ടി നില കൊള്ളാനും കഴിയണം.

11. **നല്ല അനുയായിയാകണം**

നല്ല നേതാക്കൾ എപ്പോഴും നല്ല അനുയായികൂടിയായിരിക്കും. നയിക്കുന്നതുപോലെ നയിക്കപ്പെടാനും തയ്യാറായിരിക്കും.

13. **പരിമിതികളെക്കുറിച്ചുള്ള അവബോധം**

നേതൃത്വത്തിന് ഒട്ടേറെ പരിധികളും പരിമിതികളും ഉണ്ടെന്നും താൻ നിയന്ത്രണത്തിന് വിധേയനാണെന്നും മറ്റുള്ളവരോട് ഉത്തരം പറയേണ്ടിവരുമെന്നുമുള്ള ധാരണ ഉണ്ടാകണം.

13. **മൃദുല നൈപുണികൾ**

അടിസ്ഥാന മൃദുലനൈപുണികൾ (Soft Skills) ഉള്ള ഒരു വ്യക്തിയായിരിക്കണം നേതാവ്.

## 16.8 ജനകീയ നേതാവാകാൻ ജനപ്രതിനിധികളുടെ ധർമ്മങ്ങൾ

1. **പദ്ധതി ആസൂത്രണവും നിർവ്വഹണവും**

നവീനവും ഗുണപരവും നിലനിൽക്കുന്നതുമായ വികസനം ലക്ഷ്യമാക്കിയ പദ്ധതികൾ കണ്ടെത്താനും അതതു പ്രദേശത്തുള്ളവരുടെ സഹകരണത്തോടെയും ഉത്തരവാദിത്തത്തോടെയും നടപ്പിലാക്കാനും കഴിയണം.

2. **കാര്യക്ഷമമായ പ്രവർത്തനം**

നിരവധി പ്രവർത്തനങ്ങളുടെ ഏകോപനം നടത്തുന്ന ജനകീയ നേതാവ് എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

3. **ഗതിനിയന്ത്രണവും വിലയിരുത്തലും**

വ്യത്യസ്തമായ നിരവധി പദ്ധതികൾ നടപ്പാക്കുന്നതുകൊണ്ടുതന്നെ സമയബന്ധിതവും, കൃത്യവുമായ വിലയിരുത്തൽ നടത്തുകയും ടീം അംഗങ്ങൾക്ക് ദിശാബോധം നൽകുകയും വേണം.

4. **സുതാര്യത**

എല്ലാ പ്രവർത്തനങ്ങളിലും സുതാര്യത ഉറപ്പുവരുത്തണം.

5. **ടീം ആക്കി മാറ്റണം**

ഒരുപാട് കളിക്കാരുടെ ക്യാപ്റ്റനാണ് നേതാവ്. ഓരോ കളിക്കാരേയും വ്യക്തമായി അറിഞ്ഞ് ഉചിതമായ സ്ഥാനങ്ങളിൽ കളിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഫലം ഉറപ്പുവരുത്താനും കഴിയണം.

6. **അധികാര വികേന്ദ്രീകരണത്തിനുള്ള ധൈര്യം**

നേതാവ് തനിക്ക് ലഭിച്ച അധികാരങ്ങൾ സഹപ്രവർത്തകരുമായി പങ്കുവയ്ക്കുവാനുള്ള ധൈര്യം കാണിക്കണം.

**7. പിൻഗാമികളെ വളർത്തിക്കൊണ്ടുവരണം**

ജനകീയനേതാവ് നിലനിൽക്കുന്നത് തന്റെ അനുയായികളിലൂടെയാണ്. നല്ല നേതാക്കൾ മറ്റു നേതാക്കളെ വളർത്തിക്കൊണ്ടുവരണം.

**8. എല്ലാവരുമായി സഹകരിക്കണം**

എല്ലാവരുമായി യോജിക്കാൻ സാധിക്കുകയില്ല. പക്ഷേ സഹകരിക്കാൻ സാധിക്കും. അഭിപ്രായ വ്യത്യാസങ്ങൾ അത്യുന്നതിയ്ക്കായി ഉപയോഗിക്കണം.

## 16.9 ജനപ്രതിനിധി എന്ന നിലക്കുള്ള നേതൃത്വ അവസരങ്ങൾ

- നഗരസഭ ചെയർപേഴ്സൺ/മേയർ
- വാർഡ് മെമ്പർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ/മെമ്പർ
- വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ/മെമ്പർ
- വാർഡ്സഭാ കൺവീനർ
- മറ്റു കമ്മിറ്റികളിലെ അംഗത്വം/ചെയർപേഴ്സൺ
- അയൽക്കൂട്ടം, വികസന സെമിനാർ, മറ്റ് അവസരങ്ങൾ

**നല്ലൊരു നേതാവ് നല്ലൊരു അനുയായി കൂടി ആയിരിക്കും. നേതൃത്വത്തിന് അധികാരമുണ്ട്, പരിധിയുണ്ട്, പരിമിതികളും ഉണ്ട്. ''ചുരുക്കത്തിൽ സ്വയം വളർന്ന് മറ്റുള്ളവരെ വളർത്തി, വികസന ലക്ഷ്യം നേടുന്ന വ്യക്തിയാണ് ജനകീയ നേതാവ്''.**